303
JUNE-JULY 2023

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

## നവകേരള സൃഷ്ടിക്കായി ജനപക്ഷ വൈജ്ഞാനികത




മ്മേളനപ്പതിപ്പ്

KERALA PRIVATE
COLLEGE TEACHER

JUN-JUL
2023
303

EDITORIAL BOARD

Editor
**Dr. N. Renuka**

Managing Editor
**P. Haridas**

Assistant Editors
**Dr. Vidhu Narayan**
**Dr. Devi K Varma**

**Members**
Dr. C. Padmanabhan
Shajitha S
Dr. Manoj T R
Pramod Vellachal
Dr. Sumesh A.S
Dr. M.R. Rajesh
Harinarayanan S
Dr. Bindumol B
Sreelekshmi A R
Shilujas M
Vaisakhan Thampi
Dr. Sreevidhya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design : Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
**Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**


- *എഡിറ്റോറിയൽ* 3
- *അറുപത്തിയഞ്ചാം സംസ്ഥാന സമ്മേളനവും സംഘടനയും*
**ഡോ. സി. പത്മനാഭൻ** 4
- *നാനിയുടെ ചായക്കട*
**ഡോ. സിന്ധു കെ.വി.** 7
- *പ്രണയവേനൽ*
**ദീപേഷ് കരിമ്പുങ്കര** 9
- *ജീവരഹസ്യത്തിന്റെ താക്കോൽ*
**ശാലിനി രാമചന്ദ്രൻ** 10
- *ഒരു പകൽ ഒരു കടൽ*
**സരിതമോൾ കെ.പി.** 11
- *സംവഹന കല*
**ഡോ. ജോസ് മാത്യു** 16
- *അമ്മയുടെ പ്രണയം*
**ഡോ. സപ്ന ജേക്കബ്** 19
- *നവകേരള നിർമിതിയും വൈജ്ഞാനിക സമൂഹവും*
**മിഥുൻഷാ** 24
- *ഉയരട്ടെ നവകേരളം*
**ഡോ. നിത്യ യു.എസ്.** 31
- *Nava Keralam - Knowledge Community and Some Aspects of Popular Politics*
**Shine P.S.** 34
- *കമ്മല് പണിയുന്നവർ*
**ആദിത്ത് കൃഷ്ണ ചെമ്പത്ത്** 39
- *ചെരിവ് ഒരു സമീപദൃശ്യം*
**അശ്വിൻ ചന്ദ്രൻ** 41
- *പകലുകൾ പിടിക്കപ്പെടുന്നു*
**അഭിലാഷ് കൈനിക്കര** 42
- *ഒറ്റ്*
**അഭിലാഷ് കൈനിക്കര** 43
- *മന്ദാരൻ*
**ആദിത്ത് കൃഷ്ണ ചെമ്പത്ത്** 47
- *സമ്മേളന റിപ്പോർട്ട്* 53
- *മൂന്ന് വേശ്യകളുടെ പുസ്തകം*
**ബേസിൽ തോമസ്** 63
- *അന്ധവിശ്വാസവും ഉന്നതവിദ്യാഭ്യാസവും*
**അനീന ജയ്മോൻ** 67
- *തിരുത്തുകളുണ്ടാകട്ടെ വീക്ഷണങ്ങളിൽ*
**ശ്രീഷ്മ പി.** 71
- *അന്ധവിശ്വാസമെന്ന മായാക്കറ*
**അരുൺ കെ.** 73
- *സമ്മേളന വാർത്തകൾ* 76
- *പ്രമേയങ്ങൾ* 85
- *യുക്തിയുടെ ഗ്രഹണകാലം*
**ലിജോ സെബാസ്റ്റ്യൻ** 87
- *ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതുവിഭവ സമാഹരണം*
**ഡോ. അനിൽ വർമ്മ ആർ.** 95



# എഡിറ്റോറിയൽ

ഉന്നതവിദ്യാഭ്യാസ രംഗം അക്കാദമികമായും ഭരണപരമായും നിർണ്ണായകമായ പരിവർത്തനങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കേന്ദ്രസർക്കാരിന്റെ പുത്തൻ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്ന ബദൽപദ്ധതികളെ സംബന്ധിച്ച് നിരന്തരമായ പഠനങ്ങളും ചർച്ചകളും നടന്നുവരികയാണ്. നവകേരളം എന്ന ആശയത്തെ വൈജ്ഞാനികമായി അഭിമുഖീകരിക്കേണ്ട ഉത്തരവാദിത്തം ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർക്കുണ്ട്. കേരളത്തിന്റെ സമൂഹഘടനയെയും വിഭവശേഷിയെയും സാംസ്കാരിക പശ്ചാത്തലത്തെയും പരിഗണിച്ചുകൊണ്ടുള്ള അറിവുല്പാദനമാണ് നമ്മുടെ ലക്ഷ്യം. അതിന് അനുസൃതമായ രീതിയിൽ സർവകലാശാല ഭരണസംവിധാനങ്ങളും പാഠ്യപദ്ധതിയും പഠനരീതികളും പരീക്ഷകളും മാറേണ്ടതുണ്ട്. വിപ്ലവകരമായ സാമൂഹിക ചലനങ്ങളിലൂടെയും ചരിത്രപരമായ ഇടപെടലുകളിലൂടെയുമാണ് സാർവത്രികമായ വിദ്യാഭ്യാസം മൗലികാവകാശമായി വന്നത്. വിസ്മരിക്കാനാവാത്ത  സാംസ്കാരിക ഓർമ്മയാണത്. വർഗ്ഗീയ ശക്തികളിൽ നിന്നും ഏകാധിപത്യ പ്രവണതകളിൽ നിന്നും കമ്പോളവത്കരണത്തിൽ നിന്നും ഉന്നതവിദ്യാഭ്യാസ മേഖലയെ മോചിപ്പിക്കുന്നതിലൂടെ മാത്രമേ ജനകീയവും മതനിരപേക്ഷവുമായ വിദ്യാഭ്യാസം സാധ്യമാകൂ എന്ന തിരിച്ചറിവ് അറുപത്തിയഞ്ചാം സംസ്ഥാന സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ട്. നവകേരളസൃഷ്ടിക്കായി ജനപക്ഷവൈജ്ഞാനികത എന്ന മുദ്രാവാക്യത്തിലൂടെ അത്തരം ഒരു ബോധനവീകരണമാണ് ലക്ഷ്യമാക്കുന്നത്. ജനാധിപത്യപരമായ ജ്ഞാനപരിസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന പ്രതീക്ഷയോടെ സംസ്ഥാന സമ്മേളനപ്പതിപ്പ്  വായനക്കാർക്ക് സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9746527501



ഡോ. സി. പത്മനാഭൻ

# അറുപത്തിയഞ്ചാം സംസ്ഥാന സമ്മേളനവും സംഘടനയും

കോവിഡ് കാലത്ത് നിലച്ചുപോയ സാമൂഹ്യ ബന്ധങ്ങളെ ക്രമാനുഗതമായി വീണ്ടെടുത്തുകൊണ്ട് മൂന്ന് ദിവസത്തെ സംസ്ഥാന സമ്മേളനത്തിലേക്ക് സംഘടന വീണ്ടും എത്തിച്ചേരുകയാണ് ചെയ്തത്. സംഘടനയുടെ അറുപത്തിയഞ്ചാം സംസ്ഥാന സമ്മേളനം മെയ് 12,13,14 തീയതികളിൽ കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ നടന്നു. കേരളത്തിന്റെ വടക്കൻ മേഖലയിൽ വച്ച് നടന്ന ത്രിദിന സമ്മേളനത്തിൽ യാത്രാവൈഷമ്യങ്ങൾ വകവയ്ക്കാതെ എല്ലാ ജില്ലകളിൽ നിന്നും മികച്ച പങ്കാളിത്തമുണ്ടായി. റജിസ്ട്രേഷൻ, യാത്രയയപ്പ് സമ്മേളനം എന്നിവ കാര്യക്ഷമമമായി നടന്നു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാന സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇരുപത്തഞ്ചോളം ഉപസമിതികൾ പ്രവർത്തിച്ചിരുന്നു. അനുബന്ധ പരിപാടികൾ എന്ന നിലയിൽ സംഘടിപ്പിക്കപ്പെട്ട പ്രഭാഷണങ്ങൾ, ബുക്ഷെൽഫ്, ബുക്ക്എക്സിബിഷൻ, രാത്രിനടത്തം എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പരിപാടികളെല്ലാം തന്നെ സംസ്ഥാന സമ്മേളനത്തിന്റെ അക്കാദമികവും സാമൂഹികവും സാംസ്കാരികവുമായ സന്ദേശങ്ങളെ ഉൾക്കൊള്ളുവാൻ പര്യാപ്തങ്ങളായിരുന്നു. സംസ്ഥാന സമ്മേളനത്തിൽ എത്തിച്ചേർന്ന അംഗങ്ങളുടെ കലാപരിപാടികൾക്കും അവതരണത്തിനും സുഘടിതമായ ഒരു സ്വഭാവമുണ്ടായിരുന്നു. സംസ്ഥാന സമ്മേളനത്തിന്റെ പൂർവനിശ്ചിതമായ ഘടനയെയും സ്വഭാവത്തെയും നിലനിർത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ സംഘടനയ്ക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന ചില യാഥാർത്ഥ്യങ്ങൾ ഉണ്ട്. അതിലേയ്ക്കുള്ള ചൂണ്ടാണികൾ പോലെയാണ് സംസ്ഥാന സമ്മേളനത്തിന്റെ അടിസ്ഥാന ദർശനങ്ങൾ- ലോഗോയും മുദ്രാവാക്യവുമുൾപ്പെടെ രൂപപ്പെടുത്തിയിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ ഏകാധിപത്യ പ്രവണതകൾ, തൊഴിലിടങ്ങളിലെ ലിംഗപരമായ അസമത്വം, ഡിഡി ഓഫീസുകളിൽ നേരിടുന്ന കാലതാമസം എന്നിങ്ങനെ നിരവധി പ്രതിസന്ധികൾ ബ്രാഞ്ച് തലത്തിൽ നിലനിൽക്കുന്നുണ്ട്. സംഘടനാ രീതികൾ പാലിച്ചുകൊണ്ടുള്ള സുശക്തമായ ഭരണസംവിധാനം ബ്രാഞ്ചുകളിൽ ഉണ്ടാവണമെന്നും മേൽഘടകങ്ങളിൽ നിന്നുള്ള വിവരങ്ങൾ വേണ്ടവിധത്തിൽ യൂണിറ്റ് തലങ്ങളിൽ എത്തുന്നില്ല എന്ന പരാതി പരിഹരിക്കണമെന്നും ഉദ്ദേശിച്ചാണ് സംഘടന മാർഗ്ഗരേഖ തയ്യാറാക്കിക്കൊണ്ട് വിവിധ ബ്രാഞ്ചുകളുടെ ചുമതല പ്രവർത്തകസമിതി അംഗങ്ങൾക്ക് നൽകിയത്. ഭാഗികമായി മാത്രമേ ഈ പ്രക്രിയ പൂർത്തീകരിക്കുവാൻ കഴിഞ്ഞുള്ളൂ എന്നത് ഒരു പരാധീനതയാണ്. അടിയന്തരമായി സംഘടനാ ഇടപെടലുകൾ ആവശ്യമായ വിഷയങ്ങൾ നിരന്തരം ഉണ്ടായതിനാൽ സൂക്ഷ്മശ്രദ്ധയും ജാഗ്രതയും അനിവാര്യമായ ഭരണഘടനാഭേദഗതി സംബന്ധിച്ച പ്രവർത്തനങ്ങൾ ഈ കാലയളവിൽ മുന്നോട്ട് പോയില്ല. എന്നിരുന്നാലും സംഘടനയുടെ വിവിധ സമിതികളും ഘടകങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

സംഘടനാപരമായി നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു തുടർച്ചയുണ്ട്. ഫെഡറൽ സംവിധാനത്തെ ശിഥിലമാക്കിക്കൊണ്ട് നവലിബറൽ നയങ്ങളിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയെ വർഗ്ഗീയവത്കരിക്കുകയും കച്ചവടച്ചരക്കാക്കുകയും സാധാരണക്കാർക്ക് അപ്രാപ്യമാക്കുകയും ചെയ്യുന്ന പ്രവണതകൾ ഓരോ വർഷവും കൂടുതൽ ശക്തിയാർജ്ജിച്ച് തുടരുക തന്നെയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങളെ വൈജ്ഞാനികമായി പ്രതിരോധിക്കേണ്ട ബാധ്യതയാണ് സംഘടനയ്ക്ക് മുൻപിൽ ഉള്ളത്. അക്കാദമികപ്രതിരോധവും ബദൽ രൂപീകരണവും ഏറ്റെടുത്തുകൊണ്ട് നവകേരള സൃഷ്ടിയിൽ പങ്കുചേരുകയും അതുവഴി ഉന്നതവിദ്യാഭ്യാസ മേഖലയെ വിമോചനാത്മകമായി നവീകരിക്കുകയുമാണ് സംഘടനാപ്രവർത്തകർ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തം.

"നവകേരളസൃഷ്ടിക്കായി ജന

**സംഘടനാപരമായി നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു തുടർച്ചയുണ്ട്. ഫെഡറൽ സംവിധാനത്തെ ശിഥിലമാക്കിക്കൊണ്ട് നവലിബറൽ നയങ്ങളിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയെ വർഗ്ഗീയവത്കരിക്കുകയും കച്ചവടച്ചരക്കാക്കുകയും സാധാരണക്കാർക്ക് അപ്രാപ്യമാക്കുകയും ചെയ്യുന്ന പ്രവണതകൾ ഓരോ വർഷവും കൂടുതൽ ശക്തിയാർജ്ജിച്ച് തുടരുക തന്നെയാണ്.**





പക്ഷവൈജ്ഞാനികത" എന്ന സമ്മേളന മുദ്രാവാക്യം മുന്നോട്ട് വയ്ക്കുന്ന ആശയം ഇതാണ്. ദേശീയവിദ്യാഭ്യാസ നയം 2020 നടപ്പിലാക്കുന്നതിലൂടെ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന ജനാധിപത്യസ്വഭാവം ഇല്ലാതാവുകയും മതാത്മകവും അന്ധവിശ്വാസജഡിലവും അയുക്തികവും സ്വകാര്യവത്കൃതവും അശാസ്ത്രീയവുമായ പഠനസമ്പ്രദായം നിലവിൽ വരികയും ചെയ്യുമെന്ന കാര്യം നിസ്തർക്കമാണ്. ഇപ്പോൾത്തന്നെ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിനു മേൽ ക്രൂരമായ അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ടിരിക്കുന്ന മാനേജ്മെന്റുകൾക്ക് ഇതുവഴി അനധികൃതമായ അധികാരം വന്നുചേരും. ലാഭകരമല്ലാത്തതൊന്നും നിലനിൽക്കേണ്ടതില്ല എന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അന്തഃസത്തയാണ് മാനേജ്മെന്റുകൾ സ്വീകരിക്കുന്നത്. ഗവേഷണാധിഷ്ഠിത വിദ്യാഭ്യാസം ഇല്ലാതാവുകയും തൊഴിൽനൈപുണി മാത്രം പരിഗണിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥകൾക്ക് ബദലായി അറിവുല്പാദനത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളെ ജനപക്ഷത്ത് നിന്ന് രൂപപ്പെടുത്തുവാൻ ശ്രമിക്കുന്ന കേരള സർക്കാരിന്റെ ശ്രമങ്ങളോട് അക്കാദമികമായി സഹകരിക്കുവാൻ നാം സന്നദ്ധമാകേണ്ടതുണ്ട്.

നാഷണൽ ക്രെഡിറ്റ് ബാങ്ക്, നാഷ്ണൽ ഫ്രെയിം വർക്ക്, വിദേശ സർവകലാശാലകൾക്ക് ക്യാമ്പസ് തുടങ്ങാനുള്ള അനുവാദം, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്, ബ്ലെൻഡഡ് ലേണിംഗ്, പ്രൊഫസർ ഓഫ് പ്രാക്ടീസ് സമ്പ്രദായം എന്നിവയ്ക്ക് ലഭിക്കുന്ന പ്രചാരവും സ്വീകാര്യതയും സ്വകാര്യവത്കരണത്തെയും തീവ്രഹിന്ദുത്വാശയങ്ങളെയുമാണ് പിൻപറ്റുന്നത്. ഇതിന് വിരുദ്ധമായി ജനപക്ഷ വൈജ്ഞാനികത എന്ന ബദലാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. കേരളത്തെ ഒരു വിജ്ഞാനസമൂഹമാക്കി മാറ്റുവാനുള്ള ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സമഗ്രമായ പരിഷ്കരണത്തിനായി മൂന്ന് പഠനസമിതികളെ സർക്കാർ നിയോഗിക്കുകയുണ്ടായി. കേരളത്തിന്റെ സാമ്പത്തികാടിത്തറ മെച്ചപ്പെടുത്തിക്കൊണ്ട് മാത്രമേ വൈജ്ഞാനിക സമൂഹം എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിയൂ എന്ന നിലപാടിൽ നിന്നുകൊണ്ടാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വ്യാപകമായ അന്വേഷണങ്ങൾ നടത്തുന്നത്. കേരളത്തിന്റെ സാമൂഹിക യാഥാർത്ഥ്യങ്ങളെയും നാളെയുടെ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള ആധുനികവും പുരോഗമനപരവും ശാസ്ത്രാധിഷ്ഠിതവും മതനിരപേക്ഷവുമായ പാഠ്യപദ്ധതി രൂപീകരിക്കുക എന്ന പ്രക്രിയയുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് മുന്നോട്ട് പോവുകയാണ്. സർക്കാർ നിയോഗിച്ച മൂന്ന് കമ്മീഷനുകളുടെയും ശുപാർശകളെ അപഗ്രഥിച്ചും ഉദ്ഗ്രഥിച്ചും പാഠ്യപദ്ധതി തയ്യാറാക്കുന്നതിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരുന്നു. അതു സംബന്ധിച്ച ശില്പശാലകളും ചർച്ചകളും നടന്നു വരുന്നു.

പാഠ്യപദ്ധതി പരിഷ്കരണത്തോടൊപ്പം സർവകലാശാല ഭരണസംവിധാനം, വിവിധ സമിതികൾ, പരീക്ഷാ സമ്പ്രദായം എന്നിങ്ങനെയുള്ള ഘടകങ്ങളും പരിവർത്തനവിധേയമാകണം. ഈ വിദ്യാഭ്യാസ പരിവർത്തന പ്രക്രിയയിൽ ജനപക്ഷസമീപനത്തോടെ ഇടപെടുക എന്ന ചരിത്രപരമായ ദൗത്യമാണ് സംഘടനാംഗങ്ങൾ ഏറ്റെടുക്കേണ്ടത്. ജനപക്ഷ വൈജ്ഞാനികത എന്ന സങ്കല്പനം മുന്നോട്ടു വയ്ക്കുന്ന അനേകം ആശയങ്ങളുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന സമഗ്രമായ പരിഷ്കരണങ്ങളിൽ പങ്കാളികളാകാനുള്ള ക്ഷണം അവയിൽ പ്രധാനമാണ്.

**ഡോ. സിന്ധു. കെ.വി**
സി.എ.എസ് കോളേജ്, മാടായി

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കവിത



# നാണിയുടെ ചായക്കട

രാത്രിയുടെ തീവണ്ടി ചൂളം കുത്തി
ഏതോ  പുലർച്ചയിലേക്ക് വന്ന് ഇടിച്ചു നിന്നു
നേർത്ത നീലനിറത്തിനു മീതെ തണുപ്പിന്റെ പുക
വെളിച്ചം തൊട്ട കിളിയൊച്ചകൾ പലവഴി ചിതറി

ഇളവെയിലിന്റെ  ചിലപ്പിൽ   താഴ്വാരം
വെയിലിൽ  തടാകം തെളിയുന്ന വീട്ടുമുറ്റം
കയ്യിലൊരു പിടി വയലറ്റ് പൂക്കളുമായി
മഞ്ഞുമലയിൽ നിന്ന്  ഒരു പ്രഭാതം
വിരുന്നെത്തുന്നു.
അക്വിലേജിയ അൽഫിന,
പൂവ് ഗോത്രം വച്ച് പരിചയപ്പെടുത്തി.
ഇത്തിരിപ്പൂവ് മുറ്റത്തേക്കൊന്ന് തലകാട്ടി
പിന്നെയും ഉൾവലിഞ്ഞു

നാട്ടുവഴിയിൽ നാണി മുത്തശ്ശിയുടെ ചായക്കട
അടുപ്പിൽ ആലു പൊറോട്ടയും ദാൽ കറിയും വേവുന്നു
ചൂടൻ കുപ്പായമിട്ടു കുന്നിറങ്ങിയ ഒരു പ്രഭാതം
കട്ടൻ ഊതിക്കുടിക്കുന്നു

പുതപ്പിനകത്ത് ഏതോ വിഷാദഗാനം
നാട് അതിനെ സ്വന്തം ഭാഷയിൽ വായിച്ചെടുത്തു
കലർന്നുപോയ ഇടങ്ങളുടെ  സ്വാഭാവിക ജീവിതം
അതിരുകൾ ഭാഷയോ ദേശമോ അല്ല
ഭൂമി കലർപ്പില്ലാത്ത ജീവിതം തുടരുന്നു
ഉറക്കത്തിൽ ആളുകൾ അവരുടെ നാട്ടിലാവും പുലരുക
ഉണരുമ്പോഴോ
അതൊരു ചോദ്യം തന്നെയല്ല.

നാണി മുത്തശ്ശിക്ക് വീട്ടുകാരില്ല
ശാഠ്യങ്ങളില്ല
അവർ സമോവറിൽ തീപ്പിടിപ്പിക്കുകയും
പാലൊഴിച്ച് ചായ ഉണ്ടാക്കുകയും ചെയ്യും
റേഷൻ കടയിൽ വിരലമർത്തുകയും
കാലുനീട്ടിയിരുന്ന് മുറുക്കാനിടിക്കുകയും ചെയ്യും
ചായ്പ്പിൽ ഉറങ്ങുന്ന ബംഗാളിപ്പയ്യൻ
അവരുടെ താല്ക്കാലിക കുടുംബാംഗമാണ്
അവർക്കിടയിൽ ബാധ്യതകളില്ല

ചായയിൽ മുക്കിയ ബണ്ണ് കഴിച്ചു കൊണ്ടിരുന്ന
പ്രഭാതം കുലുങ്ങിച്ചിരിച്ചു
താല്ക്കാലിക കുടുംബം?
തല്ക്കാലമല്ലാത്തത് എന്താണ്?
നനഞ്ഞ വിറക് അടുപ്പിൽ പുകയുന്ന സന്ധ്യാനേരങ്ങളിൽ
നാണി മുത്തശ്ശിക്ക് ഒറ്റയ്ക്കാണെന്ന് തോന്നാറുണ്ട്
പുകകൊണ്ട പോലെ കണ്ണ് ചുവക്കാറുണ്ട്

അവരുടെ കാതിലെ തുളയിൽ
രാത്രികാലത്ത് നക്ഷത്രങ്ങൾ തുങ്ങുന്നത്
ചെമ്പൻമുടിക്കാരനായ അതിഥിപുത്രൻ കണ്ടിട്ടുണ്ട്
വിലക്കു നീങ്ങട്ടെ നാനിക്കൊരു പുതപ്പ് വാങ്ങണം

ആജീവനാന്ത വിലക്കല്ലേ ജീവിതം
ജനലഴി പിടിച്ചു നിന്ന രാത്രി
നാണിമുത്തശ്ശിക്കുവേണ്ടി നെടുവീർപ്പിട്ടു.

വിറങ്ങലിച്ചു വെളുത്ത ഒരു പകലിലേക്ക്
നാണിമുത്തശ്ശി പനിച്ചു കിടന്നു
കിണറ്റിലേക്ക് ഇറക്കിയ കയറിൽ
ഭൂമിയുമായുള്ള ഏക ബന്ധം പോലെ
അവൻ മുറുകെ പിടിച്ചു
അവന്റെ  നാനിക്കും  ലോകത്തിനാകെയും
വേണ്ട വെള്ളം അടിയിൽ കനത്തിൽ അനങ്ങി
സമോവറിൽ തീ പിടിച്ചു
വെള്ളം തിളച്ചുതുള്ളി
തേയില വെന്തമർന്നു

പുറംചുവരിൽ  നാനിയുടെ പടം വരയും

ഒരു പ്രഭാതം നിറങ്ങളുമായി വരുന്നതുപോലെ
നാണി മുത്തശ്ശി ചിരിച്ചു.

**ദീപേഷ് കരിമ്പുങ്കര**
ശ്രീനാരായണഗുരു കോളേജ്, ചേളന്നൂർ

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ കവിത

# പ്രണയ വേനൽ

പകുത്തു തന്നതാം പകുതി മാനസം
പതിരിച്ചു തന്നിനി മറവതെങ്ങു നീ.

വരണ്ട കണ്ണിലേക്കിറങ്ങി നിൽക്കുമീ
മെലിഞ്ഞ കാഴ്ച തന്നകപ്പെരുക്കത്തിൽ
വിളിച്ചലറി ഞാനിരിക്കവെ, വെയിൽ
ത്തിടുക്കമേറി ഞാൻവിയർക്കവെ, നിഴ-
ലുടുത്തു സന്ധ്യയെൻമിഴിക്കുമപ്പുറം
വിളിക്കുമപ്പുറം ചരിക്കവെ, പുരാ-
മൊഴികൾവീണിടം വികലബോധത്തിൻ
തുരുമ്പു താളുകളുടഞ്ഞു കാണവേ...

പ്രണയവേനലിൻ തണൽമരങ്ങളിൽ
നിഴലുമീർപ്പവുമുണങ്ങിയീറനാ-
മൊരോർമ്മതൻ പഴയിലകളായി നാ-
മടർന്നു വീഴുന്ന വിഷാദമെങ്കിലും

കിനാവൊരുങ്ങുന്ന സുഷുപ്തിയിൽ വിഷം
കുടിച്ചുറങ്ങുവാൻ കൊതിക്കും നിന്നെ ഞാൻ
വിളിക്കെ, യുൾവിളിയലകടലിന്റെ
വിറയ്ക്കും ഭിത്തിമേലുടഞ്ഞു വീഴവേ.

അഗാധനീലിമ കടംകൊള്ളും നിന്റെ
തുളുമ്പും നാരായമെടുത്തെഴുതുവാൻ
കൊതിക്കെ നിൻനീല നിമീലിത മിഴി-
യ്ക്കകത്തെ നക്ഷത്രം വെളിച്ചം കാട്ടുന്നു.


മഴവിരലുകൾ പനിച്ച നെറ്റിയിൽ
കുറിച്ചു വയ്ക്കുമീ ശ്ലഥാക്ഷരങ്ങളെ
നിനക്കു വേണ്ടി ഞാൻപെറുക്കി വയ്ക്കുന്നു.

കരിഞ്ഞ ചില്ലയിൽ വസന്തശോണിമ
തിരികെയെത്തുവാൻ ഒരിക്കൽക്കൂടി ഞാൻ
കവിത കോർക്കുന്നു.

# ജീവരഹസ്യത്തിന്റെ താക്കോൽ

**ശാലിനി രാമചന്ദ്രൻ**
സി എം എസ് കോളേജ്, കോട്ടയം

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ മൂന്നാം സമ്മാനാർഹമായ കവിത



ഏനെന്റെ കുഞ്ഞിനു
പാട്ടുകൊടുക്കുമ്പോ
മാനത്തു പൂക്കണ കണ്ണീരിനെന്തിനാ
പാട്ടെന്നു ചൊല്ലുണ്
അങ്ങേക്കാട്ടിലെ
ചേരക്കുഞ്ഞ്.

ഏനെന്റെ കുഞ്ഞിന് മാമൂട്ടി ചൂണ്ടുമ്പോ
കടലുകടന്നാലും തീരാത്ത പൂതിക്ക്
നാട്ടാര് പേടിച്ച  ചങ്ങലപ്പൂട്ടിട്ടു
നാടെന്നും പേരിട്ടു,
വീടെന്നും പേരിട്ടു,
പെണ്ണെന്നും പേരിട്ട്...

ഏനെന്റെ കുഞ്ഞിനെ
നെഞ്ചൂഞ്ഞാലാട്ടുമ്പോ
ചാരെനീളത്തോളം  ചേർത്തുപിടിച്ചോരു
തത്തമ്മ കൂട്ടീന്ന് നീട്ടിവിളിക്കണ്
'പനിമാറി കണ്ണുറന്നൊരു ജീവനെ
പിന്നെയും പിന്നെയും ചേർത്തിടാമോ?'

ഏനെന്റെ കുഞ്ഞിനായ്
കയെന്നും ചൊല്ലി, മയെന്നും ചൊല്ലി
നിറവോടെ കൂട്ടിയിളക്കാൻ
'പേന' രുചിയുമേകി.
വേഗത്തിൽ പായണ കാലമീകാലത്ത്
സ്ക്രീനിലെ വെട്ടവും
തൊടിവിട്ട പശുക്കളും
നീ നിന്റെ വാശിക്കുപോവല്ലേ,
'പോവല്ലേ പോവല്ലേ' ചൊല്ലി.

ഏനെന്റെ കുഞ്ഞിനെ
നാടെല്ലാം കാട്ടി
വഴിയൊക്കെ നീണ്ടത്
കാലുമറിയേണമെന്നുമോതി.
കെട്ടിയമാലയും കെട്ടാത്തതാലിയും
ഒപ്പത്തിനൊപ്പന്ന ചിരിയുമേകി.

ജീവന്റെ ജീവനെ
രണ്ടെന്നുമാക്കാലോ
മൂന്നെന്നുമാകാലോ കടലോളമാകാലോ.
വിധിയാതെ പ്രാണനെ,
ഭ്രമീനെ കണ്ടല്ലേ
നാമിതൊക്കേയുമായി ചമഞ്ഞതും കുഞ്ഞേ.

**സരിത മോൾ. കെ.പി**
ശ്രീ ശബരീശ കോളേജ്, മുണ്ടക്കയം

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കഥ

# ഒരു പകൽ ഒരു കടൽ

ഞങ്ങളെത്തുമ്പോൾ അസാധാരണമാം വിധം കടൽ ശാന്തമായിരുന്നു. ചത്ത മീനുകളുടെ നീലിച്ച ശരീരങ്ങൾ അവിടിവിടെ അടിഞ്ഞുകൂടി കിടപ്പുണ്ട്. കടൽ വിജനമായിരിക്കുമെന്ന് യാത്രയിൽ ഞാൻ പ്രതീക്ഷിച്ചിരുന്നു. അതുപോലെ തന്നെ, പരുന്തുകൾ, കടൽകാക്കകൾ, ചത്തമീനുകൾ.... മറ്റൊന്നുമില്ല. മണലിൽ ചിപ്പികളും അവശിഷ്ടങ്ങളും തിരച്ചിലിൽ ഒട്ടിടെ മാറി ഒരു വില്ലോ മരക്കൂട്ടമുണ്ടെന്നും അതു ഞാൻ കണ്ടെത്തുമെന്നും നേരത്തെ തീർച്ചപ്പെടുത്തിയിരിക്കണം. ഈ തീരവും കടലും ഇതിനു മുൻപു ഞാൻ കണ്ടിട്ടുണ്ടായിരുന്നില്ല. എന്നിട്ടും ചിരപരിചിതമായ എന്തോ ഒന്നിനെ തിരയുന്ന പോലെ യാത്രയിലുടനീളം ഞാനീ തീരം പ്രതീക്ഷിച്ചിരുന്നു. കണ്ട നിമിഷം തന്നെ കടൽ എന്നുമിവിടെ ശാന്തമായിരിക്കുമെന്നും ആരും കടന്നുവരാനിടയില്ലാത്ത ഏകാന്തത അവനു കൂട്ടാകുമെന്നും ഞാനുറപ്പിച്ചു. മഴക്കാലത്ത് കടലേറി വരുമ്പോൾ ജല കോരികകൾ അവനെ കവരുമെന്ന് അ നിമിഷം മുതൽ ഞാൻ ഭയന്നില്ല.

വെയിൽ കനത്തു. രാത്രിയാത്രയുടെ ക്ഷീണം എനിക്കുമേൽ മീൻ വലയുടെ ദുർഗന്ധം വഹിച്ചുകൊണ്ട് പൊതിഞ്ഞുകിടന്നു. അത്യാവശ്യം സാധനങ്ങൾ കരുതികൊണ്ടാണ് ഞാനിറങ്ങിയത്. ഒരു മൺവെട്ടി, ഒരു കുപ്പി വെള്ളം, പിന്നെ ഒരു ചെറിയ കത്തിയും. ചെറിയ കത്തി അവനു യാത്രകളിലെവിടെയോ കണ്ടു കിട്ടിയതും എന്റെ സുരക്ഷയ്ക്കു സമ്മാനിച്ചതുമാണ്. അതിനെക്കുറിച്ചോർക്കുമ്പോഴൊക്കെ എനിക്കിനി

അപകടകരമായ ഒരു സന്തോഷം തോന്നും.

കാറിനടുത്തേയ്ക്ക് നടക്കുമ്പോൾ വിയർപ്പ് പൊടിഞ്ഞു തുടങ്ങി, പുറപ്പെട്ടശേഷം ഞാനൊരിക്കലും അവനെ നോക്കിയിരുന്നില്ല. ചില്ലിനിടയിലൂടെ കണ്ട അവന്റെ തളർന്നു വാടിയ ചേമ്പിൻ തണ്ടു ശരീരം. ഈ നിമിഷത്തിന്റെ ആദ്യ കനൽ വീഴുന്നത് സർവ്വകലാശാലയ്ക്ക് മുൻപിലെ വള്ളികൾ താണിറങ്ങുന്ന പഴഞ്ചൻ മരത്തിന്റെ ചുവട്ടിൽ വെച്ചാണെന്നുള്ളത് ഞാനിപ്പോൾ ആദ്യമായി കണ്ടെത്തുന്നു. അന്നത്തെ ശതാവരി പൂക്കൾ വീണുകിടന്ന വെയിലിനെ ഞാൻ ഓർമ്മിക്കുന്നുണ്ട്.

ഉച്ചഭക്ഷണത്തെക്കുറിച്ചുള്ള ആകുലതകളിലാണ് ഒരു കൊലപാതകത്തിന്റെ തീപ്പൊട്ട് ജന്മം കൊണ്ടത്. അതു നടത്താൻ പ്രത്യേകിച്ചൊരു കാരണവും ആവശ്യമില്ലെന്ന് അന്നെനിക്ക് ബോധ്യമായതാണ്. ചന്ദനമരങ്ങളുടെ പൊളിയടർന്നു വീണ വളപ്പിൽ രൂക്ഷഗന്ധം വഹിച്ച പേരറിയാത്ത ഒരു തരം വെള്ളപ്പൂക്കൾ കൊഴിഞ്ഞു വീണ് കൊണ്ടിരിക്കുന്നു.

അതൊക്കെ ഓർക്കുന്നുണ്ടെങ്കിലും അവന്റെ ആദ്യകാഴ്ച എനിക്കിപ്പോഴും വ്യക്തമല്ല. ഞാനത് പലപ്പോഴും അവനോടു തന്നെ ചോദിച്ചു. എന്നും ഒരു നിമിഷത്തെ നിശബ്ദതയ്ക്കുശേഷം അവൻ പറഞ്ഞു.

"ഞാനാദ്യം കാണുമ്പോൾ നീ ചുവന്ന വസ്ത്രം ധരിച്ചിരുന്നു. നിന്റെ മുടിയ്ക്കും ആ നിറമാണോയെന്ന് ഞാനാദ്യം സംശയിച്ചു".

ഒരു ചെറുചിരിയ്ക്കവസാനം അവനാ സംഭാഷണം ഇങ്ങനെ വെട്ടിച്ചുരുക്കി."പിന്നെയാണതു വെയിലിന്റെ മന്ത്രവാദമാണെന്നറിഞ്ഞത്. അതെപ്പോഴാണെന്നു ഞാനോർക്കുന്നില്ല. നിനക്കു പക്ഷേ ഒരു ദുർമന്ത്രവാദിനിയുടെ മുഖമായിരുന്നു. അതുഞാൻ കൃത്യമായി ഓർമ്മിക്കുന്നു".

ഓരോ തവണയും ആ സംഭാഷണത്തിനുശേഷം അവൻ അടുത്തുള്ള മുളംകാടിനെക്കുറിച്ചോ എന്റെ കടുനിറത്തിലുള്ള മേല്പുടുപ്പിനെക്കുറിച്ചോ അടുത്തുകൂടി നടന്നു പോകുന്ന



കാപ്പിരി മുടിക്കാരിയെക്കുറിച്ചോ വാതോരാതെ സംസാരിച്ചു. ആ നിമിഷം എന്നായിരുന്നു എന്നതിൽ എന്നേക്കാൾ വ്യക്തത അവനുണ്ട് എന്ന കാര്യത്തിൽ പരാജയപ്പെട്ടു, ഓരോതവണയും അവനു ചെവി കൊടുക്കാൻ ഞാൻ നിർബന്ധിതയായി. ആ ആദ്യകാഴ്ച ഞാൻ സങ്കല്പ്പിച്ചുണ്ടാക്കിയ അനേകം ബിംബങ്ങളുമായി കെട്ടുപിണഞ്ഞു നഷ്ടപ്പെട്ടു. കഴിഞ്ഞു എന്നെനിക്ക് പൂർണ്ണബോധ്യമുണ്ടായിരുന്നു. അവൻ പറഞ്ഞ ചുമപ്പുനിറം അധികരിച്ച ആ കുടിക്കാഴ്ച്ച എന്നെ



സംബന്ധിച്ചിടത്തോളം നടന്നു കഴിഞ്ഞതിന്റെ അനുകരണമാവാനേ തരമുള്ളൂ. അതാണ് എനിക്കൊരു വ്യക്തതയില്ലാതെ പോയത്.

അവൻ കാറിന്റെ പിൻസീറ്റിലാണിരുന്നത്, മുന്നോട്ടു തുറിച്ചു നോക്കിയ നിലയിൽ അവന്റെ കറുത്ത കൃഷ്ണമണികൾ ഉറഞ്ഞുനിന്നു. ഒരു രാത്രിയുടെ മരവിപ്പുണ്ടെങ്കിലും അവ ചുവന്ന നൂൽ ഞരമ്പുകളോടിയ വെള്ള പ്രതലത്തിൽ തിളങ്ങി, ആ കണ്ണുകളാണ് അവന്റെ ഭാവി നിശ്ചയിക്കാൻ എന്നെ പ്രേരിപ്പിച്ച തെന്ന് ഇപ്പോൾ തോന്നുന്നു. പരസ്പരം നോക്കി ചിരിക്കാനുള്ള പരിചയം വളർത്തിയെടുത്ത നാളിൽ തന്നെ ഞാനവനെ അടിമുടി ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. കറുത്ത മുന്തിരിക്കണ്ണുകൾ പ്രത്യേകിച്ചും.

അവനെക്കുറിച്ച് എന്തെന്തു ഓർമ്മകളാണ് അവനും ഞാനും ഉള്ളം കൈകളിൽ പൊടിയുന്ന വിയർപ്പിനെ ശപിച്ചിരുന്നു. അത്തരമൊരുനുഭവത്തെ പങ്കുവെയ്ക്കാൻ വിയർപ്പുമസൃണമാക്കിയ കൈകൊണ്ടു എന്നെ കടന്നുപിടിച്ചപ്പോൾ മുന്തിരിക്കണ്ണുകൾ ഒരു നരിയുടേത് പോലെ നിറം മാറിയത് എനിക്ക് തോന്നിയതാവാം. വായനശാലയ്ക്ക് മുൻപിലുള്ള മരത്തിന്റെ മഞ്ഞപൂക്കൾക്കിടയിൽ നിന്നാണവൻ ഇങ്ങനെ ചെയ്തത്. അതൊരു വസന്തമായിരിക്കണം അത്തരമൊരു ദിവസം എന്റെ തണുപ്പും ജലദോഷവും മാറാൻ അവനൊരു വീഞ്ഞിന്റെ കോപ്പ എന്റെ മുന്നിലേയ്ക്ക് നിരക്കിവെച്ചത് ഞാനോർക്കുന്നുണ്ട്. വെള്ള പശ്ചാത്തലത്തിൽ നീല ചെറിപ്പൂക്കൾ വരഞ്ഞൊരു ചൈനാക്കോപ്പ. ഞാനത് ശ്രദ്ധിക്കുന്നതായി ഭാവിച്ചതേയില്ല. കാരണം ചോളവും കോഴിയിറച്ചിയും ചേർന്ന സൂപ്പായിരുന്നു ആ കോപ്പയ്ക്ക് പാത്രത്തിന് ഇണക്കം. എനിക്കാവശ്യവും, പാനീയം കുടിക്കുന്ന കാര്യം അവൻ പലതവണ ഓർമ്മിപ്പിച്ചുവെങ്കിലും ഞാൻ പ്രതികരിച്ചില്ല. അവസാനം എഴുന്നേറ്റു നടക്കുമ്പോൾ പാത്രത്തിലേയ്ക്ക് തിരിഞ്ഞുനോക്കി അവൻ പറഞ്ഞു

"നീയൊരു കോപ്പ സൂപ്പ് ആഗ്രഹിക്കുന്നു. ക്ഷമിക്കു അതിനിന്നെന്റെ കൈയ്യിൽ പണമില്ല"

സർവ്വകലാശാലയിലേക്കു തിരിയുന്ന വഴിവക്കിലെ നടപ്പാതയുടെ കൈവരികളിൽ പിടിച്ചുകൊണ്ട് അന്നവൻ ഞങ്ങൾ മിക്കവാറും കണ്ടുമുട്ടാറുള്ള ചുവന്ന തലമുടിക്കാരിയായ മെലിഞ്ഞ പെൺകുട്ടിയോടു തനിക്കു പ്രണയം തോന്നിത്തുടങ്ങി എന്നു ചുരുക്കം വാക്കുകളിൽ എന്റെ മുന്നിൽ അവതരിപ്പിച്ചു. അതു ഞാൻ പ്രതീക്ഷിച്ചിരുന്നതുമാണ്. അവളെക്കാണുമ്പോൾ അവന്റെ ഉള്ളം കൈയ്യിലെ വിയർപ്പ് ഇരട്ടിയാകുന്നതും ശബ്ദത്തിനൊരു വിറയൽ നേരിടുന്നതും പല

തവണ ഞാൻ കണ്ടിട്ടുണ്ട്. അവന്റെ മുറിയിലേക്ക് കാമുകിയേയും കൂട്ടിയെത്തുന്ന മധ്യവയസ്കനായ നാവികനും അവനെ മോഹിപ്പിച്ചിരിക്കണം. എന്തായാലും അവൻ പ്രണയത്തിലായത് ഞങ്ങളുടെ സമയങ്ങളെ കൂടുതൽ രസകരമാക്കി. പകൽ മുഴുവൻ കിടന്നുറങ്ങി രാത്രി പ്രവർത്തനനിരതമാകുന്ന എന്റെ തലച്ചോറിൽ അവന്റെ പ്രണയം ചുവപ്പു നിറം കലർത്തി സുന്ദരമാക്കി. എനിക്കറിയാമായിരുന്നു പ്രണയിക്കുന്ന ഒരാളുടെ മരണം അത്രമേൽ രസകരമായിരിക്കുമെന്ന് പ്രണയത്തിലെന്നപോലെ തിളങ്ങി നിൽക്കുന്ന അവന്റെ കണ്ണുകൾ തിരുമ്മിയടയ്ക്കാൻ ഞാൻ കൈയ്യുയർത്തിയതാണ്. വേണ്ടെന്ന് വെച്ചു പിന്നെ ഞാനിനി ചെയ്യുന്നതും അവൻ കാണട്ടെ.

കാറിന്റെ വാതിൽ തുറന്നു. അവനെ പുറത്തെടുക്കാൻ കൈപിടിച്ചപ്പോൾ തണ്ണിമത്തന്റെ പുറം പോലെ തണുത്തു എനിയ്ക്ക്. ഞാനിപ്പോൾ ഓർക്കുന്നു. മത്തൻ കുരുക്കൾ ചവച്ചുനടക്കുന്ന പച്ചക്കണ്ണുള്ള എന്റെ സുഹൃത്തിനൊപ്പമാണ് അവനാദ്യം എന്നെ കാണാനെത്തിയത്. അതൊരു ഭക്ഷണ ശാലയിൽ വെച്ചായിരുന്നു. ആൾക്കൂട്ടത്തിൽ നിന്നും എന്റെ സൂക്ഷ്മദർശിനിക്കണ്ണുകൾ അവനെ തിരഞ്ഞുപിടിച്ചതിനുശേഷമുള്ള നാലാമത്തെ ദിവസമായിരുന്നു അത്. മസാലമണമുള്ള കാറ്റിന് എതിരെയിരുന്നുകൊണ്ട് ഞാനവനെ അഭിവാദ്യം ചെയ്തു. കസേരയിലിരുന്നു. എനിക്കടുത്തിരുന്ന വക്കുപൊടിഞ്ഞ പുസ്തകത്തിൽ കണ്ണൂന്നി പിന്നീടൊരിക്കലും ഞാനോർക്കാനിടയില്ലാത്ത വിധം അവൻ പേരുപറഞ്ഞു പിന്നെ.

"നമ്മളിരുവരും ഒരേ സർവ്വകലാശാലയിൽ ആയിരുന്നിട്ടും പരസ്പരം കാണാൻ കഴിയാഞ്ഞതിൽ അത്ഭുതം തോന്നുന്നു. പ്രത്യേകിച്ചും നീ കറുത്ത മുടിക്കാരിയും ഇവളുടെ സുഹൃത്തുമായിരുന്നിട്ടും."

അതും പറഞ്ഞ് അവനെന്റെ സുഹൃത്തിനെ നോക്കി. കൂടിക്കാഴ്ച നേരത്തെ പറഞ്ഞുറപ്പിച്ചതുകൊണ്ട് ഞാൻ കുറച്ചു പണം തരപ്പെടുത്തിയിരുന്നു. ഇരുവരേയും നോക്കിയെങ്കിലും അനുവാദം ചോദിക്കാതെ തന്നെ ഞാൻ പുഴുങ്ങിയ ബീൻസും കൂൺസൂപ്പും കൊണ്ടുവരാൻ പറഞ്ഞു. എന്റെ സുഹൃത്ത് എന്നെ അത്ഭുതത്തോടെ നോക്കി. ഞാനതു കാര്യമാക്കാതെ അവനെ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഭക്ഷണം കഴിക്കുന്നതിൽ അവൻ അതീവ തല്പരനായി കാണപ്പെട്ടു. കുടക്കുകളുടെ വലിപ്പമുള്ള കൂൺ കഷ്ണങ്ങൾ ചവയ്ക്കാതെ വിഴുങ്ങുന്നതിനിടയിൽ അവൻ എന്നെ നോക്കിച്ചിരിക്കുകയും ഞാനാകട്ടെ കൂൺ കഷണങ്ങൾ തൊണ്ടയിൽ കുടുങ്ങി അവൻ അപ്പോൾ തന്നെ മരിച്ചുപോകുമോ എന്ന് ആകുലപ്പെടുകയും ചെയ്തു.

ഞാൻ ചോദിച്ചു.

"ചായ പറയട്ടെ?"

"ഉം, ക്രീം ചേർത്ത ചായയാണെനിക്കിഷ്ടം."

ഭക്ഷണശേഷം എന്തൊക്കെയോ സംസാരിച്ചതിനൊപ്പം കൈയ്യിലിരുന്ന നീല പോപ്പി പൂക്കളും എനിക്കു സമ്മാനിച്ചിട്ടാണവൻ പോയത്. ഞാൻ മുറിയിൽ സൂക്ഷിച്ച അവ പിന്നീടെപ്പോഴോ ഉണങ്ങിപ്പോയിരിക്കണം.

ഞാനവനെ കാറിൽ നിന്നും പുറത്തെടുക്കാൻ ശ്രമിച്ചു. തലയ്ക്കു പിന്നിലെ മുറിവ് ചോര വാർന്നു വരാത്ത വിധം ഞാൻ തുന്നിക്കെട്ടിയിരുന്നു. അവനിട്ട നീല രോമക്കുപ്പായത്തിന്റെ അവസാനത്തെ കുടുക്ക് ഞാൻ പൊട്ടിച്ചതാണ്. അവനിനി എതിർക്കില്ല എന്ന വിശ്വാസത്തിലാണ് മുറിവ് തുന്നാൻ ശ്രമിച്ചത്. സൂചി കുത്തിയ മാത്രയിൽ പക്ഷേ അവൻ പിടഞ്ഞു. ശക്തമായ ഒരു ഞരക്കത്തോടെ കൈത്തണ്ടയിൽ പിടിച്ചു ഞെരിച്ച നിമിഷം എന്റെ ശ്രമത്തിലെവിടെയോ കുടുക്ക് പൊട്ടിപ്പോയിരുന്നു. അവന്റെ ചെറിയ കത്തിമുന അവനു തന്നെ നൽകണമെന്ന ഞാനൊരിക്കലും വിചാരിച്ചിരുന്നതല്ല. ഞാനൊരു എടുത്തുചാട്ടക്കാരിയാണെന്ന് തലേന്നുച്ചതിരിഞ്ഞു കൂടി അവൻ പറഞ്ഞിരുന്നു. ഞാനതു വിശ്വസിക്കുന്നില്ല. പതറിയ ഒരു നിമിഷം വ്യക്തമായ വഴിയിലേക്കുള്ള ചൂണ്ടു പലക മാത്രമായിരുന്നു ആ ചെറിയ കത്തി അല്ലെങ്കിൽ തന്നെ ഈ നിമിഷത്തിനു വേണ്ടി എത്ര നാളായി കാത്തിരിക്കുന്നു! എന്റെ താമസസ്ഥലത്തേയ്ക്കുള്ള അവന്റെ വരവുപോലും ആലോചന കാരണം താമസിച്ചു പോയതാണ്. അതിനു മുൻപു ഞാൻ അവന്റെ വാടകക്കെട്ടിടത്തിൽ പോയിട്ടുണ്ട്. നിറമുള്ള ജനൽ വിരികളും നനുത്ത കിടക്കയും പുസ്തകമടുക്കിയ അലമാരകളുമൊക്കെ സുന്ദരം തന്നെയായിരുന്നു. കരുതിയിരുന്ന ഭക്ഷണപ്പൊതികളെത്തുറന്നു കഴിയ്ക്കുമ്പോൾ എന്നെ സൂക്ഷിച്ചുകൊണ്ട് അവൻ ചോദിച്ചു.

നീയെന്നാണെന്നെ നിന്റെ മാളത്തിലേക്ക് ക്ഷണിക്കുക. വേനലവധിയ്ക്കു മുൻപുവേണം ഞാൻ നാട്ടിലേയ്ക്ക് മടങ്ങാൻ ആലോചിക്കുന്നുണ്ട്.

"നീ പഠിപ്പ് പൂർത്തിയാക്കില്ലല്ലോ".

"അതു കഴിയുമെന്ന് തോന്നുന്നില്ല. വാർത്ത അത്ര സുഖകരമല്ല.അച്ഛൻ മടങ്ങാൻ നിർബന്ധിക്കുന്നു.

നീ താല്പര്യപ്പെടുന്നുവോ ?

"പഴത്തോട്ടങ്ങൾ ആകെയുള്ള വരുമാനമാണ്. നോക്കി നടത്തേണ്ടവൻ ഞാനും, പിന്നെയെന്തു ചെയ്യും?"

ഒരു നിമിഷത്തിനുശേഷം ഉത്സാഹം വീണ്ടെടുത്ത് അവൻ പറഞ്ഞു

"ഗ്രാമങ്ങൾ സുന്ദരമാണ്. എന്റേതു പ്രത്യേകിച്ചും, തോട്ടങ്ങളിൽ വിളവെടുക്കുമ്പോൾ ഞങ്ങൾ ഉറങ്ങാറേയില്ല. മരങ്ങൾക്കിടയിൽ പുക കൂട്ടും. പകൽ പഴങ്ങളുടെ മത്തു പിടിപ്പിക്കുന്ന മണവും ആ മണത്തെ പിടിച്ചെടുക്കാനെന്നോണം അവൻ ദീർഘമായി ശ്വസിച്ചു. പിന്നെ ഗൗരവത്തിൽ പറഞ്ഞു.

"അവളോടു ഞാനിതൊന്നും പറഞ്ഞിട്ടില്ല. നിനക്കവളോടു എന്നെപ്പറ്റി പറയാൻ കഴിയില്ലേ?"

അവന്റെ കാമുകിയായ ചുവന്ന മുടിക്കാരി പെൺകുട്ടിയെ പറഞ്ഞു മനസ്സിലാക്കാം എന്നു ഞാനവനു വാക്കുകൊടുത്തു. അവനവളെ പിരിയുന്നതിൽ വിഷമമുണ്ടെന്നും അവളെ കാണാൻ തിരിച്ചു വരുമെന്നും ഒപ്പം എന്നെയും ആ വരവിൽ സന്ദർശിക്കുമെന്നും ആവർത്തിച്ചു പറഞ്ഞു. കുറേനേരം പിന്നെ ഭക്ഷ

ണം കഴിക്കുന്നതിൽ ശ്രദ്ധയൂന്നി ഞങ്ങൾ നിശബ്ദരായി. കരണ്ടി ഒരു ചെറു ശബ്ദത്തോടെ താഴെ വെച്ചിട്ട് അവൻ ചോദിച്ചു.

"പറയൂ. നിന്റെയിടത്തേയ്ക്ക് ക്ഷണിക്കുന്നത് എന്നാണ്?"

ഞാൻ മിണ്ടിയില്ല. പിന്നെ... നാളെ പറയാം എന്നു പറഞ്ഞു

"നാളെ ക്ഷണിക്കാം."

എന്നു കൂടുതൽ വ്യക്തത വരുത്തി, അവൻ വെറുതെ ചിരിച്ചു. വീടിന്റെ പുറകിലെ മട്ടുപ്പാവിൽ നിന്നാൽ ദൂരെ കടൽ കാണാമായിരുന്നു. അവൻ തീരത്തു പേരറിയാത്ത മരങ്ങൾ തിങ്ങുന്ന ഒരു കടലിനെക്കുറിച്ചു പറഞ്ഞു. അവനവിടെ കുട്ടിക്കാലത്തു പോയിട്ടുണ്ട്. ചന്ദ്രനിറങ്ങി നിൽക്കുന്ന കടൽ വെള്ളത്തിൽ നോക്കി ഞങ്ങളൊരുപാടു നേരം നിന്നു.

"നാളെ വീട്ടിലേയ്ക്കു വരൂ".

അവനെന്റെ ശബ്ദത്തിന്റെ തള്ളലിൽ ഒന്നു ഞെട്ടി.

"ഉച്ച തിരിഞ്ഞു വരണം അടുത്ത മുറികളിലുള്ളവർ ഉറങ്ങുന്ന നേരമാണ്. അവനെന്നെ വിശ്വാസം വരാത്ത വണ്ണം നോക്കി, പിന്നെ പറഞ്ഞു. അല്ല ചോദിച്ചു."നീ ഇത്രപെട്ടെന്നു തീർച്ചപ്പെടുത്തിയോ ?"

"ഉം. വഴി നിനക്കറിയുമോ?"തോട്ടികൾ പാർക്കുന്ന തെരുവ് കടന്ന് മുന്നോട്ട് വരണം. ചത്വരത്തിൽ സംശയിച്ചു നിൽക്കേണ്ട. ഇടത്ത് നടപ്പാതയിലൂടെ നടക്കുമ്പോൾ പൂമരങ്ങളുള്ള സെമിത്തേരി അതിനുപുറകിലെ വീടുകളിൽ രണ്ടാമത്തേത്. കോണി കയറുമ്പോൾ സൂക്ഷിക്കണം. ആറാമത്തെ പടി ഇളകിയതാണ്."

ബോധ്യപ്പെട്ടോ എന്നറിയാൻ അവനെ നോക്കി ഒന്നും മിണ്ടാതെ എനിക്കരികിൽ വന്നുനിന്നു.എന്നിട്ടു പറഞ്ഞു:

"നീ പെണ്ണത്തം ഇല്ലാത്തവളാണ്.

ഒരു മൗനം പിന്നെ–

"ഞാൻ വരും"

മടങ്ങുമ്പോൾ ഇരുട്ടു വീണിരുന്നു. വാഹനം കിട്ടാനുള്ള ബുദ്ധിമുട്ട് ഓർമ്മിപ്പിച്ചുകൊണ്ട് അവൻ ഒപ്പം വന്നു. മഴപെയ്യുമെന്നു തോന്നി. വഴിയിൽ പലതവണ കാമുകിയെക്കുറിച്ചു വ്യാകുലപ്പെടുകയും ഞാൻ സമാധാനിപ്പിക്കുകയും ചെയ്തു. അവസാനം മഞ്ഞ നിറമുള്ള ഒരു ബസ്സിൽ അവനെന്നെ കയറ്റി. എന്നിട്ടു പറഞ്ഞു.

ശരി സുഹൃത്തേ, അടുത്ത ദിവസം."

പിറ്റേന്നു പകൽ ഞാൻ ഒരു പൂച്ചയെപ്പോലെ പതുങ്ങികിടന്നു. ചിലന്തിവല മൂടിയ ചുവരു കൾ വൃത്തിയാക്കണെന്നു വിചാരിച്ചു. പരിപ്പും ഉള്ളിയും വേവിച്ചു റൊട്ടിയ്ക്കൊപ്പം കഴി ക്കാൻ തീരുമാനിച്ചതിനാൽ സമയം കിട്ടിയില്ല. ചെറിയ വേലി കടന്നു വയലറ്റു പൂമരങ്ങൾക്കിടയിലൂടെ എന്റെ ഗോവണിയെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ട് അവൻ നടന്നു വരുന്നത് ഞാൻ നോക്കിനിന്നു. മഞ്ഞു വീണേക്കാവുന്ന രാത്രിയ്ക്കു മുൻകരുതലെന്നവണ്ണം ഷർട്ടിനു മീതെ അവനൊരു രോമക്കുപ്പായം കൂടി ധരിച്ചിരുന്നു. ചുമലിലെ സഞ്ചിയിൽ ചെവികളെ മൂടുന്ന തൊപ്പിയും കൈയ്യുറകളും കരുതിയിരിക്കണം എന്നു ഞാൻ വെറുതെ ഊഹിച്ചു. വാതിൽ തുറന്ന് സ്വീകരിക്കുമ്പോൾ അവൻ പറഞ്ഞു.

"നീയെന്നത്തേയും പോലെ തന്നെ. അതിഥികളെ സ്വീകരിക്കേണ്ടത് മാന്യമായ വസ്ത്രധാരണത്തോടെയും പ്രൗഢിയോടെയുമാണ്."

അവൻ സൂചിപ്പിച്ചത് അഴിഞ്ഞു കിടന്ന എന്റെ വരണ്ട മുടിനാരുകളേയും അയഞ്ഞ് മൃദുരോമക്കുപ്പായത്തേയും കുറിച്ചാണെന്നു എനിക്കറിയാമായിരുന്നു. ഞാനത് കാര്യമാക്കുന്നില്ല. മുറിയിൽ വൈകുന്നേരത്തെ വെളിച്ചം വന്നു തുടങ്ങിയിരുന്നു. മഞ്ഞുകാലമായതിനാൽ വെയിൽ മൗനമായി പടർന്നുകയറി .

"നിന്റെ വീട് വിചിത്രം ."

എന്റെ മാറാല പടർന്ന മുറിയുടെ മൂലകളിലും തുരുമ്പെടുത്ത തകരയടുപ്പിലും കനമില്ലാത്ത കിടക്കയിലും കണ്ണോടിച്ചുകൊണ്ട് അവൻ പറഞ്ഞു. പുറത്തു കടൽ ഇല്ല മലകളാണ്.

"ഓഹോ... വരൂ.. എനിക്ക് കാണിച്ചു തരൂ..."

ചിതലെടുത്തു തുടങ്ങിയ കതകുപാളികൾ തുറന്നു ഞാനവനെ പുറത്തേയ്ക്കു നയിച്ചു. നരച്ച ജീവനറ്റ പാറക്കെട്ടുകളെ ഞാനവനു കാണിച്ചുകൊടുത്തു. മഞ്ഞിന്റെ കടൽ അവയെ വിഴുങ്ങുന്ന കാഴ്ച എത്ര ദുസ്സഹമാണെന്നു ഞാനവനോടു പറഞ്ഞു. അവൻ പക്ഷേ പറഞ്ഞതു മറ്റൊന്നാണ്.

"പിന്നീടുള്ള നിന്റെ ഏകാന്തതയോടു എനിക്കു പ്രണയം തോന്നുന്നു."എനിക്കൊന്നും സംസാരിക്കാനില്ലായിരുന്നു. ഞാനകത്തേയ്ക്കു പോയി.

"നീയിതെവിടെയാണ്?"

എന്ന ചോദ്യവുമായി അവൻ അകത്തേയ്ക്കു കയറിയപ്പോൾ ഇരുട്ടു നന്നായി വീണിരുന്നു. പ്രകാശം കുറഞ്ഞ വൈദ്യുത വിളക്കിനു കീഴെ എന്റെ മാളം കുറേക്കൂടി കനപ്പെട്ടു. തണുപ്പും ഇരുട്ടും കൂടിക്കുഴഞ്ഞ വായു. ഞാനതിനു തയ്യാറായിരുന്നു. ദീർഘമായി ശ്വാസമെടുത്തു. തടിച്ച ഇരുമ്പിൻ കഷ്ണം തലയ്ക്ക് പുറകിൽ പാഞ്ഞത് അവനറിഞ്ഞില്ല. ചൂടുള്ള ചോരയിൽ ചവിട്ടിയാണ് അവനടുത്തേയ്ക്ക് ഞാൻ ചെന്നത്. അവനിൽ നിന്നും പുറപ്പെട്ട നിലവിളി പുറത്തെ കാറ്റിൽ ഇല്ലാതായിരിക്കണം. പാതിയടർന്ന തലയുയർത്തി അവൻ ചോദിക്കാൻ ശ്രമിച്ചത് നീയെന്തിനിതു ചെയ്തു എന്നാണെന്നു എനിക്കുറപ്പാണ്. ഏകാകിയായ ഒരുവളുടെ സ്വയം കണ്ടെത്തലാണ് നിന്റെ മരണം. നീയും നിന്റെ മരണവും എനിക്കു തന്ന ആനന്ദം എത്രത്തോളമാണ്.

വില്ലോ മരക്കൂട്ടങ്ങൾക്കിടയിൽ അവനെ പൂഴ്ത്തിവെയ്ക്കുമ്പോൾ, കടലെടുക്കുമെന്ന് അവനും ഞാൻ ഭയക്കുന്നില്ലാത്തിടത്ത് അവനെ സുരക്ഷിതനാക്കുമ്പോൾ പേരുപോലും ഓർമ്മയില്ലാത്ത ഒരുവനെ ഞാൻ മറവിയിലുപേക്ഷിക്കുന്നു. നിന്റെ മരണം പക്ഷേ എന്നേയ്ക്കും ഞാൻ നൊട്ടി നുണയാൻ പോകുന്ന ലഹരിയായി അവശേഷിക്കുക തന്നെ ചെയ്യും.

ഞാനിപ്പോൾ തിരികെ നടക്കുകയാണ്.

**ഡോ. ജോസ് മാത്യു**
എസ്.ഡി കോളജ് ആലപ്പുഴ

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ കഥ



### സ്പെഷ്യൽ ക്ലാസ് : ബോട്ടണി പ്രാക്റ്റിക്കൽ

രക്തവർണ്ണത്തിലുള്ള സാഫ്രാനിൻ സ്റ്റെയിൻ കുട്ടികളുടെ വാച്ച് ഗ്ലാസ്സുകളിലേക്ക് പകർന്ന ശേഷം പുറത്തേക്ക് പോവുകയായിരുന്നു ലാബ് അസിസ്റ്റന്റ് അനിൽ. തലേദിവസം രാത്രിയിലെ വേനൽമഴക്കൊപ്പം വീശിയടിച്ച കാറ്റ് കൊണ്ടുവന്നു വരാന്തയിൽ നിക്ഷേപിച്ച ഇലകളും, ഹാലജൻ പ്രകാശം കണ്ട് പറന്നെത്തി പിടഞ്ഞുവീണുകിടന്ന ഈയാംപാറ്റകളും അടിച്ച് വാരിക്കൊണ്ട് വാരാന്തയിൽ നിൽക്കുകയായിരുന്ന ജിഷയപ്പോൾ. മേശക്കുമേൽ ഇടത് കൈകുത്തി വലതു കൈക്ക് മുൻവർഷത്തെ പ്രാക്റ്റിക്കൽ റെക്കോർഡിൽ കാര്യമായി പരതിക്കൊണ്ടിരുന്ന ജോസഫ് സാറും എന്തുചെയ്യണമെന്നറിയാതെ വട്ടം തിരിഞ്ഞുകളിച്ച കുട്ടികളും അടക്കം ആ ക്ലാസിനും ചുറ്റുവട്ടത്തുമുണ്ടായിരുന്ന സകലരെയും ഞെട്ടിച്ചുകൊണ്ടാണപ്പോൾ ക്ലാസിന്റെ വലതുമൂലയിൽ നിന്നും തുരുമ്പിച്ച ഷെൽഫ് അടർന്നുവീണത്. പതിറ്റാണ്ടുകളായി പരീക്ഷണങ്ങൾക്കുള്ള രാസവസ്തുക്കൾ പേറി നിന്നിരുന്ന ഷെൽഫിന്റെ കാലുകൾ രണ്ടെണ്ണം ഒടിഞ്ഞ അവസ്ഥയിൽ ആയിട്ട് വർഷം മൂന്ന് കഴിഞ്ഞിരുന്നു. വീണുകിടന്ന അലമാരയിൽ നിന്നും അയഡിൻ ലായിനിയും പേരറിയാത്ത ഏതൊക്കെയോ രാസലായിനികളും കവചങ്ങൾ ഭേദിച്ച് നിലത്ത് ഒഴുകിപരന്നുതുടങ്ങി. തലേന്നത്തെ മഴയിൽ മരം വീണുടഞ്ഞ ആസ്ബറ്റോസ്സ് ഷീറ്റ് മാറ്റാനെത്തിയ പണിക്കാരടക്കം സംഭവസ്ഥലത്തേക്ക് ഓടിയെത്തി. ക്ലാസിലെ 3 ആൺകുട്ടികളും വന്നവർക്കൊപ്പം കൂടിയപ്പോൾ വീണുപോയ അലമാര കാലഹരണപ്പെട്ട രാസവസ്തുക്കളോടെ പടികൾ ഇറങ്ങി താഴേക്ക് പോയി. ഏതൊക്കെയോ കെമിക്കലുകൾ ചേർന്ന് രക്തവർണ്ണത്തിലൊരു രാസമിശ്രിതം രൂപപ്പെട്ട് അവർ പോയ വഴി അടയാളപ്പെടുത്തി വീണുകിടന്നിരുന്നു.

പോയകുട്ടികൾ തിരികെ എത്തുമ്പോൾ ജോസഫ് സാർ ബോർഡിൽ രണ്ടാമത്തെ ചിത്രം വരച്ചു തുടങ്ങിയിരുന്നു. ആദ്യചിത്രം മുഴുമിച്ച ഒരു ചിലന്തി വലയ്ക്ക് സമാനമായി തോന്നിച്ചിരുന്നു. രണ്ടാമത്തെ ചിത്രത്തെക്കുറിച്ച് കൂടുതലൊന്നും പറയാൻ ആകുമായിരുന്നില്ല ആ ഘട്ടത്തിൽ. എന്നിരുന്നാലും പൈപ്പുകൾ നിറച്ചു പോകുന്ന ഒരു ലോറിയുടെ പുറകുവശത്തെ ഏറക്കുറെ അതോർമിപ്പിച്ചു.

ഈ നേരമത്രയും അവൾ മേശപ്പുറത്ത് മുഖം അമർത്തി കുമ്പിട്ടു കിടക്കുകയായിരുന്നു. ഇടയ്ക്കെപ്പോഴോ മൈക്രോസ്കോപ്പിന്റെ മിറർ പ്രകാശത്തിലേക്ക് തിരിച്ചുവെച്ച് ലെൻസിലേക്ക് അതിനെ റിഫ്ലെക്റ്റ് ചെയ്യാൻ ശ്രമിച്ചു പരാജയപ്പെട്ടിരുന്നുവെന്ന് മാത്രം.

ചിത്രം പൂർത്തിയാക്കിയ ശേഷം കുട്ടികൾക്കിടയിലേക്ക് ഇറങ്ങി വന്ന ജോസഫ് സർ സംസാരിച്ചു തുടങ്ങി.

"ജീവലോകത്തെ അതിശയങ്ങളിൽ

ഒന്നിനെയാണ് നിങ്ങൾ ഇവിടെ കാണാൻ പോകുന്നത്. നിങ്ങളുടെ ടേബിളിൽ ഇതോടൊപ്പം തന്ന ചെടിയുടെ ചെറിയ തണ്ടിനെ മുറിച്ചെടുത്തു നോക്കുമ്പോൾ നടു ഭാഗത്തായി ചുവന്ന നിറത്തിൽ കാണുന്ന സൈലം എന്ന സംവഹന കലകളിലാണ് ആ അതിശയം. ആകാശം മുട്ടി നിൽക്കുന്ന മരങ്ങളു ടെ ശിഖരങ്ങളിലേക്ക് ജലം എങ്ങ നെ എത്തിച്ചേരുന്നുവെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

വേരുകൾ ശേഖരിക്കുന്ന വെള്ളം ഒരു പൈപ്പിൻ കുഴലിലൂടെ എന്നവ ണ്ണം സംവഹിച്ച് ഓരോ ഇലകളി ലേക്കുംവരെ എത്തിക്കുന്നതാണ് സൈലം വെസ്സലുകൾ എന്നറി യപ്പെടുന്ന സംവഹന കലയുടെ ധർമ്മം. കിണറ്റിൽ നിന്നും വെള്ളം ടാങ്കിലേക്ക് എത്തിക്കാൻ എത്രയോ കുതിരശക്തിയുള്ള മോട്ടോറുകൾ നമ്മൾ ഉപയോഗിക്കുന്നു. എന്നാൽ ഇതേതുമില്ലാതെ നിർബാധം ഈ സസ്യകലകൾ മണ്ണിലെ ജലം എത്ര യോ മീറ്റർ മുകളിലേക്ക് എത്തിച്ചു കൊടുക്കുന്നു.

ഇതിൽ നമ്മൾ കാണാത്ത മറ്റൊന്നു കൂടിയുണ്ട്; ജലചക്രത്തിന്റെ തുടർച്ച. നമുക്കറിയാം, ജലാശയങ്ങളിലെ വെള്ളം നീരാവിയായി അന്തരീക്ഷ ത്തിലേക്കുയർന്ന് പിന്നീട് മഴയായി പൊഴിയുന്നുവെന്ന്. എന്നാൽ മണ്ണി ന്റെ വിവിധ അടുക്കുകളിൽ കുടുങ്ങി ക്കിടക്കുന്ന ജലത്തിന്റെ കാര്യമോ? അവയെ പുറത്തെടുക്കുന്ന വലിയ ജോലികൂടി സസ്യങ്ങൾ ഈ സം വഹന കലകളിലൂടെ നിർവഹിക്കു ന്നു. സസ്യത്തിന്റെ ആവശ്യങ്ങൾ കഴിഞ്ഞുള്ള ജലം ഇലകളുടെ സൂക്ഷ്മ സുഷിരത്തിലൂടെ ബാഷ്പകണമായി അന്തരീക്ഷത്തിൽ അലിയുന്നു.

മഴയായി പൊഴിഞ്ഞെത്തുന്ന ജല കണങ്ങളെ ബാഷ്പമാക്കി മാറ്റുന്ന സംവഹന കല അങ്ങനെ ഒരു ജീവ നകലതന്നെയായി മാറുന്നു.

പെട്ടെന്ന് അവൾ മുഖമുയർത്തി തന്റെ ഡയറിയിൽ തലേന്ന് രാത്രി യിൽ കുറിച്ച കവിതയുടെ അവസാന വരികളായി എഴുതിച്ചേർത്തു,

മഴത്തുള്ളിയായി പൊഴിയുക!



ബാഷ്പകണമായ് മടങ്ങുക!

ആ കവിതയ്ക്ക് അപ്പോഴും തുടക്കം ഉണ്ടായിരുന്നില്ല.

ഇന്നലത്തെ മഴയിൽ മൺപുറ്റുകളിൽ നിന്ന് ഉയർന്നുവന്ന ഈയാംപാറ്റ കൾ തന്റെ ജനാലക്കരികിലെ വെളി ച്ചത്തിൽ ആർത്ത്, ചിറകു കുഴഞ്ഞു പിടഞ്ഞപ്പോൾ ഏതാനും വരികൾ കോറിയിട്ടെന്നേയുള്ളൂ. അതിപ്രകാര മായിരുന്നു.

'മണ്ണിന്റെ മാറിൽ മൺക്കോട്ട തീർ ക്കുന്ന

വെള്ളയെറമ്പുകൾ* ഞങ്ങൾ

ഒരു മഴച്ചാർത്തിൽ നിന്നെ പുൽ കാൻ

ചിറകാർന്നുയരുമീ വാനിലെന്നാലും

ആവതില്ല നിന്നിൽ അലിയാൻ, നി ന്നോട് ചേരാൻ

നിലയൊറ്റൊരീ-യാം പാറ്റകൾക്കെ ന്നും.

കഴിഞ്ഞ കുറച്ചു നാളുകളായി നന്ത നാരെയും നന്ദിതയെയും ആണ് അവൾ വായിച്ചു കൊണ്ടിരുന്നത്. മസൊക്കിസവും സിസിഫസ് സങ്ക ലനങ്ങളും ആണ് ആ ഡയറിയുടെ പേജുകൾ നിറച്ചതെന്ന് തോന്നിച്ചു.



ഡയറിയടച്ച് മാറ്റിവെച്ച ശേഷം മുമ്പിലെ പെടിഡിഷിൽ സെക്ഷനെടുക്കാനായി നൽകപ്പെട്ട ചെടിയുടെ തണ്ട് അവൾ കയ്യിലെടുത്തു. ഇടതുകൈയുടെ ചൂണ്ടുവിരലിനും തള്ളവിരലിനും ഇടയിലിരുന്ന് ആ തണ്ട് വിറച്ചു.

ദൂരെയേതോ വനസ്ഥലികളിൽ കാടെരിയുന്നതു പോലെ അവൾക്കപ്പോൾ തോന്നി. തീയേറ്റ് പുൽനാമ്പുകളും മണ്ണിൽ വീണുകിടന്നിരുന്ന വിത്തുകളും വെന്തുപോകുന്നതും നോക്കിനിൽക്കെ പുഴയിലെ ജലം വറ്റി മരങ്ങൾ വേരറ്റ് വീഴുന്നതും മണൽ തിട്ടകൾ രൂപപ്പെടുന്നതും കണ്ടു. അതിലൊന്നിൽ ചിറകറ്റ് വീണുപിടയുന്ന പക്ഷിയുടെ കരച്ചിൽ കേൾക്കുകകൂടി ചെയ്തു. കണ്ണുകൾ ഉയർത്തി ലാബിന്റെ വലതുവശത്തെ ഭിത്തിയോട് ചേർന്നിരിക്കുന്ന അവശേഷിക്കുന്ന ഷെൽഫുകളിലേക്ക് അവൾ നോക്കി. ഏതേതോ പർവ്വതശൃംഗങ്ങളിലെ പൈൻ മരങ്ങളുടെ ശിഖരങ്ങൾ ചൂടിയ ആൺ പെൺ കോണുകൾ*, അനാവൃതബീജി സസ്യങ്ങളുടെ വിത്തുകൾ, ശിലാശൈലങ്ങൾ, കൽപ്പായലുകൾ, കടൽപ്പായലുകൾ, ചിത്രുകുടപ്പന്നലുകൾ, കുമിളുകൾ, കൂണുകൾ.. രോഗങ്ങൾ ബാധിച്ച നെല്ലിന്റെയും തെങ്ങിന്റെയും പൂക്കുലകൾ.. എല്ലാം ഫോർമലിനിൽ മുങ്ങി ഗ്ലാസ് ജാറിനുള്ളിൽ നിരന്നിരിക്കുന്നു.

താനിരിക്കുന്നത് മോർച്ചറിയിലെന്ന് അവൾക്ക് തോന്നി. രക്തവർണ്ണ സ്റ്റെയിനും തറയിലെ രാസമിശ്രിതക്കറയും അവളെ ഭീതിപ്പെടുത്തി.

ജോസഫ് സാറിന്റെ ശബ്ദമാണ് അവളെ വീണ്ടുമുണർത്തിയത്.

"എല്ലാവരും വേഗം സെക്ഷനുകൾ എടുത്തു തീർക്കുക. ബ്ലെയിഡ് ഉപയോഗിച്ച് ഏറ്റവും കനം കുറഞ്ഞ സെക്ഷൻ എടുത്ത് സ്റ്റെയിനിൽ മുക്കി മൈക്രോസ്കോപ്പിൽ വച്ചു പരിശോധിക്കുക. ഞാൻ ബോർഡിൽ വരച്ചിട്ടുള്ള ആദ്യ ചിത്രം സെക്ഷന്റെ മൊത്തത്തിലുള്ള പരിച്ഛേദമാണ്. രണ്ടാമത്തെ ചിത്രം അതിന്റെ ഒരു ഭാഗം വലുതായി വരച്ചതും. രണ്ടാം ചിത്രത്തിൽ കാണുന്ന വിധം നിങ്ങൾക്ക് സസ്യകലകളെ കാണാൻ ആവുന്നുണ്ടോ?

സെക്ഷന്റെ മധ്യഭാഗത്തോട് ചേർന്ന് രക്തക്കുഴലുകളെന്ന് തോന്നിക്കും വിധം സംവഹന കലകളെ നിങ്ങൾക്ക് കാണാനാകും. നമ്മുടെ ശരീരത്തിലെ രക്തക്കുഴലുകൾ പോലെ അവ സസ്യങ്ങളുടെ ജീവരക്തം സംവഹിക്കുന്നു. നിങ്ങൾക്ക് അതിനെ കാണാൻ ആവുന്നില്ലെങ്കിൽ നിങ്ങൾ എടുത്ത സെക്ഷനുകൾ ഒബ്‌ളിക്കോ കാഠിന്യമേറിയതോ ആവാം. വ്യക്തമാവുന്നില്ലെങ്കിൽ വീണ്ടും സെക്ഷനുകൾ എടുത്തു കൊണ്ടിരിക്കുക. കൂടുതൽ കൂടുതൽ നേർത്തത്.

അവൾ ചെടിയുടെ തണ്ടിനെ വീണ്ടും അമർത്തിപ്പിടിച്ചു. ഏറെനേരം ശ്രമിച്ചിട്ടും കിട്ടാതിരുന്ന പ്രകാശം ജനൽപ്പാളികൾ കടന്നെത്തി മിററിൽ അപ്പോൾ പ്രതിഫലിച്ചു. ആ പ്രകാശത്തിൽ അവളുടെ നേർത്ത കൈത്തണ്ടയിൽ ഞരമ്പുകൾ തെളിഞ്ഞു കണ്ടു. ബാഷ്പകണങ്ങളാവാൻ രക്തം അതിനുള്ളിൽ വീർപ്പു മുട്ടുന്നതുപോലെ അവൾക്കപ്പോൾ തോന്നി. ബ്ലെയിഡിന്റെ മൂർച്ച അതിലേക്ക് ആ കൈത്തണ്ടയിൽ നിന്നും ചീറിയ രക്തം സ്റ്റെയിനൊപ്പം കലർന്നു മേശയിൽ നിന്നും താഴേക്ക് ഒഴുകി രാസമിശ്രിതക്കറയ്ക്കും മുകളിലൂടെ ഒഴുകിപ്പടർന്നു.

ക്ലാസ് ഒരു അലർച്ചയോടെ ഓടിയെത്തുമ്പോൾ അവൾ ഉറവയിൽ നിന്നൊരു നദി പ്രവഹിച്ച് അതിന്റെ കരയിൽ വെള്ളമന്ദാരങ്ങൾ പൂക്കുന്നത് കാണുകയും വണ്ടുകൾ ചിറകുകൾ കൊണ്ട് തീർക്കുന്ന സംഗീതം കേൾക്കുകയും കാച്ചിയ കുറുന്തോട്ടിയെണ്ണ മണക്കുകയും ചെയ്തു.

അപ്പോൾ ചിറക് ഇനിയും നഷ്ടപ്പെടാത്ത ഈയാംപാറ്റകളിലൊന്ന് വരാന്തയിൽ തെല്ലുപിടഞ്ഞു.

വെള്ളയെറുമ്പുകൾ*: ചിതലുകൾ, പുതുമഴയിൽ ഈയാംപാറ്റകൾ ആയി അവ പറന്നുയരുന്നു. കോണുകൾ* : പൂക്കൾ ഉണ്ടാവാത്ത സസ്യങ്ങളിൽ പ്രജനനത്തിനായുണ്ടാകുന്ന രൂപങ്ങൾ.

**ഡോ. സപ്ന ജേക്കബ്**
പയ്യന്നൂർ കോളജ്

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ മൂന്നാം സമ്മാനാർഹമായ കഥ

# അമ്മയുടെ പ്രണയം


"എനിക്കെന്റെ അമ്മയെ പ്രണയിപ്പിക്കാൻ സാധിച്ചില്ല. അത് എന്റെ വലിയൊരു ദുഃഖമാണ്. പ്രണയം എന്തെന്നറിയാതെ ആയിരിക്കും അവർ മരിക്കുക"- പുതിയൊരു പുസ്തകത്തിനായ് തിരയുമ്പോൾ, യാദൃച്ഛികമായി കേട്ട വാക്കുകൾ ആയിരുന്നത്. അത് ലൈബ്രറി ഹാളിൽ നിന്ന് തന്നെയാണ് എന്ന് മനസ്സിലായപ്പോൾ ആകാംക്ഷ കൂടി. ഇങ്ങനെ ഒരു സങ്കടം പറയുന്നത് ആരപ്പാ ? എടുത്ത പുസ്തകം റാക്കിൽ തന്നെ വെച്ച് തിരിയുമ്പോൾ നാരായണേട്ടൻ. ലൈബ്രേറിയൻ ആവാൻ ജനിച്ച പോലൊരു വ്യക്തിയായിരുന്നു നാരായണേട്ടൻ. വായനയെയും പുസ്തകങ്ങളെയും ശ്വാസം പോലെ കൊണ്ടുനടക്കുന്ന മനുഷ്യൻ. അത്ഭുതത്തോടെ കാര്യം തിരക്കിയപ്പോൾ, കേട്ട ഡയലോഗുകൾ എന്നെ അത്ഭുതപ്പെടുത്തിയത് പോലെ നാരായണേട്ടനെ അത്ഭുതപ്പെടുത്തിയിട്ടില്ല എന്നു മനസ്സിലായി."ഓ, അത് മൈത്രേയൻ അല്ലേ ?നമ്മുടെ കണ്ടൽ വിനോദ് ഇടയ്ക്കിടെ ഇവിടെ കൂട്ടിക്കൊണ്ടു വരാറുണ്ട്. സാധാരണ വരുന്നത് എട്ടുമണി ഒക്കെ കഴിഞ്ഞിട്ടാ.ഇന്നെന്തോ നേരത്തെയാ".

"സെമിനാർ എന്തെങ്കിലുമാണോ, നാരായണേട്ടാ? നിങ്ങളൊന്നും പറഞ്ഞില്ലല്ലോ?"എന്ന് ചോദിച്ചപ്പോൾ "അല്ലപ്പാ, ഇത് അവരുടെ സാധാരണ കൂടിയിരിപ്പല്ലേ ? മോള് പോയ് നോക്കിക്കോ"- എന്നൊരു അനുവാദവും തന്ന് നാരായണേട്ടൻ ഏതോ ബുക്ക് തിരയാൻ തുടങ്ങി.

ഒന്നു മടിച്ചാണ് ലൈബ്രറിഹാളിലേക്ക് നടന്നത്. അപൂർവ്വമായി മാത്രമേ ഹാളിൽ എന്തെങ്കിലും ചർച്ചയോ പ്രകാശനമോ ഉണ്ടാവൂ. അല്ലാത്തപ്പോഴെല്ലാം കസേരകൾ എല്ലാം മാറ്റി വെച്ച് നടുവിലെ സ്ഥലം ഒഴിച്ചിട്ടിരിക്കുകയായിരിക്കും. പുതിയ പുസ്തകങ്ങൾ വരുമ്പോൾ, തരംതിരിച്ച് നമ്പർ ഇടാൻ നാരായണൻ അവിടെയാണിരിക്കുക. പുസ്തകക്കെട്ടുകൾക്കിടയിൽ ചമ്രംപടിഞ്ഞിരിക്കുന്ന നാരായണേട്ടനെ കാണാൻ എന്തോ എനിക്ക് വല്യയിഷ്ടമാണ്.

ഹാളിന്റെ വാതിൽ എത്തിയപ്പോൾ തന്നെ മൈത്രേയന്റെ കണ്ണിൽപെട്ടു. ചിരപരിചിതയായ സുഹൃത്തിനെ വിളിക്കുന്നത് പോലെയാണ്, വർത്താനം നിർത്താതെ തന്നെ അകത്തേക്ക് ക്ഷണിച്ചത്. ആകെ 10 -12 പേരെ ഉള്ളൂ. ഇരിക്കണമെങ്കിൽ കസേര അട്ടിയിൽ നിന്ന് എടുക്കണം. ശബ്ദം കേൾപ്പിക്കാതെ അത് ചെയ്യാൻ പറ്റാത്തതിൽ അല്പം ജാള്യത തോന്നി. പിന്നീട് കുറെ നേരത്തേക്ക് ഏതാണ്ട് ഒരു മായികലോകത്തെത്തിയത് പോലെയായിരുന്നു. തന്നെ കേട്ടിരിക്കുന്ന ആളുകളുടെ കണ്ണിൽ നോക്കി, മനസ്സുകൊണ്ട് സംസാരിക്കുന്ന രീതി.

രാഷ്ട്രീയം, പ്രണയം, ഈശ്വരൻ തുടങ്ങി ഒഴുകിപ്പരക്കുന്ന വിഷയങ്ങൾ. ഒന്നുരണ്ടുപേർ എഴുന്നേറ്റു പോയെങ്കിലും ബാക്കിയുള്ളവരെല്ലാം ഒരു മാന്ത്രിക ചരട് കൊണ്ട് ബന്ധിക്കപ്പെട്ട പോലെയായിരുന്നു. ഞാൻ ഒന്നുമല്ല എന്ന എളിമയോടൊപ്പം, അറിവ് തേടുന്നവന്റെ അഹ



ങ്കാരവും അഭിമാനവും ചേർന്നുള്ള സംസാരം.

"ഇനി നമുക്ക് അവസാനിപ്പിച്ചാലോ" എന്ന് ഡോക്ടർ വിനോദ് ചോദിച്ചിട്ടും ഒന്നുരണ്ടുപേർ വീണ്ടും സംശയങ്ങളുമായി സംസാരിക്കാൻ പ്രേരിപ്പിക്കുന്നുണ്ടായിരുന്നു. ഇത്തിരി നേരം കൂടി ആവാമല്ലോ, സമയം ഇത്രയല്ലേ ആയുള്ളൂ എന്ന് കരുതിവാച്ച് നോക്കുമ്പോഴാണ് ഒന്നൊന്നരമണിക്കൂർ കടന്നുപോയി എന്ന് മനസ്സിലായത്. രണ്ടു വാക്ക് മിണ്ടാതെ പുറത്ത് കിടക്കാൻ തോന്നിയില്ലെങ്കിലും, ആരെല്ലാമോ ചെന്നു ചുറ്റും കൂടുന്നത് കണ്ടപ്പോൾ വേണ്ടെന്നുവെക്കേണ്ടി വന്നു.

പുതിയ പുസ്തകം തിരയാൻ സമയമില്ലാത്തതിനാൽ, നാരായണേട്ടനോട് പിന്നെ എടുത്തോളാം എന്ന് വിളിച്ചു പറഞ്ഞു വീട്ടിലേക്ക് ധൃതിയിൽ നടക്കുമ്പോൾ അത്യാവശ്യം ഇരുട്ടിയിരുന്നു. ഫോൺ എടുത്തു നോക്കുമ്പോൾ അമ്മയുടെ 8 മിസ്ഡ് കോൾസ് ! ലൈബ്രറിയിൽ പോകും എന്നറിയുന്നതുകൊണ്ട് മാത്രമായിരിക്കും അമ്മ ശ്വാസം വിടുന്നുണ്ടാവുക. അല്ലെങ്കിൽ ഇപ്പോൾ ആധി എടുത്ത്....! എന്ത് പ്രശ്നം വന്നാലും പറയുന്നത് ക്ഷമയോടെ കേൾക്കാനുള്ള അമ്മയുടെ കഴിവ് ഒന്നുകൊണ്ട് മാത്രം ഫോൺ ചെയ്തപ്പം വഴക്ക് കിട്ടിയില്ല. ഓട്ടോ എടുത്ത് വന്നാമതി എന്ന അമ്മയുടെ ഉത്തരവിന് മുമ്പ് തന്നെ തന്റെ കണ്ണുകൾ ഓട്ടോ തിരയുന്നുണ്ടായിരുന്നു. അത്യാവശ്യത്തിന് നോക്കിയാൽ ഒരെണ്ണം പോലും കാണില്ല എന്ന വാക്യം അടിവരയിട്ടുകൊണ്ട് സ്റ്റാൻഡിൽ ഒരൊറ്റ ഓട്ടോ പോലും ഇല്ല. മൊബൈൽ ലൈറ്റ് ഓണാക്കി നടക്കാൻ തുടങ്ങുമ്പോഴാണ് പിന്നിൽ നിന്നും വിളി വന്നത് -"രാഖിയെന്താ വൈകിയോ?' തിരിഞ്ഞുനോക്കിയപ്പോൾ ആശ്വാസമായി. അമ്മയുടെ പഴയ ക്ലാസ് മേറ്റ് അലക്സ് ചേട്ടൻ. ഇൻകംടാക്സ് ഓഫീസിലെ ഉയർന്ന ഉദ്യോഗസ്ഥനാണെങ്കിലും, സ്നേഹവും കരുതലും വിവേകപൂർണമായ ഇടപെടലുകളും കൊണ്ട് നാട്ടുകാരുടെ മുഴുവൻ ആരാധനാപാത്രമായിരുന്നു അലക്സ് ചേട്ടൻ. ലൈബ്രറി കമ്മിറ്റിയുടെ ആജീവനാന്ത മെമ്പറും ഗംഭീരനായ വായനക്കാരനും കൂടിയാണ് അദ്ദേഹം. പുള്ളിക്കാരൻ എടുത്തു തന്ന പുസ്തകങ്ങളിൽ ഭൂരിഭാഗവും എനിക്കിഷ്ടപ്പെടുന്നവയായിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ ജോലിയിൽ പ്രവേശിച്ച് സ്വന്തമായി വീടുണ്ടാക്കിയ വ്യക്തിയാണ് അലക്സ് ചേട്ടൻ. ക്രിസ്ത്യാനിയായിട്ടു പോലും വീടിന്റെ മുൻവാതിലിൽ താമരയിലെ സരസ്വതീദേവിയെ കൊത്തിവെപ്പിച്ച മനുഷ്യൻ! വീടിന്റെ പാലുകാച്ചിന്റെ അന്നു തന്നെ ഇതിന്റെ പേരിൽ പള്ളിവികാരിയുമായി കശപിശ ഉണ്ടായി എന്നാണ് ജനസംസാരം. നാരായണേട്ടൻ ഒരിക്കൽ രഹസ്യമായി എന്നോട് പറഞ്ഞിരുന്നു, അലക്സേട്ടൻ പുസ്തകം വായിച്ചു കരയുമെന്ന് ! ആ കരച്ചിലു കണ്ടാൽ നമ്മളും കരഞ്ഞു പോകും എന്നാണ് നാരായണേട്ടന്റെ ഭാഷ്യം. നാട്ടുകാർക്കു മുഴുവൻ ബഹുമാനമുള്ള, പ്രശ്നങ്ങൾ വരുമ്പോൾ ഏറ്റവും പ്രായോഗികമായ പരിഹാരങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഈ മനുഷ്യന് ഇങ്ങനെ ഒരു മുഖമോ എന്ന് അത്ഭുതം തോന്നിയിരുന്നു. ഒറ്റയ്ക്ക് കാണുമ്പോൾ പലവട്ടം ചോദിക്കാൻ തോന്നിയെങ്കിലും, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം ആവുമോ എന്ന് കരുതി വേണ്ടെന്നു വയ്ക്കുകയായിരുന്നു.

"എന്താടോ, തനിക്കിന്നൊരു മൗനം? അങ്ങോട്ട് ഒന്നും മിണ്ടാൻ സാധാരണ സമ്മതിക്കാറില്ലല്ലോ ?"അലക്സേട്ടൻ ചോദിച്ചപ്പോഴാണ് പരിസര ബോധമുണ്ടായത്."ഒന്നൂല്ല. വൈകിയോണ്ട് അമ്മ പേടിക്ക്യോന്ന് ...."

"വിളിച്ചില്ലേ ?"

"വിളിച്ചു. ഓട്ടോയെടുത്ത് ചെല്ലാൻ പറഞ്ഞതാ. ഒന്നും കിട്ടീല്ല".

"ഇന്നേതേ ബുക്ക് എടുത്തേ"എന്ന് ചോദിച്ചപ്പോൾ, ബുക്ക് എടുക്കാൻ പറ്റാത്തതും മൈത്രേയനെ കണ്ടതും എല്ലാം പറഞ്ഞു. ഒന്നമർത്തി മൂളി ഇത്തിരി നേരം മിണ്ടാതെ നടന്നിട്ട്, അലക്സേട്ടൻ പെട്ടെന്ന് ഒരു ആത്മഗതം പോലെ പറഞ്ഞു -"അയാളെ അധികം കാണരുത്. ചങ്ങലകളെ പൊട്ടിച്ചെറിയാൻ മാത്രം സത്യവും ധൈര്യവും ഉണ്ടയാളുടെ വാക്കുകൾക്ക്. സ്വന്തം ജീവിതം കൊണ്ട് തെളിയിച്ചതാണയാൾ".

നിസ്സഹായതയാണോ അമർഷമാണോ അതിലുണ്ടായിരുന്നത് എന്ന് തീർത്തു പറയാൻ വയ്യാത്ത തരത്തിലായിരുന്നു ആ ശബ്ദം. മുഖത്തേക്കൊന്ന് പാളിനോക്കിയെങ്കിലും ഇരുട്ടായതുകൊണ്ട് ഒന്നും മനസ്സിലായുമില്ല.

പ്ലസ് ടു കഴിഞ്ഞ അവധിക്കാലത്താണ് ലൈബ്രറിയിൽ വെച്ച് അലക്സേട്ടനോട് ധാരാളം സംസാരിച്ചത്. ഡിഗ്രിക്ലാസ് തുടങ്ങുന്നതിനു മുമ്പ് പുസ്തകങ്ങൾ വായിച്ചു തള്ളുന്ന വ്യഗ്രതയിലായിരുന്നു ഞാൻ. കെമിസ്ട്രിയാണ് എടുക്കാൻ പോകുന്നത് എന്ന് അറിഞ്ഞപ്പോൾ"തനിക്ക് ലിറ്ററേച്ചർ ആയിരുന്നു നല്ലത്"എന്നായിരുന്നു അലക്സേട്ടൻ പറഞ്ഞത്. "ദേവിയുടെ മോളല്ലേ, ഇത്രയും വായനയും ഉണ്ട്. ശ്രമിച്ചാൽ തനിക്ക് എഴുതാനാവും"എന്ന് പറഞ്ഞു കുറച്ചൊന്നുമല്ല അന്ന് പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചത്. പതുക്കെ പതുക്കെ അത് പുസ്തകങ്ങളിലേക്കും എഴുത്തിലേക്കും അമ്മയുടെ കവിതകളിലേക്കും എത്തി. അമ്മ കവിത എഴുതിയിരുന്നു എന്നതു പോലും എനിക്ക് പുതിയ അറിവായിരുന്നു. അതിൽ ഒന്നുരണ്ടെണ്ണം എന്നെ പാടി കേൾപ്പിക്കുകയും ചെയ്തപ്പോൾ ശരിക്കും അത്ഭുതപ്പെട്ടു പോയി."ഭയങ്കര ഓർമ്മയാണല്ലോ, അലക്സേട്ടാ !!"എന്ന് ഞാൻ പറഞ്ഞപ്പം,

ഒരു നിമിഷം എന്റെ മുഖത്തേക്ക് തന്നെ നോക്കിയിരുന്നിട്ട് പറഞ്ഞു -"ഇത് ഓർമശക്തിയാന്നുമല്ലടോ. ഒരു കാലത്ത് ദേവിയെ ഞാൻ വല്ലാതെ പ്രണയിച്ചിരുന്നു"എന്ന്. അതിനു മറുപടിയായി ഒരക്ഷരം മിണ്ടാൻ എനിക്ക് പറ്റിയില്ല. സുമുഖനായ അലക്സേട്ടൻ എന്തേ കല്യാണം കഴിച്ചില്ല എന്ന എന്റെ സംശയത്തിന്റെ മറുപടി അന്നാണ് കിട്ടിയത്. ലൈബ്രറിയിൽ നിന്നു തിരിച്ചുനടക്കുമ്പോഴെന്റെ കൈയും കാലും വിറക്കുന്നുണ്ടായിരുന്നു. പിന്നീട് കുറേക്കാലത്തേക്ക് മുന്നിൽ പെട്ടാൽ രണ്ടാളും വഴിമാറി നടക്കുകയായിരുന്നു പതിവ്. ഒരുപാട് നാളെടുത്തു അതൊന്ന് ശരിയാവാൻ.

വീട്ടിലും അത് കുറച്ചൊന്നുമല്ല എന്നെ ബുദ്ധിമുട്ടിച്ചത്. അമ്മയോട് പറയാത്ത രഹസ്യം കൊണ്ടുനടക്കുന്നതിന്റെ അസ്വസ്ഥത കുറേ കാലം ഉണ്ടായിരുന്നു. എന്തോ പന്തികേട് ഉണ്ടെന്ന് അമ്മയ്ക്കും തോന്നിയിരിക്കണം. കോളേജിൽ എന്തെങ്കിലും പ്രശ്നമുണ്ടോ എന്നൊരിക്കൽ ചോദിച്ചിരുന്നു. ഇല്ലന്നു പറഞ്ഞപ്പം പിന്നെ അമ്മ ഒന്നും പറഞ്ഞില്ല. പഠനം ഉഴപ്പരുത് എന്നു മാത്രം പറഞ്ഞത് ഒഴിവാക്കിയമ്മ.

പിജിക്ക് ജോയിൻ ചെയ്തു ഉടനെയായിരുന്നു അമ്മയുടെ കല്യാണം. പിന്നീട് പഠിക്കുന്നത് അച്ഛനും വീട്ടുകാർക്കും താൽപര്യമില്ലാത്തതുകൊണ്ട് അമ്മക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നു. അതിനേക്കാളേറെ അമ്മയെ സങ്കടപ്പെടുത്തിയത് വായനയോടുള്ള അച്ഛന്റെ മനോഭാവമായിരുന്നു."Waste of time"എന്നായിരുന്നത്രെ അച്ഛൻ പറഞ്ഞിരുന്നത്. പത്തിലെട്ട് പൊരുത്തവും രാജയോഗവും എല്ലാമുണ്ടായിരുന്നത്രെ അമ്മയ്ക്ക്.പക്ഷെ, കല്യാണം കഴിഞ്ഞു ഒരു വർഷം തികയും മുമ്പേ അമ്മയുടെ അനിയൻ മരിച്ചു. എനിക്ക് ആറു വയസ്സുള്ളപ്പോൾ അച്ഛനും. കല്യാണം നിശ്ചയിച്ച മോളുടെ ജാതക പൊരുത്തത്തെക്കുറിച്ച് വല്യച്ഛൻ മഹത്വം പറഞ്ഞപ്പോൾ, "ഭർത്താവും അനിയനും നഷ്ടപ്പെട്ട എനിക്ക് എന്ത് രാജയോഗമാണ് ആയാളുന്ന് ഉദ്ദേശിച്ചത് എന്നൂടെ വല്യേട്ടന് ചോദിച്ചൂടായിരുന്നോ"എന്ന അമ്മയുടെ അമർഷത്തിന്റെ ആഴം കണ്ട് വല്യച്ഛൻ ചൂളിയത് ഇന്നും എനിക്കോർമ്മയുണ്ട്.

ആലോചനകൾക്കിടയിൽ വീട് എത്തിയത് അറിഞ്ഞില്ല. അന്നത്തെ തുറന്നുപറച്ചിലിനു ശേഷം അലക്സേട്ടൻ ഒരിക്കലും വീട്ടിൽ കേറീട്ടില്ല. മനപ്പൂർവ്വം ഒഴിവാക്കുകയായിരുന്നൂന്ന് തോന്നീട്ടുണ്ട് പലപ്പൊഴും.

"ഇന്ന് വെള്ളിയാഴ്ച അല്ലെ? തനിക്ക് വായിക്കാൻ ഞാൻ ഏതെങ്കിലും പുസ്തകം എത്തിക്കണോ ?"എന്ന് അലക്സേട്ടൻ ചോദിച്ചെങ്കിലും "സാരില്ല, അലക്സേട്ടാ. എനിക്ക് അസൈൻമെന്റ് ഉണ്ട് തീർക്കാൻ. ഞാൻ നാളെ എടുത്തോളാം"എന്ന് പറഞ്ഞു വേഗം വീട്ടിലേക്ക് കയറി. തിരിച്ചു നടക്കുന്ന കറുത്ത രൂപം തന്നെ സങ്കടപ്പെടുത്തിയോ എന്ന് പെട്ടെന്ന് ഒരു സംശയം മനസ്സിൽ ഇരമ്പി.

"നീ വേഗം കുളിച്ചു വന്നോളൂ... ഇനിയിപ്പോ എന്ത് ചായ ?! അത്താഴത്തിന് നേരായി !"എന്ന് പറഞ്ഞ് അമ്മ ഗൗരവക്കാരിയായി. ഒന്ന് ചെന്ന് കെട്ടിപ്പിടിച്ചാൽ തീരുന്ന പരിഭവങ്ങളേ എന്നും അമ്മയ്ക്ക് ഉണ്ടായിരുന്നുള്ളൂ. എങ്ങനെ ഇത്ര വേഗം അലിയുന്നുവെന്ന് എന്നും താൻ അത്ഭുതപ്പെട്ടിരുന്നു. അതമ്മയുടെ സവിശേഷതയായി എടുക്കുന്നതിനേക്കാൾ, ജീവിതത്തിന്റെ നിറവും മണവും താൻ ഒരാൾ മാത്രം ആയതുകൊണ്ടാവാം എന്ന് കരുതാൻ ആയിരുന്നു എനിക്കിഷ്ടം. പക്ഷേ ഇന്നെന്തോ അമ്മയെ കെട്ടിപ്പിടിച്ചു ഉമ്മ കൊടുത്തപ്പോൾ പെട്ടെന്നൊരാന്തൽ ഉള്ളിൽ- എന്തിനെന്നു പോലും അറിയാത വന്ന ആ കരച്ചിൽ മറക്കാൻ പെട്ടെന്ന് മുറിയിലേയ്ക്ക് നടന്നു. പോകുമ്പോൾ തിരിഞ്ഞു നോക്കാതെ വിളിച്ചു പറഞ്ഞു

"ഞാനഞ്ചു മിനിറ്റ് കൊണ്ട് കുളിച്ചു വരും. അമ്മ അത്താഴം എടുത്തു വെച്ചോളൂ.കുറേ വിശേഷമുണ്ട് പറയാൻ. അതുകൊണ്ട് ഇന്നിത്തിരി നേരത്തെ ആയാലും കുഴപ്പമില്ല".

"ആ എനിക്കറിയാം, നിന്റെ കുളി അല്ലേ?!"എന്ന അമ്മയുടെ മറുപടി മുഴുവനാവും മുമ്പേ റൂമിൽ കയറി വാതിലടച്ചു.

ഷവറിനു കീഴിൽ നിൽക്കുമ്പോഴാണ് ബോധം വന്നത്. അമ്മയോട് അത്താഴം വിളമ്പാൻ പറയണ്ടായിരുന്നു. മൈത്രേയനും പ്രണയവും അലക്സ് ചേട്ടനും ചങ്ങലകളും എല്ലാം കൂടി തലയിൽ മൊത്തം ബഹളമയമാണ്. ഒന്ന് അടുക്കിപ്പെറുക്കി വെക്കാൻ ഇത്തിരി സമയമെങ്കിലുമില്ലാതെങ്ങനാ ...... ?!

കുളി കഴിയുമ്പോഴേക്കും എല്ലാം ശരിയാകുമായിരിക്കും എന്ന് ശുഭാപ്തി വിശ്വാസത്തിൽ കുളി തുടരുമ്പോൾ ആദ്യത്തെ കല്ലുകടിച്ചു - അലക്സേട്ടന്റെ തുറന്നുപറച്ചിൽ താനൊരിക്കലും അമ്മയോട് സൂചിപ്പിച്ചു പോലുമില്ല !. സൂചിപ്പിച്ചിരുന്നെങ്കിൽ......???!! അമ്മയുടെ പ്രതികരണം എന്തായിരുന്നു ? അമ്മയ്ക്കും ഇഷ്ട

മായിരുന്നെങ്കിൽ, മൈത്രേയൻ പറഞ്ഞ പോലെ, എന്റെ അമ്മയെ പ്രണയിപ്പിക്കാൻ എനിക്ക് സാധിച്ചേനേ....!! അങ്ങനൊരു വശം താനിതുവരെ ആലോചിച്ച പോലുമില്ലല്ലോ എന്നോർത്ത് രാഖിക്ക് വീണ്ടും കരച്ചിൽ വന്നു.

അലക്സ്സേട്ടൻ കവിത ചൊല്ലിയ അന്ന്, അമ്മയുടെ കവിതകൾ വല്ലതും ഇപ്പഴും ഉണ്ടോ എന്നറിയാൻ പോലും ഞാൻ വേറൊരു നമ്പർ ഇടുകയാണ് ചെയ്തത്.

"അമ്മ എത്രയാ വായിക്കുന്നത് ? എന്നിട്ടിതുവരെ ഒന്നും എഴുതി നോക്കീട്ടില്ലാ ?!"

പല വട്ടം തിരിച്ചും മറിച്ചും ചോദിച്ചും പറഞ്ഞും, ഒരു ദിവസം അമ്മ പറഞ്ഞു നോക്കട്ടേന്ന്.

ഒന്നോ രണ്ടോ കവിതകൾ, പ്രതീക്ഷിച്ചിരുന്ന എന്റെ മുന്നിലേക്ക് അമ്മ നീക്കിവെച്ചത് ഒരു ചെറിയ ഡയറിയായിരുന്നു -ചെറുതും വലുതുമായ ഒരുപാട് കവിതകൾ കൊണ്ട് നിറഞ്ഞ ഒരെണ്ണം ! അതാവട്ടെ എല്ലാം ഒന്നിനൊന്നു മെച്ചവും.!

ആർത്തിപൂണ്ട ഞാൻ കൈയിൽ നിന്ന് വെക്കാതെ അത് വായിച്ചു തീർത്തു. രാത്രി അത് റൂമിലേക്ക് എടുക്കുമ്പോൾ അമ്മ ചോദിച്ചു തിരിച്ചു കൊടുക്കാൻ.

"തരാപ്പാ ..., ഞാൻ ഒന്നൂടി നോക്കട്ടെ!"എന്ന് പറഞ്ഞു മുറിയിലേക്ക് നടക്കുമ്പോൾ മനസ്സിൽ ഉറപ്പിച്ചിരുന്നു ഇത് എങ്ങനെയും പ്രസിദ്ധീകരിക്കണമെന്ന്.

ഓരോ തവണ വായിക്കുമ്പോഴും ഓരോ പുതിയ ഭാവം ഉരുത്തിരിഞ്ഞുവരുന്ന പ്രതീക്ഷയുടെ കവിതകളായിരുന്നു ഏറിയപങ്കും. വായിച്ച് വായിച്ച് ഉറങ്ങിപ്പോയത് എപ്പോഴാണെന്നറിയില്ല. രാവിലെ ഉണർന്നു നോക്കിയപ്പോൾ മുറിയിൽ ഡയറിയില്ല. അമ്മ രാത്രി എപ്പോഴോ തന്നെ അതെടുത്തു മാറ്റിയിരുന്നു. പിന്നീട് എത്ര ചോദിച്ചിട്ടും അമ്മ അത് തന്നില്ല. ഫോണിൽ ഒരു ഫോട്ടോ എങ്കിലും എടുത്ത് വെക്കാത്തതിന് ഞാൻ എന്നെ തന്നെ ശപിച്ച ദിവസമായിരുന്നു അത്.

ഈശ്വരാ അമ്മയെ പ്രണയിപ്പിക്കാൻ സാധിക്കാത്തതിനെപ്പറ്റി കേട്ട ദിവസംതന്നെ എന്തിനാ താൻ അലക്സ്സേട്ടനെ കണ്ടത് ? പുള്ളിക്കാരനെന്തിനാ ചങ്ങലകൾ പൊട്ടിച്ചെറിയുന്ന കാര്യം പറഞ്ഞത്??! ആലോചിക്കുന്തോറും എല്ലാത്തിനും പുതിയൊരു നിറം വരുന്നതു പോലെ തോന്നി രാഖിക്ക്. കാലും കൈയ്യുമെല്ലാം തളരുന്നതു പോലെ എന്തോ ഒന്ന്. അത്താഴം വിളമ്പി അമ്മ കാത്തിരിക്കുന്നുണ്ടാവുമെന്ന് സ്വയം ശാസിച്ചു കൊണ്ട് പെട്ടെന്ന് കുളിച്ചു കയറുന്നതായിരുന്നു പിന്നെ ഏറ്റവും എളുപ്പം.

അത്താഴം കഴിക്കുമ്പോൾ ലൈബ്രറി വിശേഷങ്ങൾ ഒന്ന് ചുരുക്കി പറഞ്ഞു, ആദ്യത്തെ ചോദ്യം അറിഞ്ഞു.

"ശരിക്കും അമ്മയ്ക്ക് ഇതുവരെ ഒരു പ്രേമവും ഉണ്ടായിട്ടില്ലാ ?"

"ഉണ്ടല്ലോ ! അതിന്റെ ഫലം അല്ലേ നീ ?!"- എന്നായിരുന്നു അമ്മയുടെ മറുപടി.ആ വഴിക്ക് വലിയ പ്രയോജനമില്ല എന്ന് തോന്നിയപ്പോൾ, ചോദ്യം ഞാൻ ഒന്നു തിരിച്ചിട്ടു.

"ആർക്കെങ്കിലും അമ്മയോട് എന്തെങ്കിലും തോന്നിയിട്ടുള്ളത് ആയിട്ട് അറിയാമോ ?"

"പോടീ .... പോടീ ......!"എന്ന് പറഞ്ഞു അമ്മ എഴുന്നേറ്റു .ശരിക്കും താൻ ഒന്നു ഞെട്ടി -കാരണം സമ്മതിച്ചു തരാൻ ഇഷ്ടപ്പെടാത്ത സത്യങ്ങൾ കേൾക്കുമ്പോഴുള്ള അമ്മയുടെ ഒഴിഞ്ഞുമാറൽ ഉത്തരമാണ് ഈ" പോടീ ...."പോടീ ...!

ഈശ്വരാ അലക്സ്സേട്ടനെ കുറിച്ച് അമ്മയ്ക്ക് .......?!ചിന്തകളെ തിരിച്ചുവിടാൻ ഏറ്റവും നല്ലത് പാട്ടായതുകൊണ്ട് മൊബൈല് പാട്ടും വെച്ചിട്ടാണ് പണി തീർക്കാൻ അമ്മയുടെ കൂടെ കൂടിയത്. പതിവില്ലാത്തതായിട്ടും അമ്മ ഒന്നും പറഞ്ഞില്ല എന്ന് മാത്രമല്ല, അമ്മയും സംസാരിക്കാതിരിക്കാൻ ആഗ്രഹിക്കുന്നത് പോലെ തോന്നി. എല്ലാം തീർന്നപ്പോൾ വീണ്ടും പ്രശ്നം - നിക്കണോ പോണോ ? വേണ്ട പിന്നീടാവാം.
- എന്തിനാണെങ്കിലും അമ്മയ്ക്ക് തയ്യാറെടുപ്പുകൾ വേണ്ടിവരും, എനിക്കും.



"ഇത്തിരി പണിയുണ്ടമ്മാ"എന്നു പറഞ്ഞു റൂമിലേക്ക് പോകുമ്പോൾ അമ്മയ്ക്ക് സംശയം.

"ഇന്ന് വെള്ളിയാഴ്ച അല്ലേ ? വെള്ളിയാഴ്ച നീ പഠിക്ക്യോ?"കളിയാക്കലിനേക്കാൾ അത്ഭുതമായിരുന്നു അമ്മയുടെ വാക്കുകളിൽ. എന്തോ വല്ലാത്ത ഒറ്റക്കിരിക്കാൻ തോന്നിയതുകൊണ്ട് വീണ്ടും പറഞ്ഞു.

"അല്ലമ്മാ, കുറെ അസൈൻമെൻറ് ഉണ്ട്. വേഗം തീർത്തിട്ട് നാളെ അടിച്ചുപൊളിക്കാം".

"എനിക്ക് മനസ്സിലായി Book thief തീർന്നിട്ടില്ലായിരിക്കും അല്ലേ ? എന്റെ രണ്ടാം പുസ്തകം തീർന്നുട്ടോ "അമ്മ വിളിച്ചു പറഞ്ഞു.

സത്യം പറഞ്ഞാൽ രണ്ടാഴ്ചയായി ഞാൻ Book thief എടുത്തിട്ട്.അതിനാണെങ്കിൽ ഭയങ്കര സ്റ്റാർട്ടിങ് ട്രബിൾ ആയിരുന്നു. Marcus Zusak ന്റെ പുസ്തകങ്ങൾ ഒന്നും ഞാൻ വായിച്ചിട്ടില്ല. അതുകൊണ്ടു തന്നെ, ഒന്ന് റെയിലിൽ കയറാൻ കുറെ

സമയമെടുത്തു. അമ്മയ്ക്ക് അല്ലെങ്കിലും ഭയങ്കര സ്പീഡാണ്. പണ്ട് എനിക്ക് ഭയങ്കര സംശയമായിരുന്നു അമ്മ മുഴുവനും വായിക്കുന്നില്ലേ എന്ന്. പക്ഷേ വെറുതെ ഒന്ന് ടെസ്റ്റ് ചെയ്തപ്പോൾ വരികൾ അടക്കം ഉദ്ധരിച്ച് അത്ഭുതപ്പെടുത്തിയതോടെ വിശ്വസിക്കേണ്ടി വന്നു.

ശരിക്കും ചെയ്യാൻ ഒരുപാട് പണിയുണ്ട്. പക്ഷെ ഒന്നും ചെയ്യാൻ തോന്നുന്നില്ല. ഒരുപാട് കൂട്ടിക്കിഴിക്കലുകൾ നടത്താൻ ഉള്ളതുപോലെ. മൈത്രേയന്റെ വാക്കുകൾ കുറച്ചൊന്നുമല്ല തലയിൽ കയറിയത് എന്ന് തോന്നുന്നു.

ശരിക്കും അമ്മയുടെ മനസ്സിൽ എന്താവും? പുസ്തകചർച്ച ഒഴിവാക്കേണ്ടായിരുന്നു എന്ന് തോന്നി രാഖിക്ക്. അമ്മയെ വർത്തമാനം പറയാൻ വിടുന്നത് ആയിരുന്നു നല്ലത്. കണിശക്കാരിയായ അമ്മ, ചർച്ചകളിൽ ഒരു കാല്പനിക ജീവിയായി മാറുന്നത് ഞാൻ ഒരുപാട് കണ്ടിട്ടുണ്ട്. പിന്നീട് അതിനെ പറ്റി പറയുമ്പോൾ മനോഹരമായി പുഞ്ചിരിച്ചുകൊണ്ട് ഒന്നുമറിയാത്തതുപോലെ ഒഴിഞ്ഞുമാറിക്കളയുകയും ചെയ്യും.

എന്തിനാണ് ചാടിയെഴുന്നേറ്റ് അമ്മയുടെ അടുത്തേക്ക് പോയത് എന്ന് രാഖിക്ക് തന്നെ മനസ്സിലായില്ല. അത്താഴം കഴിഞ്ഞാൽ പുസ്തകത്തിലേക്ക് ആഴ്ന്നിറങ്ങുന്ന അമ്മയെ മാത്രമേ ഇന്നുവരെ കണ്ടിട്ടുള്ളൂ. ഇന്നിപ്പം കണ്ണട വറയത്ത് വച്ച് സോഫയിൽ ചാഞ്ഞിരിക്കുന്ന അമ്മയെ കണ്ടപ്പോൾ മനസ്സൊന്നാളി! അമ്മയുടെ ഉള്ളിലും...?!

അമ്മ ഉറങ്ങിയോ എന്ന ചോദ്യത്തോട് ചേർത്ത് കഴിയുന്നത്ര നിഷ്കളങ്കത മുഖത്തേക്ക് ആവാഹിച്ചിട്ട് ഞാൻ വീണ്ടും ചോദിച്ചു.

"ശരിക്ക് എന്തെങ്കിലും ഉണ്ടെങ്കിൽ എന്നോട്....?"

അമ്മയുടെ മൗനം ഒരു തുറന്നു പറച്ചിലിനുള്ള തുടക്കമാണെന്ന് എനിക്കുറപ്പായിരുന്നു. ഏതോ ഒരു ലോകത്തിരുന്ന് സംസാരിക്കുന്നത് പോലെയാണ് അമ്മ പറഞ്ഞു തുടങ്ങിയത്.

"നീ കുറച്ചുകൂടി വലുതായിട്ട് വായിച്ചാൽ മതി എന്ന് പറഞ്ഞു ഞാൻ മാറ്റിവെച്ച ഒരു പുസ്തകം ഓർക്കുന്നുണ്ടോ ?"

"ശരിക്ക പറഞ്ഞാൽ അങ്ങനെ ഒരു കാര്യം അമ്മ പറഞ്ഞത് തന്നെ എനിക്ക് ഓർമയില്ലമ്മാ"എന്ന് ഒറ്റ ശ്വാസത്തിൽ ഞാൻ പറഞ്ഞു നിർത്തി. സത്യത്തിൽ, Cape Hawpin-ന്റെ ഉയിർപ്പ് അമ്മ return ചെയ്യുതിന്റെ പിറ്റേന്ന് തന്നെ ഞാൻ കാണാതെടുത്ത് വായിച്ചിരുന്നു.

"ഉയിർപ്പ് എന്ന നോവൽ ആയിരുന്നു അത്. എം.ടി പ്രത്യേകം പറഞ്ഞിട്ട് മാതൃഭൂമി ബുക്സോ മറ്റോ പരിഭാഷപ്പെടുത്തിയ ഒരു നോവലാണത്... അത് വായിച്ചന്ന് ഞാൻ ഒരുപാട് കരഞ്ഞു. അന്നാണ് ആദ്യമായി നിന്റെ അടുത്തുനിന്ന് ഞാൻ മാറി കിടന്നത്... നന്നായി ഒന്ന് കരയാനാണ് മാറി കിടന്നതെന്നെങ്കിലും, പിന്നെ നിന്റെ അടുത്ത് വന്ന് കിടക്കാൻ എനിക്ക് നാണായി. അന്നെനിക്ക് മനസ്സിലായി അലക്സെന്റെ ഉള്ളിൽ ഉണ്ടെന്ന്...! പഠിക്കുമ്പഴേ എനിക്കറിയാം, അലക്സിനെ.

ഒരു വാക്കുപോലും സൂചിപ്പിച്ചിട്ടില്ലെങ്കിലും അലക്സിന്റെ മനസ്സ് എന്താണെന്ന് അന്നേ എനിക്കറിയാമായിരുന്നു. മുൻവിധികളില്ലാതെ നോക്കുന്നവർക്ക് മറ്റൊന്നും മനസ്സിലായില്ലെങ്കിലും പ്രണയം മനസ്സിലാവും..! പക്ഷേ അത് മനസ്സിലായി എന്ന് നടിക്കാനുള്ള സ്വാതന്ത്ര്യമോ സാഹചര്യമോ ആയിരുന്നില്ല എനിക്ക്. നിന്നോട് അലക്സ് കാണിക്കുന്ന അമിത വാത്സല്യം പോലും എന്നോടുള്ള സ്നേഹത്തിന്റെ reflection ആണെന്ന് എനിക്കറിയാം. പക്ഷേ..!"

അമ്മ പറഞ്ഞു നിർത്തിയത് കേട്ട് ഞാൻ ശരിക്കും തരിച്ചിരുന്നുപോയി. ആലോചിച്ച് ഇരിക്കാൻ സമയം ഇല്ലാത്തതുകൊണ്ട് തന്നെ പെട്ടെന്ന് പ്രതികരിക്കണം എന്നാണ് അപ്പോൾ എനിക്ക് തോന്നിയത്. ഒരിക്കൽ ഞാനായിട്ട് കളഞ്ഞതാണെല്ലാം, ഇനിയുമതാവർത്തിച്ചൂടാ.

"അമ്മാ, ഇപ്പോഴും വൈകിയിട്ടില്ല. അലക്സേട്ടനോട് ഞാൻ വരാൻ പറയട്ടെ ?!

"വേണ്ട മോളെ. ആ സമയത്ത് എനിക്കെന്തോ ഉറപ്പായിരുന്നു – അലക്സ് വന്ന് ഇക്കാര്യം എന്നോട് സംസാരിക്കും എന്ന് – അതാണ് ഞങ്ങളുടെ നിയോഗമെന്ന്. അത് സംഭവിക്കാതെ എവിടെ പോവാൻ – എന്നു പോലും ഞാൻ ഉറച്ച് വിശ്വസിച്ചിരുന്നു. അലക്സ് വന്ന് സംസാരിച്ചാൽ പറയാനുള്ള മറുപടി പോലും ഞാൻ മനസ്സിൽ രൂപപ്പെടുത്തി വെച്ചിരുന്നു..! വായനശാലയുടെ കാര്യത്തിനും ഇലക്ഷനും എല്ലാം ഇവിടെ വരാറില്ലായിരുന്നോ അലക്സ്?! പക്ഷേ, അതിനുശേഷം, – ഞാനിതുറപ്പിച്ച ശേഷം, –കഴിഞ്ഞ ഏഴ് വർഷത്തിൽ ഒരിക്കൽപോലും അലക്സിവീട്ടിൽ കേറീട്ടില്ല..!"

"അമ്മ സംസാരിക്ക്, ഞാൻ ഞാൻ അലക് സേട്ടനെ വിളിക്കാൻ പോവ്വാ?"ഞാൻ ഫോൺ എടുക്കാൻ ഓടി.

"രാഖീ..!"– ഇത്രയും പരുഷമായി എന്നെ അമ്മ ഒരിക്കലും വിളിച്ചിട്ടില്ല എന്ന് തോന്നിപ്പോയി.

"നിനക്ക് 18 വയസ്സ് ആവുന്ന അന്ന് വരെ ആയിരുന്നു ഞാൻ മനസ്സിൽ തീരുമാനിച്ച സമയം. അതെന്നു കഴിഞ്ഞോ, ഇനിയതെന്റെ നിയോഗം അല്ല എന്ന് ഞാൻ വിശ്വസിക്കുന്നു...... നിന്നെ അതൊരിക്കലും അറിയിക്കണമെന്ന് കരുതിയതല്ല. പക്ഷെ, പ്രണയം തരുന്ന ധൈര്യം നീ തിരിച്ചറിയാതെ പോകരുത് എന്ന് പറയാൻ വേണ്ടി മാത്രമാണ് ഇതെല്ലാം നിന്നോട് പറഞ്ഞത്. ഇനി ഈ വിഷയം നമ്മൾ ഒരിക്കലും സംസാരിക്കില്ല. അതിനുള്ള മര്യാദ എന്റെ മോൾക്ക് ഉണ്ടെന്ന് എനിക്കറിയാം. പോയി കിടന്നോളൂ". വാത്സല്യത്തോടെ ഒന്നു നോക്കിയിട്ട് അമ്മ കണ്ണടച്ചു.

ഒരക്ഷരം മിണ്ടാനാവാതെ റൂമിലേക്ക് തിരിച്ചു നടക്കുമ്പോൾ ഒരു ആശ്വാസത്തിനു വേണ്ടി ഞാൻ മൈത്രേയനെ ആഞ്ഞു ശപിച്ചു.

**മിഥുൻ ഷാ**
ഫാറൂഖ് കോളജ്, കോഴിക്കോട്

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ ഉപന്യാസം

# നവകേരള നിർമ്മിതിയും വൈജ്ഞാനിക സമൂഹവും

ദേശരാഷ്ട്രങ്ങളുടെ പ്രയാണങ്ങളിൽ 'വികസനം' എന്ന സങ്കല്പത്തോളം അർത്ഥ പരിണാമങ്ങൾ വന്ന മറ്റൊരു പദം ഉണ്ടായിട്ടില്ല. സാധാരണക്കാർ മുതൽ സാമ്പത്തിക ശാസ്ത്രജ്ഞർ വരെ ജീവിതത്തിന്റെ പല അടരുകളിൽ വ്യത്യസ്തമായ അർത്ഥങ്ങളിൽ വിനിമയം ചെയ്യുകയും, ഓരോരുത്തർക്കും വ്യതിരിക്തമായ അനുഭവ മണ്ഡലത്തിൽ വിശകലനം ചെയ്യാൻ പറ്റുകയും ചെയ്യുന്ന ഒരു സങ്കൽപം. ഏറ്റവും സാമാന്യമെന്ന് നമ്മൾ കരുതുന്ന, നമ്മുടെ പാഠ പുസ്തകങ്ങളിൽ, ദൈനം ദിന വ്യവഹാരങ്ങളിൽ ഒക്കെ ഉപയോഗിച്ച് പോരുന്ന വ്യാഖ്യാനങ്ങൾ ലോകബാങ്കിന്റെ ആശയത്തിൽ ഊന്നി നിന്നുകൊണ്ടുള്ളതാണ്. വികസിതം, വികസ്വരം എന്ന വർഗീകരണം തന്നെ പൗരന്മാരുടെ പ്രതിശീർഷ വരുമാനത്തെ ആധാരമാക്കി ഉള്ളതാണ്. അത്തരം തരം തിരിക്കൽ ഇന്നത്തെ കാലത്ത് യോജ്യമല്ല എന്ന തിരിച്ചറിവിലേക്ക് ലോകം മാറിയിട്ടുണ്ട്. ഓരോ വ്യവസായ വിപ്ലവത്തിന് ശേഷവും, പുരോഗതിയുടെ അളവുകോലായി, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഉത്പാദന വിനിമയ മാർഗങ്ങളിൽ അധിഷ്ഠിതമായ, ഉത്പന്നങ്ങളും വസ്തുവകകളും കേന്ദ്രീകരിച്ച പുരോഗതിയുടെ അളവുകൾ കൂടുതലായി ഉപയോഗിക്കപ്പെട്ടു. വികസനത്തിന്റെ കേന്ദ്രബിന്ദു കമ്പോളം നിർണയിക്കുന്ന മുതലാളിത്ത ലോക ക്രമത്തിലേക്ക് വളരെ പെട്ടെന്ന് തന്നെ ചിന്താ ധാരകൾ പരിവർത്തനം ചെയ്യപ്പെട്ടു. അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയത് കോവിഡ് മഹാമാരിയുടെ വരവോടു കൂടിയാണ്. സാമൂഹ്യ ശാസ്ത്രപരമായ അളവുകൾ കൂടി ഉൾകൊള്ളുന്ന പുതിയ നിർവ്വചനങ്ങൾ ഇതിന് ശേഷം കൂടുതൽ പ്രസക്തമാവുകയും ചെയ്തു. മനുഷ്യനാവണം വികസനത്തിന്റെ പ്രയാണത്തെ നിർണയിക്കേണ്ടത്, അതിന്റെ മാനദണ്ഡവും മനുഷ്യ ജീവിതമാവണം.

### വികസനത്തിന്റെ മുതലാളിത്ത പാഠങ്ങൾ

ലാഭം മാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മുതലാളിത്ത വ്യവസ്ഥിതിക്ക് ഒരിക്കലും ഈ മനുഷ്യ കേന്ദ്രീകൃത വികസന സങ്കൽപം ഉൾക്കൊള്ളാൻ കഴിയില്ല. ഉത്പാദന വ്യവസ്ഥയുടെ ഭാഗമായ ഒരു ഉപകരണം എന്ന കേവല സ്ഥാനത്തിനപ്പുറം മറ്റൊരു പരികല്പനയും ഇല്ലാത്ത വിധം അരികു വല്ക്കരിക്കപ്പെട്ട വിഭാഗമായിരുന്നു തൊഴിലാളികൾ.


ഉത്പാദനോപാധികളുടെ കർതൃത്വത്തിൽ പങ്കാളിത്തമോ അധികാരമോ ലഭിക്കാത്ത ചൂഷണാധിഷ്ഠിതമായ വ്യവസ്ഥ, ജീവിച്ചിരുന്ന മനുഷ്യർക്ക് വേണ്ടിയോ വരും തലമുറകൾക്ക് വേണ്ടിയോ സമൂഹം എന്ന നിലയിൽ നൽകിയത് എന്ത്, എന്ന ചോദ്യത്തിൽ നിന്നാണ് സംഘടിതമായ മുന്നേറ്റങ്ങൾ രൂപപ്പെടുന്നത്. 1990 കളിൽ ഇന്ത്യയിലേക്ക് നവ

ഉദാര വൽക്കരണ നയങ്ങൾ കടന്നു വന്നതോടെ ലോക കമ്പോളത്തിന്റെ മത്സാരാധിഷ്ഠിതമായ വ്യവസ്ഥയിലേക്ക് നമ്മളും പങ്കു ചേർന്നു. ഓക്സ്ഫമിന്റെ ഒരു പഠനം അനുസരിച്ച് 2020–22 കാലത്ത് ലോക സമ്പദ് വ്യവസ്ഥയിൽ ഉത്പാദിപ്പിക്കപ്പെട്ട സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും ചെന്ന് ചേർന്നത് ലോകത്തെ ഏറ്റവും സമ്പന്നരായ 1% ആളുകളിലേക്കായിരുന്നു. 1.7 ബില്യൺ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം അവരുടെ രാജ്യങ്ങളിലെ നാണ്യപ്പെരുപ്പം നികത്തുന്നതിന് പോലും തികയാത്തതാണ്. ഇന്ത്യയിലെ കണക്കുകൾ പരിശോധിച്ചാൽ 700 മില്യൺ ജനങ്ങളുടെ സ്വത്തിനേക്കാൾ വരും ഫോർബ്സ് ഇന്ത്യ പട്ടികയിലെ ആദ്യ 21 ആളുകളുടെ ആസ്തി. ഇത്തരത്തിൽ വ്യാപകമായ അസമത്വമാണ് കഴിഞ്ഞ കാലങ്ങളിൽ മുതലാളിത്ത സമ്പദ് വ്യവസ്ഥിതിയുടെ സംഭാവന. നിഴലുകൊണ്ട് പോലും ഒരു മരത്തിൽ നിന്ന് ലാഭം ഉണ്ടാക്കാൻ പറ്റാതിരുന്നാൽ മുതലാളിത്തം ആ മരം മുറിച്ചു മാറ്റും എന്ന് മാർക്സ് പറയുന്നുണ്ട്. നൊബേൽ പുരസ്കാര ജേതാവായ Joseph Stiglitz ഈ അസമത്വത്തിന്റെ claoow□mm The Price of Inequality: How Today's Divided Society Endangers Our Future എന്ന പുസ്തകത്തിൽ ചർച്ച ചെയ്യുന്നത്. അസമത്വം സ്വയം ശാശ്വതമാണെന്ന് സ്റ്റിഗ്ലിറ്റ്സ് വാദിക്കുന്നു. നിയമനിർമ്മാണവും, വ്യവസ്ഥാപനവും നിയന്ത്രിക്കുന്നത് സമ്പന്നരാണ്, അവർ കൈവശം വച്ചിരിക്കുന്ന വലിയ രാഷ്ട്രീയ അധികാരം കൊണ്ടാണ് ഇത് സാധ്യമാകുന്നത്.

### സുസ്ഥിര വികസനവും നവകേരളവും

ഈ കാലഘട്ടത്തിൽ തന്നെയാണ് വിശാലാർത്ഥത്തിൽ മനുഷ്യ സമൂഹത്തെ കണ്ടു കൊണ്ട് സുസ്ഥിര വികസനം എന്ന ആശയം ചർച്ച ചെയ്യപ്പെടുന്നത്. 1990 കളിലാണ് സുസ്ഥിര വികസനം (sustainable development) എന്ന ആശയം നമ്മുടെ വ്യവഹാരങ്ങളിൽ കൂടുതൽ പരിചിതമാവുന്നത്. 1983 ൽ ജെവിയെർ ഡിക്യുർ (Javier Pérez de Cuéllor,) ഐക്യ രാഷ്ട്ര സഭയുടെ സെക്രട്ടറി ജനറൽ ആയിരുന്ന സമയത്താണ് ഗ്രോ ഹാർലെം ബ്രൂട്ലൻഡ് (Gro Harlem Brundtland) അധ്യക്ഷയായി, പരിസ്ഥിതിയും വികസനവും തമ്മിലുള്ള ബന്ധങ്ങൾ പരിഷ്കരിക്കാനും പുതിയ ലോകത്തിന് ചേർന്ന വികസന മാതൃകകൾ നിർദ്ദേശിക്കാനും, ഒരു ലോക കമ്മീഷൻ നിലവിൽ വരുന്നത് (World Commission on Environment and Development). ബ്രൂട്ട്‌ലൻഡ് കമ്മീഷന്റെ നിർവചനമാണ് സുസ്ഥിര വികസനത്തിന്റെ ഏറ്റവും സ്വീകാര്യമായ സങ്കല്പമായി പരിഗണിക്കപ്പെട്ടുപോരുന്നത്.

> ഇന്ത്യയിലെ കണക്കുകൾ പരിശോധിച്ചാൽ 700 മില്യൺ ജനങ്ങളുടെ സ്വത്തിനേക്കാൾ വരും ഫോർബ്സ് ഇന്ത്യ പട്ടികയിലെ ആദ്യ 21 ആളുകളുടെ ആസ്തി. ഇത്തരത്തിൽ വ്യാപകമായ അസമത്വമാണ് കഴിഞ്ഞ കാലങ്ങളിൽ മുതലാളിത്ത സമ്പദ് വ്യവസ്ഥിതിയുടെ സംഭാവന. നിഴലുകൊണ്ട് പോലും ഒരു മരത്തിൽ നിന്ന് ലാഭം ഉണ്ടാക്കാൻ പറ്റാതിരുന്നാൽ മുതലാളിത്തം ആ മരം മുറിച്ചു മാറ്റും എന്ന് മാർക്സ് പറയുന്നുണ്ട്.



### വിഭവങ്ങളുടെ അമിത ചൂഷണം സുസ്ഥിരവികസനം

ഈ സങ്കല്പവുമായി ചേർന്ന് നിൽക്കുന്ന പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങി അടിസ്ഥാന വിഷയങ്ങൾക്ക് ഊന്നൽ നൽകുന്ന, മാനവ വിഭവ സൂചികൾക്ക് അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന, ഒരു കേരള മോഡൽ വികസന മാതൃകയെ ആണ് പൊതുവിൽ 'നവകേരളം' എന്ന് വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായിട്ടുള്ള ദീർഘകാല പദ്ധതികളും, ദുരിതമനുഭവിക്കുന്നവർക്ക് സമാശ്വാസം നല്കുവാനുള്ള സത്വര ക്ഷേമനടപടികളും ഉൾച്ചേരുന്ന ദ്വിമുഖ നയപരിപാടിയാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഹരിത കേരളം, ആരോഗ്യ മിഷൻ, ലൈഫ് മിഷൻ, വിദ്യാഭാസ മിഷൻ എന്നിങ്ങനെ ഓരോ മേഖലയിലെയും ലക്ഷ്യം, ദൗത്യം, നിർവഹണം, അവലോകനം എന്നിവ കൃത്യമായി നിർവചിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നവകേരള സൃഷ്ടിക്കായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നവകേരള സൃഷ്ടിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായി വിജ്ഞാന സമൂഹം കല്പിക്കപ്പെട്ടിരിക്കുന്നു. ആദ്യ ഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്കുള്ള പ്രയാണത്തിലാണ് ഉന്നത വിദ്യാഭ്യാസം, തൊഴിൽ എന്നീ സംജ്ഞകളുമായി ചേർന്ന് കൊണ്ട് വിജ്ഞാന സമ്പദ് വ്യവസ്ഥ -വിജ്ഞാന സമൂഹം തുടങ്ങിയ സങ്കല്പങ്ങൾ മുഖ്യധാരയിലേക്ക് വരുന്നത്. കുറച്ച കാലങ്ങൾക്ക് മുൻപ് വരെ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിരുന്ന വിവര സമൂഹം (Information society) എന്ന ആശയം കേവലം സാങ്കേതിക മുന്നേറ്റങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്.

എന്നാൽ നവകേരളത്തിനു വേണ്ടി വിഭാവനം ചെയ്യപ്പെടുന്ന വൈജ്ഞാനിക സമൂഹങ്ങൾ എന്ന ആശയം വളരെ വിശാലമായ സാമൂഹികവും ധാർമ്മികവും രാഷ്ട്രീയവുമായ മാനങ്ങൾ ഉൾക്കൊള്ളുന്ന വ്യവസ്ഥിതിയാണ്.

### വൈജ്ഞാനിക സമൂഹം-വൈജ്ഞാനിക സമ്പദ് വ്യവസ്ഥ


നാല് തലങ്ങളിലെ വ്യവസായ വിപ്ലവങ്ങൾ നടന്നു കഴിഞ്ഞു എന്നാണ് പൊതുവിൽ വിവക്ഷിക്കപ്പെടുന്നത്.

1. ഒന്നാം വ്യവസായ വിപ്ലവം: പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഒന്നാം വ്യവസായ വിപ്ലവം നടക്കുന്നത്. ജെയിംസ് വാട്ട് ആവിയന്ത്രം കണ്ടുപിടിക്കുകയും മനുഷ്യന്റെ കായിക ശേഷി ഉപയോഗിച്ചു പ്രവർത്തിച്ചിരുന്ന ഉപകരണങ്ങൾ പലതും യന്ത്രവത്കരിക്കപ്പെടുകയും ചെയ്തു.


2. രണ്ടാം വ്യവസായ വിപ്ലവം: രണ്ടാം വിശ്വസായ വിപ്ലവം നടക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. വൈദ്യുതിയുടെ കണ്ടുപിടുത്തം വഴി അന്നുവരെ ഉണ്ടായിരുന്ന യന്ത്രങ്ങളെ വൈദ്യുതവല്ക്കരിക്കുക എന്നതായിരുന്നു ആ കാലഘട്ടത്തിൽ നടന്നത്.

3. മൂന്നാം വ്യവസായ വിപ്ലവം: 1970 കളോടെ നടന്ന മൂന്നാം വ്യവസായ വിപ്ലവത്തിൽ വിവര സാങ്കേതിക വിദ്യ എന്നിവയുടെ സഹായത്തോടെ ഇലക്ട്രോണിക്സ്, അതിയന്ത്രവൽക്കരണം (Automation) നടന്നു.

4. നാലാം വ്യവസായ വിപ്ലവം: ഇന്ന് നമ്മൾ കടന്നു പോകുന്ന കാലം നാലാം വ്യവസായ വിപ്ലവത്തിന്റേതാണ് .റോബോട്ടിക്സ്, നിർമിത ബുദ്ധി എന്നീ സങ്കേതങ്ങൾ വ്യവസായ ഉത്പാദന രംഗത്ത് ഉപയോഗിക്കുന്നത് വഴി മാനവ വിഭവശേഷിയുടെ അളവ് കുറച്ചു കൊണ്ട് വരുന്ന പ്രക്രിയയയാണ് ഈ ഘട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്നത് വൈജ്ഞാനിക സമൂഹത്തെ കുറിച്ചുള്ള ചർച്ചകളിൽ നമ്മൾ ഇന്ന് കടന്നു പോയ്‌ക്കൊണ്ടിരിക്കുന്ന നാലാം വ്യവസായ വിപ്ലവത്തിന് നിർണായകമായൊരു സ്ഥാനമുണ്ട്.




ഓരോ കാലഘട്ടത്തിലെയും ലോകത്തെ മുൻനിരയിലുള്ള മൂലധന ശക്തികൾക്ക്, കുത്തകകൾക്ക് ആ കാലത്തെ രൂപപ്പെടുത്തുന്നതിൽ വലിയൊരു സ്ഥാനമുണ്ട്. മുൻകാലങ്ങളിലെന്നപോലെ, ഇന്നും വിജ്ഞാനത്തിന്റെ നിയന്ത്രണം ഗുരുതരമായ അസമത്വം, സാമൂഹിക പുറന്തള്ളൽ, സാമൂഹിക സംഘർഷം എന്നിവയുമായി കൈകോർത്തു തന്നെയാണ് നിലനിൽക്കുന്നത്. ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ അത്തരത്തിലുള്ള കോർപറേറ്റുകൾ ബൗദ്ധിക കുത്തകകളാണ് (Intellectul Monopoly). സമൂഹത്തിന്റെ അറിവിന്റെ ഓഹരികളിൽ കുത്തകാവകാശം സ്ഥാപിച്ചു കൊണ്ട് നിലനിൽക്കുന്ന സ്ഥാപനങ്ങളാണ് ഇവ. 2000 ത്തിൽ അധികം വരുന്ന ഈ കോർപറേറ്റുകളാണ് ലോകത്തെ ബൗദ്ധിക സ്വത്തവകാശത്തിന്റെ 60 ശതമാനത്തിൽ അധികം കയ്യാളുന്നത്. ഒരു അറിവിനും അതിന്റെ പ്രായോഗിക തലത്തിലെ ഒരു സാങ്കേതിക വിദ്യക്കും സ്വന്തമായി നിലനില്പില്ല. മറിച്ച് അത് സമൂഹത്തിന്റെ നിർമ്മിതിയാണ്. ചരിത്രപരമായ ഒരുപാട് അന്വേഷണങ്ങളുടെ, പോരാട്ടങ്ങളുടെ ആകെത്തുകയാണ് ഓരോ അറിവും. വിജ്ഞാനത്തിന്റെ ഈ കുത്തകവത്കരണം നടക്കുമ്പോൾ എങ്ങനെയാണ് ഒരു ബദൽ അതിന് സാധ്യമാവുക എന്ന അന്വേഷണം ആവണം നവകേരള കാലത്തെ വൈജ്ഞാനിക സമൂഹത്തിന്റെ പരികല്പന.


പൗലോ ഫ്രെയർ

അറിവും സാമ്പത്തിക വികാസവും തമ്മിലുള്ള പാരസ്പര്യം ആദ്യ കാല സാമ്പത്തിക ശാസ്ത്രജ്ഞരുടെ പഠനങ്ങളിൽ കാണാം എങ്കിലും, അതിനെ വിപുലീകരിച്ചത് ആധുനിക മാനേജ്മെന്റിന്റെ പിതാവായ പീറ്റർ എഫ്. ഡ്രക്കർ ആണ്. തന്റെ ദി ഏജ് ഓഫ് ഡിസ് കോൺറ്റിറ്റി (The age of discontinuity) (1969) എന്ന പുസ്തകത്തിലൂടെയാണ് വിജ്ഞാന സമ്പദ്വ്യവസ്ഥ എന്ന ആശയം അദ്ദേഹം ജനകീയമാക്കിയത്.

ജ്ഞാന സമൂഹത്തിന്റെ നിർമ്മിതി ഏത് രീതിയിൽ ആവണം എന്ന് മനസ്സിലാക്കണമെങ്കിൽ എന്താണ് ജ്ഞാനം, അത് ഏത് രീതിയിൽ സമൂഹത്തിൽ ഇടപെടുന്നു എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. ജ്ഞാനത്തിന്റെ ഏറ്റവും ശാസ്ത്രീയമായ ശ്രേണീകരണം നടത്തുന്നത് ജർമ്മൻ ചിന്തകനായ ഹാബെർമാസ് (Jürgen Habermis) ആണ് .വിജ്ഞാനത്തെ അദ്ദേഹം മൂന്നായി തിരിക്കുന്നു. സാങ്കേതികമായ അറിവ് അല്ലെങ്കിൽ വിവരം: പരിസ്ഥിതിയുടെ കൈകാര്യം, പ്രകൃതിദത്ത വസ്തുക്കളുടെയും സംഭവങ്ങളുടെയും മേലുള്ള നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട അറിവിന്റെ അടരുകൾ. പ്രത്യക്ഷ അർത്ഥത്തിൽ പ്രാഥമികമായ

വിവരം .ഈ ഘട്ടത്തിൽ മനുഷ്യന്റെ ഇടപെടൽ ശേഷി വളരെ തുച്ഛമായിരിക്കും.

പ്രായോഗിക ജ്ഞാനം: വിവിധ വിഷയങ്ങൾ തമ്മിലെ ബന്ധങ്ങൾ സംബന്ധിച്ച ധാരണ വിപുലീകരിക്കുന്നതിനുള്ള 'ഹെർമെട്ടിക്- വ്യഖ്യാന പരമായ ഇടപെടൽ സാധ്യതകൾ ഉള്ള വിജ്ഞാനം. സമവായം, കൂട്ടായ്മ, പരസ്പര ധാരണ എന്നിവ കൈവരിക്കുകയാണ് ഈ ഘട്ടത്തിന്റെ ലക്ഷ്യം.

വിമോചന ജ്ഞാനം: കൂടുതൽ അമൂർത്തമായ തലത്തിൽ, മനുഷ്യനെ അവന്റെ സാമൂഹിക- ചരിത്ര സന്ധികളുടെ പ്രത്യേക നിയന്ത്രണങ്ങളിൽ നിന്ന് മോചിപ്പിക്കുകയും വിമർശനത്തിന്റെ ലോകത്തിലേക്ക് ഉയർത്തുകയും ചെയ്യുക എന്നതാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. ഈ വിമർശന ശേഷി സ്വായത്തമാക്കുന്നത് ആത്മ പരിശോധനയിലൂടെയാണ്.

പൗലോ ഫ്രെയറിന്റെ 'pedagogy of the oppressed' (1970) മൂന്നാം തലത്തിൽ പ്രതിപാദിക്കുന്ന അത്തരം രൂപാന്തരപ്പെട്ട ബോധത്തെ കേന്ദ്രീകരിച്ചുള്ളതാണ്. കേരളം പോലെ സമ്പന്നമായ സാമൂഹിക പരിഷ്കാരങ്ങൾ നടന്ന, വിദ്യാഭ്യാസ വിമോചന പോരാട്ടങ്ങൾ നടന്ന ഇടം, വിമോചനാത്മകമായ ജ്ഞാനം എന്ന മൂന്നാം ഘട്ടത്തെ ജ്ഞാന സമൂഹ നിർമിതിയുടെ സുപ്രധാനമായ ലക്ഷ്യമായി കണ്ടുകൊണ്ടാവണം പദ്ധതികൾ വിഭാവനം ചെയ്യേണ്ടത്. ആ ലക്ഷ്യത്തിലേക്കുള്ള പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ്?

### നവകേരളത്തിലെ ജ്ഞാനസമൂഹം: മാർഗവും ലക്ഷ്യവും

നമ്മൾ മനുഷ്യ ചരിത്രം ആരംഭിച്ചത് മുതൽ തന്നെ വൈജ്ഞാനിക സമൂഹത്തിന്റെ നിർമ്മിതിയും തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ സഹസ്രാബ്ദങ്ങളിൽ ആർജിച്ചെടുത്ത ജ്ഞാനോദയം കൊണ്ടാവണം മുൻപ് ഉണ്ടായിരുന്ന വൈജ്ഞാനിക സമൂഹത്തിൽ നിന്നും വ്യതിരിക്തമാവേണ്ടത്. മനുഷ്യാവകാശത്തെ കുറിച്ച്, ഉൾക്കൊള്ളലിനെ കുറിച്ച് നമ്മൾ നേടിയ അവബോധം

> **വിവര വിജ്ഞാന സമൂഹത്തിൽ 'വിവരം' എന്നത് ഏറ്റവും അടിസ്ഥാനപരമായ അസംസ്കൃത വസ്തു ആണ്. അതിനെ അടിസ്ഥാനമാക്കി ഒരു സമ്പദ് വ്യവസ്ഥ രൂപം കൊള്ളുമ്പോൾ സ്വാഭാവികമായും ഏത് തരത്തിലുള്ള അറിവിനെയാണ് നാം അറിവായി പരിഗണിക്കുന്നത് എന്ന ചോദ്യം വരും. നമ്മുടെ കൃഷിക്കാരന്റെ, ആദിവാസിയുടെ, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അറിവിനെ നാം ഏത് തലത്തിൽ കണക്കാക്കും.**


കൊണ്ട് കൂടിയാവണം ഈ മാറ്റം നടക്കേണ്ടത്. സമ്പദ് വ്യവസ്ഥയെയും സമൂഹത്തെയും പരിവർത്തിപ്പിക്കാനുള്ള അറിവിന്റെയും, അറിവ് ഉപകരണങ്ങളുടെയും ശേഷി മനസിലാക്കുന്നത് കൊണ്ടാണ് കേരളം പോലെയുള്ള ഒരു സംസ്ഥാനം വളരെ പെട്ടെന്ന് തന്നെ ഇത് ഒരു വികസന പരിപാടിയായി ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കുന്നതും അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതും. ആമുഖത്തിൽ പരാമർശിച്ചത് പോലെ കമ്പോളം നിയന്ത്രിക്കുന്ന ശക്തികൾ, ഉത്പാദന വിനിമയ ഉപാധികൾ കൈകാര്യം ചെയ്യുന്ന കോർപറേറ്റുകൾ ഇവയെ മാറ്റി നിർത്തിക്കൊണ്ട്, വിമർശനാത്മകമായ ഉള്ളടക്കം പേറുന്ന, സ്വയം നില നിൽക്കുന്ന ഒരു വിജ്ഞാന സമൂഹം വികസിപ്പിക്കപ്പെടില്ല. വളരെ ബോധപൂർവമായ ഇടപെടലുകൾ ഈ മേഖലയിൽ നടത്തി സമൂഹത്തെ പരിവർത്തിപ്പിക്കുക എന്നതായിരിക്കണം അതിന്റെ മാർഗം. വിവരവും വിജ്ഞാനവും തമ്മിലെ അന്തരം മനസിലാക്കി കൊണ്ട് വേണം ഈ ഇടപെടൽ നടത്താൻ. വിജ്ഞാന സമ്പദ്വ്യവസ്ഥ അറിവിനെയും മൂലധനത്തെയും ആശ്രയിച്ചാണ് ബൗദ്ധിക നിലനിൽക്കുന്നത്. തൊഴിലാളികളുടെ വിജ്ഞാന അടിത്തറ, വിവരങ്ങൾ, സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ ആണ് വിജ്ഞാന മൂലധനം കൊണ്ട് അർത്ഥമാക്കുന്നത്. പേറ്റന്റുകൾ, പകർപ്പവകാശങ്ങൾ, കുത്തക സോഫ്റ്റ്വെയർ, വിജ്ഞാന സംസ്കരണം എന്നിവ പോലെയുള്ള അദൃശ്യമായ ഉത്പന്നങ്ങളെ ഈ പുതിയ സാമ്പത്തിക മാതൃക നിർമ്മിക്കുകയും ചെയ്യുന്നു. ഇതെല്ലാം അതിന്റെ ഉറവിടമായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സ്വാഭാവികമായും ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ ഈ ലക്ഷ്യത്തെ മുൻനിർത്തി വരേണ്ടതുണ്ട്. Outcome Based Education (OBE) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് blooms Taxonomy എന്ന സംജ്ഞ അധ്യാപകർക്ക് ഒരിക്കലും അന്യമല്ല. അതിലെ ഏറ്റവും ഉയർന്ന തലമായി അവതരിപ്പിക്കപ്പെടുന്ന ജ്ഞാന സൃഷ്ടി എല്ലാ പാഠ്യ പദ്ധതിയുടെയും ഭാഗമായി മാറിക്കഴിഞ്ഞു. സാങ്കേതിക വിദ്യയുടെ വികാസത്തോടെ ലോകവിവരങ്ങൾ ഇന്ന് നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമാണ്.വിവരങ്ങളുടെ സൂക്ഷിപ്പുകാർ എന്ന അർഥത്തിൽ അധ്യാപകർക്ക് പ്രസക്തിയില്ലാതാകുകയും, അവർ ലഭ്യമായ വിവരങ്ങളുപയോഗിച്ച് വിശകലന യുക്തിയിലൂടെ ജ്ഞാനനിർമിതിക്ക് നേതൃത്വം നൽകേണ്ടവരാണെന്ന സങ്കൽപ്പനം ആണ് ഇന്നത്തെ വിദ്യാഭ്യാസ നയ പരിപാടികളെ നയിക്കേണ്ടത്.

വിവര വിജ്ഞാന സമൂഹത്തിൽ 'വിവരം' എന്നത് ഏറ്റവും അടിസ്ഥാനപരമായ അസംസ്കൃത വസ്തു ആണ്. അതിനെ അടിസ്ഥാനമാക്കി ഒരു സമ്പദ് വ്യവസ്ഥ രൂപം കൊള്ളുമ്പോൾ സ്വാഭാവികമായും ഏത്



തരത്തിലുള്ള അറിവിനെയാണ് നാം അറിവായി പരിഗണിക്കുന്നത് എന്ന ചോദ്യം വരും. നമ്മുടെ കൃഷിക്കാരന്റെ, ആദിവാസിയുടെ, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അറിവിനെ നാം ഏത് തലത്തിൽ കണക്കാക്കും. കേവലമായ അക്കാഡമിക് പ്രക്രിയ എന്നതിൽ നിന്ന് മാറി അറിവുത്പാദനത്തിലും വിതരണത്തിലും സമഗ്രമായ ഉൾക്കൊള്ളൽ ശേഷി സ്വായത്തമാക്കുന്നതിലൂടെ മാത്രമേ നമ്മൾ വിഭാവനം ചെയ്യുന്ന ലക്ഷ്യത്തിലേക്ക് എത്തുകയുള്ളൂ. അറിവിന്റെ വൈവിധ്യങ്ങൾ ഉൾകൊള്ളുന്ന നയപരിപാടികളാവണം നടപ്പിലാക്കേണ്ടത്. ജ്ഞാന സമൂഹ നിർമിതി ഒരു രാഷ്ട്രീയ പരിപാടി ആയി മാറുകയും അത് വഴി അറിവിന്റെ ജനാധിപത്യവത്കരണം സാധ്യമാവുകയും ചെയ്യേണ്ടതുണ്ട്. വളർന്നുവരുന്ന സാമൂഹ്യബന്ധങ്ങൾക്ക് ഒരു ആഗോള വിവര സമൂഹത്തിന്റെ കേവലം ഘടകങ്ങളായി പ്രവർത്തിക്കാൻ കഴിയില്ലെന്ന ശക്തമായ ബോധ്യത്താൽ നയിക്കപ്പെടുന്ന ധാർമ്മികവും പ്രായോഗികവുമായ ഘടകങ്ങൾ കൂടി പരിഗണിച്ച് കൊണ്ടുവേണം നമ്മുടെ ശ്രമങ്ങൾ നടക്കേണ്ടത്. മനുഷ്യൻ എന്ന പദത്തിന്റെ ഉന്നതമായ മൂല്യങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ജീവിക്കാൻ കഴിയണമെങ്കിൽ, വിജ്ഞാന സമൂഹങ്ങൾ, പങ്കിടുന്ന അറിവിന്റെ (shared knowledge) സമൂഹങ്ങളായിരിക്കണം.

വിദ്യാഭ്യാസവും വൈദഗ്ധ്യവും, വിവര സാങ്കേതിക വിദ്യ - അടിസ്ഥാന സൗകര്യങ്ങൾ, ഗവേഷണ സൗകര്യങ്ങൾ, നൂതനമായ ആശയങ്ങൾക്ക് അനുകൂലമായ വ്യവസ്ഥ (innovation ecosystem ) എന്നി ഘടകങ്ങളുടെ കാര്യക്ഷമമായ നിർവഹണത്തെ ആധാരമാക്കിയാണ് ജ്ഞാന സമ്പദ്‌വ്യവസ്ഥ രൂപാന്തരപ്പെടുന്നത്. വൈദഗ്ധ്യമുള്ള തൊഴിലാളികൾ തൊഴിൽ സേനയുടെ ഭാഗമായി വരികയും, തൊഴിൽ മേഖലകളെ നികത്തുകയും ചെയ്യേണ്ടതുണ്ട്.



കാൾ മാർക്സ്

യുനെസ്കോ ഇതുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ചില നിർദേശങ്ങൾ ആ തരത്തിൽ പാലിക്കപ്പെടുകയാണെങ്കിൽ ഒരു അളവ് വരെ ഈ പ്രശ്നങ്ങളെ മനസിലാക്കാനും അതിജീവിക്കാനും നമുക്ക് കഴിയും. അതിനെ അടിസ്ഥാനമാക്കി നമുക്ക് കരഗതമായ സമീപനങ്ങൾ ഇവയാണ്.

അഭിപ്രായ സ്വാതന്ത്ര്യവും, വിവര സ്വാതന്ത്ര്യവും മാധ്യമ ബഹുസ്വരതയും അക്കാദമിക് സ്വാതന്ത്ര്യവും കണിശമായി തന്നെ നിലനിർത്തുക: കുത്തകവത്കരണത്തിന് നിന്ന് കൊടുക്കാതെ വിവരങ്ങളെ പരമാവധി സ്വതന്ത്രമാക്കുക. സാമൂഹ്യപരമായി ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്ന മനുഷ്യനും കൂടി വിവരങ്ങളുടെ പ്രാപ്യത ഉറപ്പാക്കി കൊണ്ട് മാത്രമേ പരിപാടികൾ ആസൂത്രണം ചെയ്യാവൂ. നമ്മുടെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ അക്കാഡമിക് സ്വഭാവം വളർത്താനും, പരിപോഷിപ്പിക്കുവാനും ആവിഷ്കരിക്കാനും സ്വതന്ത്ര ഇടങ്ങളായി മാറേണ്ടതുണ്ട്. വളരെയധികം


കേന്ദ്രീകൃതമായി ഏക ശിലാത്മക മായി ഭരിക്കപ്പെടുന്ന ഒരു രാജ്യത്ത് നിന്ന് കൊണ്ട് അക്കാഡമിക് സ്വാതന്ത്ര്യത്തെ മുറുകെ പിടിക്കുക എന്നത് വലിയ വെല്ലുവിളി ആണ്. കഴിഞ്ഞ 8 വർഷങ്ങളായി ഇന്ത്യയി ലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ജനാധിപത്യത്തെ കശാപ്പ ചെയ്യുന്ന, വൈവിധ്യങ്ങളെ അംഗീകരിക്കാത്ത കേന്ദ്രങ്ങളായി മാറിയിരിക്കുന്നത് ഏത് രീതിയിലാണ് എന്ന് കൂടി ചി ന്തിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിനുള്ള അവകാശം, സൗജന്യ അടിസ്ഥാന വിദ്യാഭ്യാ സവും, മറ്റ് വിദ്യാഭ്യാസ തലങ്ങ ളിലേക്കുള്ള പ്രാപ്യതയും ഉറപ്പു വരുത്തുക:അറിവിന്റെ കുത്തക വത്കരണത്തെ ചെറുക്കുന്നതിൽ സർവത്രികവും സൗജന്യവുമായ നമ്മുടെ വിദ്യാഭ്യാസ പദ്ധതികൾ വഹിച്ച പങ്ക് ചെറുതല്ല. ഇന്നും നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം ഈ രീതിയിൽ രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന പദ്ധതിയായി മാറിയിട്ടുമുണ്ട്.സാങ്കേതിക വിദ്യയു ടെ ഉപയോഗം വലിയ തോതിൽ അടിസ്ഥാന വിദ്യാഭ്യാസ രംഗത്ത് നാം നടപ്പിലാക്കിയിട്ടുണ്ട്. ബോധന രീതികളിലും, മൂല്യ നിർണയത്തിലും ഒക്കെ അതിന്റെ സാധ്യതകൾ ഉപ യോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞി ട്ടുണ്ട്. KITE പദ്ധതി,സ്മാർട്ട് ക്ലാസ് റൂമുകൾ,സ്വതന്ത്ര സോഫ്റ്റ് വെയറുക ളുടെ ഉപയോഗം തുടങ്ങിയ ഇടപെട ലുകൾ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. അതിന്റെ ഫലമാ യാണ് 2020 ൽ രാജ്യത്തെ പൊതു വിദ്യാഭ്യാസരംഗത്തെ ആദ്യ ഡിജി റ്റൽ സംസ്ഥാനമായി കേരളം മാറി യത്. പക്ഷേ,അറിവിന്റെ പിന്നീടുള്ള തലങ്ങളിലേക്ക് നാം കടക്കുമ്പോൾ വ്യവസ്ഥിതിയുടെ ദൗർബല്യം നാം തിരിച്ചറിയുന്നുണ്ട്. വൈജ്ഞാനിക സമൂഹത്തിന്റെ നിർമിതിയിൽ അടി സ്ഥാന വിദ്യാഭ്യാസത്തെക്കാൾ പ്രാ ധാന്യം ഉന്നത വിദ്യാഭ്യാസത്തിനു ണ്ട്. ആഗോളവത്കരണ കാലത്ത് വിദ്യാഭ്യാസവും കമ്പോളത്തിലെ ചരക്ക് മാത്രമായി മാറിക്കഴിഞ്ഞി രിക്കുന്നു. പൊതു മേഖല നിക്ഷേപ ങ്ങൾക്ക് സാധ്യമാവുന്നതിന് അപ്പുറ ത്തേക്ക് നമ്മുടെ വിദ്യാർത്ഥികളുടെ

> **വിദ്യാഭ്യാസത്തിനുള്ള അവ കാശം, സൗജന്യ അടിസ്ഥാന വിദ്യാഭ്യാസവും, മറ്റ് വിദ്യാഭ്യാസ തലങ്ങളിലേക്കുള്ള പ്രാപ്യത യും ഉറപ്പു വരുത്തുക:അറിവി ന്റെ കുത്തകവത്കരണത്തെ ചെറുക്കുന്നതിൽ സർവത്രിക വും സൗജന്യവുമായ നമ്മുടെ വിദ്യാഭ്യാസ പദ്ധതികൾ വഹിച്ച പങ്ക് ചെറുതല്ല. ഇന്നും നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം ഈ രീതിയിൽ രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന പദ്ധതിയാ യി മാറിയിട്ടുമുണ്ട്.**

എണ്ണം വർധിച്ചിരിക്കുന്നു.സ്വകാര്യ മൂലധനത്തിന്റെ ഇടപെടൽ വിദ്യാ ഭ്യാസത്തിൽ വരുന്നതോട് കൂടി മുൻഗണനാക്രമങ്ങൾ സ്വാഭാവികമാ യും വ്യതിചലിക്കും. ആ അപകടം മുന്നിൽ കണ്ടു കൊണ്ട് വേണം നയ രൂപീകരണം നടത്താൻ. സ്വകാര്യ സർവ്വകലാശാലകൾക്ക് മുഖ്യ പങ്കാ ളിത്തമുള്ള രാജ്യങ്ങളിൽ എല്ലാം തന്നെ തൊഴിൽ വിപണിക്ക് അനുസൃതമായ, ശാസ്ത്ര സാങ്കേതിക രംഗത്തിന് പ്രാമുഖ്യം നൽകുകയും മാനവിക വിഷയങ്ങളെ അവഗണി ക്കുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടു വന്നിട്ടുള്ളത്. അതിന്റെ പരിണത ഫലങ്ങൾ നാം മനസിലാ ക്കാൻ ഇരിക്കുന്നതേയുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രമാണ സൂത്രങ്ങളായ തുല്യത, പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുക എന്നത് അനിവാര്യമാണ്. സർവ കലാശാലകളും വൈജ്ഞാനിക കേന്ദ്രങ്ങളും തമ്മിൽ സഹകരിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകണം. അധികാര ശ്രേണി ബന്ധങ്ങൾ പരമാവധി ലഘൂകരിക്കുകയും വിജ്ഞാനം, തൊഴിൽ എന്നിവ വികേന്ദ്രീകരിക്കു കയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസ രംഗത്തെ ഈ സഹ കരണവും, ബന്ധങ്ങളും പുതിയ രൂപത്തിലുള്ള"മസ്തിഷ്ക ചോർച്ച' ക്ക് കാരണമാകാമെങ്കിലും, അത്തരം വിദ്യാഭ്യാസ ശൃംഖലകൾ നൽകുന്ന തരത്തിലുള്ള പരിശീലനം തൊഴിലി ന്റെയും അറിവിന്റെയും കാര്യത്തിൽ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള മാറ്റങ്ങൾക്ക് കൂടുതൽ അനുയോജ്യ മാണ്. ഉന്നത വിദ്യാഭ്യാസത്തിനും വിദഗ്ധ പരിശീലനങ്ങൾക്കുമായി നമ്മുടെ വിദ്യാർത്ഥികൾ വലിയ തോതിൽ വിദേശ രാജ്യങ്ങളിലേക്ക് കുടിയേറിക്കൊണ്ടിരിക്കുകയാണ്. ഈ പ്രവണതക്ക് മാറ്റം വരാൻ ഇത്തരത്തിലെ അക്കാഡമിക് ധാര ണകൾ വഴി സാധിക്കും. വിദ്യാർത്ഥി കളുടെ പ്രായത്തിലും തലത്തിലും മാത്രമല്ല, സാംസ്കാരിക, സാമൂഹിക, സാമ്പത്തിക മേഖലകളിലെ പുതിയ അറിവിന്റെ ഉൽപാദനത്തിലും വി കാസത്തിലും ഉന്നത വിദ്യാഭ്യാസം പ്രാഥമിക, സെക്കൻഡറി വിദ്യാഭ്യാ സത്തിൽ നിന്ന് വ്യത്യസ്തമാണ്. ഗവേഷണവും, ഇന്നോവേഷനും അടങ്ങുന്ന ജ്ഞാന സമൂഹത്തിലെ സുപ്രധാനമായ ഘടകങ്ങളുടെ നേ രിട്ട് ഇടപെടുന്ന മേഖല എന്ന രീതി യിൽ സവിശേഷമായ ശ്രദ്ധ പതി യേണ്ടതുണ്ട്. പ്രയോഗ യോഗ്യമായ ഗവേഷണങ്ങൾക്ക് പര്യാപ്തമാകുന്ന രീതിയിൽ നിലവിലുള്ള സ്ഥാപന ങ്ങളെ, അടിസ്ഥാന സൗകര്യങ്ങളെ വിപുലീകരിക്കേണ്ടതുണ്ട്. സയൻസ് പാർക്കുകൾ, ഗ്രാഫീൻ ഇന്നവേഷൻ സെന്റർ, മൈക്രോ IT പാർക്കുകൾ, IT ഇടനാഴികൾ എന്നിവ ഈ രീതി യിൽ നടത്താവുന്ന മികച്ച ചുവടു വയ്പ്പു കളാണ്. ശാസ്ത്രത്തിനും സാങ്കേതിക വിദ്യക്കും അർഹമായ മുൻഗണന നൽകാത്ത വിജ്ഞാന സമൂഹങ്ങളെ സങ്കൽപ്പിക്കാൻ പ്രയാസമാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വികാസവും ശാസ്ത്രീയ ധാരണയിലെ




പുരോഗതിയും തമ്മിലുള്ള അടുത്ത ബന്ധം കണക്കിലെടുക്കുമ്പോൾ, വൈജ്ഞാനിക സമൂഹങ്ങളുടെ നിർമ്മാണത്തിനുള്ള പരീക്ഷണശാലകളിൽ ഒന്നായിരിക്കും ശാസ്ത്രമേഖല എന്നത് സംശയരഹിതമാണ്. പ്രധാന ശാസ്ത്രവും സാങ്കേതികവിദ്യയും വികസനത്തിന്റെയും വിപുലീകരണത്തിന്റെയും ഉറവിടമാണ് .പക്ഷെ, ഈ ഉറവിടം ഏത് രീതിയിൽ വിപുലീകരിക്കപ്പെടുന്നു എന്നത് കൂടി കണക്കിലെടുക്കേണ്ടതുണ്ട്. കോവിഡ് സമയത്തെ ഓൺലൈൻ വിദ്യാഭ്യാസ ചർച്ചകളിൽ ഡിജിറ്റൽവിഭജനം സംജാതമാക്കിയ പ്രതിസന്ധിയിൽ നിന്ന് നാം മനസ്സിലാക്കിയ പോലെ, അറിവിന്റെ വിതരണത്തിലെ സന്തുലിതാതാവസ്ഥ നിലനിർത്താൻ ജാഗ്രത പുലർത്തണം. അത്തരമൊരു വിടവ് തുടരുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്നത്, അതിനെ അവഗണിക്കുന്നത് നമ്മൾ വിഭാവനം ചെയ്യുന്ന ജ്ഞാന സമൂഹം എന്ന പരികല്പനയെ കൂടുതൽ അസാധ്യമാക്കും. ഈ വിടവ് നികത്താൻ ഒന്നും ചെയ്തില്ലെങ്കിൽ, വിജ്ഞാന സമൂഹങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന നേട്ടങ്ങളിലേക്ക് എത്തിച്ചേരാൻ കഴിയാതെ വരും. ശാസ്ത്രത്തിന്റെ സാർവലൗകികത എന്ന ആശയം പ്രയോഗതലത്തിലും ഉറപ്പു വരുത്തണം.

ഇതോടൊപ്പം അടിസ്ഥാന നൈപുണ്യ വികസനം കൂടി ചേരുമ്പോഴാണ് പുതിയ യുഗത്തിലേക്കുള്ള പ്രയാണം പൂർത്തിയാവൂ. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ മറന്നു കൊണ്ടാവരുത് നൈപുണ്യശേഷി വർധിപ്പിക്കൽ പോലെയുള്ള നടപടികൾ.

വൈജ്ഞാനിക സമൂഹമായി ലോകം മാറുമ്പോൾ അതിന്റെ വ്യവസ്ഥാനുസാരമായ (systemic) അപകടങ്ങളിൽ നിന്നും പരമാവധി ജാഗ്രത പാലിച്ചു കൊണ്ട് മുന്നേറുക എന്നതാണ് കരണീയം. ജ്ഞാനസമൂഹം എന്ന ആശയത്തെ പ്രയോഗവത്കരിക്കുമ്പോൾ ഒരുപക്ഷെ സാമ്പത്തികമായ മൂലധനത്തേക്കാൾ ആവശ്യം രാഷ്ട്രീയ മൂലധനവും ഇച്ഛാശക്തിയുമാണ്. ആധുനിക മുതലാളിത്തത്തിന്റെ ഉത്പന്നങ്ങൾ വ്യാപരിക്കുന്ന സമൂഹത്തിൽ, സോഷ്യലിസ്റ്റ് ആശയമായി എന്നത് ആശയതലത്തിൽ തന്നെ വെല്ലുവിളിയാണ്. സാങ്കേതിക വിദ്യയുടെ അതിവികാസ കാലത്ത് ദ്രുതഗതിയിലുള്ള അതിന്റെ പ്രയോഗവത്കരണം ഓരോ ചുവടു വയ്പിലും അത്രമാത്രം സൂക്ഷ്മതയോടെ ചെയ്യേണ്ടതുമാണ്. കഴിഞ്ഞ കാലങ്ങളിൽ കേരളം കൈവരിച്ച സാമൂഹിക നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നിവയുടെ തുടർച്ചയായി മാത്രമേ ഇതും നടപ്പിലാക്കാവൂ. സാക്ഷരതാ പ്രസ്ഥാനവും, ഗ്രന്ഥശാല പ്രസ്ഥാനവും, ജനകീയാസൂത്രണവും എല്ലാം വിജയിച്ചത് അതിന്റെ ശക്തമായ ബഹുജന അടിത്തറ കൊണ്ടാണ്, സർവതലസ്പർശിയായ അതിന്റെ മൂല്യങ്ങൾ കൊണ്ടാണ്. അത്തരത്തിൽ ഉള്ള ഒരു പദ്ധതിയായി ജ്ഞാന സമൂഹത്തിന്റെ നിർമിതി മാറേണ്ടതുണ്ട്. മുതലാളിത്തം വിഭാവനം ചെയ്യുന്ന ജ്ഞാനസമൂഹ മാതൃകക്ക് ഒരു സോഷ്യലിസ്റ്റ് ബദലായിരിക്കണം നവകേരളത്തിന്റെ ജ്ഞാനസമൂഹം.

**ഡോ. നിത്യ യു എസ്**
ശ്രീ നാരായണ കോളജ് ഫോർ വിമൻ, കൊല്ലം

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
അദ്ധ്യാപകരുടെ വിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ ഉപന്യാസം

# ഉയരട്ടെ നവകേരളം

നവ കേരള നിർമ്മിതിക്ക് വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നിവ സാമൂഹിക വളർച്ചയുടെ നാഴികക്കല്ലുകളാണ്.

“ഉയരട്ടെ നവകേരളം"എന്ന മുദ്രാവാക്യം പൊതുവായി അംഗീകാരം നേടിയത്. കേരളത്തിൽ ഭക്ഷ്യ ഉൽപാദനം ആരോഗ്യം വിദ്യാഭ്യാസം പാർപ്പിടം എന്നീ മേഖലകളിൽ ഉണ്ടായ അഭൂതപൂർവ്വമായ വളർച്ചയോടെ യാണ്. അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയ ആസൂത്രണത്തിന്റെയും ജനാധിപത്യ മൂല്യങ്ങൾ വിപുലീകരിച്ച് മുന്നേറുക എന്നതാണ് നവകേരള നിർമിതിയുടെ കാതൽ. നവകേരള സൃഷ്ടിക്കായി സംസ്ഥാന സർക്കാർ സമസ്ത മേഖലകളിലും ഒട്ടേറെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇവയുടെയൊക്കെ പ്രയോജനം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിച്ചേരേണ്ടത് ആയിട്ടുണ്ട്. ഇതിന്റെ ഗ്രാസ് റൂട്ട് വിഷൻ പ്രവർത്തന പങ്കാളികളാകട്ടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണതാനും.

സ്ത്രീ, പുരുഷ, ട്രാൻസ്ജെൻറർ വ്യത്യാസം പരിഗണിക്കാതെ സത്ഭാവനയോടെ തുല്യ അവകാശങ്ങളുള്ള നവകേരള നിർമിതിക്ക് തൊഴിൽ രംഗത്ത് സ്ത്രീകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടത് അനിവാര്യമാണ്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും സാക്ഷരതയിലും സംസ്ഥാനം ഇപ്പോൾ ബഹുദൂരം മുന്നിലാണ്. എന്നാൽ നിർഭാഗ്യമെന്ന പറയട്ടെ ഇതനുസരിച്ചുള്ള ആനുപാതിക പ്രാതിനിധ്യം തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് ഇനിയും ലഭിച്ചിട്ടില്ല. ഇത് ക്രമീകരിക്കുന്നതിനായി "ജസ്റ്റർ ഇൻ ലേബർ എന്ന സംസ്ഥാനതല ശില്പശാലയിലൂടെ നല്ല തുടക്കം കുറിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

സാമ്പ്രദായിക തൊഴിൽ മേഖലയ്ക്ക് അപ്പുറം നവ വൈജ്ഞാനിക തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് പ്രാഗൽഭ്യം തെളിയിക്കാനും വർദ്ധിപ്പിക്കാനും ഒട്ടേറെ പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ നൈപുണ്യം നൽകി രൂപപ്പെടുത്താൻ നിലവിലുള്ള കരിക്കുലത്തോടൊപ്പം കൂടുതൽ തൊഴിൽ അധിഷ്ഠിതവും പ്രായോഗികാധിഷ്ഠിതവുമായ ആധുനിക കോഴ്സുകൾ ഉൾപ്പെടുത്തേണ്ടതായി വരും. ഇതോടൊപ്പം എല്ലാ വിഭാഗങ്ങളിൽ നിന്നും പുതിയ സംരംഭകരെ രൂപപ്പെടുത്താൻ തന്ത്രപരമായ ശ്രമങ്ങളും നടത്തേണ്ടതുണ്ട്. 2026ന് മുമ്പ് 20 ലക്ഷം പേർക്കെങ്കിലും തൊഴിൽ ലഭ്യത യാഥാർത്ഥ്യമാക്കാനുള്ള വിപുലമായ കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ, പോളിടെക്നിക്കുകൾ, വ്യവസായ യൂണിറ്റുകൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ട്രാൻസിലേഷൻ ഗവേഷണ പ്രവർത്തനങ്ങൾ 133



തൊഴിൽ നൈപുണ്യ കോഴ്സുകൾ ഇവയെല്ലാം തന്നെ വിജ്ഞാനത്തെ തൊഴിലുമായി ബന്ധപ്പെടുത്തുവാനുള്ള ഫലവത്തായ നടപടികളാണ്.

നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തിനാകെയും പുത്തൻ പ്രതീക്ഷകൾക്ക് വക നൽകുന്ന പദ്ധതിയാണ് നവകേരള സൃഷ്ടി എന്ന സംരംഭം. മലയാളി സമൂഹത്തിന്റെ എല്ലാ തലങ്ങളിലും സ്വാധീനം ചെലുത്താനും ഒട്ടേറെ പുരോഗതി കൈവരിക്കാനും ഉതകുന്ന സമഗ്ര പദ്ധതിയാണിത്.

ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിത കേരളം എന്നീ വിഭാഗങ്ങളായിട്ടാണ് ഇതിനെ വേർതിരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ 2020-21 വർഷത്തിലാണ് മുൻ അനുഭവങ്ങളുടെ അവലോകനാർത്ഥം ആസൂത്രണമാകെ പുനരാവിഷ്കരിച്ചിട്ടുള്ളത്.

## ആർദ്രം

ആരോഗ്യ സംരക്ഷണ നിലവാരം ഉയർത്തുവാൻ കേരള മിഷന്റെ ഭാഗമായുള്ള ഒരു പദ്ധതിയാണ് ആർദ്രം. ഇതുവഴി പ്രാഥമിക കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, തെരഞ്ഞെടുത്ത ആയുഷ് കേന്ദ്രങ്ങൾ തുടങ്ങിയവ രോഗികളുടെ ആവശ്യങ്ങൾ അറിഞ്ഞ് പരിചരണവും തുടർചികിത്സയും നൽകാനുതകുന്ന നിലയിലേക്ക് ആരോഗ്യമേഖലയാകെ നവീകരിക്കാൻ കഴിയും. രോഗികൾക്ക് കിടക്കയിൽ തന്നെ ചികിത്സയ്ക്കും പരിചരണം ലഭിക്കുന്ന അവസ്ഥ സേവന തൽപരതയോടെ കൈവരിക്കാൻ ആരോഗ്യ മേഖലയ്ക്ക് കഴിയണം. ജീവിതത്തിന്റെ സമസ്ത മേഖലകളെയും ജീവനുള്ളതാക്കുന്ന ഒരു ചരിത്ര നിർമിതിയാണ് ആർദ്രം.

## ലൈഫ്

സ്വന്തമായ സുരക്ഷിത ഭവനത്തോടൊപ്പം സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ സൗകര്യങ്ങളും ഉറപ്പുവരുത്തുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ്. ഓരോ കുടുംബത്തിനും ഒറ്റ വീട് എന്ന രീതി മാറി എല്ലാ സൗകര്യങ്ങളും അടങ്ങിയ പാർപ്പിട സമുച്ചയങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതർക്കും, ഭൂരഹിത ഭവനരഹിതർക്കും, പാർപ്പിടം പണി പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് ലൈഫ് മിഷൻ പദ്ധതി യുടെ ലക്ഷ്യം. 2021-22ൽ സർക്കാർ 77909 വീടുകൾ പൂർത്തീകരിച്ചു നൽകി. നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി പുതുതായി 20000 ഭവനങ്ങൾ പൂർത്തീകരിച്ചും നിർമ്മാണ ഘട്ടത്തിലും ആണ്. ആറു വർഷത്തിനകം 340040 വീടുകളാണ് സംസ്ഥാനത്ത് പൂർത്തിയാക്കിയിട്ടുള്ളത്.

## വിദ്യാഭ്യാസം

ചരിത്രത്തിലാദ്യമായി സംസ്ഥാന ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകി ഉന്നത വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിച്ചിരിക്കുന്നു. ഈ സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പിറന്നുവീഴുന്ന ഓരോ കുഞ്ഞിന്റെയും ഭാവി ഒരു അളവ് വരെ അവന് ലഭിക്കുന്ന വിദ്യാഭ്യാസത്തെ ആശ്രയിച്ചാണിരിക്കുന്നത്.

രാജ്യത്തെ പൗരത്വമല്ല മനുഷ്യനിലെ മനുഷ്യത്വമാണ് വിദ്യാഭ്യാസത്തിന്റെ കാതൽ. ഗുരുശിഷ്യ പാരസ്പര്യം ആധുനിക സമൂഹത്തിന് യോജിക്കും വിധം രൂപകൽപ്പന

ചെയ്യണം. കേവലം വാദിക്കാനും ജയിക്കാനും അല്ല അറിയാനും അറിയിക്കാനും കൂടിയാണ് വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്. സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹം ആക്കി മാറ്റുക എന്നതാണ് ഗവർമെന്റിന്റെ ലക്ഷ്യം. 1990നു ശേഷമാണ് വിവരവും വിജ്ഞാനവും തമ്മിലുള്ള അന്തരം ചിന്താധാരയിൽ പ്രകടമായി കണ്ടത്. അതിനുമുമ്പ് അധ്യാപകർ ആയിരുന്നു അറിവിന്റെ കേന്ദ്രബിന്ദു. മനുഷ്യർ വിജ്ഞാന സമൂഹ മായി മാറുന്നതിന്റെ അടിസ്ഥാനം നാലു വിധത്തിലാണ്. ആവിഷ്കാര സ്വാതന്ത്ര്യം വിവരങ്ങളുടെയും അറിവിന്റെയും സാർവ്വദേശീയപാത സാംസ്കാരികമായ വൈവിധ്യങ്ങളോടുള്ള ആദരവ് സാർവത്രികമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നിവ. കേരളത്തിലെ പാഠ്യപദ്ധതിയുടെ പ്രസക്തി ഇവിടെയാണ് പ്രകടമാകുന്നത്. പഠന രീതിയിലൂടെ നേടുന്ന ബോധനം ഒരു കേവലം സിദ്ധാന്തം എന്നതിനപ്പുറം പ്രായോഗിക മാതൃകകളായി രൂപപ്പെടുന്നത്. അത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്തുന്നതോടെ"ഫ്രീഡം ഓഫ് എക്സ്പ്രഷൻ' എന്ന ലക്ഷ്യത്തിലേക്ക് അധ്യേതാക്കൾ എത്തിച്ചേരും.

വൈജ്ഞാനിക സമൂഹത്തിലേക്കുള്ള രണ്ടാം ഘട്ടമായി യുനെസ്കോ പ്രഖ്യാപിച്ചിട്ടുള്ളത് വിവരങ്ങളുടെയും അറിവിന്റെയും അന്തർദേശീയമായ ലഭ്യത എന്നതാണ്. അറിവിന്റെയും വിവരങ്ങളുടെയും ക്രമരഹിതമായ വിതരണം ആണ് ഇപ്പോൾ വിദ്യാഭ്യാസത്തിലെ അസമത്വത്തിന്റെ അടിസ്ഥാനം. കുബേര – കുചേല വ്യത്യാസമില്ലാതെ മുഴുവൻ പഠിതാക്കൾക്കും ലോകവിജ്ഞാനത്തിന്റെ വാതായനം തുറക്കപ്പെടണം. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തിയത് പോലെ ഇവിടുത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെയും വിപുലീകരിക്കപ്പെടണം. പശ്ചാത്തല സംവിധാനങ്ങൾ അതിനായി പുനക്രമീകരിക്കണം. രാജ്യത്തിന്റെ അകത്തും എന്നതു പോലെ

രാജ്യത്തിന് പുറത്തും നിന്നുമുള്ള വിദ്യാർത്ഥികളെ ഇങ്ങോട്ട് ആകർഷി ക്കണം. നോളജ് എക്കണോമി ഗ്രന്ഥശാല പ്രസ്ഥാനം മുതലായവ നവസമൂഹസൃഷ്ടിക്ക് ഏറെ സഹായകരമാണെന്നാണ് വൈജ്ഞാനിക ചിന്തകന്മാരുടെ അഭിപ്രായം. വൈജ്ഞാനിക സമൂഹവും വിജ്ഞാന സമ്പത്ത് ഘടനയുമായി കേരളത്തെ പരിവർത്തിപ്പിക്കും എന്നാണ് ഇവരുടെ വിലയിരുത്തൽ. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൂടുതൽ തൊഴിലും സാമ്പത്തിക വളർച്ചയും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ടു കൊണ്ടുള്ള സമഗ്ര പരിപാടികളാണ്"കെഡിസ്ക് തയ്യാറാക്കിയിട്ടുള്ളത്. കേവല വിജ്ഞാനത്തിലൂടെയുള്ള ഉത്പാദനവും വരുമാനവും സൃഷ്ടിക്ക



ലല്ല വൈജ്ഞാനിക സമൂഹസൃഷ്ടി എന്നത്.

ഐ.എൽ.ഒ.യുടെ 2021ലെ റിപ്പോർട്ട് പ്രകാരം ഡിജിറ്റൽ ക്യാപിറ്റൽ വന്നശേഷം ലോകത്തിൽ തൊഴിലാളികളുടെ അവസ്ഥ പത്തൊമ്പതാം നൂറ്റാണ്ടിലേതിന് സമാനമായി താഴോട്ട് പോയി എന്നതാണ്. സംസ്ഥാനത്തെ ആസൂത്രണം രൂപപ്പെടുത്തിയിട്ടുള്ളത് ഇതിന് ബദൽ പരിപാടിയായിട്ടാണ്. നവകേരള സൃഷ്ടിയുടെ ഘട്ടം ഘട്ടമായ വളർച്ചയുടെ സന്ദേശങ്ങൾ ജനസമൂഹത്തിലേക്ക് എത്തിക്കുന്നതിനായി ഐ&പി.ആർ.ഡി ശ്രദ്ധേയമായ പങ്കാണ് വഹിക്കുന്നത്. സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ, പരിപാടികൾ, സംരംഭങ്ങൾ ഇവയുടെയൊക്കെ സാമൂഹിക പ്രതിഫലനങ്ങൾ കാലികവും സമയബന്ധിതവുമായ വിലയിരുത്തൽ നടത്തി അക്ഷരാ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ ജനങ്ങളിലേക്ക് യഥാസമയം എത്തിക്കുന്നതിനായി രൂപീകരിച്ചതാണ്. പി&ആർ.ഡി. ഇതോടൊപ്പം ജനങ്ങളുടെ പ്രതികരണങ്ങളും ആവലാതികളും നിർദ്ദേശങ്ങളും ആവശ്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഐ&പി.ആർ.ഡി പര്യാപ്തമാണ്.

## ഹരിത കേരള മിഷൻ

ശുചിത്വ മാലിന്യ സംസ്കരണം, മണ്ണ്, ജല സംരക്ഷണം, ജൈവകൃഷി വികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്നതാണ് ഹരിത കേരള മിഷൻ. വരുന്ന അഞ്ചുവർഷങ്ങൾ കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഇത് വിഭാവനം ചെയ്യുന്നത്. വികസന പ്രവർത്തനങ്ങൾ പ്രകൃതി മലിനീകരണം വരാതെ നോക്കുക പാരിസ്ഥിതിക സുരക്ഷയും ഉൽപാദന ക്ഷമതയും സ്വയം പര്യാപ്തതയും ലക്ഷ്യം വെച്ചുകൊണ്ടുള്ള ഊർജിത പ്രവർത്തനങ്ങളാണ് നടത്തുന്നത്. മഴവെള്ള സംഭരണം, ഭൂഗർഭജല സംഭാഷണം ഉറപ്പാക്കുക, വിവിധ വൃക്ഷങ്ങൾ വ്യാപകമായി വെച്ചു പിടിപ്പിക്കുക, ഇതിലൂടെ ഒരു ഹരിത ആവരണം സൃഷ്ടിക്കുക, ജലവും മണ്ണും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടുക എന്നിവയാണ്.

നവകേരള സൃഷ്ടിക്കായി സർക്കാരും വൈജ്ഞാനിക സമൂഹവും ഏകോപനത്തോടെ നടത്തുന്ന കർമ്മപദ്ധതിയാണ് നവകേരള മിഷൻ രണ്ട്. ഇതിൽ ഹരിത കേരള മിഷൻ, ലൈഫ് മിഷൻ, ആർദ്രം മിഷൻ, വിദ്യാകരണം മിഷൻ, കേരള പുനർനിർമ്മാണ പദ്ധതി എന്നിവയാണ്.

പ്രാദേശിക ആസൂത്രണത്തിൽ രാജ്യത്തിനാകെ മാതൃകയാണ് കേരള ആവിഷ്കൃത പദ്ധതികൾ. പദ്ധതിയുടെ പ്രാവർത്തികതയിൽ ഫലക്ഷമത കൈവരിക്കാൻ ഉള്ള ജാഗ്രത രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് നമുക്ക് അഭിമാനകരമാണ്.

**Shine.P.S**
B P C College Piravom

State Conference Literary Competition
Third Prize Essay in Teachers' Category

# Nava Keralam

## Knowledge Community and Some Aspects of Popular Politics

Nava Keralam is an overarching discourse that suffuses the policy architecture and legitimation strategies of the previous and incumbent left front governments of Kerala. It spans both Rebuild Kerala Development Programme in the aftermath of 2018 floods that covers various sectors of the economy and Nava Kerala project that addresses the long-standing issues of social sector involving health, housing, agriculture and education. The following essay focuses on a particular aspect of Nava Keralam, an on-going initiative of the government to rejuvenate higher education in the state. The first section foregrounds the limits of prevailing academic consensus on the notion of knowledge society and economy that defines and impels this reconstruction of Keralam.
The subsequent section analyses certain dimensions of Prof. Shyam B. Menon commission report which is comprehended as a document that guides public policy in the realm of higher education for realizing Nava Keralam. The concluding section attempts to make some observations regarding the implications of constructing a new Keralam on the social political life of the state.

**Limits of Academic Consensus and Structures of Accumulation**

The arenas of higher and general education are understood to be critical sites for structural transformation in the course towards a knowledge society. In the specific context of Kerala, attainment of knowledge based economy and society is singularly premised on the vibrancy and optimization of human resources given the much-acclaimed developmental indicators of the state. The essay tries to engage with some contemporary instances of scholarly reflection focussing on the idea of knowledge society.They include a research paper of Prof. Rajan Gurukkal, a renowned Marxist historian, a seminar presentation by Dr. K.P. Kannan, a noted economist and a web lecture of Dr. Subin Dennis, an up- and- coming researcher in Tricontinental Institute for Social Research. The attempt is to foreground some salient aspects that seem to be missing in the conventional political-economy perspective which undergird these expositions.



Prof. Rajan Gurukkal in his paper "Implications of knowledge economy : the fate of India" forwards the argument that forces and relations of production that has established socio-economic and politico-cultural dominance in the modern period ie capitalism in its historically specific forms continue to decide what knowledge is and what understanding means. He places the idea of knowledge society in a global perspective by unravelling the central dimensions of techno-capitalism in its contemporary phase of global expansion. His conceptualization of global knowledge economy as one based on high tech industries, information technology and electronic modes of communication forms the larger framework of analysis. Prof. Gurukkal tracks the ways in which knowledge both as commodity and source of capital formation shape the imaginary of a knowledge based social system in India. His critique of the World Bank Document that says India has many of the key ingredients to develop as a knowledge economy is based on the insight that such projections mask the alarming truth that 80 percentage of the population of the country does not have any role in knowledge production due to historically and culturally contingent reason such as class, gender and caste discriminations. Though Gurukkal's paper does not locate the question of knowledge society in the specific context of Kerala, his more recent interventions highlight the problems of understanding knowledge economy as information economy. Gurukkal's thesis of knowledge of science and technology as principal source of capital accumulation in modern market place can be further substantiated by placing it alongside some contemporary critical scholarship on how socially dominant groups leveraged merit in technical education to rearticulate caste hegemony.One fine example is Ajanta Subramanian's historical anthropology of IITs – The Caste of Merit: Engineering Education in India.

I recently came across a seminar paper of Prof. K.P. Kannan entitled Towards a knowledge-based economy in Kerala: Issues and challenges' that focuses on the question of why expansion of higher education and its network of research institutes which underpin knowledge economy fail to contribute towards the growth of agriculture and industry in Kerala. Kannan locates the need for modernization of the higher education sector as a precondition to developmental transformation of Kerala's economy. He delineates the factors that undermine quality of higher education in Kerala as poor quality infrastructure, high student teacher ratio and declining standards of teachers. Elaborating on the reason of declining standards of teachers Kannan flag issues like large scale recruitment by PSC that undermine long term commitment to institutions and not following national norms of qualifications as laid down by UGC and AICTE. Kannan's diagnosis for poor quality of teaching seems to be motivated




by his notion of efficiency that turns a blind eye to accumulated privileges enjoyed by dominant social groups and its sinister implications for equity and social justice. Even going by the popular notion of efficiency and competition, prevalent mode of recruitment in a substantial segment of what is questionably characterised as public education can be seen as a major reason for the systemic rot that is set in the higher education arena of the state. But consideration of this structural iniquity is strikingly absent in an otherwise comprehensive narrative.

Subin Dennis's web lecture "Knowledge society : a people centred Reading" analyses the central features of the knowledge society from the perspective of popular classes like labourers and lower-income groups. His talk echoes the reconfiguring of the capitalist idea of knowledge society that the Left Front Government in Kerala attempts. By increasing the public investment in education sector for infrastructure development, the government in Kerala charts an alternative path away from blatant crony capitalist tendencies and knowledge commodification that characterize corporatocracy. Subin places the scope of IT sector in shaping a knowledge society in proper perspective by foregrounding the empirical fact that IT sector employs a meagre 1 lakh 25 thousand people in the state's total workforce of 1 crore 25 thousand. He puts emphasis on the need for redistribution of the wealth created by high tech industries and its challenges in the context of a neoliberal economic regime. Subin's idea of popularising knowledge society by promoting co-operative mode of ownership in the key sectors like IT, high tech industries and electronic communication seems to be an utopian project given the profound linkages techno capitalism has established with the rent seeking political class who control the levers of power.

Drawing on the above mentioned debates, It can be observed that beneath the gloss of ever increasing pass percentages in secondary and high secondary examinations alongside an all-consuming focus on sticking to examination conduct and announcement of results in graduate and post graduate level, the arenas of knowledge and cultural production in the state conceal profoundly dialectical impulses. And some long-standing structures of domination operational at the level of everyday practices and processes in the public-funded educational institutions consistently stymie egalitarian impulses and substantial academic activities. More importantly, contrary to popular perceptions hinged on fetishism of merit, this structural dynamic shape the vicious circle of 'low quality input and low quality output' that, as some scholars point out, characterise higher education in

Kerala. Hence the central proposition of the essay is that contestation of inherited privileges and demands for equal opportunity that is unfolding in complex ways in the modern institutional spaces is implicated in the reproduction of inequality in the cultural field. This is manifested in terms of access to opportunity structures and denial of justice for disprivileged communities like Dalits and Adivasis in contemporary socio-political milieu. While the realization of knowledge society is predicated on the reorganization of relations of economic production in the first instance, its complex overlap with historically and culturally specific articulations of multiple forms of power like caste and gender demand more committed attention from scholars and academy.

**Radical Possibilities of a Document**

Radical possibilities of Prof. Shyam B. Menon Commission report lies not only in its focus on institutional practices but also in its lodging of categories such as recognition and dignity at the centre of academic ecosystem. The report's focus on institutional practices instead of identifying public policy with ideological rhetoric of party formations is a point of departure to problematize the public character of a substantial section of Kerala's higher education institutions. Here the public seems to suggest only the dependence of such institutions on public money. Other substantial elements that is associated with publicness like universalism, inclusivity and diversity are constantly undermined by the institutional designs and recruitment practices of staff and faculty in them. The committee's recommendations towards ending corrupt practices in faculty appointments that noted historian P. Sanal Mohan characterised as 'original sin' of Kerala's education ecosystem received less media and scholarly attention compared to the nitty-gritty of curricular reform and its time frame. The report eschews the self-congratulatory narrative of

Emphasising the importance of dignity and recognition in academic life, the report gives rise to searching questions on the manner in which constellation of public institutions like administrative wings of Universities and bureaucracy of Government Offices disincentivise faculty and students who come into contact with them.

Kerala's exceptionalism by furnishing inconvenient empirical data on the low enrolment rates of Dalits and Adivasis in the state while charting a realistic roadmap for achieving gross enrolment rate of 75 percent by 2036. Emphasising the importance of dignity and recognition in academic life, the report gives rise to searching questions on the manner in which constellation of public institutions like administrative wings of Universities and bureaucracy of Government Offices disincentivise faculty and students who come into contact with them. From inordinately delaying the Career Advancement of faculty who are hesitant to mobilize their connections with University higher-ups and politicos to making research virtually impossible for students from disprivileged backgrounds, institutional paraphernalia of the government constantly undermine the ethical imperatives of a decent society. In this context it can be argued that much of the radical potential of the report to reconfigure design and ethos of colleges and other public institutions in Kerala lies in its fine print.

**Nava Keralam and Pragmatics of Popular Politics**

Drawing on the ideas of some critical social scientists who reminds us that reconstruction should entail a genuine critique of Kerala's development experience so far the essay argues that the primary responsibility of the knowledge community in this exercise is to challenge the prevailing political consensus on the social structures of accumulation that adversely impact the quality of life of historically marginalized social groups. This becomes an imperative in the context of the rebuild development programmes's egalitarian objective of improving the living standards of all sections of society. The quality of life marginal social groups is evaluated primarily in terms of access to the material attributes of citizenship like property, public goods/ institutions and political agency. Historical deficit of citizenship attributes for Dalit, Adivasis and fishers should be placed in contradistinction to the privileges that socially dominant groups enjoy in terms of economic wealth, property, institutional access and political clout. Critical scholarship foregrounded the fact that fruits of Kerala's development failed to reach certain sections of society like Dalits, Adivasis, fishers and some sections of women. Taking a stock of the socio political factors that contributed towards failure is essential to push the debates around rebuilding towards more egalitarian directions This marginalisation is linked to the elitist and closed attitude that political formations and caste-ridden civil society bears towards social movements from the hitherto marginalized groups that continue to challenge the prevailing consensus on socio-economic development by producing new knowledge. It emphasises the importance of



radically reconceptualising the notions of knowledge and knowledge producers. People centred nature of knowledge economy that is envisaged by the state is in fact undermined by the prevailing institutional forms and social practices that reproduce inequality. The essay seeks to foreground the analytical potential of the theoretical idea of 'politics of the governed' in understanding the dynamics of competitive popular politics in the state that to a large extent determines the actual outcomes the report can entail. Partha Chatterjee flushes out Dr. B.R. Ambedkar's analytical categories of governing class and servile class to develop the idea of politics of the governed. Politics of the governed in the context of this essay refers to the contestations and struggles of the popular groups who are outside the opportunity structures, patronage networks and accumulation dynamics of governing elites and dominant social groups of Kerala. Such a characterization is largely apposite to the historically oppressed social groups in Kerala where the social foundations of the political configuration is largely determined by four caste communities namely Nairs, Ezhavas, Muslims and Christians. The privileged status of latter social groups in contrast to the historical backwardness of the former is illustrated in the ownership of property and institutions, representation in public services and preponderance in economic and cultural arenas. Hence it is imperative for the knowledge community to explore the limits of academic consensus for challenging the long-standing hegemonic structures in the socio-political spheres towards fashioning a more egalitarian new Keralam.

**References**

Mohan,Sanal."Citizenship and Re-Imagination of Keralam". Social Science in Perspective10, no.4 (October/ December 2018) & 11, no.1 (January/ March 2019) : 586-602.


Chatterjee, Partha. The Politics of the Governed : Reflections on Popular Politics in Most of the World. New York : Columbia University Press, 2004. pp 4-9

Kapur Devesh and Pratap Bhanu Mehta ed. Public Institutions in India : Performance and Design. New Delhi : Oxford UnIversity Press,2005

**ആദിത്ത് കൃഷ്ണ ചെമ്പത്ത്**
സി.എം.എസ് കോളജ്, കോട്ടയം

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കവിത

# കമ്മല് പണിയുന്നവർ



കമ്മലു പണിയുന്നവർ
ഒരു നാൾ
മഴയത്തൊലിച്ചുപോയി
വെയിലത്തലിഞ്ഞു പോയി
കുളിരത്തവർ
ധ്രുവങ്ങളിലെ
മഞ്ഞുമല പോലെ

അവസാനം
പേറുകഴിഞ്ഞ
ഗർഭപാടങ്ങളിൽ
കുടകമ്മലുകൾ ഉപേക്ഷിച്ച്
പോകുമ്പോൾ,
സൂചി വട്ടത്തോളം
ചോരച്ച കാതിൽ
"തിരിഞ്ഞു നോക്കണേ...
ഒറ്റയ്ക്കിട്ട് പോകല്ലേ"
എന്ന്
കമ്മലുകളുടെ
നിലവിളി എത്തുന്നു.
പാടമൊരു
ഇരുൾ കറ്റ ഏന്തി
നിൽക്കുന്നു.

നഗരത്തിലെ
കുഞ്ഞിപെണ്ണുങ്ങൾക്കായി
സന്ധ്യകളിലാണ്
പണിക്കാരികൾ
കമ്മലു പണിയുന്നത്,

പകലിലൊരു
കാക്കശകടം
കമ്മലു കൊട്ടകളേന്തി,
നഗരം ചുറ്റുന്നു.
പതുക്കെ കഥ കേൾക്കണ
ജനാല വക്കത്തെ കാറ്റ്
കവിത പാടണ
തെരുവിന്റെ കാത് മുറിക്കുന്നു.

തെരുവിലൊരു കോണിൽ
പകൽ മുഴുവനും
കഥ പറഞ്ഞിരിക്കാറുണ്ട്



ജനാല വക്കത്തെ
പെൺകുട്ടി.

ഒറ്റയിതൾ മാത്രമുള്ള
ഒരു പൂവവളെ
നോക്കി കണ്ണു ചിമ്മാറുണ്ട്

രാത്രികളിൽ കമ്മലുകൾ
കഥ പറയുന്നതെരുവ്,
കാവൽക്കാരൻ റോന്ത് ചുറ്റുന്ന,
വേലിക്കകത്തെ പൂന്തോട്ടം പോലെ..

ഒറ്റയിതൾ ചെടികളെ
ഭയപ്പെടുത്തി കൊണ്ട്
ഒരു വലിയ തേനീച്ച
തേൻ കക്കാൻ എത്തുന്നു.
തെരുവിലൊരു
ചോരച്ച ചന്ദ്രനൊടുങ്ങുന്നു.

വഴിവിളക്കുകളുടഞ്ഞ
പാതിരാത്രികളിൽ
കള്ള വെളിച്ചങ്ങളുടെ
പുരകളിൽ കമ്മലുകൾ
കരച്ചിലോടെ
നൃത്തം ചെയ്യുന്നു .

നഗര വഴികളിൽ
വഴിയറിയാതെയോടുന്നു.
ഒടുക്കം
ഇരുളത്രയും നിറഞ്ഞ
കിണറുകളിൽ
തിളക്കമറ്റ്
അതിരുകളിൽ പിടിപ്പിച്ച
കണ്ണാടി മുത്തുകൾ
പൊട്ടിയടർന്ന്,
കിലുക്കു മണികളുടെ
തൊണ്ട ചിതറിച്ച് .

കമ്മലുകൾ
നഗരത്തിലെ തെരുവിൽ തന്നെ
യൊടുങ്ങുന്നു.
രണ്ടുനാൾ പോലും
വെളിച്ചം കാണാതെ
പെൺകുട്ടികളുടെ
കാതുകളിലിരുന്ന്
ആർത്താർത്ത് ചിരിക്കാതെ.

എന്നിട്ടും
വഴിതിരഞ്ഞെത്തുന്ന
കുഞ്ഞി പൂച്ചകളെ പോലെ
കമ്മലുകൾ
കമ്മലുകാരികളെ
തേടിയെത്തുന്നു.

"എന്റെ കണ്ണാടി കുപ്പായം
പിച്ചിച്ചീന്തിയെന്ന്...
നുറുക്കുന്ന വേദനയോടെ
തൊണ്ടയിൽ
വേരുകളാഴ്ത്തിയൊരു കൈമരം
വളർന്നു നിൽക്കുന്നെന്ന്

ഇനിയൊരു കമ്മലും
ഉണ്ടാക്കേണ്ടതില്ലെന്ന്
കമ്മലുകാരികൾ.

നഗരങ്ങളിലെ
തെരുവിലൊരു
മൗനവ്രതം
പെൺകുട്ടികളുടെ
കിടപ്പറകളിൽ
നുഴഞ്ഞു കയറുന്നു.

പാടത്തേക്ക്,
ഉണ്ടാക്കിയ കമ്മലുകളെല്ലാം
കളഞ്ഞ്
തിരിച്ച് പോകുമ്പോൾ
ഇരുളിന്റെ ആകാശം
പതുക്കെ വിളിക്കുന്നു.

മലയോളം ഒച്ചയിട്ട്
കടലോളം ഒഴുകാൻ,
ആയിരം കൊട്ടകൾ നിറയെ
പെൺചന്തങ്ങൾ നിറച്ച്
അവർക്കായി,
മലയരികിൽ
നിലാവിന്റെ പെണ്ണ് കാത്തിരിക്കു
ന്നുവത്രേ ..

**അശ്വിൻ ചന്ദ്രൻ**
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള ക്യാപ്പിറ്റൽ ക്യാമ്പസ്, തിരുവനന്തപുരം

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ കവിത

# ചെരിവ് ഒരു നഷ്ടദൃശ്യം

വെയിലിനെ കുടഞ്ഞു വിരിച്ച
കുന്നിൻ ചെരുവിൽ,
ആട്ടിൻപറ്റങ്ങളെ മേയാൻ വിട്ട്
അയാൾ ആകാശത്ത് ഒളിച്ചിരുന്നു.
അതിരുകൾ മായ്ച്ചു കളഞ്ഞ
ഒരു വെളിമ്പറമ്പ് പോലെ
മുഖം വായുവിൽ ഇളക്കിയിട്ട്,
അറ്റം കാണാത്ത മറ്റൊരു കുന്നിലേക്ക്
കാഴ്ചയെ മാറ്റിവരച്ചു.
തീരെ മെരുക്കമില്ലാത്ത വന്യത
താടിരോമങ്ങളിൽ
പുതിയ കാടുകൾ തീർക്കെ,
ആകൃതി നഷ്ടപ്പെട്ട പക്ഷിക്കൂട്ടത്തെ
പ്രതീക്ഷിച്ചിട്ടെന്നപോലെ
ചില്ലകൾ അനങ്ങാതെ നിന്നു.
ആരെയോ ഓർത്തുള്ള
ഒരു വേവലാതി കണ്ണുകളിൽ
ഒടിഞ്ഞു വീഴാറായ
മേൽക്കൂരയെ ഓർമ്മിപ്പിച്ചു.
കാറ്റിൽ അടഞ്ഞു തുറക്കുന്ന
ജനൽപാളി പോലെ
പോളകൾ ചിമ്മി തുറന്ന്,
പോയ കാലത്തിന്റെ
ശീലങ്ങൾ അരിച്ചെടുത്തു.
ദൂരെ അടിവാരങ്ങളിൽ ആടിനെ തീറ്റി,
കൽകെട്ടുകളിൽ പടിഞ്ഞിരുന്നു
വെള്ളം കുടിക്കുന്ന ഒരു ഇടയനെ
എത്ര പെട്ടെന്നാണ്
ഉടലിൽ നിന്നും അഴിച്ചെടുത്തത്.
പൈൻ മരങ്ങളിൽ ഊഞ്ഞാലാടി,
കാറ്റിനെ വളച്ചു വെച്ച്
വീട് കെട്ടിയ ഒരു കോലാൻ
താഴ്വരയിൽ കാലുപാത്തി കിടന്നു.
ഗോതമ്പ് പാടങ്ങളിൽ
വെയിൽ കായാനെത്തിയ പകൽ.
തല കാണാത്ത പള്ളിയിൽനിന്നും
ആരോ ഓതിയ വാങ്ക്.
അള്ളാഹു അക്ബർ
ഈ ചെരിവിൽ നിന്നാൽ
എല്ലാം കാണാം.
വരൂ,
അടുത്ത കാറ്റിൽ ജനൽപ്പാളികൾ
അടയുന്നതിനു മുമ്പെങ്കിലും
നിങ്ങൾ എത്താതിരിക്കില്ല.....

**അഭിലാഷ് കൈനിക്കര**
ഫാറൂഖ് ട്രെയിനിംഗ് കോളജ്, കോഴിക്കോട്

**സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ മൂന്നാം സമ്മാനാർഹമായ കവിത**

# പകലുകൾ പിടിക്കപ്പെടുന്നു

പുഴക്കരയിൽ
വീട് പണിയാനൊരുങ്ങുന്ന
ഒരു പറ്റം നിഴലുകൾ
രാത്രിയുടെ
മഞ്ഞവെളിച്ചത്തിലേക്ക്
ഉറക്കമെണീക്കുന്നു.
മഴപെയ്യുമ്പോൾ മാത്രം
വിയർക്കുന്ന
അവരുടെ
ശരീരങ്ങൾ
ചുവന്ന വിയർപ്പിന്റെ
ഇരുണ്ട
ഗോളങ്ങളാകുന്നു,
ആകാശത്തേക്ക് മാത്രം
മുഖംതിരിക്കുന്ന
മനുഷ്യരുടെ
തലയിലേക്ക്
കനം കൂടിയ
വെട്ടുകല്ലുകൾ വെച്ച്
മേൽക്കൂരയില്ലാത്ത
വീടിന്റെ
പാല് കാച്ചുന്ന
ഒരു പറ്റം മനുഷ്യർ
ചുവരുകളിൽ
ചരിവുകളാണെന്നാരോപണ
ങ്ങൾ
കല്ലുകളായി
മുളച്ചു പൊന്തുന്നു,
സുറുംകുറ്റിയുമേന്തി
ഇരുട്ട് തീണ്ടുന്ന
ഇവരുടെയെല്ലാം
പൂർവികർ
ഇടവേളകളില്ലാപ്പര
തോണി തുഴയുന്ന
മാത്രയിൽ വരച്ച
അതിർത്തിയില്ലാത്ത
ഭൂപടം
നോക്കിനിൽക്കുന്ന
കുഞ്ഞുങ്ങൾ.
അവർ തുഴഞ്ഞു വറ്റിച്ച
വെള്ളമില്ലാത്ത
പുഴയിലൂടെയൊരു
തോണി
കടലിലേക്കൊഴുകി –
യൊത്തുപോൽ
പൊന്തിവരുന്ന സൂര്യന്റെ
നേർത്ത വെട്ടത്തിൽ
ആത്മഹത്യ ചെയ്യുന്ന
നിഴലുകൾ.
അവിടെ വെച്ച്
എല്ലാവരും നോക്കി നിൽക്കേ
ഉറക്കമെണീക്കുന്ന
മനുഷ്യർ
ഉപാധികളൊന്നുമില്ലാതെ
ജാമ്യമില്ലാത്ത വിധം
സൂര്യനെ റിമാന്റ് ചെയ്യുന്നു
പകൽ പിടിക്കപ്പെടുന്നു.

**അശ്വിൻ ചന്ദ്രൻ**
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള ക്യാപ്പിറ്റൽ ക്യാമ്പസ്, തിരുവനന്തപുരം

.......................................................

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കഥ

# ഒറ്റ്

കാഞ്ഞിരപ്പോയിൽ ടൗണിലും മുണ്ടോട്ട് കവലയിലും ഒരു ദിവസം അടച്ച് പരതിയിട്ടും അശോകനെ കണ്ടില്ല എന്നറിഞ്ഞപ്പോൾ മാലിങ്കന്റെ കണ്ണും മീടും നമ്പ്യാർവട്ടത്തിന്റെ ഇതൾ പോലെ വെളുത്തുവന്നു. നരച്ചു തുടങ്ങിയ താടി രോമങ്ങൾ കൂട്ടിത്തടവി സുധാകരനും ദിനേശനും മുന്നേ നടന്ന് അയാൾ അച്ചുതേട്ടന്റെ റബ്ബർ കയറി. രണ്ടു കൊല്ലം തെളിക്കാത്തത് കൊണ്ടാവണം തോട്ടം ഒരു ചെറിയ കാടായി മാറിയിരുന്നു.

റബ്ബർ തട്ടുകൾ ആരംഭിക്കുന്ന ചെരുവിലെ പൊളിഞ്ഞു വീഴാറായ ഷീറ്റടി ഷെഡ്ഡിൽ എത്തിയതും മാലിങ്കൻ വല്ലാതെ അണച്ചു. ഇത്ര വെപ്രാളപെട്ട് അയാളുടെ മുഖം ഇതിനുമുമ്പ് അവർ രണ്ടുപേരും കണ്ടിട്ടില്ല. അടിനിർത്തി വർഷങ്ങളായിട്ടും ഗന്ധം മാറാത്ത ഡിഷുകളിലൊന്നിനെ കമിച്ചു വെച്ച് മൂവരും തിണയിലിരുന്ന് പരസ്പരം നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല. ഒടുക്കം തോറ്റം കഴിഞ്ഞ പൊട്ടന്റെ അലർച്ച പോലെ ദിനേശൻ അമറി 'ആമൈ... തപ്പാൻ ഇനി ഒരു സ്ഥലവും ബാക്കിയില്ല ഏത് അടുപ്പംകുണ്ടില് പോയത് ഇവൻ' സംഭരിച്ചുവെച്ച എല്ലാ ക്ഷമയും ഒരൊറ്റ തെറിയിൽ വറ്റിച്ചു കൊണ്ട് ദിനേശൻ ഇടഞ്ഞു നിന്നു.


എന്നാൽ അതുവരെ മീടും കുത്തിപ്പിടിച്ച് ഏതോ വിചാരത്തിൽ അമർന്നിരിക്കുകയായിരുന്ന മാലിങ്കൻ അന്നേരം ആപ്പിൾ മണ്ടക്ക് വീണ ന്യൂട്ടണപോലെ അരത്തിണ്ണയിൽ നിന്നും എഴുന്നേറ്റ് മെഷീന്റെ കീഴിലേക്ക് നടന്നു. അടർന്നുവീണ, സാമാന്യം മൂർച്ചയുള്ള ഒരു ആസ്ബറ്റോസ് കഷ്ണം കൊണ്ട് മണ്ണുമാന്തി സ്വയം ഒരു പെരുച്ചാഴിയായി. സീൻ വായിക്കാതെ ക്യാമറയ്ക്ക് മുന്നിൽ വന്ന രണ്ട് ആർട്ടിസ്റ്റുകൾ മാലിങ്കന്റെ അധ്വാനം നോക്കി നിന്നു. പല്ലു കൊള്ളുമ്പോൾ പറഞ്ഞുവരുന്ന ഇറച്ചി തുണ്ടം പോലെ മണ്ണിനെ നീക്കി നീക്കി മുന്നേറുന്ന ആ കൈകൾ അവസാനം ഒരു ഇരുമ്പിൻദണ്ഡിൽ വിജയം കണ്ടു.

അരികുകളിൽ പറ്റിയ കുഴ മണ്ണിനെ തോണ്ടിക്കളഞ്ഞ്, അയാൾ അതിനെ പൂർണ്ണമായും പുറത്തെടുത്തതും അമ്മിണിയുടെ അമ്മിഞ്ഞയിൽ കൈകൊണ്ട പോലെ ദിനേശനും സുധാകരനും വാ പൊളിച്ചു.

മോരാംഗലത്തെ വാഴത്തോട്ടത്തിൽ നിന്നും പന്നിയെ അടിച്ച അതേ തോക്ക് തന്നെയാണോ ഇത് എന്ന മിസ്റ്ററി മാലിങ്കന്റെ ഒറ്റനോട്ടം കൊണ്ട് അവർ ഡിക്കോഡ് ചെയ്തു.

പന്നിമലത്തും കഴിഞ്ഞ് അശോകനമൊത്ത് അണക്കെട്ടും കീഴിലിരുന്ന് ഇറച്ചിയും റാക്കും കുടിച്ചതും,ജലസേചനം കഴിഞ്ഞ് തോക്കും തോളിലിട്ട് അമ്മിണിയുടെ വീട്ടിലേക്ക് കുന്നുകയറിയതും, ബാക്കി മൂവരും മൂന്നുവഴി പിരിഞ്ഞതും ഒരു നനഞ്ഞ പിഞ്ഞാണമായി തൊലിപ്പുറം തൊട്ടു.

പിറ്റേന്ന് എന്നത്തെയും പോലെ അശോകൻ തന്റെ പണിപ്പാക്കും തോളിലിട്ട് പെയിന്റിങ് പണിക്ക് കാഞ്ഞങ്ങാടേക്ക് വണ്ടികയറി.



ബാക്കി മൂന്നുപേരും കുണ്ടിക്ക്
വെയില് കൊള്ളുന്നത് വരെ കിട
ന്നുറങ്ങി പതിവ് തെറ്റിച്ചു. എന്നാൽ
അന്ന് രാവിലെ കാഞ്ഞങ്ങാട്ടേക്ക്
പോയ അശോകൻ ഒന്നര ദിവസം
കഴിഞ്ഞിട്ടും ഇതുവരെ മുണ്ടോട്ടേക്ക്
തിരിച്ചുവന്നിട്ടില്ല.

വേളായി നാരായണേട്ടന്റെ വള
പ്പിൽ വാഴയ്ക്ക് മണ്ണുകൂട്ടി തടമെടുക്കു
കയായിരുന്നു മാലിങ്കൻ. തലേന്ന്
മോന്തിയോടെ ഹോസ്ദുർഗ് സ്റ്റേഷ
നിലെ സിപി വിജയൻ തന്ന ന്യൂസു
മായി സുധാകരനും ദിനേശനും
മാലിങ്കനെ തേടി ചാപ്പ വഴി തോട്ട
ത്തിലെത്തി. സുധാകരന്റെ തൊണ്ട
യിൽ നിന്നും ചുര മാന്തി വന്ന ഒരു
പന്നി അയാളുടെ നെഞ്ചിൽ പേടിയു
ടെ കുളമ്പടികൾ പതിപ്പിച്ചു. അശോ
കന ഇന്നലെ സ്റ്റേഷനിലെ കണ്ടി
നി. ഓൻ ഒറ്റിയൊന്ന് തംശിയമുണ്ട്.
കിളച്ചുകൊണ്ടിരിക്കുന്ന മുരട്ടിൽ
അവസാനത്തെ കൈക്കോട്ട് മണ്ണും
കൂടി കൊത്തിയിട്ട് മൂവരും വളപ്പ്
കടന്നു. അശോകന്റെ വീട്ടിലേക്കുള്ള
വഴിയിലു ടനീളം അവന്റെ ഫോ
ണിലേക്ക് മൂന്നുപേരും മാറിമാറി
വിളിച്ചിട്ടും രക്ഷയില്ല. മറുതലയ്ക്കൽ
റി ങ്ങുണ്ടെങ്കിലും ആരും ഫോൺ
എടുക്കുന്നില്ല.' ഈ മൈ.. കാലാകാ
ലത്തും ഫോൺ എടുത്തറില ചാവ്
' ബാക്കി രണ്ടു പേരും അതിലെ
അസാധാരണത്വം കണ്ടില്ലെങ്കിലും
മാലിങ്കന് അപ്പോഴേ ഒരു ഒറ്റുകാ
രന്റെ മണമടിച്ചതാണ്. അശോ
കന്റെ വീട്ടിലേക്കുള്ള ഒതുക്കുകൾ
കേറുമ്പോൾ അതങ്ങനെയാവല്ലേ
എന്നയാൾ പ്രാർത്ഥിച്ചു. വീട്ടിൽ
അശോകന്റെ ഓളും കുഞ്ഞീം മാത്ര
മേ ഉണ്ടായിരുന്നുള്ളു.' അശോകൻ
ഓട്ത്ത്?'

സുധാകരന്റേതായിരുന്നു ചോദ്യം.
'എനക്കറീല്ല ഇന്നലേ ഇങ്ങോട്ട്
വന്നിറ്റ് ' അര പേജെങ്കിലും ഉത്ത
രം പ്രതീക്ഷിച്ച ആ ചോദ്യത്തിന്
അവൾ ഒറ്റവാക്യത്തിൽ മടക്കി.
എത്രകണ്ട് ചോദിച്ചിട്ടും അളന്നു മു
റിച്ച മറുപടികൾ കേട്ടപ്പോൾ തന്നെ
മാലിങ്കന് മനസ്സിലായി. ഇതവൾ
പഠിച്ച് പറയുന്നതാണ്. മുറ്റത്ത്
കളിക്കുന്ന ചെക്കനെ 'അടങ്കം വാരി
അവൾ ഉള്ളിൽ കേറി വാതിൽ
അടച്ചതും അവർ നൂറ്റിക്ക് നൂറിന്
ഉറപ്പിച്ചു.

അന്ന് പകൽ മുഴുവനും അവർ
അശോകന് വേണ്ടി മുണ്ടാട്ടും കാ
ഞ്ഞിരപോയിലും കുടഞ്ഞിട്ട് പരി
ശോധിച്ചു. അവൻ പോകാൻ സാധ്യ
തയുള്ള ദിക്കുകളിലേക്കൊക്കെയും
ഒറ്റയ്ക്കും തെറ്റയ്ക്കും പാഞ്ഞു കയറി.
അണക്കെട്ടും കീഴ്, ക്ലബ്ബ്, മണക്കട
വ് ഷാപ്പ് അങ്ങനെ അവസാനം ആ
തിരച്ചിൽ അമ്മിണിയുടെ പാവാട
വള്ളി വരെ എത്തി. അവനോടുള്ള
തിളപ്പ് ഊഴം വെച്ച് അവർ അവ
ളിൽ കുടഞ്ഞു തെറിപ്പിച്ചു. ഒടുക്കം
തിരച്ചിൽ മതിയാക്കി സുല്ലിട്ട് മാലി
ങ്കന് പിന്നാലെ റബ്ബറു കയറി.

ചിന്തകൾ ഭാരമിറക്കിവെച്ച തല
യിലെ കനം താങ്ങാനാവാതെ
ഇടങ്കയ്യിലേക്ക് അരിച്ചുകയറി
വന്നു. തിണയിൽ ചാരിയ പാത്തി
യിലേക്ക്, ഇരുമ്പ് കുഴലിലൂടെ ആ
ഒഴുക്ക് നീണ്ടപ്പോൾ മാലിങ്കന്റെ
ഓർമ്മയിൽ തെളിഞ്ഞു വന്നത് ആ
രാത്രിയാണ്.

ഇരുട്ട് ഒരു കടൽ പന്നിയെ പോലെ
വാഴത്തോട്ടങ്ങൾക്ക് മേൽ ഇഴയാൻ
തുടങ്ങിയിരുന്നു. തലയിൽ ഏറ്റിവച്ച
ടാപ്പിംഗ് ലൈറ്റിന്റെ വെളിച്ചത്തിൽ
അവർ നാലുപേരും മോരാംഗല
ത്തെ കണ്ടം വരെ എത്തി. കണ്ടം
കടന്ന് അരമതിൽ ചാടിയാൽ
അശോകന്റെ വാഴത്തോട്ടമായി.
തോട്ടത്തിന്റെ പത്തടി മുന്നിലൂടെ
ഒഴുകുന്ന ചാലിൽ ഇരുട്ട് വെള്ള
ത്തേക്കാൾ ശക്തമായി ഒഴുകുന്നത്
അവരറിഞ്ഞു. കറുപ്പ് കേറി അടഞ്ഞ

ഒരു വാഴക്കൂട്ടത്തിനിടയിൽ അവർ സ്ഥാനം ഉറപ്പിച്ചു. മരണത്തിന്റെ കൈ പോലെ ഒരു വാഴയില കുന്തിച്ചിരുന്ന് ഉന്നം പിടിക്കുന്ന മാലിങ്ക നെ പകുതിയിലധികം കവച്ചു വെച്ചു. കായ സഞ്ചി തുറന്നു ഡപ്പിയെടുക്കുമ്പോഴും,തോക്കിന്റെ വായ് വട്ടത്തിലേക്ക് വെടിച്ചില്ല് നിറക്കുമ്പോഴും ശബ്ദം പുറത്തു വരാതിരിക്കാൻ എല്ലാവരും ശ്രദ്ധിച്ചു. ഇരുമ്പ് കോലിനിടയിൽ വെടിച്ചില്ലുകൾ പരമാവധി ടൈറ്റായി എന്ന് ഉറപ്പിച്ച്, മാലിങ്കൻ ഇരുട്ടിലേക്ക് തോക്ക് നീട്ടിയതും നിശബ്ദതയെ ഭേദിച്ച് ഒരു ഉഗ്രൻ പന്നി തോക്കിനു മുന്നിൽ വട്ടം നിന്നതും ഒരുമിച്ചായിരുന്നു. ആദ്യത്തെ ആച്ചിൽ തന്നെ മാലിങ്കൻ പന്നിയെ അടിച്ചിരുന്നെന്ന് മൃഗം മുക്രയിട്ട് കൊണ്ട് രണ്ട് ചാൽ ഓടിയപ്പോൾ മാത്രമാണ് ബാക്കിയുള്ളവർക്ക് ബോധം വന്നത്. തൊട്ടുമുന്നിലെ വാഴപ്പോളയിൽ തേറ്റ മുട്ടിക്കാനുള്ള ത്രാണി പോലും അതിനു ണ്ടായിരുന്നില്ല. ഇടതു കഴുത്തിന്റെ തൊട്ടു താഴെ മാലിങ്കൻ അതിന്റെ മരണം അടയാളപ്പെടുത്തി. ചോരയിൽ കുളിച്ച ഇറച്ചിയുടെ കൊഴുപ്പിൽ വെടിച്ചില്ലുകൾ ചെങ്കൊടിയിലെ നക്ഷത്രങ്ങളെപ്പോലെ വെട്ടിത്തിളങ്ങി.

ഏറെ നേരത്തെ അധ്വാനത്തിനൊടുവിൽ അവർ അതിനെ ചാലിന്റെ കരയിൽ എത്തിച്ചു. നനവില്ലാത്ത ഇടം നോക്കി, ഉണങ്ങിയ ചേരലിലകൾ അടിച്ചുകൂട്ടി പന്നിയെ കിടത്തി. സഞ്ചിയിൽ കരുതിയ മടവ കത്തിയെടുത്ത് നനകല്ലിലുരച്ച് മൂർച്ച കൂട്ടി. വെടിച്ചില്ല് കൊണ്ട് കരിഞ്ഞ ഭാഗം വെട്ടി മാറ്റി, തോലടർത്തി, ഇറച്ചി സൈസാക്കി. അപ്പോഴേക്കും അശോകനും ദിനേശനും അണക്കെട്ടും കാലിൽ അടുപ്പ് സെറ്റാക്കി തീ പിടിച്ചിരുന്നു. അക്കരമലെ വാഴതോട്ടത്തിൽ നിന്നും വെട്ടികൊണ്ട് വന്ന വാഴയിലയിൽ ഇറച്ചി ഉണ്ടങ്ങൾ പൊതിഞ്ഞ് അടുപ്പത്തു വെച്ചു. പാതി വെന്ത അവത്തിറച്ചിയുടെ മണത്തിനായി മാലിങ്കൻ മൂക്ക് വിടർത്തി. വേവ് പാകമായെന്നുറപ്പായപ്പോൾ വിറകു കൊള്ളി വലിച്ച് ഇറച്ചിയും കനലും വേർതിരിച്ചു. ബണ്ണൂർ പറ്റിയ കഷണങ്ങൾ കുറുക്കുട്ടിയിലയിൽ തുടച്ച് വൃത്തിയാക്കി കഴിക്കാൻ തുടങ്ങവേ,അശോകന് ഉറാൻ മുട്ടി. അകത്തേക്ക് കൊണ്ടുപോയ ആദ്യ കഷ്ണം തന്നെ തിരികെ വെച്ച് അവൻ വാഴത്തോട്ടത്തിലേക്കോടി.

കരളിന്റെ അധികം വേവാത്ത ഭാഗം പങ്കിടുന്നതിനിടയിൽ ബാക്കിയുള്ളവർ അതത്ര ശ്രദ്ധിച്ചില്ല. മൂന്ന് ഗ്ലാസിൽ വാവട്ടം നിറയെ റാക്ക് പൊട്ടിച്ചൊഴിച്ച് മൂവരും ഒറ്റവലിക്ക് മോന്തിയതോടെ ബോധത്തിന്റെ കിളികൾ അവരിൽ നിന്നും പറന്നകന്നു. മാലിങ്കൻ പാടിയ വായിതാരിക്ക് ബാക്കി രണ്ടുപേരും ചുവട് വച്ചു. ' ആ നാരായണ വാസുദേവാ..' കയറ്റിയുടുത്ത ലുങ്കി മാടികെട്ടിക്കൊണ്ട് അശോകൻ ഇതിനിടയിലേക്ക് കയറി വന്നു. നീക്കിവെച്ച ഇറച്ചിയും കള്ളും ദിനേശൻ എടുത്തു കൊടുത്തു. എന്നാൽ അശോകൻ അത് കഴിച്ചില്ല.' ഉറ്റലായിന്ന് തോന്ന്ന്ന്. എനിക്ക് ബേണ്ട.' ഇതുകേട്ട് ബാക്കിയുള്ളവർ ഉറക്കെ ചിരിച്ചുകൊണ്ട് അവന്റെ ഓഹരി കൂടി വാങ്ങി വായിലിട്ടു.തൊണ്ട കുഴിയിലൂടെ റാക്കിന്റെ എക്സ്പ്രസ്സുകൾക്ക് വഴിയൊരുക്കി.

ആഘോഷങ്ങൾക്കൊടുവിൽ കലാശക്കൊട്ടെന്നപോലെ അടുപ്പിലേക്ക് മൂത്രമൊഴിച്ച് ബാക്കി വന്ന കുപ്പിയും ഇറച്ചിയും തിരിച്ച് സഞ്ചിയിലാക്കി വീടുപറ്റാൻ വട്ടം കൂട്ടി. നടക്കുമ്പോൾ ഊർന്നുപോകുന്ന മുണ്ട് നേരെയാക്കാൻ മാലിങ്കൻ കയ്യിലെ തോക്ക് അശോകന് നേരെ നീട്ടി.എന്നാൽ വേട്ട കഴിഞ്ഞ തോക്ക് തൊടാൻ തനിക്ക് പേടിയാണെന്ന മുൻകൂർ ജാമ്യത്തോടെ അശോകൻ ഒഴിഞ്ഞു മാറി.

ഇതിനിടയിൽ കമാരേട്ടന്റെ തെങ്ങിൻതോപ്പ് കടക്കുമ്പോൾ മാലിങ്കന് അമ്മിണിയെ കാണണം എന്നൊരാശ തോന്നി. തോക്കും കുഞ്ചിയിലിട്ട്, വെടിചില്ല ഡപ്പി അരയിൽ ചെരുത്തി അയാൾ കുന്നു കേറി. ബാക്കി മൂന്നു പേരും ആലാമിച്ചന്റെ തോട്ടമെത്തിയപ്പോൾ മൂന്നു വഴിക്കായി പിരിഞ്ഞു.

അശോകൻ ഇറച്ചി തിന്നാഞ്ഞതും തോക്കു തൊടാഞ്ഞതും എന്തുകൊണ്ടാണെന്ന് ഇപ്പോൾ മാലിങ്കന് തിരിപാട് വന്നു. സുധാകരന്റെ ഫോൺ കരയുന്നത് കേട്ടതും മാലിങ്കൻ സ്വബോധം വീണ്ടെടുത്തു. 'അശോകനാന്ന് ' സുധാകരൻ അതിശയം കൂറി. മാലിങ്കന്റെ മുഖത്തുനോക്കി അവൻ ഫോൺ അറ്റൻഡ് ചെയ്യാൻ കാത്തു നിന്നു.'ഓനോട് ഇങ്ങോട്ട് ബെരാൻ പറ. ഓന സ്റ്റേഷനില് കണ്ട കാര്യം ഇപ്പൊ പറയണ്ട ' മാലിങ്കൻ മുരടനക്കി.അശോകൻ ഫോണെടുത്തത് തന്നെ ഒരു ക്ഷമാപണത്തോടെയായിരുന്നു. നാടയിലെ ഒരു ദുബൈക്കാരന്റെ വക ഒരു കുടിക്കൂടൽ പാർട്ടിയുണ്ടായിരുന്നെന്നും, താനിതുവരെ കോട്ടപുറം ഹൗസ് ബോട്ട് യാത്രയിലായിരുന്നെന്നും അവൻ പറഞ്ഞു. ഒരു മണിക്കൂർ മുൻപേ നീലേശ്വരത്തെത്തി. ഫോൺ ചാർജ് ചെയ്തു. ഇപ്പോൾ നളന്ദയിൽ കാരാക്കോട്ടേക്ക് വരുന്നുണ്ടെന്നും ഒറ്റ ശ്വാസത്തിൽ പറഞ്ഞു തീർത്തു. കാ രാക്കോട്ടു നിന്ന് അച്ചുതേട്ടന്റെ റബ്ബർ തോട്ടത്തിലേക്ക് കയറി വരാൻ സുധാകരൻ അവനോട് ആവശ്യപ്പെട്ടു. കാര്യം അന്വേഷിച്ചപ്പോൾ എത്തിയിട്ട് പറയാം എന്ന് പറഞ്ഞ് ഫോൺ കട്ട് ചെയ്തു.

പൊടുന്നനെ മാലിങ്കന്റെ ദേഹത്ത് ഒരു കുളി കൂടി. മുകളിലെ ഷീറ്റിനിടയിൽ അയാളുടെ വിരലുകൾ എന്തിനോ വേണ്ടി തിരഞ്ഞു. ഒരു ഡപ്പി മൂലയിൽ നിന്നും വലിച്ചെടുത്ത് അയാൾ തുറന്നു നോക്കി. അന്നത്തെ വെടിച്ചില്ലിൽ ഒരു ഔൺസ് ഇനിയും ബാക്കിയുണ്ട്. തോക്കിൻ കുഴലിലേക്ക് വെടിമരുന്ന് നിറച്ച് മാലിങ്കൻ സുധാകരനെ നോക്കി. തിണ്ണ ചാടി കടന്ന് മെഷീനിടയിൽ നിന്നും ഒരിരുമ്പ് കമ്പി വലിച്ചെടുത്ത് മാലിങ്കന് നേരെ നീട്ടി. കുഴലിന്റെ വാവട്ടത്തിൽ കോലിട്ട് മരുന്ന് പരമാവധി ടൈറ്റാ ക്കിയതും സുധാകരന്റെ ഫോണിൽ വീണ്ടും അശോകന്റെ ഫോൺകോൾ.

നിങ്ങ ഓട്ത്തു ഞാൻ റബ്ബറിലെത്തി. നിങ്ങക്കൊര് കോള്ണ്ട്. എത്തീറ്റ് പറയാ' അവന്റെ മാഞ്ഞാളം കേൾക്കാതെ ഷെഡ്ഡിലേക്കുള്ള വഴി പറഞ്ഞു കൊടുത്തു.

മുണ്ടിന്റെ കോന്തല ഒന്നുകൂടി മുറുക്കി, മാടിക്കെട്ടി മാലിങ്കൻ തൊ



ട്ടടുത്ത പൊന്തയിലേക്ക് നടന്നു. വലുതെന്തോ വരാൻ പോകുന്നു എന്ന ഭാവത്തോടെ ദിനേശനും സുധാകരനും അയാളെ അനുഗമിച്ചു. കമ്മ്യൂണിസ്റ്റ് കാട്ടു കൾക്കിടയിലൂടെ അശോകന്റെ പാതയെ ഉന്നം വെച്ച് മാലിങ്കൻ തോക്ക് നീട്ടി .ചുരമാന്തി വരുന്ന പന്നി ഇപ്പോൾ തനിക്ക് മുന്നിലെ കടന്നുപോകും എന്ന ഗൗരവത്തിൽ അയാൾ ഏകാഗ്രനായി.

കാട്ടും പടലവും വകഞ്ഞു മാറ്റിക്കൊണ്ട് അശോകൻ ഷെഡിലേക്കുള്ള വഴിയിലെത്തി. പുല്ലുകളിൽ അവന്റെ കാൽ തട്ടി ഉയരുന്ന ശബ്ദം ഒഴിച്ചാൽ തോട്ടം തീർത്തും നിശബ്ദം. അവൻ ഷെ ഡിന്റെ ഒതുക്കുകയറിയതും മാലിങ്കൻ തോക്കടിച്ചതും ഒരേ ആച്ചിലായിരുന്നു. അശോകൻ സ്പോട്ടിൽ കാഞ്ഞു.ഇടത്തെ കഴുത്തിലും നെഞ്ചാം കുടിലും വെടിച്ചില്ലുകൾ തീർത്ത സുഷി രങ്ങളിലൂടെ പ്രാണൻ ഒഴിഞ്ഞു പോയപ്പോൾ അവനൊന്ന് പിടഞ്ഞു. പിന്നെ അനങ്ങിയില്ല.പത്തടി ദൂരത്തു നിന്നുള്ള ഒറ്റനോട്ടത്തിൽ തന്നെ മാലിങ്കൻ അവന്റെ മരണം ഉറപ്പിക്കേ തോട്ടത്തിന് താഴെ നിന്നും ഒരു വിസിലടി കേട്ടു. ആരുടേതാണ് ആ വിസിൽ? തോക്ക് തോളിലിട്ട് തട്ടുകേറിയോ ടുമ്പോൾ അറിയാൻ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും അയാൾ തിരിഞ്ഞു നോക്കിയില്ല.

തന്നെ തിരഞ്ഞു വരുന്ന ശബ്ദങ്ങൾ എത്രയോ അകലെയാണെന്ന് അറിഞ്ഞിട്ടും മാലിങ്കൻ ഓട്ടത്തിന്റെ ഊക്ക് കുറച്ചില്ല.വിക്രമാദിത്യൻ പേറുന്ന വേതാളത്തെ പോലെ തോളിൽ ഞാത്തിയിട്ട തോക്ക് ഓരോ കുതിപ്പിലും അയാളിൽ അധികഭാരം ഇറക്കിവെച്ചു. രാവിലെ കുടിച്ച കള്ള ത്തിന്റെ വെള്ളമല്ലാതെ വയറ്റിൽ യാതൊന്നുമില്ല. കുടലിൽ നിന്നും എന്തോ ഒന്ന് നെഞ്ചിലേക്ക് ഉരുണ്ടു കയറുന്നത് അയാൾ അറിഞ്ഞു.എന്നിട്ടും,കാലുകൾ ലക്ഷ്യമില്ലാതെ ഓട്ടം തുടർന്നു. ഒടുക്കം വെടി തീർന്ന വാണക്കോൽ പോലെ ഒരു വാഴ തടത്തിലേക്ക് കൂപ്പുകുത്തി. എത്രനേരം ആ കിടപ്പുകടന്നു എന്ന് ഓർമ്മയില്ല. ബോധത്തിന്റെ കിളികൾ അയാളിലേക്ക് താണു പറന്നപ്പോൾ നേരം ഇരുട്ടിയിരുന്നു. മണ്ണിൽ പുതഞ്ഞ കമ്പായം അരയിലേക്ക് തിരികെ ചുറ്റി അയാൾ വാഴ തടത്തിൽ എഴുന്നേറ്റിരുന്നു. തനിയെ ശ്വസിക്കാം എന്നായപ്പോൾ ഒരു ചെമ്പ് വായു അകത്തേക്ക് വലിച്ചെടുത്തു.

നെഞ്ചാം കൂടിൽ വട്ടം കറങ്ങി അതിന്റെ ഉച്ഛ്വാസം പുറത്തേക്ക് വരും മുമ്പേ,ഒരു മണം അയാളിലേക്ക് കാലിറക്കി വെച്ചു. കാട്ടുപന്നിയുടെ ചെന. അയാൾ വേഗം തോക്കെടുത്ത് ചുറ്റും കണ്ണ് പായിച്ചു.ഏറിയും കുറഞ്ഞും വരുന്ന ഇരുട്ടിൽ പോലും അത് അശോകന്റെ തോട്ടമാണെന്ന് തിരിച്ചറിയാൻ അയാൾക്കധികം സമയം വേണ്ടിവന്നില്ല. ഓട്ടത്തിനിടയിൽ അരയിൽ ചെരുതിയ ഡപ്പിക്കായി വിരലുകൾ കോന്തല തിരഞ്ഞു. അത് ശൂന്യമാണെന്നറിഞ്ഞപ്പോൾ താനിത്ര നേരം ചുമന്നു കൊണ്ടിരുന്നത് ഒരു ശവത്തെയാണെന്ന് മാലിങ്കന് തോന്നിപ്പോയി. കമ്മ്യൂണിസ്റ്റ് പച്ചകളിൽ നിന്നും പുറത്ത് ചാടിയ ശബ്ദം അയാളുടെ സ്വബോധത്തിലേക്ക് കല്ലെറിഞ്ഞു. ഇരുട്ടിന്റെ കനം കൂടുന്തോറും ഭയം തുടയിടുക്കുകൾ നനച്ചു. ശരീരത്തിന്റെ വിറയൽ നിയന്ത്രിക്കാൻ പാതിയിൽ പിടിമുറുക്കി.

മരണമടുക്കുന്ന ഇരയുടെ വെപ്രാളം ആസ്വദിച്ചുകൊണ്ട് ഇണയെ നഷ്ടപ്പെട്ട ഒരു കാമുകൻ തനിക്കുനേരെ അടുക്കുന്നതറിയാതെ അയാൾ മുന്നോട്ട് നടന്നു...

**ആദിത്ത് കൃഷ്ണ ചെമ്പത്ത്**
സി.എം.എസ് കോളജ്, കോട്ടയം

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ കഥ

# മന്ദാരൻ

ഓട്ടു കിണ്ണങ്ങൾ ചിലയ്ക്കുന്ന മാതിരിയാണ്, അടിവാരത്ത് നിന്നും കാറ്റിപ്പോൾ വീശുന്നത്, മലയരികെ വീശുന്ന കാറ്റിന് പെണ്ണുങ്ങളുടെ ഉള്ളറിയാൻ കഴിയുന്നുണ്ടാകണം, അതു കൊണ്ടാണല്ലോ കാറ്റവളെ ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തിയത്, ഉറക്കമായിരുന്നില്ല. ഇലയനക്കങ്ങളെ മാത്രം ശ്രദ്ധിച്ച് അയഞ്ഞ വസ്ത്രം പോലെ കുടിലിനുള്ളിൽ കിടക്കുകയായിരുന്നു.

ജനൽ വട്ടത്തിൽ നിന്ന് ഇടക്കിടെ പുറത്തേക്ക് ചെവി കൂർപ്പിച്ചപ്പോൾ കട്ടപിടിച്ച ഇരുട്ടാണ് ചുറ്റുമെന്ന് ചീവീടുകൾ പറഞ്ഞു. ഇരുട്ടിൽ കാട്ടുപൂച്ചകളുടെ പേടിപ്പെടുത്തുന്ന നോട്ടങ്ങളെ പോലെ വെളിച്ചം പുറത്ത് തിളങ്ങുന്നു. പുറത്തെ കയറ്റു കട്ടിലിലിരുന്ന് മന്ദാരൻ ചരസ്സ് വലിക്കുകയായിരുന്നു.മരപൊത്തുകളിൽ നിന്ന് തള്ള കുരുവികൾ തലയെടുക്കുന്നതു പോലെ പൈങ്കുരുവി തലയെടുത്തു.മന്ദാരന്റെ ശ്വാസം അവൾക്ക് വ്യക്തമായി കേൾക്കുന്നുണ്ട്, ഇലകളും പൂക്കളും മരണഭയത്തോടെ പൈങ്കുരുവിയുടെ ചെവിയിലിരുന്നപ്പോൾ ബഹളം വെക്കാൻ തുടങ്ങി,

ആ രാത്രി ഏറെ വൈകിയാണ് ഒറ്റത്തടിയുള്ള മരങ്ങളെ പോലും വിറപ്പിച്ച് നിർത്തുന്ന മഞ്ഞത്ത്, മീശകൾക്ക് വലുപ്പം വെക്കാത്ത രണ്ട് ചെറുപ്പക്കാർ കുഞ്ഞ് മാപ്പിളയെ കണ്ടത്.കവലയിലെ വെളിച്ച ഉണ്ടകൾക്ക് പതിവിലധികം വെളിച്ചം ചൊരിയാൻ അന്നായി. ടാർപ്പായകൾ കുന്നുകൂടിയ സ്ഥലത്തു നിന്ന് കൃത്യമായ ഇടനേരങ്ങളിലൊരു പട്ടി കിടന്ന് കരയുന്നു. അറുപത് കഴിഞ്ഞ കുഞ്ഞു മാപ്പിളയുടെ രോമദേഹം മുഴുവനും റാന്തൽ വെളിച്ചം പറ്റി കിടക്കുന്നു.

"അടിവാരത്തോട്ടുള്ള വഴി ഏതാണ്"?

ചെറുപ്പക്കാർ ചോദിച്ചു. മാപ്പിള ഉറക്കത്തിലായിരുന്നെന്ന വിചാരത്താലാണ് ചെറുപ്പക്കാർ കുഞ്ഞ് മാപ്പിളയെ തട്ടി വിളിച്ചത്. ഉറക്കച്ചടവൊന്നുമില്ലെന്ന് മാപ്പിളയുടെ മറുപടി പറഞ്ഞു."അപ്പോൾ അറിഞ്ഞിലല്ലേ"...

"എന്താണ്"

"അയാളിനി പൂക്കളുണ്ടാക്കുന്നില്ല"

"അതെന്താണ് ഞങ്ങളുടെ കൈയ്യിൽ നിറയെ കാശുണ്ട് അയാൾക്ക് ഞങ്ങളുടെ നാട്ടിൽ പുതിയ തോട്ടം നിർമിച്ചു കൊടുക്കാനും ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്"

കുഞ്ഞു മാപ്പിള അപ്പോൾ പതുക്കെ പറഞ്ഞു.

"അയാൾ കാശിന് പൂക്കൾ വില്ക്കാറില്ല. നിങ്ങളിപ്പോൾ ചെല്ലുക"

മൂവരുടെയും പ്രേത നിഴലാണ് നിരത്ത് മൊത്തം, മാപ്പിള റാന്തലിന്റെ വെളിച്ചം കുറച്ചു.ചെറുപ്പക്കാരെ തിരിച്ചു പറഞ്ഞയച്ചതിനു ശേഷം കുഞ്ഞ് മാപ്പിള കടത്തിണ്ണയിൽ വീണ്ടുമിരുന്നു. ഇനിയും ഇതു പോലെ മന്ദാരനെ തേടി ആളുകൾ വന്നാലൊ.. അന്നാദ്യമായി കുഞ്ഞ് മാപ്പിളയുടെ റാന്തൽ വെളിച്ചം നിരത്തിലെ കള്ള വെളിച്ചങ്ങളോട് തോറ്റ ദിവസമാ



യിരുന്നു.

പീടിക മുറിയോട് ചേർന്ന് കിടക്കുന്ന അയാളുടെ വീടരികെ, മകളായിഷായുടെ പല്ലികൾ ചിലയ്ക്കുന്ന മുറിയിൽ കട്ടിലിനോട് ചേർന്ന് ഒഴിഞ്ഞ പൂക്കൂട. നെഞ്ചിൽ കിടത്തി ആയിഷ അതിലെ ഇരുട്ടിലേക്ക് ഇടക്കിടെ നോക്കുന്നു. ഇരുട്ടിൽ കൂടയിലേക്ക് വരുന്ന കോട്ടെരുമകളുള്ള അവൾ പെറുക്കി ചില്ലു കുപ്പിയിലിട്ട് വെക്കുന്നു. അവളെ പോലെ കോട്ടെരുമകളും ചില്ലുലോകത്തിരുന്ന് വഴുതി വഴുതി വീഴുന്നു.

കുറച്ച് കഴിഞ്ഞാണ് മറ്റൊരാൾ കുഞ്ഞ് മാപ്പിളയെ തേടി വന്നത്, അയാളുടെ രൂപം മാപ്പിള കണ്ടില്ല, വെളിച്ചത്തിലേക്കയാൾ മുഖം തിരിച്ചു പോലുമില്ല പക്ഷെ കൈകൾ അയാൾ റാന്തലിനു മുമ്പിലേക്ക് നീട്ടി പിടിച്ചു."ആരാണ്, കൈയ്യിലെന്താണ്"

മാപ്പിള ചോദിച്ചു.

"പൂക്കൾ അയാളുടെ പ്രിയപ്പെട്ട പൂക്കൾ"ഇരുട്ടത്ത് നിക്കുന്ന അയാളുടെ മുഖത്ത് ചിരി പടർന്നിരിക്കണം.

"നിങ്ങൾക്കെങ്ങനെ കിട്ടി, നിങ്ങൾ കാശ് വല്ലതും കൊടുത്തോ കാശി നൊരിക്കലും അയാൾ വില്ക്കാറില്ല"ഇരുട്ടത്തെ മനുഷ്യൻ കൈ പിൻവലിച്ചു.അയാളുടെ ശബ്ദം മാത്രമേ ഇപ്പോൾ കേൾക്കാൻ പറ്റുന്നുള്ളൂ..

"എനിക്ക് കാശ് കൊടുക്കേണ്ടി വന്നില്ല ഞാനെത്തുന്നതിനും മുന്നേ അയാൾ ചത്ത് പോയിരിന്നു. കുഞ്ഞുങ്ങളെ പോലെ അയാൾ വളർത്തിയ പൂക്കൾ ഉപേക്ഷിച്ച് കൊണ്ട്"ചെറുപ്പക്കാരൻ അതും പറഞ്ഞ് കുഞ്ഞ് മാപ്പിളയുടെ കടയിറങ്ങി, നിരത്തിലേക്ക് പൂക്കൾ കിട്ടിയതിന്റെ സന്തോഷത്തോടെ ഏതോ ഹിന്ദി ഗാനം പാടി അയാൾ നടന്നു .അപ്പോൾ കടമുറിയുടെ മുൻവശത്ത് ആയിഷയുടെ കൈവളകൾ കരഞ്ഞു.

ഇന്നത്തേക്ക് ഇരുപത് ദിവസം മുൻപാണ് ആയിഷ മന്ദാരന്റെ മലയരികെ പോയത്, അപ്പോൾ ഈറ്റ കുടിലിന്റെ മുൻവശത്ത് വിരിച്ചിട്ട അയയിൽ പിള്ളേരുടെ കുസൃതിനാക്കുപോലെ രണ്ട് ലുങ്കികൾ കാറ്റിൽ കളിക്കുന്നുണ്ടായിരുന്നു.മന്ദാരനെ കാണുന്നില്ല, അയാൾ കിടക്കാറുള്ള കയറ്റു കട്ടിലിനരികെ പാതി നനഞ്ഞ മൺചെട്ടികൾ. ആയിഷ വിളിച്ചു പറഞ്ഞു.

"എനിക്കൊരു കൊട്ട മന്ദാരങ്ങൾ വേണം"

"ഇന്നും നിനക്ക് മന്ദാരം തന്നെയാണൊ വേണ്ടത്"

ആയിഷയുടെ വരവറിഞ്ഞ പോലെ മന്ദാരൻ പെട്ടെന്നു തന്നെ പറഞ്ഞു. അപ്പോൾ ആയിഷ ശബ്ദം കേട്ട ഭാഗത്തേക്ക് തെറിച്ചു. കുടിലിന് പിന്നിൽ ദേഹം മുഴുവനും മണ്ണു പറ്റി നില്ക്കുകയായിരുന്നു മന്ദാരൻ. അയാൾ ചെടിച്ചട്ടികളിൽ നനഞ്ഞ മണ്ണ് നിറക്കുന്നു.

"എനിക്കല്ല"

"പിന്നെ?"

"ഒറ്റ കാലുള്ള കിഴവി എന്നെ കാത്ത് കവലയിൽ ആൽമരച്ചോട്ടിൽ കാത്തിരിക്കുന്നു"

"ശരി... ശരി"

മന്ദാരൻ കിഴവിക്ക് കൊടുക്കാനായി അഞ്ചാറ് മന്ദാരപൂക്കൾ പറിച്ചു കൊടുത്തു."ഇത് കൊണ്ടു പോയി കൊടുക്കൂ.. ആ കിഴവിക്ക് പൂക്കൾ എന്തിനാണ്, ഈ പ്രായത്തിൽ"

ആയിഷ തിരുത്തി"തെറ്റ്"പൂക്കൾ തലയിൽ ചൂടാൻ പ്രായം ഒരു തട

സ്സമല്ലെന്ന് മന്ദാരൻ തന്നെയാണ് പറഞ്ഞത്. താൻ പറഞ്ഞതിനെ കുറിച്ചോർത്ത് മന്ദാരന് ജാള്യത തോന്നി. കിഴവിക്ക് പൂക്കൾ കൊടുത്ത് തിരിച്ച് വന്നപ്പോഴേക്കും കുടിലിനുള്ളിൽ ഇരുട്ട് കവിഞ്ഞു. ആയിഷ ഉള്ളിലേക്ക് കയറി.

"പനിക്കുന്നുണ്ടല്ലോ"മന്ദാരന്റെ തലയിൽ ആയിഷ കൈവെച്ചു.

"ആയിഷാ... കൈമാറ്റു കുളിരുന്നു"മന്ദാരൻ പറഞ്ഞു.

"എന്തുണ്ടായി"അകലെ നിന്ന് മലയിറങ്ങി പോകുന്ന ആട്ടിൻ കൂട്ടങ്ങളുടെ കിലുക്ക മണികളുടെയൊച്ച.മന്ദാരൻ വളരെ രഹസ്യമെന്നോണം ആയിഷയോട് പറഞ്ഞു.

' മഞ്ഞ പൂക്കളുടെ ലോകം എന്നെ കാത്തിരിക്കുന്നു ആയിഷ .."

അന്ന് കുടിലിൽ നിന്ന് പുറത്തിറങ്ങിയ ആയിഷയെ മന്ദാരന്റെ പൂക്കൾ ഉറ്റുനോക്കി.

അകത്തെന്താണ് സംഭവിച്ചത്? മന്ദാരന് എന്തു പറ്റി? പാതിരാത്രി വരെ പൂക്കൾക്കൊപ്പം ഇരിക്കാറുള്ള മന്ദാരൻ സന്ധ്യയ്ക്കു മുമ്പേ കുടിലിൽ കയറുന്നു. അയാൾ ഇന്ന് നടാനുദ്ദേശിച്ച പൂതൈകൾ മണ്ണിൽ മരിച്ചവരെ പോലെ ഉറങ്ങുന്നു. പൂക്കളുടെ ചോദ്യങ്ങൾക്ക് ആയിഷയ്ക്ക് ഉത്തരമില്ലായിരുന്നു. മന്ദാരന്റെ മലയടിവാരം അവൾ പിന്നിട്ടപ്പോൾ മഞ്ഞ പൂക്കളുടെ ലോകത്തെ കുറിച്ചവൾ ചിന്തിക്കാൻ തുടങ്ങി..

കണ്ണ കാണാത്ത പൈങ്കുരുവി അമ്പലത്തിലെ പൂക്കച്ചവടക്കാരിയാണ്.അമ്പലമുറ്റത്തെ കിഴക്കെ നടയിൽ മാലയും ചാന്തും വില്ക്കുന്ന കച്ചവടക്കരുടെ കടയുടെ മുമ്പിൽ കെട്ടിയ തുണി പന്തലിന്റെ തണലിലാണ് പൂ കൊട്ടകൾ വെച്ചവൾ ഇരിക്കാറ്, എപ്പോഴും കച്ചവടക്കാരൻ അവളെ വഴക്കു പറയും, പൈങ്കുരുവിയെ തെറിവിളിക്കും, പൈങ്കുരുവി കച്ച വടക്കാരന്റെ കടയുടെ നടവഴിയിൽ ഇരുന്നതിനാണ്, പൈങ്കുരുവി കോർത്ത മഞ്ഞ പൂമാലകൾ കച്ചവടക്കാരൻ വലിച്ചെറിയും."കണ്ണ് കാണാൻ വയ്യാത്ത കുട്ടിയല്ലേ" അവളെ തല്ലുന്നതു കണ്ട് ചിലർ വിളിച്ചു പറയും. 'ഇവൾ കണ്ണ് പൊട്ടിയൊന്നുമല്ല അഭിനയിക്കുന്നതാണ് നോക്ക് ഈ കൊട്ടയിൽ അവളെത്ര കൃത്യമായിട്ടാ മാല കോർത്തു വെച്ചിരിക്കുന്നത്"പൈങ്കുരുവിയൊന്നും പറയാറില്ല. കിഴക്കെ നടയുടെ വഴി കഴിയുന്നിടത്തെ ചെമ്പക മരത്തിന്റെ ചുവട്ടിൽ പോയി ഇരിക്കും. അപ്പോൾ തൊഴു കാനും മറ്റുമായി വന്ന കുഞ്ഞിപ്പെണ്ണുങ്ങൾ പൈങ്കുരുവിക്ക് ചുറ്റും കൂടും. കുഞ്ഞിപ്പെണ്ണുങ്ങൾക്കായി പൈങ്കുരുവി പാട്ട് പാടും.

"എന്ത് രസായിട്ടാ പാടണേ.."കുഞ്ഞിപ്പെണ്ണുങ്ങൾ പറയും. കൊട്ടയിലുള്ള പൂമാലകൾ മുഴുവനും അവർക്ക് പൈങ്കുരുവി കൊടുക്കും.

"അക്കാ അടുത്ത പ്രാവശ്യം കാണുമ്പോൾ കൂടുതൽ പൂക്കൾ തരണം, പാട്ടും പാടണം"

"പാട്ട് എത്ര വേണേലും പാടാം പക്ഷെ പൂക്കൾ കിട്ടാനില്ല"

"പൂക്കൾ ഞങ്ങൾ തന്നാലൊ"

"അതു വേണ്ട"പൈങ്കുരുവി മെല്ലെ ചിരിക്കും.

വൈകുന്നേരങ്ങളിൽ അവൾ മന്ദാരന്റെ ഈറ്റ കുടിലിന് മുമ്പിൽ ചെന്ന് നിക്കും. അപ്പോളവൾക്ക് വൈകുന്നേര ചുവപ്പിന്റെ നിറം. മന്ദാരൻ അവൾക്ക് വേണ്ടി പൂക്കൾ നിറക്കുകയായിരുന്നു,

"ഇന്നും നീ അവർക്ക് മുഴുവൻ പൂക്കളും കൊടുത്തു വല്ലേ..."

"ആരെ കുറിച്ചാണ് പറയുന്നത്"?

"ചെമ്പകച്ചോട്ടിൽ നിന്നെ കാണാൻ വരാറുള്ള പെണ്ണുങ്ങൾക്ക്"

പൈങ്കുരുവി അതെ യെന്നർത്ഥത്തിൽ മൂളി.

"നീ നല്ലൊരു കച്ചവടക്കാരിയല്ല ഞാനും"മന്ദാരൻ പറഞ്ഞു.

മന്ദാരന് വേണ്ടി പൈങ്കുരുവി പാടി. മന്ദാരനോടൊപ്പം പൂക്കളും ചിരിക്കുന്നതായി പൈങ്കുരുവിക്ക് തോന്നി.

"ഇത് കൂടി നിറക്ക് ഈ കൂട നിറഞ്ഞില്ല"പൈങ്കുരുവി പറഞ്ഞു.മന്ദാരൻ ചിരിച്ചു.

ആ കച്ചവടക്കാരൻ പറഞ്ഞതാണ് ശരി. കണ്ണു കാണില്ലെന്ന് നീ കള്ളം പറയാണെന്ന്"

പൈങ്കുരുവിയോടൊപ്പം അന്തിവെട്ടങ്ങളും അപ്പോൾ ചിരിച്ചു. രാത്രിയായപ്പോൾ നിറയെ പൂക്കളുമായി അമ്പലം ലക്കാക്കി അവൾ മന്ദാരന്റെ അടിവാരമിറങ്ങി. പൂകൊട്ടകളിലെ മന്ദാരന്റെ പൂക്കൾ അപ്പോളവളെ ഉമ്മ വെക്കാനായി ചാടി വീഴുന്നതായി തോന്നി.

മന്ദാരന് പിത്തം പിടിച്ചതിന്റെ പിറ്റേന്നു രാത്രി കവലയിൽ ഒരു മോഷണമുണ്ടായി. കുഞ്ഞ് മാപ്പിളയുടെ കടയിലായിരുന്നു. വീട്ടിൽ കിടന്നുറങ്ങുകയായിരുന്ന മാപ്പിളയും ആയിഷയും കടയുടെ ഭാഗത്ത് നിന്ന് ശബ്ദം കേട്ടാണ് പുറത്തിറങ്ങിയത്, വെപ്രാളപ്പെട്ട് വിളക്കമെടുത്ത് പുറത്തിറങ്ങിയപ്പോൾ കടയുടെ മുൻഭാഗം മുഴുവനും പൊളിഞ്ഞു കിടക്കുന്നു. കുഞ്ഞ് മാപ്പിളയുടെ ഹൃദയം അപ്പോൾ ചോർന്നു പോയി. മാപ്പിള അലമുറയിട്ട് കരഞ്ഞു. അയാളുടെ സാമാനങ്ങൾ മുഴുവനും നശിപ്പിക്കപ്പെട്ടിരുന്നു.രാത്രിയിൽ വരുന്ന വഴിക്കാർക്ക് വേണ്ടി കടയുടെ മുൻപിൽ അയാൾ നാട്ടാറുള്ള വെളിച്ചുണ്ണിലെ റാന്തൽ മാത്രം അയാളെ നിസ്സംഗതയോടെ നോക്കി.ആരാണ് കുഞ്ഞ് മാപ്പിളയുടെ കട തല്ലി പൊളിച്ചത്? സാമാനങ്ങൾ മോഷ്ടിച്ചത്? എന്ന് മപ്പിളയ്ക്കും നാട്ടാർക്കും അറിയാൻ സാധിച്ചില്ല." ഇരുട്ട്, നിഴൽ എന്നിങ്ങനെ പോലീസ് ഏമാൻമാരോട് അയാൾ പറഞ്ഞു." ഞങ്ങൾക്കെങ്ങനെ ഇരുട്ടിനെയും നിഴലിനെയും അറസ്റ്റ് ചെയ്യാനാകും എന്നും പറഞ്ഞ് പോലീസ് കാർ കയ്യൊഴിയുകയും ചെയ്തു. അയാൾ രാത്രികളിൽ പൊളിഞ്ഞ തന്റെ കടയിൽ ഒറ്റക്കിരിക്കാൻ തുടങ്ങി. ഇടയ്ക്ക് അയാൾ നിലവിളിക്കുമ്പോൾ ആയിഷ അയാളെ വീട്ടിലേക്ക് കൂട്ടികൊണ്ടുവരും.മാപ്പിളയുടെ നരച്ച തലതലോടി അയാളെ പതിയെ പതിയെ ഉറക്കും.

മന്ദാരന് കഞ്ഞി കൊണ്ടുപോയി കൊടുക്കുമ്പോൾ ആയിഷ ഇക്കാര്യം പറഞ്ഞു.മന്ദാരൻ ആശ്ചര്യപ്പെ



ട്ടു. അയാളൊരു മോഷണത്തിന്റെ കഥ ആദ്യം കേൾക്കുകയാണെന്ന് തോന്നി.മന്ദാരൻ പുതച്ചിരുന്ന പുതപ്പ് മാറ്റി. കണ്ണ് മഞ്ഞ ഗോളങ്ങളെ പോലെ

"എന്നെ ഒന്ന് പുറത്തിരുത്താമൊ"?

"ക്ഷീണിച്ചാൽ പ്രശ്നമാകും"

"ക്ഷീണിക്കില്ല"

ആയിഷ മന്ദാരനെ പുറത്തെ കയറ്റു കട്ടിലിൽ കൊണ്ടു പോയി ഇരുത്തി. വീശുന്ന കാറ്റയാളെ മരവിപ്പിച്ചു."മോഷ്ടാക്കളെ തിരിച്ചറിഞ്ഞില്ലേ..."

"ഇല്ല"ആയിഷ പറഞ്ഞു.

"അവർ പൂക്കൾ കക്കുന്നവരാണൊ"? അത്രയും നേരം മന്ദാരനിലുണ്ടായ ഭയം അപ്പോഴാണ് അയാൾ പറഞ്ഞത്

"പൂക്കൾ കട്ട ചരിത്രമുണ്ടോ?"ആയിഷ ചോദിച്ചു.

"ആയിഷ നിനക്കറിയാഞ്ഞിട്ടാണ്, പൂക്കളില്ലാത്ത ദേശം ഒന്ന് സങ്കല്പിച്ച് നോക്കു"

മന്ദാരൻ പറഞ്ഞു.

"എനിക്ക് സങ്കല്പിക്കാൻ കഴിയുന്നുണ്ട്"ഈറ്റ കുടിലിന്റെ ചെറു ഓട്ടകളിലൂടെ അകത്ത് ക്കൂട് കുട്ടി തേനീച്ചകൾ മന്ദാരന്റെ പൂക്കളെ ലക്കാക്കി പാറി .മന്ദാരൻ ചിരിച്ചു.

"ചത്തവരുടെ ദേശം എന്ന് പറയൂ അതിനെ"

ആയിഷ പോകുന്ന വരെയും അയാൾ കയറ്റു കട്ടിലിലിരുന്നു. ഉള്ളിലേക്ക് കിടക്കാൻ മന്ദാരൻ സമ്മതിച്ചില്ല"പൈങ്കുരുവി വരും"

പൈങ്കുരുവിയുടെ ഒച്ചയുള്ള കൊലുസ് ചിലച്ചു കൊണ്ട് വന്നപ്പോൾ മന്ദാരനെണീറ്റു.

"പൈങ്കുരുവീ"..

"എന്തുണ്ടായി"

"നീ ഇന്ന് ഇവിടെ നില്ക്കു കണ്ണ് കാണാത്തവർക്ക് നന്നായി കേൾക്കാൻ സാധിക്കുമെന്ന് കേട്ടിട്ടുണ്ട്"

അന്ന് പാതിരാവോളം മന്ദാരന് വേണ്ടി പൈങ്കുരുവി പാടി. മന്ദാരനും പൂക്കളും അത് കേട്ട് വിടർന്നു. തണുപ്പ് അയാളുടെ തൊണ്ട കുഴിയിലിരുന്ന് ചുമച്ചു.കണ്ണുകൾ തളർന്നു. പൈങ്കുരുവി പാട്ട് നിർത്തി.മന്ദാരനെ കുടിലിനുള്ളിലേക്ക്, കട്ടിലിലേക്ക് കിടത്തി. മരുന്ന് വേണ്ടയെന്ന് അയാൾ ശഠിച്ചു."പൈങ്കുരുവിയുടെ പാട്ട് മതി"മന്ദാരൻ പറഞ്ഞു.

ദേശാനക്കിളികൾ വന്നിരിക്കാറുള്ള ഏറുമാടത്തിന്റെ മുകളിൽ ഒരു നനഞ്ഞ രാവിലെയിൽ കിളികൾക്ക് തീറ്റയിട്ട് കൊടുക്കുകയായിരുന്നു മന്ദാരൻ, ചെറിയ ഏറുമാടമാണ്, അതിന്റെ കയറേണി താഴ്ച്ചയിൽ വീഴുന്നവനെ പോലെ തോന്നിച്ചു. താഴെയുള്ള മൺറോഡിൽ ഒരാടിന്റെ മുരൾച്ചയോടെ ഒരു ജീപ്പ് വന്നു നിന്നു.മന്ദാരൻ കയറേണിയിറങ്ങി. പൈങ്കുരുവി എപ്പോഴാണ് പോയതെന്നറിഞ്ഞില്ല, അവളാണ് മന്ദാരനും കിളികൾക്കും ഇന്നത്തെ തീറ്റയാരുക്കിയത്.

ജീപ്പിൽ നിന്നും കഴുത്ത് കെട്ടിയിട്ട പെണ്ണാട് കരയുന്നു. മലയരി കെ ചിരിക്കുന്ന ആടുകളുടെ ശബ്ദമേ മന്ദാരൻ കേട്ടിട്ടുള്ളൂ. അവർ മന്ദാരന്റെ ചെടികളോരോന്നും നോക്കുന്നു. ദേശാടനക്കിളി കളിൽ ഒന്ന് രണ്ടെണ്ണം അപ്പോൾ പാറി പോയി.

"ഞങ്ങൾക്ക് കുറച്ച് ചെമ്പരത്തിപ്പൂക്കൾ വേണമായിരുന്നു"

"ഇവിടം കച്ചവടം ചെയ്യാറില്ല"

"പൂക്കൾ തരാതിരിക്കാൻ നിങ്ങൾക്ക് കഴിയില്ലല്ലോ, പ്രത്യേകിച്ച് അതെന്തിനാണെന്ന് പറഞ്ഞാൽ, കെട്ടിയിട്ട ഞങ്ങടെ പെണ്ണാടിനെ

നോക്കൂ അതിന്റെ കുരുതിയാണ് അതിന് ചെമ്പരത്തികൾ വേണം "അവർ പറഞ്ഞു.

"- നോക്കൂ ചെമ്പരത്തി കൾ വിരിയു ന്ന സമയമല്ല"മന്ദാരൻ പറഞ്ഞു.

"ഞങ്ങൾക്ക് രണ്ടാഴ്ച്ചക്കകം മതി യാകും തന്നില്ലെങ്കിൽ ഒരു പൂക്കാര നും ചെയ്യാത്ത വലിയൊരപരാധം ആണ് നിങ്ങൾ ചെയ്യുന്നതെന്നോർ ത്താൽ മതി"

അപ്പോഴും കരഞ്ഞുകൊണ്ടിരുന്ന ആടിനെയടക്കി ജീപ്പുമായി അവർ പോയപ്പോൾ മന്ദാരൻ ഓർത്തു. പൂക്കൾ ഉണ്ടാക്കുക, കുഞ്ഞുങ്ങളെ പോലെ തോട്ടങ്ങളിൽ പരിപാലി ക്കുക, അതിനപ്പുറം ഒരു പൂക്കാരനും ഒന്നും ചിന്തിക്കരുത്,

അയാൾ പിറ്റേന്ന് ചെമ്പരത്തി കൾക്ക് കുഴികുത്തി. നല്ല തൈകൾ നോക്കിയെടുക്കാൻ ആയിഷ യോട് പറഞ്ഞു.പതിവുപോലെ മന്ദാരന് ചോറുമായി വന്നപ്പോഴായിരുന്നു. എന്തിനാണ് ചെമ്പരത്തി പൂക്കൾ ഇപ്പോൾ വളർത്തുന്നതെന്നും, അസുഖം മാറിയിട്ട് പുതിയതൊന്ന് നട്ടുപിടിപ്പിക്കാം എന്ന് ആയിഷ പറഞ്ഞപ്പോൾ മന്ദാരൻ അത് കേട്ടതായി പോലും ഭാവിച്ചില്ല. വിരി യരുതെന്ന വിചാരത്താൽ അയാൾ നട്ടുപിടിപ്പിക്കുന്ന ആദ്യത്തെ പൂ ക്കളായിരിക്കണം അത്. ആയിഷ തൈകളെടുത്തു.മന്ദാരൻ പറഞ്ഞതു പോലെ കുഴികുത്തി, വെള്ളമൊഴിച്ചു. കണ്ണീരൊഴുകുന്ന പോലെ അവ യൊഴുകി മറ്റ് പൂക്കളുടെ കുഴികളിൽ നിറഞ്ഞു.

അന്ന് ആയിഷക്ക് കവലയിലെ ആൽമരച്ചുവട്ടിൽ രണ്ട് വിരുന്നുകാ രുണ്ടായിരുന്നു ചോന്നുട്ടപ്പിട്ട് മുടി കെട്ടിയ രണ്ട് പാവാട കുട്ടികൾ, അവർ ആയിഷയോട് പൂക്കളുടെ കാര്യം പറഞ്ഞു.ചെമ്പരത്തി പൂ ക്കൾ.

"നട്ടിട്ടേയുള്ളൂ പിള്ളേരെ രണ്ടാഴ്ചയെ ങ്കിലും കഴിയട്ടെ"

"സാരമില്ല ഞങ്ങളുടെ സ്കൂൾ തൊറ പ്പിന്റന്നുമതി"

പെൺകുട്ടി കൾക്കും ചെമ്പരത്തി പൂക്കൾ കൊടുക്കാമെന്ന് ആയിഷ യേറ്റു.

മന്ദാരനോട് ആയിഷ പെൺകുട്ടിക ളുടെ കാര്യം പറഞ്ഞു.

"അവരോട് പറയാർന്നില്ലേ തരാൻ പറ്റില്ലെന്ന് "

"തെറ്റ്.." ആയിഷ തിരുത്തി ."വിരി യുന്ന പൂക്കൾക്ക മേൽ പൂ ക്കാരന് ഒരവകാശവും ഇല്ലെന്ന് പറഞ്ഞ തോർമയില്ലേ..."ആയിഷയുടെ മുമ്പിൽ മന്ദാരൻ പിന്നെയും ചൂളി.

കുഞ്ഞ് മാപ്പിള പോയ സമാനങ്ങളെ കുറിച്ച് പിന്നെ ചിന്തിക്കാതെയായി. ചന്തയിൽ പോയി പുതിയ കടയി ലേക്ക് സാമാനങ്ങൾ വാങ്ങാൻ അയാളുടെ കൈയ്യിൽ പണമില്ല, പൊട്ടിയ ഓടുകൾ മാറ്റാൻ,കടയിലെ മരകസേരകൾ പുതുക്കി പണിയാൻ,

അയാൾ ആയിഷയുടെ കഥാപുസ്ത കങ്ങൾ വായിച്ച് നേരം നീക്കി. ഉമ്മറത്ത് വെണ്ടയും ചീരയും നട്ടു പിടിപ്പിച്ചു.കടത്തിണ്ണയിലിരുന്ന് ആയിഷയുടെ വരവു പോക്കുകൾ നോക്കി.

കടയിൽ അയാളെന്നും ബിസ്കറ്റ് കൊടുക്കാറുള്ള പട്ടി കുട്ടികൾ മാത്ര മിരിക്കും, രാത്രി തണുപ്പടിക്കാതിരി ക്കാൻ കിടക്കാനായി അയാളവയ്ക്ക് ടാർപ്പായി കൊണ്ടൊരു കൂനപണി തു.മന്ദാരൻ ചെമ്പരത്തി പൂക്കൾ വളർത്തുന്നത് കാശിന് വേണ്ടിയാ ണെന്നും പുറംദേശത്തുള്ളവരുമായി അയാൾ കച്ചവടം ഉറപ്പിച്ചെന്നും കുഞ്ഞു മാപ്പിള എങ്ങനെയോ അറി ഞ്ഞു.

ഉടഞ്ഞ കുപ്പിവളകൾ നിലത്ത് നിന്ന് ആയിഷ ദേഷ്യപ്പെട്ടുകൊ ണ്ട് പെറുക്കുന്ന സമയത്ത്, കട്ടിള വാതിൽ പേത്ര കരച്ചിലോടെ തുറന്നു. ആയിഷയുടെ വെട്ടം തീരെ കുറഞ്ഞ മുറിക്കത്ത് വന്ന് മാപ്പിള മന്ദാരന്റെ കാര്യം ചോദിച്ചു.

"ബാപ്പയോടാരെങ്കിലും കള്ളം പറ ഞ്ഞതായിരിക്കണം"ആയിഷ പറ ഞ്ഞു."ഒരു പൂവും മന്ദാരൻ കാശിന് വേണ്ടി വില്ക്കില്ല"

"മന്ദാരൻ പറഞ്ഞോ?"മപ്പിള ചോ ദിച്ചു."പിത്തം പിടിച്ച അയാൾക്ക് പണത്തിനാവശ്യമുണ്ട് അതിനാണ യാളിപ്പോൾ ചെമ്പരത്തി പൂക്കൾ വളർത്തുന്നത്"കുഞ്ഞ് മാപ്പിള പറഞ്ഞു നിർത്തി. മാപ്പിളയുടെ പ്രേരണയാൽ ഒരോ പൂവിനും പത്തു രൂപ വെച്ച് പെൺകുട്ടികളിൽ നിന്ന് പണ മീടാക്കാൻ ആയിഷ തയ്യാറായി .

ഇറച്ചി പരുന്തുകൾ തനിക്ക വേ ണ്ടിയാണ് പാറുന്നതെന്ന് മന്ദാരൻ പൈങ്കുരുവിയോട് പറഞ്ഞു. ഇല കൾ വളർന്ന ചെമ്പരത്തി ചെടിക്ക് വെള്ളമൊഴിക്കുകയായല്ലരുന്നു പൈ ങ്കുരുവി. ഉമ്മറത്തെ കൽ തൂണിൽ നാട്ടിയ കൂട്ടിൽ നിന്നും മന്ദാരൻ തന്റെ വളർത്തു പ്രാവുകളെ തുറന്നു വിട്ടു. ചിലത് ഈറ്റ കുടിലിന്റെ ആകാശം വിട്ടില്ല.

മഞ്ഞ പൂക്കളിൽ രണ്ട് കീടപ്പൊട്ടു കൾ കടന്നു കൂടിയിട്ടുണ്ടെന്ന് അയാ ളുറങ്ങുമ്പോൾ മന്ദാരൻ പറഞ്ഞു കൊണ്ടിരുന്നു. അത് ആവിഭ്രത ങ്ങളെ പോലെ മുഴക്കച്ചിരിയോടെ കൺവെട്ടത്ത് പാറുന്നു.

ആയിടയ്ക്ക് പൈങ്കുരുവി ചെമ്പക ചോട്ടിൽ വെച്ച് കുഞ്ഞിപ്പെണ്ണുങ്ങ ളെ വീണ്ടും കണ്ടു. കുഞ്ഞിപെണ്ണു ങ്ങൾ ചോദിച്ചു."ഈ പൂക്കൾ ഉണ്ടാ ക്കിയത് മന്ദാരനാണൊ?"

"അതെ"

"ആ മലയടിവാരത്തെ പൂക്കാരൻ"?

പൈങ്കുരുവി തലയാട്ടി.

"അയാൾ പിത്തം പിടിച്ച് ചത്തു പോകുമെന്ന് ഞങ്ങടെ അമ്മമാർ പറയുന്നു.രോഗം മാറ്റാൻ അയാൾ കാശിനു വേണ്ടി അവസാനത്തെ പൂ വിനുള്ള തയ്യാറെടുപ്പിലാണെന്നും"

കുഞ്ഞിപെണ്ണുങ്ങൾക്ക് മുമ്പിൽ പൈങ്കുരുവിക്ക് ഉത്തരം മുട്ടി ."മതി നിർത്തൂ"

പൈങ്കുരുവി കൊടുത്ത പൂക്കൾ അന്ന് കുഞ്ഞിപ്പെണ്ണുങ്ങൾ വാങ്ങി യില്ല .

മന്ദാരൻ കയറ്റുകട്ടിലിൽ വളരെ ക്ഷീണിച്ച് കിടന്നു. ഏറുമാടത്തിലെ ദേശാടന കിളികൾ തീറ്റ കിട്ടാഞ്ഞ് കലപില കൂട്ടുന്നുണ്ടായിരുന്നു."അവറ്റ കളോട് മിണ്ടാതിരിക്കാൻ പറയൂ.... ആ കിളികളെന്റെ ഹൃദയം കൊത്തി

തിന്നുന്നു."മന്ദാരൻ പറഞ്ഞു. പൈങ്കുരുവി പൊട്ടി കരഞ്ഞു.

പാവാട കുട്ടികൾ ആയിഷയെ കാണാൻ വന്നു. വിയർത്ത കൈകളിൽ പൂക്കൾക്കായി അവർ ഒരു ക്കൂട്ടിയ പൈസ കെട്ട്. അവരത് ആയിഷയ്ക്ക് കൊടുത്തു. ആയിഷയത് മരവിപ്പോടെ വാങ്ങി. കാറ്റത്ത് ആൽമരത്തിൽ തൂക്കിയിട്ട കുപ്പിവളകൾ പോലെ ആയിഷയുടെ ഹൃദയം ആടാനും ശബ്ദിക്കാനും തുടങ്ങി."മുടിയിൽ ഭംഗിയോടിരിക്കുന്ന പൂക്കൾ തിരഞ്ഞെടുക്കണം"

പാവാട കുട്ടികൾ അത്ര മാത്രമാണ് പറഞ്ഞത്.

വീട്ടിൽ പട്ടി കുട്ടികൾക്ക് തീറ്റ കൊടുക്കുകയായിരുന്ന കുഞ്ഞ് മാപ്പിള .ഓടി കിതച്ചെത്തിയ ആയിഷ മാപ്പിളയ്ക്ക് പൈസ കെട്ട് കൊടുത്തു.മാപ്പിളയത് ഉത്സാഹത്തോടെ വാങ്ങി. പട്ടി കുട്ടികൾ അയാളുടെ മടിയിൽ നിന്നും വഴിയിലേക്ക് ഓടി പോയി.

"മന്ദാരനോട് നന്ദി പറയാനും കൂടി പറ്റുന്നില്ലല്ലോ"

കൈയ്യിലെ പൈസ കെട്ട് നോക്കി കുഞ്ഞ് മാപ്പിള പറഞ്ഞു.

ഓട്ടു കിണ്ണങ്ങളെ പോലെ ശബ്ദിച്ചു കൊണ്ട് കാറ്റ് വീശാൻ തുടങ്ങിയ സമയത്ത് മന്ദാരന്റെ ശബ്ദം ഒന്നും കേൾക്കാതായപ്പോൾ പൈങ്കുരുവി പേടിച്ചു. ഇലകൾ തളിർത്തു നിക്കുന്ന ചെമ്പരത്തി ചെടിയെ ജനലോരത്ത് നിന്ന് നോക്കുകയായിരുന്നു മന്ദാരൻ.ആകാശത്തെ ഇരുട്ടും വെളിച്ചവും അയാളുടെ കണ്ണിലുണ്ടെന്ന് തോന്നി.

"ഒരു പൂവും വിരിയിക്കാതിരിക്കാൻ പൂക്കാരന് അവകാശമില്ല"

പൈങ്കുരുവി മിണ്ടിയില്ല. ഏതാനും ദിവസങ്ങൾക്കകം വിരിയാൻ നില്ക്കുന്ന ചെമ്പരത്തിപ്പൂകൾക്ക് മരണത്തെ കാത്ത് കിടക്കണ പെണ്ണാടിന്റെ ഉടൽ മാലയാകാൻ വിധി വരുന്നതിനെ കുറിച്ച് മന്ദാരൻ ചിന്തിച്ചു.മന്ദാരന്റെ നെഞ്ചിലേക്ക് പൈങ്കുരുവി ചാഞ്ഞു. മഞ്ഞ പൂക്കളുടെ കറുത്ത കീടപ്പാട് അയാളുടെ കണ്ണിൽ ഇരുട്ട് കത്തിച്ചു.

ചെമ്പരത്തികൾ രണ്ട് ദിവസത്തിനകം വിരിയുമെന്ന് ആയിഷ കണക്കുകൂട്ടി. വഴിയിലെ അത്താണികല്ലിലിരുന്ന് പണ്ട് വാങ്ങിയ മുളവീണ വായിക്കുകയായിരുന്നു അപ്പോൾ പൈങ്കുരുവി. ആയിഷ പൈങ്കുരുവിയോട് പറഞ്ഞു."മന്ദാരനോട് പറഞ്ഞോളൂ .."

പത്തു പതിനഞ്ച് കൊട്ടകൾ നിറയെ പൂക്കളുണ്ടാകും, ആയിഷ പെൺകുട്ടികളെ വിവരമറിയിച്ചു ."രണ്ട് കൊട്ട പെൺകുട്ടികൾക്കുള്ളതാണ് "

പെണ്ണാടുമായി വന്നവർ ഇടയ്ക്കിടെ മന്ദാരനെ കാണാൻ വന്നു."പൂക്കൾ ഉണ്ടാകാൻ ഇനിയെത്ര ദിവസം പിടിക്കും."രണ്ട് ദിവസം"മന്ദാരൻ പറഞ്ഞു.

"ശരി"..

അവർ മന്ദാരന് അയിരങ്ങളുടെ നോട്ടുകൾ കൊടുത്തു. യന്ത്രം പോലെ മന്ദാരനത് വാങ്ങി,

അന്ന് രാത്രി പൈങ്കുരുവിക്ക് അത്താണി കല്ലിൽ വെച്ച് മുള വീണയുടെ താളം തെറ്റി .ഓട്ടു കിണങ്ങളുടെ ഒച്ച അവളുടെ കാത് പഴപ്പിച്ചു.

എത്ര നിർബന്ധിച്ചിട്ടും അകത്തു കിടക്കാൻ മന്ദാരൻ സമ്മതിച്ചില്ല, അയാൾ നന്നേ ശുഷ്കിച്ചെന്ന് ഇടറിയ ശബ്ദം പറഞ്ഞു.പരേതാത്മാകൾ വരെ കേൾക്കുന്ന ഇട നേരങ്ങളിലെ അയാളുടെ ചുമ പൈങ്കുരുവിയെ വന്ന് തൊട്ടു.

"നാളത്തേക്ക് പൂവ് വിരിയും"മന്ദാരൻ പറഞ്ഞു."നീയത് കുഞ്ഞിപെണ്ണങ്ങൾക്ക് കൊടുക്കുക"

മന്ദാരന്റെ അവസാനത്തെ പൂവാണ് വിരിയുന്നത് ..,

മന്ദാരന്റെ അവസാനത്തെ പൂവാണതെന്ന് നാട്ടുകാർ ആ വഴി താണ്ടുമ്പോൾ പറഞ്ഞു .വളർന്ന ചെമ്പരത്തി ചെടിക്ക് അസാമാന്യമായ നീളവും ഇലകൾക്ക് അഴകുള്ള ഒതുക്കവും കാണപ്പെട്ടു.നാട്ടിൽ അത്തരമൊരു ചെടി ആദ്യമായി വിരിയുകയായിരുന്നു.

രാത്രി ഏറെ വൈകി, പൈങ്കുരുവി ചെടികൾക്ക് വെള്ളമൊഴിച്ചു.

ഇലകൾ പരസ്പരം സംസാരിക്കുന്ന പോലെ കാറ്റിൽ ആടുന്നു.

മന്ദാരന്റെ ചുമ കൂടി, ചരസ്സെല്ലാം അയാൾ വലിച്ചു തീർത്തിരുന്നു. കയറ്റു കട്ടിലിൽ നിന്ന് താഴത്തേക്ക് അപ്പോഴേക്കും അയാൾ വീണിരുന്നു.മന്ദാരന്റെ ദേഹം മഞ്ഞുമനുഷ്യനെ ഓർമിപ്പിച്ചു"പൈങ്കുരുവി... പൂക്കളെ കാക്കുക"മന്ദാരൻ പറഞ്ഞു. പൈങ്കുരുവികരഞ്ഞു.മന്ദാരന്റെ തണുപ്പ് അവളുടെ ശരീരത്തിലേക്കും പടർന്നു. അപ്പോൾ അയാളുടെ ഈറ്റ കുടിലിൽ ആയിരം പൂക്കളുടെ നിലവിളിയുയർന്നു .

കുറച്ച് സമയം കഴിഞ്ഞപ്പോൾ പൈങ്കുരുവിയെ അരോ വിളിച്ചുണർത്തി .

"പൂക്കളായിട്ടുണ്ടൊ"? അയാൾ ചോദിച്ചു. അതാരാണെന്ന് പൈങ്കുരുവിക്ക് മനസ്സിലായില്ല

"അറിയില്ല"

"ചെമ്പരത്തികൾ വിരിഞ്ഞു നില്ക്കുന്നതായി തോന്നുന്നുണ്ട്.ഞാനത് അറുത്തു കൊണ്ടു പോകുന്നു"

"മന്ദാരനോട് ചോദിച്ചിട്ട്"

"ചത്തുപോയവരോട് എങ്ങനെ ചോദിക്കാനാണ് "

അയാൾ ഈറ്റ കുടിൽ കയറുന്നതും, മന്ദാരന്റെ കൊട്ടകൾ എടുക്കുന്നതും പൈങ്കുരുവി വ്യക്തമായി കേട്ടു .ചെമ്പരത്തി പൂകൾ കരയുന്നുണ്ടോ? അവ പേടിച്ച് നിലവിളിക്കുന്നുണ്ടോ...?

അയാൾ അടിവാരം കടന്ന് റോഡ് വഴിതിരിഞ്ഞപ്പോൾ നിലവിളികൾ ശ്വാസം മുട്ടുന്നതായി പൈങ്കുരുവിക്ക് തോന്നി.

പിറ്റേന്ന് പെൺകുട്ടികൾക്കായി പൂക്കളറക്കാൻ വന്നപ്പോഴാണ് ആയിഷയത് കണ്ടത്, മന്ദാരന്റെ ചെമ്പരത്തി ചെടിയിൽ ഒറ്റ പൂക്കൾ പോലുമില്ല, താഴെ ചോര തുള്ളികളെ പോലെ ചെമ്പരത്തിയിതളുകൾ പൊടിഞ്ഞു കിടക്കുന്നു.

"മോഷ്ടിക്കപ്പെട്ടിരിക്കുന്നു"

അപ്പോൾ പൈങ്കുരുവി ആയിഷയുടെ കാതിൽ വന്ന് പറഞ്ഞു.

## "നവകേരളസൃഷ്ടിക്കായി ജനപക്ഷവൈജ്ഞാനികത"

# എകെപിസിടിഎ 65-ാം സംസ്ഥാന സമ്മേളനം

2023 മെയ് 12, 13, 14
കണ്ണൂർ

എകെ പി സി ടി എ യുടെ അറുപത്തഞ്ചാമത് സംസ്ഥാന സമ്മേളനം കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ ധനകാര്യവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. നവകേരള പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നടക്കുന്ന പുരോഗതിയിൽ ഊന്നുമ്പോഴും സമഗ്രപുരോഗതിയുടെ ബൗദ്ധിക സ്രോതസ് എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്കരണ പ്രവർത്തനങ്ങളെ ഏറെ പ്രാമുഖ്യത്തോടെ തന്നെ പരിഗണിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസമേഖലയിൽ നിർദ്ദിഷ്ട മുതൽമുടക്കു പോലും നടത്താതെയും കേന്ദ്ര സർവ്വകലാശാലകളിലെ വേക്കൻസികളിൽ നിയമനം നടത്താതെയും സംസ്ഥാന ഗവണ്മെന്റിന്റെ ഫെഡറൽ അവകാശങ്ങളിൽ കൈകടത്തൽ നടത്തിയും ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ വികലമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയും കേന്ദ്രഗവണ്മെന്റ് എത്ര ശ്വാസം മുട്ടിച്ചാലും കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയെ വിജ്ഞാനോത്പാദത്തിനുതകും വിധം ശക്തിയുക്തം നിലനിർത്തും.

സമ്മേളന ലോഗോ ഡിസൈൻ ചെയ്ത നന്ദകിഷോറിന് മന്ത്രി കെ എൻ ബാലഗോപാൽ ഉപഹാരം നൽകി. ആശ പ്രഭാകരൻ രക്തസാക്ഷി പ്രമേയവും, പി ഹരിദാസ് അനുശോചന പ്രമേയവും അവതരിപ്പിച്ചു., കെ വി സുമേഷ് എംഎൽഎ സ്വാഗതം പറഞ്ഞ ചടങ്ങിൽ എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അധ്യക്ഷത വഹിച്ചു.

എഫ് എസ് ഇ ടി ഒ പ്രതിനിധി എം എ നാസർ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവണ്മെന്റ് എംപ്ലോയീസ് ജില്ലാസെക്രട്ടറി എ പി സുജികുമാർ, കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് സംസ്ഥാന സെക്രട്ടറി പി ജെ സാജു എന്നിവർ അഭിവാദ്യ പ്രസംഗം നടത്തി. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ നന്ദി പറഞ്ഞു.

എ കെ പി സി ടി എ പ്രവർത്തകരായ ഡോ സുമിതാ നായർ എൻ, ഡോ അനില ഒ, സരയു ജയദേവൻ എന്നിവരും വിദ്യാർത്ഥികളും ഒരുക്കിയ നൃത്ത-സംഗീത ശിൽപ്പത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്.

എ കെ പി സി ടി എ സംസ്ഥാന പ്രവർത്തകസമിതി അംഗവും കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗവും ആയ പ്രമോദ് വെള്ളച്ചാൽ രചനയും, ഡോ. സുമിതാ നായർ സംവിധാനവും നിർവ്വഹിച്ചു.



എ കെ പി സി ടി എ യുടെ അറുപത്തഞ്ചാം സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായ വിദ്യാഭ്യാസ സമ്മേളനം ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ സാമൂഹിക ജനാധിപത്യ മൂല്യങ്ങളുമായി ബന്ധപ്പെട്ട തലങ്ങൾ അത്യന്തം ഭീതിതാവസ്ഥയിൽ എത്തിയിരിക്കുന്ന സാഹചര്യത്തിൽ എല്ലാ സാമൂഹികവിഭാഗങ്ങളെയും ചേർത്തു നിർത്തുന്ന ബദൽ വൈജ്ഞാനിക സൃഷ്ടിക്കായി കേരള ഗവണ്മെന്റ് നിലകൊള്ളും എന്ന് മന്ത്രി പ്രസ്താവിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരവിജയികളായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള സമ്മാനദാനം എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് നിർവ്വഹിച്ചു.

എ കെ ജി സി ടി ജനറൽ സെക്രട്ടറി ഡോ.ടി.മുഹമ്മദ് റഫീഖ്, എഫ് യു ടി എ ജനറൽ സെക്രട്ടറി ഡോ എസ് നസീബ് കെ എൻ ടി ഇ ഒ പ്രസിഡന്റ് എൻ സത്യാനന്ദൻ എന്നിവർ സംസാരിച്ചു.എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ കെ അജയകുമാർ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മറ്റി കൺവീനർ പ്രമോദ് വെള്ളച്ചാൽ സ്വാഗതവും എ കെ പി സി ടി എ സംസ്ഥാനഅക്കാദമിക് കമ്മറ്റി കൺവീനർ ഡോ കെ പ്രദീപ് കുമാർ നന്ദിയും പറഞ്ഞു.

എ കെ പി സി ടി എ അറുപത്തഞ്ചാം സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായ യാത്രയയപ്പ് സമ്മേളനം മുൻമന്ത്രി എ കെ ബാലൻ ഉദ്ഘാടനം ചെയ്തു. എ കെ പി സി ടി എ ട്രഷറർ ഡോ.കെ.ബിജുകുമാർ അധ്യക്ഷത വഹിച്ചു.എ കെ പി സി ടി എ സെക്രട്ടറിയും സ്വാഗത സംഘം ജനറൽ കൺവീനറുമായ എ നിശാന്ത് സ്വാഗതവും സാംസ്കാരികവേദി കൺവീനർ ഡോ എൻ രേണുക നന്ദിയും പറഞ്ഞു.

എ കെ പി സി ടി എ അറുപത്തഞ്ചാം സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായ പൊതുസമ്മേളനം കണ്ണൂർ സ്റ്റേഡിയം കോർണറിൽ സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

സി പി ഐ എം ജില്ലാ സെക്രട്ടറി എം വി ജയരാജൻ,അഡ്വ.പി സന്തോഷ് എം പി, കടന്നപ്പള്ളി രാമചന്ദ്രൻ എം എൽ എ, കെ വി സുമേഷ് എംഎൽഎ എന്നിവർ സംസാരിച്ചു.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അധ്യക്ഷത വഹിച്ചു.എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ സ്വാഗതവും എ കെ പി സി ടി എ സെക്രട്ടറി ഡോ ടോമി ജോസഫ് നന്ദിയും പറഞ്ഞു.

തുടർന്ന് കലാസന്ധ്യയിൽ സംഘടനാംഗങ്ങൾ അവതരിപ്പിച്ച നൃത്ത-സംഗീത ശിൽപം, സംഗീത










AKPCTA
65ാം സംസ്ഥാന
AKPCTA



സന്ധ്യ എന്നിവ അരങ്ങേറി. കൺവീനർ ഡോ സുജിത്ത് കെ വി സ്വാഗതം പറഞ്ഞു.

14 ന് രാവിലെ ആർ ആർ സി അനുസ്മരണപരിപാടി കണ്ണൂർ സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചരിത്രകാരൻ ഡോ.കെ എൻ ഗണേഷ് ആർ ആർ സി അനുസ്മരണപ്രഭാഷണം നടത്തി. എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് ഷാജിത  എസ് അധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ സർവ്വീസ് സെൽ  കൺവീനർ ഡോ പ്രമോദ് എൻ സ്വാഗതവും എ കെ പി സി ടി എ  ഐ ടി സെൽ കൺവീനർ ഡോ.കെ.എം.അനിൽ കുമാർ നന്ദിയും പറഞ്ഞു.

പ്രമേയ കമ്മിറ്റിക്ക് വേണ്ടി ഡോ. അനിൽ വർമ്മ പ്രമേയങ്ങൾ അവതരിപ്പിച്ചു.

2023-24 വർഷത്തെ ഒമ്പത് എ കെ പി സി ടി എ സംസ്ഥാന ഭാരവാഹികളെയും പതിനേഴ് സംസ്ഥാന കമ്മിറ്റി അംഗങ്ങളെയും റിട്ടേണിങ് ഓഫീസർ ഡോ. കെ. അജയകുമാർ പ്രഖ്യാപിച്ചു.

പ്രസിഡന്റ് :  ഡോ കെ ബിജുകുമാർ (എം ജി കോളജ്, തിരുവനന്തപുരം)

വൈസ് പ്രസിഡന്റുമാർ :
ഷാജിത എസ് (ടി കെ എം ആർട്സ് & സയൻസ് കോളജ്, കൊല്ലം)

ഡോ ടി ആർ മനോജ് (എം എസ് എം കോളജ്, കായംകുളം, ആലപ്പുഴ)

ജനറൽ സെക്രട്ടറി :
ഡോ. സി. പത്മനാഭൻ (പി ആർ എൻ എസ് എസ് കോളജ്, മട്ടന്നൂർ, കണ്ണൂർ)

സംസ്ഥാന ഭാരവാഹികൾ :
സംസ്ഥാന സെക്രട്ടറിമാർ

എ നിശാന്ത് (പയ്യന്നൂർ കോളജ്, പയ്യന്നൂർ, കണ്ണൂർ)

ഡോ കെ പ്രദീപ്കുമാർ (ശ്രീ വ്യാസ കോളജ്, തൃശ്ശൂർ)

ഡോ. എ യു അരുൺ (സെന്റ് പീറ്റേഴ്സ് കോളജ്, എറണാകുളം)

ഡോ സോജു എസ് (എസ് എൻ കോളജ്, വർക്കല, തിരുവനന്തപുരം)


ട്രഷറർ :  പി ഹരിദാസ്
(വി ടി ബി കോളജ്, ശ്രീകൃഷ്ണപുരം, പാലക്കാട്)

എ കെ പി സി ടി എ സംസ്ഥാന സമ്മേളനത്തിന്റെ ഫിനാൻസ് കമ്മിറ്റി കൺവീനറും കണ്ണൂർ - കാസർഗോഡ് ജില്ലാ സെക്രട്ടറിയുമായ ഡോ. കെ. എസ്. സുരേഷ് കുമാർ സ്വാഗതസംഘത്തിന് വേണ്ടി നന്ദി പറഞ്ഞു.


AKPCTA
65
സംസ്ഥാന
സമ്മേളനം


AKPCTA
65ാം സംസ്ഥാന
സമ്മേളനം
2023 മെയ് 12,13,14
കണ്ണൂർ
AKPCTA


## എ കെ പി സി ടി എ ഭാരവാഹികൾ




പ്രൊഫ. ഡോ.കെ.ബിജുകുമാർ (പ്രസിഡന്റ്), ഡോ.സി.പത്മനാഭൻ (ജനറൽ സെക്രട്ടറി), പി.ഹരിദാസ് (ട്രഷറർ), ഷാജിത എസ്.(വൈസ് പ്രസിഡന്റ്), ഡോ.മനോജ് ടി.ആർ (വൈസ് പ്രസിഡന്റ്)


## സംസ്ഥാന സെക്രട്ടറിമാർ



എ.നിശാന്ത് (കണ്ണൂർ സർവകലാശാല), ഡോ.പ്രദീപ് കുമാർ കെ. (കാലിക്കറ്റ് സർവകലാശാല), ഡോ.എ.യു.അരുൺ (മഹാത്മാഗാന്ധി സർവകലാശാല) ഡോ.സോജു എസ് (കേരള സർവകലാശാല)


## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സിണ്ടിക്കേറ്റ് അംഗങ്ങൾ)













പ്രമോദ് വെള്ളച്ചാൽ, ഹരികൃഷ ജി. (സിൻഡിക്കേറ്റ് അംഗങ്ങൾ)
ഡോ. വിനോദ് കുമാർ ജേക്കബ്ബ്, ഡോ ഷാ മേരി മാത്യു, ഡോ. ഹബീബ് സി,
ശ്രീലത സി, ഡോ. ബി. ഹരി, ലിജോ സെബാസ്റ്റ്യൻ

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ



ഡോ.എൻ. രേണുക (ജേർണൽ) ആശ പ്രഭാകരൻ (വനിതാ കമ്മിറ്റി), ഡോ.എ.എസ്. സുമേഷ്( അക്കാദമിക് കമ്മിറ്റി), ഡോ.സുഷമാ രാജ് ആർ.വി (സർവീസ് സെൽ)



ഡോ.അനിൽകുമാർ കെ.എം (ഐടി സെൽ), സോന പി. (സാംസ്കാരിക വേദി)

## ജില്ലാ സെക്രട്ടറിമാർ



ഡോ. രഞ്ജു ആർ. കൃഷ്ണൻ (തിരുവനന്തപുരം), ഡോ. പ്രമോദ് എൻ.(കൊല്ലം), റെയിസൺ സാം രാജു (പത്തനംതിട്ട), ഡോ.രാജീവ് എസ്.ആർ (ആലപ്പുഴ), പോൾ വി. കാരന്താനം (കോട്ടയം ഇടുക്കി), ഡോ. എസ്. മോഹൻ (എറണാകുളം), ഡോ.മനു കെ.എം (തൃശ്ശൂർ), ഡോ. രാജേഷ് ആർ(പാലക്കാട്), ഡോ.സന്തോഷ് വള്ളിക്കാട് (മലപ്പുറം), സനൂപ് കുമാർ പി.വി(വയനാട്), ഡോ.അനിൽ വർമ്മ ആർ.(കോഴിക്കോട്), ഡോ.എം.പി. ഷനോജ് (കണ്ണൂർ-കാസർഗോഡ്)




AKPCTA
AKPCTA


AKPCTA
സംസ്ഥാന
സമ്മേളനം


AKPCTA
സംസ്ഥാന
സമ്മേളനം





**ബേസിൽ തോമസ്**
പോണ്ടിച്ചേരി യൂണിവേഴ്സിറ്റി

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ മൂന്നാം സമ്മാനാർഹമായ കഥ

# മൂന്ന് വേശ്യകളുടെ പുസ്തകം

## ഭാഗം 1 – ഒന്നാം 'വേശ്യ' യുടെ പുസ്തകം

അപ്പോൾ രാത്രിയായിരുന്നു. പരിചിതമായ സാഹചര്യങ്ങളിലും അപരിചിതത്വം നിറച്ചു വെച്ച രാത്രി. നഗരത്തിന്റെ തിരക്കുകൾ

വഴിമാറിയൊഴുകിയ ഒരിടുങ്ങിയ മൂലയിലേക്ക് ഞാൻ എന്നെ തന്നെ കൊണ്ട് ചെന്ന് നിറുത്തി. ഇരുൾ ഛർദ്ദിച്ച നിലാവിനാൽ മാത്രം തിരിച്ചറിഞ്ഞിരുന്ന വീടുകളിൽ ഒന്നിന്റെ മാത്രം മുമ്പിൽ ഒരു സീറോ ബൾബ് കത്തിനിൽപ്പുണ്ടായിരുന്നു. അതിന്റെ അരണ്ട ചുവന്ന വെളിച്ചത്തിൽ നിന്നും ഒരു സ്ത്രീ ഇരുളിലേക്ക് പിറന്നുവീണു. ഒന്നാം വേശ്യ.

അവർ പക്ഷേ വേശ്യ ആയിരുന്നില്ല.അന്ന് ശരീരം വാങ്ങാൻ ചെന്നത് ഞാനായിരുന്നില്ല.അവർക്ക് പണം നൽകി എന്റെ ശരീരം ഞാൻ അവരെക്കൊണ്ട് നിർബന്ധിച്ച് വാങ്ങിപ്പിക്കുകയായിരുന്നു. ഇരുട്ട് വിയർത്ത കറുത്ത ചോരത്തുള്ളികൾ എന്റെ കയ്യിൽ ഇരുന്ന നോട്ടുകെട്ടിനെ കുതിർത്തിയിട്ടുണ്ടായിരുന്നു. ഞാൻ അതൊരല്പം പേടിയോടെ അവരുടെ നേർക്ക് നീട്ടി. ഒരു ചെറു ചിരിയോടെ അവരതു വാങ്ങി ഗർഭമൊട്ടിയ അരിപ്പെട്ടിക്കുള്ളിൽ വെച്ചു. എന്റെ വിയർപ്പിറങ്ങി അതിലെ അരിമണികൾ മുഴുവൻ ദഹിച്ചു പോകുമെന്ന് ഞാൻ സ്വപ്നം കണ്ടു. സ്വപ്നത്തിൽ നിന്നും ഉണർന്ന് ഞാൻ, അവർ കുഞ്ഞിനെ ഉറക്കാൻ ശ്രമിക്കുന്നതാണ് കണ്ടത്. കുട്ടി കരയുകയാണ്. കണ്ണുനീർ നിലത്ത് പടർന്നു ഒഴുകുന്നു. നിറയെ വിടവുകളുള്ള ആ ഭിത്തിയിൽ കൂടിയൊന്നും അത് പുറത്തേക്കൊഴുക്കുന്നില്ല. കാലിൽ തണുപ്പറിഞ്ഞതോടെ ഞാൻ അവിടെ കണ്ട കട്ടിലിനു മുകളിൽ കയറി നിന്നു. പക്ഷേ മണിക്കൂറുകൾക്കു ശേഷം കണ്ണുനീര് കൊണ്ട് മുറി നിറയുകയും അതിൽ ഞാൻ മുങ്ങി മരിക്കുകയും ചെയ്തു. എന്റെ മൃതദേഹം ആ കുട്ടി വലിച്ചിഴച്ച് മഞ്ഞത്തെരുവ് വിളക്കിനു താഴെ പ്രാണികളുടെയും പകൽ കൊന്ന ഓർമ്മകളുടെയും മൃതദേഹങ്ങൾക്കൊപ്പം കൊണ്ടിട്ടു.

മൃതദേഹങ്ങൾ കഥ പറയാൻ തുടങ്ങി, ഓർമ്മകൾ എന്റെ ചെവിയിൽ ചാടി ആത്മഹത്യ ചെയ്തു.

"വിവാഹം കഴിക്കുമ്പോൾ അവൾക്ക് 18 വയസ്സ് തികഞ്ഞിരുന്നില്ല ശവങ്ങളിൽ ഒന്ന് കഥ പറഞ്ഞു തുടങ്ങി.

"അവൾ സുന്ദരിയാണെന്ന് എല്ലാവർക്കും അഭിപ്രായം ഉണ്ടായിരുന്നതാനും. വലിയ നിലക്ക് തന്നെ കല്യാണവും നടന്നു

പെൺകുട്ടിയുടെ ബന്ധുവായ ശവം പറഞ്ഞുനിർത്തി.

"പിന്നെ അവൾ അത്ര വലിയ ശീലാവതി ഒന്നുമായിരുന്നില്ല.

"സഹജമായിരുന്നിട്ടുകൂടി മരണത്തിലൂടെ നഷ്ടമായിപ്പോയ പുച്ഛഭാവത്തെ, ഇതേ ഭാവമുള്ള കുടുംബക്കാർ കത്തിച്ച മെഴുകുതിരിയുടെ വിയർപ്പു തിക്കടിച്ച് വീണ്ടെടുത്ത് രണ്ടാമത്തെ ശവം തുടർന്നു.



"വിവാഹത്തിന്റെ ചെമ്പരക്കിയതിന്റെ പിറ്റേന്ന് അവൾ പെറ്റു. പാലു കറക്കാൻ പാകത്തിനുള്ള ഒരു പശുക്കിടാവിനെ. എന്നിട്ട് അവൾ ചത്തു

"കല്യാണത്തിന്റെ പിറ്റേന്ന് പെറ്റോ??"

"അതെ! കല്യാണത്തിന്റെ പിറ്റേന്ന് അവൾ പാല് ചുരത്തുന്ന പശുവായി മാറി.

ആദ്യത്തെ ശവം ഇടക്കുകയറി പറഞ്ഞു.

പിന്നീടെപ്പോഴോ ഈ പശു ചത്തു പോയി.

ഇനിയും ശവങ്ങളെ കഥ പറയുവാൻ അനുവദിക്കാതെ ഓർമ്മകൾ കഥ പറയുവാൻ തുടങ്ങി.

"ശാലിതക്ക് അധികം പ്രായമാവുന്നതിനു മുമ്പ് തന്നെ അവളെ വിവാഹം കഴിപ്പിച്ചയച്ചു. രോഗിയായ അമ്മയെ ശുശ്രൂഷിക്കുക എന്നതായിരുന്നു ഭർത്ത വീട്ടുകാരുടെ ലക്ഷ്യം. അവിടെ ഒരു അടിമയെപ്പോലെ അവൾ പണിയെടുത്തു. പിന്നീട് എപ്പോഴോ ആ വൃദ്ധ മരിക്കുകയും, ഇവൾ ഗർഭിണി ആവുകയും ചെയ്തു. അങ്ങിനെ അടിമ എന്ന നിലയിൽ അവൾ മരിച്ചു എന്ന് അവൾ തന്നെ സങ്കല്പിച്ചു. ഒൻപതു മാസത്തെ ഗർഭകാലം ഒൻപത് ദിവസത്തിൽ പൂർത്തിയായതു കണ്ട് ഭർത്താവ് അവളെ സംശയിച്ചു തുടങ്ങി. അവൾ ( അക്ഷരതെറ്റുകളോടെയാവണം) ഞാൻ വേശ്യയല്ല' എന്ന് എഴുതി വെച്ച് ആത്മഹത്യ ചെയ്തു. മുലപ്പാൽ നുണയാൻ യോഗമില്ലാത്ത കുട്ടി, കണ്ണുനീരിൽ മുങ്ങി മരിച്ചു.

കയ്യും കാലും വിറക്കുന്നുണ്ട്. കറുത്ത രാത്രിയിൽ മുങ്ങി നിൽക്കുന്ന എന്റെ കണ്ണിൽ ഇരുട്ട് കയറുന്നു.

' ദുരൂഹമായ സാഹചര്യത്തിൽ ആഖ്യാതാവിന്റെ മൃതദേഹം കണ്ടെത്തി.

നഗരപരിസരത്തെ ആളൊഴിഞ്ഞ തെരുവിൽ ഈ കഥയുടെ ആഖ്യാതാവിന്റെ മൃതദേഹം കണ്ടെത്തി. ഭാര്യയുടെ ആത്മഹത്യയിൽ പ്രേരണ കുറ്റം ചുമത്തി ഇദ്ദേഹത്തിനെതിരെ കേസെടുത്തിരുന്നു. അതിലുള്ള വിഷാദം കാരണം ആത്മഹത്യാ പ്രവണത കാണിച്ചിരുന്നുഎന്ന് ബന്ധുക്കൾ പറഞ്ഞു. മരിച്ച ഭാര്യയുടെയും, കുഞ്ഞിന്റെയും ഓർമ്മകൾ തിന്ന് ആത്മഹത്യ ചെയ്യാനുള്ള സാധ്യത തള്ളിക്കളയാനാവില്ല ഇന്ന് പോലീസ് അഭിപ്രായപ്പെട്ടു. പക്ഷേ ആഖ്യാതാവ്, ഈ മരണം ദുരൂഹമാണെന്ന് ആവർത്തിക്കുന്നുണ്ട്.

### ഭാഗം 2 രണ്ടാം 'വേശ്യ'യുടെ പുസ്തകം

അന്നും ഇരുൾ പടർന്നിരുന്നു. അങ്കമാലിക്കുള്ള അവസാനത്തെ ബസ്സും പോയിരുന്നത് കാരണം ഞാനും വർഗീസും റെയിൽവേ പാലത്തിലുള്ള എളുപ്പവഴിയിലൂടെ നടന്നുപോവാൻ തീരുമാനിച്ചു. പാലത്തിൽ മുഴുവൻ പിറക്കാതെ മരിച്ച ( പാളത്തിൽ എറിഞ്ഞു കൊന്ന ) പൈതങ്ങളുടെ ജഡം കിടക്കുന്നുണ്ടായിരുന്നു. പലപ്പോഴും അവക്ക് മുകളിലൂടെ നടന്ന ഞങ്ങൾ, ട്രെയിനിന്റെ മഞ്ഞ ഹെഡ്ലൈറ്റ് ഇവക്ക് മുകളിൽ പറ്റി കിടക്കുന്ന രാത്രിയുടെ നിഴലുകളെ ഊതി മാറ്റിയപ്പോഴാണ് ഞങ്ങൾ കാഴ്ച കണ്ടത് തന്നെ. മിക്ക ചടങ്ങുകളും, തനിയെ നടന്നുവന്ന പാലത്തിൽ ആത്മഹത്യ ചെയ്തതാണ് എന്ന് തോന്നിപ്പിച്ചെങ്കിലും അവയെല്ലാം അങ്ങോട്ട് വലിച്ചെടുപ്പിക്കപ്പെട്ടവയായിരുന്നു. ആ കുഞ്ഞു ചടങ്ങ് ഞങ്ങളോട് പോവരുതെന്ന് പറയുന്നുണ്ടായിരുന്നു.

ഞങ്ങൾ നടന്നു.

ഡിഗ്രി കഴിഞ്ഞാൽ തൊഴിൽ കിട്ടില്ല എന്ന് സംശയമാവണം അങ്കമാലി സ്റ്റാൻഡിൽ ഓട്ടോ ഓടിക്കുന്ന ചേട്ടന്മാർക്ക് ഒരു ചെറുത് വാങ്ങിക്കൊടുത്ത് ഓട്ടോ ഓടിക്കാൻ പഠിക്കാൻ അപ്പൻ പറഞ്ഞത്. ഒരു കുപ്പി ചാരായം കയ്യിൽ പിടിച്ചാണ് സ്ട്രീറ്റ് ലൈറ്റ് ഉള്ള പ്രധാന വഴിയിൽ കയറി ചെല്ലുന്നത്. രാത്രി കിട്ടുന്ന ഓട്ടത്തിൽ യാത്രക്കാരെ ഇറക്കി തിരിച്ച് വരുമ്പോൾ നമുക്കും ഓടിക്കാൻ തരും എന്ന്, പലപ്പോഴായി ചാരായ നേർച്ച നടത്തിയിട്ടുള്ള വർഗീസും പറഞ്ഞു. കുറച്ചുനേരത്തെ കാത്തിരിപ്പിന് ശേഷം ഒരു ഓട്ടോ പുറപ്പെട്ടു. ഞാൻ ഒട്ടൊരഭിമാനത്തോടെ മുൻ സീറ്റിൽ ഡ്രൈവറിനടുത്തിരുന്നു. ഇരുൾ പുതച്ച് പരിചിതമായ വഴികൾ പിന്നോട്ട് പോകുന്നത് നോക്കി ഞാൻ ഇരുന്നു. ഒപ്പം ഡ്രൈവിംഗ് അടിസ്ഥാനപാഠങ്ങൾ അയാൾ പറയുന്നുണ്ടായിരുന്നു. വണ്ടി റെയിൽവേ സ്റ്റേഷന്റെ അടുത്ത് ചെന്ന് നിന്നു. പ്ലാറ്റ്ഫോമിന്റെ ഒരു അറ്റത്തുനിന്നും ഏകദേശം എന്റെ പ്രായമുള്ള ഒരു പെൺകുട്ടി ഒരു നവജാത ശിശുവിനെ എടുത്തുകൊണ്ടുവന്നു. നീണ്ടുകിടക്കുന്ന പൊക്കിൾകൊടിയിൽ നിന്നും അത് അവൾ പ്രസവിച്ചതാണെന്ന് മനസ്സിലായി. അടുത്തുവരും തോറും എന്റെ സഹപാഠികളിൽ ഒരാളുടെ മുഖഭാവങ്ങളിലേക്ക് അവൾ ചുരുങ്ങുന്നുണ്ടായിരുന്നു. അവസാനം രണ്ട് കണ്ണുനീർത്തുള്ളികൾ എന്റെ കയ്യിൽ വീഴ്ത്തി അവൾ 'ശാലിതയായി മാറി. കണ്ണുനീർ വീണ വെന്ത എന്റെ കയ്യിലേക്ക്, അവൾ പിറവി നൽകിയ കുഞ്ഞിനെ വെച്ചു തന്നു. ആ നിമിഷം തന്നെ ആ കുട്ടി മരിക്കുകയും പൂക്കൾ കൂടി കൊഴിഞ്ഞു വീഴുകയും ചെയ്തു. അല്ലാത്തപക്ഷം പാലത്തിൽ ഒടുങ്ങേണ്ടിയിരുന്ന ആ കുഞ്ഞു ജഡം എന്നോട് സംസാരിച്ചു തുടങ്ങി.

"നിങ്ങൾ തമ്മിൽ വലിയ പരിചയം ഉണ്ടാവില്ല. ആയിരിക്കും! അല്ലേ ?

"അറിയാം"

ഞാൻ പറഞ്ഞു.

"അറിയുക എന്നത് വളരെയധികം സങ്കീർണമാണ്.

"അമ്മ ജനിച്ചില്ലായിരുന്നെങ്കിലും ഞാൻ ജനിച്ചേനെ.

ആ ഓട്ടോയുടെ പിറകിൽ കയറിയ ശാലിതയെ നോക്കി ആ ജഡം വിതുമ്പി. മറ്റൊരാളായി.

അച്ഛനാണ് മകളെ വില്പനച്ചരക്കാക്കിയത്. സമയം കണക്കാക്കി ഓരോ ഇടങ്ങളിലേക്ക് അവളെ എത്തിച്ചു കൊടുക്കുന്ന ഓട്ടോക്കാരന്റെ മുഖം മൂടിക്ക് പിന്നിൽ അവളുടെ അച്ഛന്റെ മുഖവും തുന്നി വെച്ചിട്ടുണ്ട്. ഇപ്പോൾ വണ്ടിയോടിക്കുന്ന കൈകൾ തന്നെയാണ് രാത്രികളെ വിറ്റ പൈസ അവളുടെ അച്ഛന് കൈമാറുന്നത്.

തെരുവ് വിളക്കുകളിൽ നിന്നും ചുവടെ ആ ജഡം ഉരുകി തീർന്നു. പിന്നീട് എനിക്ക് ഓർമയുള്ളത്, ആ ഓട്ടോയിൽ ഞാൻ ഒറ്റയ്ക്ക് ഇരിക്കുന്നതും ചുറ്റും നായ്ക്കൾ ബഹളം വയ്ക്കുന്നതുമാണ്. നേരം വെളുക്കുന്നതിനു മുമ്പുള്ള നാഴികയിൽ കുറെ മാംസ കഷണങ്ങൾ കീറിയ തുണിയിൽ പൊതിഞ്ഞു കൊണ്ടുവന്നു വെച്ചു. എന്നിട്ട് ആ ഓട്ടോ ഡ്രൈവർ എന്റെ കയ്യിൽ ഉണ്ടായിരുന്ന ചാരായക്കുപ്പിയിൽ നിന്നും ഒരു കവിൾ കുടിച്ചിട്ട്, എന്നോടായി,

"വേണമെങ്കിൽ ഇറച്ചി രുചിച്ചു നോക്കടോ

എന്ന് പറഞ്ഞു ചിരിച്ചു. ഞാൻ ഉച്ചത്തിൽ അലറി പകലിനെ ചർദ്ദിച്ചു. ആ മാംസപിണ്ഡങ്ങൾ കൂടിച്ചേർന്ന് വീണ്ടും 'ശാലിയായി മാറി. പകൽ ഒന്നും അറിഞ്ഞില്ല.രണ്ടാം 'വേശ്യ

## ഭാഗം 3 – മൂന്നാം 'വേശ്യ'യുടെ പുസ്തകം

നേരം പുലർന്നു. ഞാൻ കുറച്ച് അരിയും മണ്ണെണ്ണയും വാങ്ങാൻ റേഷൻ കടയിലേക്ക് നടക്കുകയാണ്. രാജകൊട്ടാരത്തിന്റെ പുറം മതിൽ ചുറ്റിയാണ് ആ വഴി അങ്ങനെ നീണ്ടു പോവുന്നത്. അന്ന് അടിമകളും ഉടമകളും നടന്ന വഴിയിലൂടെ ഇന്നും 'അടിമകളും' 'ഉടമകളും' നടക്കുന്നു. അവിടെയാണ് ആ വേശ്യകളുടെ വീട്. അവർ മൂന്നു പേരും എന്താണെന്നോ ആരാണെന്നോ എനിക്ക് അന്ന് അറിയില്ലായിരുന്നു. എന്റെ ചെറിയ മനസ്സിന് മനസ്സിലാക്കാൻ സാധിക്കുന്നതിനേക്കാൾ സങ്കീർണ്ണമായിരുന്നിരിക്കണം അവരുടെ ജീവിതം. പലപ്പോഴും റേഷൻ കടയിൽ നിന്ന് തിരിച്ചു വരുന്നതിനിടക്ക് കുറച്ചു വെള്ളം കുടിക്കാനും, അരി, അധ്വാനം കൊണ്ട് കൊച്ചുകൈവെള്ളയിൽ ഉണ്ടാകുന്ന തിണർപ്പിന് ആയാസം കിട്ടാനും അവരുടെ തിണ്ണയിൽ ഇരിക്കാറുണ്ടായിരുന്നു.

അവരിൽ മൂത്ത ആളെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. വേറെ രണ്ട് കിളുന്ത് പിള്ളേർ അവിടെ ഉണ്ട് എന്നത് എനിക്ക് കേട്ടറിവാണ്. ഒരു കൊച്ചു കുട്ടിയോടുള്ള എല്ലാ സ്നേഹവാത്സല്യങ്ങളോടും കൂടെ അവർ എന്നെ കരുതാറും ഉണ്ടായിരുന്നു. അങ്ങനെ ഞാൻ അവരെ വെള്ളം തരുന്ന അമ്മ എന്ന അർത്ഥത്തിൽ വെള്ളാമ്മ എന്ന് വിളിക്കാൻ തുടങ്ങി..

കൊട്ടാരമതിൽക്കെട്ടിൽ അവിടവിടായി കാണുന്ന, കുമ്മായം അടർന്നുപോയ മുറിപ്പാടുകൾ അവരുടെ വീടിന്റെ പുറകുഭിത്തിയായി വർത്തിക്കുന്ന മതിൽക്കെട്ടിന്റെ ഭാഗത്തും ഉണ്ടാകും എന്ന് ഞാൻ സങ്കൽപ്പിച്ചു പോന്നു. പക്ഷെ, ഒരിക്കലും അത് എനിക്ക് നേരിൽ കാണാൻ കഴിഞ്ഞില്ല. അന്ന് റേഷൻ കടയിൽ നിന്നും തിരിച്ചു വീട്ടിലേക്ക് നടന്ന എന്നെ വഴി കുടിച്ചു തീർക്കാൻ തുടങ്ങി. എന്നിലെ സമൂഹം ഒഴികെ ബാക്കി എല്ലാറ്റിനെയും വഴി വലിച്ചു കുടിച്ചു. എന്നിലെ സമൂഹം, ഞാൻ വെള്ളം കുടിക്കാൻ അവരുടെ വരാന്തയിലേക്ക് കയറിയ സമയത്ത് എന്നിൽ നിന്നും പുറത്തു ചാടി കാന്തൻ മാസ്റ്ററായി പ്രത്യക്ഷപ്പെട്ടു. അയാൾ, "കണ്ട തേവിടിച്ചികളുടെ വീട് നെരങ്ങാൻ തുടങ്ങിയോടാ അസത്തെ? "എന്നാൽ അറിയിക്കൊണ്ട് എന്റെ കരണം പുകച്ചു. ഞാൻ വഴിയിലേക്ക് തെറിച്ചുവീണു. ഇന്ന് ഡാറിട്ട മോഡി കൂട്ടിയിട്ടുള്ള റോഡിന്റെ അന്നത്തെ പതിപ്പ്, മുമ്പ് വലിച്ചു കുടിച്ച് എന്നെ എന്നിലേക്ക് ഛർദിച്ചു. അവിടെ വീണ് കി



ടന്ന എന്റെ അടുത്ത് അനേകം മാന്യന്മാരുടെ കാലിൽ നിന്നും വീണ, വേശ്യാലയത്തിന്റെ ചൂരറിഞ്ഞ ന് പൊടികളുണ്ടായിരുന്നു. അവയെന്നെ എടുത്തു കൊണ്ട് കഥയിലേക്ക് പറന്നു. പക്ഷേ ഞാൻ കഥകളിലേക്ക് ചേക്കേറിയത് വെള്ളാമ്മയുടെ ദേഹത്തെ മുറിവുകളിലൂടെയായിരുന്നു. അതാവണം ഞാൻ ഇനിയും കാണാത്ത മതിൽ കെട്ടിലെ മുറിവ് എന്ന് ഞാൻ ഊഹിച്ചു.

മൂന്ന് ക്ഷതങ്ങളാണ് അവർക്കുണ്ടായിരുന്നത്. ഒന്ന് അവരുടെ ശരീരത്തിനും രണ്ട് അവരുടെ മനസ്സിനും മൂന്ന് അവരെ ചുറ്റിപ്പറ്റി നിൽക്കുന്ന സമൂഹത്തിനുമാണ്. പൊടികൾ കഥ പറഞ്ഞു തുടങ്ങി. പക്ഷേ അവർ അന്ന് പറഞ്ഞ കഥ, എന്റെ മനസ്സിൽ നിന്നും മാഞ്ഞു തുടങ്ങിയിരിക്കുന്നു. അവരെ മക്കൾ വീട്ടിൽ നിന്ന് ഇറക്കി വിട്ടു എന്നോ മറ്റോ ആണ് അവർ പറഞ്ഞത്. പിന്നീട് വഴികൾ കുടിച്ചുതീർത്ത ഓർമ്മകളിൽ ഈ കഥയുടെ ഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇനിയുള്ള യാത്രകളിലെപ്പോഴെങ്കിലും അത് കളഞ്ഞു കിട്ടിയാൽ അത് പറഞ്ഞു തരാം.

വഴിയിൽ ബോധം നഷ്ടമായി കിടന്ന എന്നെ കാന്തൻ മാസ്റ്റർ കണ്ടില്ല എന്ന് നടിച്ചു എങ്കിലും ആ മൂന്നുപേർ എടുത്തു വരാന്തയിൽ കിടത്തി. ബോധം വന്നപ്പോൾ, സദാചാരത്തിന്റെ അതിർവരമ്പായ ആ കട്ടിളപ്പടി കടത്തി അതിലിരുത്തി വറ്റുപറ്റിയ കഞ്ഞി തന്നു.

അവിടെ ഒന്നും ഉണ്ടായിരുന്നില്ല. ആ മൂന്നു പേരുപോലും ചിലപ്പോഴൊക്കെ അവിടെ നിന്നും അപ്രത്യക്ഷരായി. അവിടെ കൊട്ടാരത്തിന്റെ പുറം മതിൽക്കെട്ടിന് കുമ്മായത്തിന്റെ മറ ഉണ്ടായിരുന്നില്ല. ആ മതിലിൽ കുറെ പഴുതകൾ ഉണ്ടാക്കി കഴുക്കോലെന്ന് സങ്കൽപ്പിച്ച് കുറച്ച് അധികം കമ്പുകൾ വെച്ചുണ്ടാക്കിയ ഒരു മേൽക്കൂരയാണ് ആ കൂരയ്ക്ക്. ആ മേൽക്കൂരയിലൂടെ അകത്തേക്ക് മഴയും പുറത്തേക്ക് ഓർമ്മകളും ചോറുമായിരുന്നു. അത്, ഇടതടവില്ലാതെ ഓർമ്മകളെ ശ്വസിച്ചുകൊണ്ടിരുന്നു. എപ്പോഴോ ഞാൻ അവരോട് പേരുകൾ ചോദിച്ചു. അവർ ഇടവിട്ടിടവിട്ട് പ്രത്യക്ഷപ്പെട്ട് പേരുകൾ പറഞ്ഞു.

“ശാലിത

"ശാലിത

“ശാലിത്

ജീവിതത്തിൽ എവിടെയെങ്കിലും ഇവരെ വീണ്ടും കണ്ടേക്കും എന്ന് എന്റെ മനസ്സ് പറഞ്ഞു. ഞാൻ ഇറങ്ങി നടന്നു. എന്നെ അവിടെ മറന്നു വെച്ച് ഞാൻ സമൂഹത്തെ ശ്വസിച്ച് ജീവൻ പ്രാപിച്ച്, തിരിഞ്ഞുനിന്ന് അലറി.

ഛീ.... 'വേശ്യകൾ !!

**അനീന ജയ്‌മോൻ**
യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ ഉപന്യാസം

# അന്ധവിശ്വാസവും ഉന്നതവിദ്യാഭ്യാസവും

മനുഷ്യൻ ഒരു സമൂഹജീവിയാണ്. തനിയെ ജീവിക്കുവാനല്ല, മറ്റു മനുഷ്യരുടെ കൂട്ടത്തിൽ ജീവിക്കാനാണ് അവൻ ഇഷ്ടപ്പെടുന്നത്. അങ്ങനെ ചെയ്യുമ്പോൾ മാത്രമേ മനുഷ്യന് തന്റെ മനുഷ്യത്വം വികസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആദ്യകാലം മുതൽക്കുതന്നെ മറ്റുള്ളവരുടെ കൂട്ടത്തിൽ ജീവിച്ചുശീലിക്കുന്നതു കൊണ്ട് സാമൂഹ്യജീവിതം മനുഷ്യന് സഹജമായിത്തീർന്നിട്ടുണ്ട്. ഒരു കുടുംബത്തിലെ അംഗം എന്ന നിലയിലാണ് മനുഷ്യൻ സാമൂഹ്യജീവിതമാരംഭിക്കുന്നത്. അതിൽ നിന്നു പിന്നെ സമുദായത്തിലെ അംഗം, ഒരു രാഷ്ട്രത്തിലെ പൗരൻ എന്ന നിലയിൽ ക്രമേണ വളർന്നുവരുന്നു. സാമൂഹിക ഉത്തരവാദിത്തമുള്ള ഒരു പൗരന് സാംസ്കാരിക ബൗദ്ധിക വളർച്ച അത്യന്താപേക്ഷിതമാണ്.

സമ്പൂർണ്ണ സാക്ഷരതയിൽ ഒന്നാം സ്ഥാനത്തെന്ന് അഹങ്കരിക്കുന്ന കേരളീയജനത സാംസ്കാരിക തകർച്ചയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അരങ്ങുവാഴുന്ന, നരബലിയും മറ്റ് ദുരാചാരങ്ങളും കൊടികുത്തിവാഴുന്ന നാടായി മാറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ കേരളം. ഈ ഒരു കാലഘട്ടത്തിലാണ് 'അന്ധവിശ്വാസവും ഉന്നതവിദ്യാഭ്യാസവും' എന്ന വിഷയത്തിന് പ്രസക്തിയേറുന്നത്.

ജനനം മുതൽ മരണം വരെയും മരണാനന്തര കർമ്മങ്ങളിലും മനുഷ്യനെ ചുറ്റിപ്പറ്റി നിൽക്കുന്നവയാണ് ആചാരങ്ങൾ. അത് ഒരു സാമൂഹ്യ അവസ്ഥയാണ്. ആദിമകാലത്തെ ഗോത്രവർഗജീവിതത്തിലും, ഭക്ഷ്യ ശേഖരണകാലത്തും, കാർഷിക സമ്പദ്ഘടനയിലും തുടങ്ങി, തുടർന്നുപോകുന്ന ആചാരങ്ങളാണിവ. പ്രകൃതിയിലെ പ്രതിഭാസങ്ങളെ മനുഷ്യന് മനസ്സിലാക്കാൻ കഴിയാതിരുന്ന കാലത്താണ് വിശ്വാസങ്ങളും ആചാരങ്ങളും ഉടലെടുക്കുന്നത്. മഴയുണ്ടാകുന്നതിനും, വെയിൽ ഇല്ലാതിരിക്കാനും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകാതിരിക്കാനും അങ്ങനെ സാഹചര്യത്തിനനുസരിച്ച് ആചാരങ്ങൾ രൂപപ്പെട്ടു. പ്രകൃതിപൂജയുടെ ഭാഗമായിജന്തുബലിയും നരബലിയും നടന്നിരുന്നതായി വായ്മൊഴി ചരിത്രമുണ്ട്.

പുരാണകാലഘട്ടത്തിൽ വലിയ ഗോപുരങ്ങളും കൊട്ടാരങ്ങളും പണിയുന്നതിന് മുന്നോടിയായി അവ വിജയകരമായി പൂർത്തിയാകുന്നതിന് വേണ്ടി മൃഗബലികൾ നടത്തിയിരുന്നതായി പറയപ്പെടുന്നു. ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തിയും അന്ധവിശ്വാസങ്ങൾ പുതിയ മാനം സ്വീകരിച്ചു. വെള്ളിയാഴ്ച ഉച്ചയ്ക്ക് പാലപ്പൂവിന്റെ മണം വന്നാൽ അത് യക്ഷിയുടെ വരവിനെ സൂചിപ്പിക്കുന്നുവെന്നും യക്ഷി താമസിക്കുന്നത് കരിമ്പനയിലും കള്ളിപ്പാലയിലുമാണെന്നും വിശ്വസിച്ചുപോരികയും, ദുർദേവതകളെ ഒതുക്കാനായി മൃഗബലി നടത്തുകയും ചെയ്തു. ഇങ്ങനെയുള്ള ബലികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങൾ വരെ ഉണ്ടായിരുന്നു എന്നതിന് തെളിവുണ്ട്.

നവോത്ഥാനനായകനായ ശ്രീനാരായണഗുരു രക്തപാനികളായ ദേവകളെ കാളികൂളി ദേവകൾ എന്ന് വിളിച്ച് വിമർശിക്കുകയും മൃഗബലികൾക്കെതിരെ പോരാടുകയും അതില്ലാതാകുകയും ചെയ്തു. എന്നാൽ ഇന്നും പ്രതീകാത്മകമായി തൈക്കാട് ശ്മശാനത്തിലും ചില ക്ഷേത്രങ്ങളിലും ഇവ നടത്തിവരാറുണ്ട്.

അന്ധവിശ്വാസവും അതിനോട് ചേർന്നുണ്ടാകുന്ന അനാചാരങ്ങളും ഈ ആധുനിക കാലഘട്ടത്തിലും ഒരു പൊതുവായ പ്രശ്നമാണ്. കേരളം അടിമുടി അന്ധവിശ്വാസ ജടിലമായി മാറിയിരിക്കുന്നു. ഒരു ഭാഗത്ത് സമ്പൂർണ്ണസാക്ഷരതയും പുരോഗമനപരമായ സമീപനങ്ങളും വികസനവും കൊണ്ട് കേരളം മാതൃകയാകുമ്പോൾ മറ്റൊരു ഭാഗത്ത് കേരളീയജനതയുടെ സാംസ്കാരിക മനോഭാവം ലജ്ജാകരമായ തോതിൽ പിറകിലാണ് എന്നതാണ് വസ്തുത. ബഹിരാകാശത്ത് രാജ്യം ഇത്രയേറെ നേട്ടങ്ങൾ കൈവരിച്ചിട്ടും എന്തിനേറെ പറയുന്നു അങ്ങ് ചൊവ്വയിൽ വരെ എത്തിനിന്നിട്ടും, ഇന്നും ചൊവ്വാ ദോഷത്തിന് വേണ്ടി പ്രായശ്ചിത്ത കർമ്മങ്ങൾ നടത്താനിറങ്ങുന്നവരാണ് കൂടുതലും. നാക്കിലയിൽ നാളികേരവും വെച്ച് ആദിത്യപൂജ നടത്തിയതിന് ശേഷം ബഹിരാകാശപേടകം വിക്ഷേപിക്കുന്ന ശാസ്ത്രജ്ഞരുമുണ്ട്. അതുകൊണ്ടാണ്-

"ശാസ്ത്രം പഠിച്ചതുകൊണ്ട് മതിവരാ-

ശാസ്ത്രാർത്ഥസാരം ഗ്രഹിച്ചേ മതിവരൂ"

എന്ന് പറയുന്നത്.

ഇന്ത്യ ഒരു മതേതരരാജ്യമാണ്. ഒരു പൗരന് മതത്തിൽ വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും വിശ്വസിക്കാതിരിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യമുണ്ട്. എല്ലാവർക്കും ഒരേ നീതിയും അന്തസ്സും ഭരണഘടന ഉറപ്പുനൽകുന്നു. എന്നാൽ ഈ അവകാശം ദുരുപയോഗം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. മതത്തിന്റെ പേരിൽ എന്തും ചെയ്യാം എന്ന രീതിയിലാണ് കാര്യങ്ങൾ മു

**മതത്തിന്റെ പേരിൽ എന്തും ചെയ്യാം എന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. മതത്തേയും വിശ്വാസത്തേയും വിലയ്ക്കെടുത്ത് കച്ചവടമാക്കുകയാണ് മതനേതാക്കളും മതവാദികളും.**

ന്നോട്ടുപോകുന്നത്. മതത്തേയും വിശ്വാസത്തേയും വിലയ്ക്കെടുത്ത് കച്ചവടമാക്കുകയാണ് മതനേതാക്കളും മതവാദികളും. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന കാൾ മാർക്സ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആചാരങ്ങളെ വളച്ചൊടിച്ചുകൊണ്ട് അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയും പണം സമ്പാദിക്കുകയും ചെയ്യുന്നു. വലംപിരിശംഖ്, വെള്ളിമൂങ്ങ, ധനലക്ഷ്മി യന്ത്രം എന്നിങ്ങനെ അന്ധവിശ്വാസികളെ ചൂഷണം ചെയ്യാനുള്ള വഴികളേറെയാണ്.

പരീക്ഷയ്ക്ക് ഒരു പ്രത്യേക പേന മാത്രം ഉപയോഗിക്കുക, ഇന്റർവ്യൂവിന് പോകുമ്പോൾ ഒരു നിറത്തിലുള്ള ഷർട്ട് മാത്രം ധരിക്കുക, അങ്ങനെയുള്ള ചില അന്ധവിശ്വാസങ്ങൾ മിക്ക ആളുകളിലും കാണുന്ന ചെറുതോ വലുതോ ആയ മാനസിക പിഴവുകളാണ്. അഡോൾഫ് ഹിറ്റ്ലർ എല്ലാ യുദ്ധങ്ങളും തുടങ്ങാൻ തീരുമാനിച്ചിരുന്നത് ഏഴാം തീയതിയായിരുന്നു. ഇതിനെ 'തെറ്റായ കാര്യകാരണം' എന്ന് പറയുന്നു. പ്രശസ്ത ശാസ്ത്രജ്ഞനായ ബി.എഫ്. സ്കിന്നർ പ്രാവുകളിൽ പരീക്ഷണം നടത്തി ഈ ഒരു സ്വഭാവത്തെക്കുറിച്ച് കൂടുതൽ കണ്ടെത്തിയിട്ടുണ്ട്.

വിശ്വാസവും അന്ധവിശ്വാസവും തമ്മിൽ വളരെ വലിയ അന്തരമുണ്ട്. വിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഇടയിലുള്ളത് ഒരു നേർത്ത വരയാണ്. അന്ധവിശ്വാസങ്ങളുടെയും ആഭിചാരത്തിന്റെയും പേരിൽ പരിഷ്കൃത സമൂഹത്തെ വെല്ലുവിളിക്കുന്ന ക്രൂരതകൾ ഇന്ന് രാജ്യമാകെ നടമാടുന്നുണ്ട്. എല്ലാ മേഖലയിലും മുന്നിലെന്നും സംസ്കാര സമ്പന്നമെന്നും ഊറ്റംകൊള്ളുന്ന കേരളത്തിലെ കൊടുംക്രൂരത നാടിന്റെ ഉന്നമനത്തെയാണ് പിറകോട്ടടിപ്പിക്കുന്നത്. അന്ധവിശ്വാസത്തിന്റെ മറവിൽ മാനുഷിക ബന്ധങ്ങൾ പോലും ഓർക്കാതെയാണ് പലയിടത്തും കൊടുംക്രൂരതകൾ അരങ്ങേറുന്നത്. പെൺകുട്ടിയുടെ കരൾഭക്ഷിച്ചാൽ കുട്ടികളുണ്ടാകുമെന്ന വിശ്വാസത്തിൽ ഉത്തർപ്രദേശിൽ എട്ടുവയസ്സുകാരിയെ കൊന്നത് ഒരിക്കലും മറക്കാനാവില്ല. സമ്പന്നനാകാൻ സ്വന്തം മകളെ കഴുത്ത് ഞെരിച്ച് പിതാവ് കൊലപ്പെടുത്തിയത്, മനുഷ്യമനസാക്ഷിയെ ഞെട്ടിച്ച സംഭവങ്ങളിലൊന്നായിരുന്നു.

അന്ധവിശ്വാസം ഒരു മനുഷ്യനെ ബുദ്ധിശൂന്യതയിലേക്ക് നയിക്കും. അന്ധവിശ്വാസത്തെ ചെറുക്കുന്നതിനുള്ള പോരാട്ടത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് വലിയൊരു പങ്കുണ്ട്. വിദ്യാഭ്യാസം മനുഷ്യനെ വിദ്യാസമ്പന്നനാക്കുന്നു. പുതിയ തിരിച്ചറിവുകൾ ഉണ്ടാക്കുന്നു. എന്നാൽ, ഇന്ന് ലോകം സാക്ഷ്യം വഹിക്കുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും കുറിച്ച് അന്വേഷിക്കുമ്പോൾ ഉന്നതവിദ്യാഭ്യാസം നേടിയവരും അന്ധവിശ്വാസത്തിനടിമപ്പെട്ടവരാണ് എന്നത് ഞെട്ടിപ്പിക്കുന്ന സത്യമാണ്. ആ വാദത്തിന് മൂർച്ച കൂട്ടുന്ന ഉദാഹരണങ്ങളുമുണ്ട്. വിദ്യാസമ്പന്നരായ, സമൂഹത്തിൽ ഉന്നതസ്ഥാനം വഹിക്കുന്ന രണ്ട് മാതാപിതാക്കൾ പുനർജന്മത്തിൽ വിശ്വസിച്ച് അന്ധവിശ്വാസത്തിനടിമകളായി സ്വന്തം മകളെ കുരുതികൊടുത്ത സമൂഹമാണ് നമ്മുടേത്. പത്തനംതിട്ടയിൽ രണ്ട് സ്ത്രീകളെ ബലികൊടുത്തതും ഉന്നതവിദ്യാഭ്യാസം ലഭ്യമാകുന്ന



ഒരു സമൂഹത്തിലാണ്.

ഭാവിതലമുറ ഇത്തരം പ്രാകൃതമായ ആചാരങ്ങളിലേക്ക് ആകൃഷ്ടരാകാതിരിക്കുന്നതിനായി, പ്രത്യേകിച്ച് കൗമാരകാലം മുതൽ തന്നെ ഇതിനുള്ള പരിശീലനം നൽകേണ്ടിയിരിക്കുന്നു. ഇത് അനാചാരമാണെന്ന് പറഞ്ഞ് തിരുത്തിക്കൊടുക്കണം. പത്തൊൻപത്-ഇരുപത് നൂറ്റാണ്ടുകളിൽ മുന്നോട്ടുവന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളെ നവോത്ഥാനമെന്ന് വിളിക്കുന്നത് ആചാരങ്ങളുടെ പേരിൽ ഉണ്ടായിരുന്ന കാര്യങ്ങളെ അന്ധവിശ്വാസമെന്നും അനാചാരമെന്നും തിരിച്ചറിഞ്ഞ് അതിനെതിരെ പ്രതിഷേധിച്ചതുകൊണ്ടാണ്. ആചാരത്തെയും ദുരാചാരങ്ങളെയും വേർതിരിച്ചറിയുന്നതാണ് പ്രബുദ്ധത. അതാണ് നവോത്ഥാനം. അയ്യാ വൈകുണ്ഠൻ, ആറാട്ടുപുഴ വേലായുധ പണിക്കർ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, കുമാരഗുരുദേവൻ, ശ്രീനാരായണ ഗുരു തുടങ്ങിയ സാമൂഹ്യപരിഷ്കർത്താക്കൾ അക്ഷീണം പ്രയത്നിച്ചത് സാമൂഹികമായ അനാചാരങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടിയാണ്.

ആ പൈതൃകം പേറുന്നവരാണ് കേരളീയർ എന്ന് അഭിമാനിക്കുമ്പോഴും ചില സംഭവങ്ങൾ നടക്കുന്നത് ഞെട്ടലുളവാക്കുന്നതാണ്. സർക്കാറിന്റെ ഭാഗത്ത് നിന്ന് ഇതിനെതിരായി നടക്കുന്ന നിയമനിർമാണവും, ശിക്ഷവിധിക്കലും ദുരാചാരങ്ങളുടെ ആക്കം കുറയ്ക്കാൻ സഹായിക്കുമെങ്കിലും, അടിയന്തിരമായി ചെയ്യേണ്ട കാര്യം കൗമാരക്കാരിൽ പ്രബുദ്ധത വളർത്തിയെടുക്കുക എന്നതാണ്. അതിനായി അവരെ പരിശീലിപ്പിക്കുകയും ശരിയായ രീതിയിലുള്ള സാമൂഹ്യജീവിതത്തിന് അവ അത്യാവശ്യമാണെന്ന് ബോധ്യപ്പെടുത്തുകയും വേണം. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക' എന്ന ആശയം ശ്രീനാരായണഗുരു മുന്നോട്ടുവെച്ചത് വെറുതെയല്ല.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ, യുക്തിചിന്ത വളർത്തുന്ന എന്തെങ്കിലും ക്ലാസ് മുറികളിൽ നടക്കുന്നുണ്ടോ എന്നത് ഉത്തരമില്ലാത്ത ചോദ്യമായി അവശേഷിക്കുന്നു. ശാസ്ത്രമേളകൾ തുടങ്ങുന്നത് പോലും കുട്ടികളിൽ അന്ധവിശ്വാസം അടിച്ചേൽപിച്ചുകൊണ്ടാണ്. നവമി ദിവസങ്ങളിൽ കേരളത്തിലെ ചില മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയ ഉപകരണങ്ങൾ ആയുധപൂജയ്ക്ക് വെക്കുകയുണ്ടായി. വിദ്യാലയത്തിൽ വരുമ്പോൾ ആദ്യം തുടങ്ങുന്നത് പ്രാർത്ഥനയോടെയാണ്. എന്നാൽ പഠിക്കുന്നതോ ഡാർവിന്റെ പരിണാമസിദ്ധാന്തവും. ചെറുപ്പം മുതൽ വിശ്വസിക്കാനൊരു കാര്യം, ജീവിക്കാൻ മറ്റൊരു കാര്യം എന്ന രീതിയിൽ അന്ധവിശ്വാസങ്ങളിൽ ആണ്ടുമുങ്ങുന്ന ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുന്നതിൽ വിദ്യാഭ്യാസരീതി മുഖ്യപങ്ക് വഹിക്കുന്നു.

അന്ധവിശ്വാസത്തെ വേരോടെ പിഴുതെറിയണമെങ്കിൽ ഉന്നതവിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് മാനസികവളർച്ച പ്രദാനം ചെയ്യുന്ന ഒന്നായി മാറണം. വിദ്യാഭ്യാസം ശരിയായ രീതിയിൽ നൽകുവാനും, അതിലൂടെ സാംസ്കാരികബോധം വളർത്തുവാനും സാധിക്കണം. സാംസ്കാരിക പ്രതിബോധത്തെ മുന്നിലേക്ക് കൊണ്ടുവരിക എന്നുള്ളത് പ്രയാസമുള്ള പണിയാണ്. വിദ്യാഭ്യാസ സമ്പ്രദായത്തെയും ഉന്നത വിദ്യാഭ്യാസരംഗത്തെയും അഴിച്ചുപ



ണിതാൽ മാത്രമേ നല്ലൊരു ഭാവി തലമുറയെ വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ.  സാംസ്കാരിക തലത്തിൽ പുരോഗമനമുണ്ടാക്കുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.  മാധ്യമങ്ങളിലൂടെ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കാതിരിക്കാനും അന്ധവിശ്വാസം പ്രോത്സാഹിപ്പിക്കാതിരിക്കാനും ശ്രമിക്കണം.

അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കാൻ കതിരിൽ വളം വെച്ചിട്ട് കാര്യമില്ല. വേരിലേക്ക് പോകണം. വേരിൽ മനുഷ്യനെയും മനുഷ്യത്വവും കാണണം. എല്ലാ മേഖലകളിലും അടിമുടി ഇടപെടലുകൾ ഉണ്ടാകണം. സാംസ്കാരികമേഖലയെ സൂക്ഷ്മമായി അവലോകനം നടത്തേണ്ടതിന്റെയും പഠിക്കേണ്ടതിന്റെയും അനിവാര്യത ഏറിയിരിക്കുന്നു. പിൻതലമുറക്കാർ പകർന്നുതന്ന നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു സാംസ്കാരികവിപ്ലവം തന്നെ നടത്തേണ്ടതായിട്ടുണ്ട്.

അതിന് നേതൃത്വം നൽകേണ്ടത് യുവതലമുറയാണ്.

"ചോരതുടിക്കും ചെറുകയ്യുകളെ,/ പേറുക വന്നീ പന്തങ്ങൾ" എന്ന് കവി പാടിയത് യുജനതയെ കണ്ടുകൊണ്ടാണ്.

സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സമ്പ്രദായങ്ങൾ മാറണം. വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തണം. പൊതുചർച്ചകൾ സംഘടിപ്പിക്കണം. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ശക്തമായി പ്രതിരോധിക്കണം. സാംസ്കാരിക പ്രവർത്തകരും യുവജനതയും നിലവിലിരിക്കുന്ന സമൂഹത്തിലെ അനാചാരങ്ങളെ തിരിച്ചറിഞ്ഞ് അതിനെ ഇല്ലാതാക്കാനായി പരിശ്രമിക്കണം. അയിത്തത്തിനെതിരെയും സമൂഹത്തിലെ ദുരാചാരങ്ങൾക്കെതിരെയും പോരാടിയ ഡോ. ബി.ആർ. അംബേദ്കറിന്റെ വാക്കുകൾ ഇങ്ങനെയാണ്.  "വിദ്യ നേടുക, സംഘടിക്കുക, സമരം ചെയ്യുക ഇതാണ് വിമോചനത്തിനാവശ്യം". അന്ധവിശ്വാസത്തിൽ നിന്ന് മോചനം നേടാൻ സംഘടിച്ചേ മതിയാവൂ.

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ/പതിതരേ നിങ്ങൾ തൻ പിന്മുറക്കാർ" എന്ന ചങ്ങമ്പുഴയുടെ വരികളിൽ യുവജനതയുടെ പങ്ക് പ്രകടമാണ്. രാഷ്ട്രത്തിന്റെ ഭാവി യുവജനതയുടെ കൈകളിലാണ്. മാനസികമായ വളർച്ചയും പ്രബുദ്ധതയും രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ വീട്ടിൽ നിന്നുതുടങ്ങി സമൂഹത്തിലേക്ക് പകരണം. കേരളീയ പ്രബുദ്ധതയ്ക്കേറ്റ മങ്ങലായ അന്ധവിശ്വാസത്തെ തുടച്ചുനീക്കി എല്ലാ രീതിയിലും ഒരു സാംസ്കാരിക ഉയർത്തെഴുന്നേൽപിന് വഴിതെളിക്കാൻ യുവതലമുറയ്ക്ക് സാധിക്കണം. അതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും നല്ലൊരു നാളെയെ പടുത്തുയർത്തുകയും വേണം.

**ശ്രീഷ്മ പി**
കണ്ണൂർ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, കാസറഗോഡ്

..................................................

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ രണ്ടാം സമ്മാനാർഹമായ ഉപന്യാസം

# ഉന്നതവിദ്യാഭ്യാസവും അന്ധവിശ്വാസങ്ങളും: തിരുത്തുകളുണ്ടാകട്ടെ, വീക്ഷണങ്ങളിൽ

'ഇലന്തൂരിൽ ഇരട്ട നരബലി', 'കണ്ണൂരിൽ പെൺകുട്ടി ചികിത്സ കിട്ടാതെ മരിച്ചു'. പോയവർഷം കേരളം കേ ട്ട വാർത്തകളാണിവ. ഉയർന്ന സാക്ഷരതയും ഉന്നത വിദ്യാഭ്യാസ പ്രവേശന നിരക്കും ഇടത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക്ശക്തമായ വേരോട്ടവുമുള്ള ഒരു സമൂഹത്തിലാണ് ഈ സംഭവങ്ങളെന്നത് ലജ്ജാവഹമാണ്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തിരസ്കരിക്കാനുതകും വിധം ശാസ്ത്രാവബോധവും അന്വേഷണത്വരയും സ്വതന്ത്രചിന്തയും വളർത്താൻ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്സാധിക്കുന്നുണ്ടോ?

പരിമിതികളുണ്ടെന്ന് തോന്നുന്നുവെങ്കിൽ എന്തൊക്കെയാണതിന്റെ കാരണങ്ങളെന്നും എങ്ങനെയവ പരിഹരിക്കാമെന്നും ഒരാലോചന നടത്താൻ നമ്മൾ ബാധ്യസ്ഥരാണ്.

എന്താണ്അന്ധവിശ്വാസം? എഡ്മുണ്ട്ബർക്കിന്റെ വാക്കുകളിൽ "ദുർബലമായ മനസ്സുകളുടെ മതമാണ്അന്ധവിശ്വാസം." യുക്തിയുടെ സഹായത്തോടെ വിശദീകരിക്കാൻ സാധിക്കാത്ത ഏതു വിശ്വാസവും അന്ധവിശ്വാസമാണ്. അതിമാനുഷികതയിൽ അധിഷ്ഠിതമായ എല്ലാ ആചാരങ്ങളെയും അനാചാരങ്ങളെന്ന് വിശേഷിപ്പിക്കാം. ഇവ പൊതുവേ മനുഷ്യരുടെ ഭയത്തെ ഉപയോഗപ്പെടുത്തി നിലനിൽക്കുകയും ക്രൂരതയുടെ സ്രോതസ്സായി വർത്തിക്കുകയും ചെയ്യുന്നവെന്ന്ബർട്രാൻഡ്റസ്സൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും യാതനകൾ കൂടുതലായി അനുഭവിക്കേണ്ടിവരുന്നത്പാർശ്വവത്കൃത വിഭാഗങ്ങളാണ്. അവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ ഇതിനു കാരണമാകുന്നുണ്ട്.

കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ വിവിധ കാലങ്ങളിൽ വ്യത്യസ്തമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നതായ്ക്കാണാം. മണ്ണാപ്പേടിയും പുലപ്പേടിയും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും തിരണ്ടുകല്യാണവും പുളികുടിയും അവയിൽ ചിലതുമാത്രം. ഒടിയും ഓതിക്കലും മഷിയിട്ടുനോക്കലും പോലുള്ള പ്രശ്നപരിഹാരവിധികളും

ഉണ്ടായിരുന്നു.

"ഇന്നലെ ചെയ്തോരബദ്ധം,

മൂഢർക്കിന്നത്തെയാചാരമാകാം."

എന്ന്ചണ്ഡാലഭിക്ഷുകിയിൽ കുമാരനാശാൻ കുറിച്ച സാമൂഹ്യസാഹചര്യമിതായിരുന്നു.

നിരക്ഷരതയും യുക്തിചിന്തയുടെ അഭാവവും ഇവയുടെ ഫലപ്രാപ്തിയെ ചോദ്യം ചെയ്യാതിരിക്കാനുള്ള കാരണങ്ങളായി. അതേ സമയം പൊതുചികിത്സാലയങ്ങളുടെ അഭാവവും ദാരിദ്ര്യവും ശാസ്ത്രീയമായ പരിഹാരമാർഗങ്ങൾ തേടുന്നതിൽ നിന്ന്ജനങ്ങളെ അകറ്റി. സ്വന്തം താത്പര്യത്തിന്പേരുവിളിക്കാനോ വസ്ത്രങ്ങൾ ധരിക്കാനോ അവകാശമില്ലാതിരുന്ന മനുഷ്യരുടേതു കൂടിയായിരുന്നു കേരളം.

സ്വാമി വിവേകാനന്ദൻ 'ഭ്രാന്താലയ'മെന്ന് വിശേഷിപ്പിച്ച കേരളത്തെ വാസയോഗ്യമാക്കി മാറ്റിയത്ശ്രീനാരായണഗുരുവിനെ യും അയ്യങ്കാളിയെയും ചട്ടമ്പിസ്വാമിയെയും പൊയ്കയിൽ കുമാര ഗുരുവിനെയും സഹോദരനയ്യപ്പനെയും എ കെ ജിയെയും ടി കെ മാധവനെയും കെ. കേളപ്പനെയും പോലുള്ള നവോത്ഥാന നായകരുടെ പ്രവർത്തനമായിരുന്നു.

വിമോചനത്തിലേക്കുള്ള ആദ്യ പടി വിദ്യാഭ്യാസമാണെന്ന്ഉറച്ചു വിശ്വസിച്ച അയ്യങ്കാളി പുലയക്കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയെന്ന ആവശ്യമുന്നയിച്ച്പണിമുടക്ക്നടത്തി.

ജാതിഭേദങ്ങളില്ലാതെ ഏവർക്കും വിദ്യാഭ്യാസം നൽകുകയെന്ന നവോത്ഥാനാശയം സമൂഹത്തിൽ പുരോഗമനത്തിന്റെ വെളിച്ചം വീശി. വിദ്യാഭ്യാസം നേടിയ യുവത അനാചാരങ്ങളെ ചോദ്യം ചെയ്തു. അത്പലേടങ്ങളിലും സംഘർഷങ്ങളുണ്ടാക്കി.

1950 ജനുവരി 26ന്ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതോടെ തൊട്ടുകൂടായ്മ നിയമം മൂലം നിരോധിക്കപ്പെട്ടു. ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്തുകയെന്നത് നിർദേശക തത്വമായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഐക്യകേരള രൂപീകരണത്തെ തുടർന്നുണ്ടായ വിദ്യാഭ്യാസ പരിഷ്കരണം സമൂഹത്തിന്റെ വിവിധ തുറകളിലുള്ള മനുഷ്യരെ വിദ്യാലയങ്ങളിലെത്തിച്ചു. സാക്ഷരതാപ്രവർത്തനങ്ങളുടെ ഫലമായി 1991ൽ സമ്പൂർണ സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി. എഴുത്തും വായനയും പുതിയ വിവരങ്ങളാർജ്ജിക്കാൻ മനുഷ്യരെ പ്രാപ്തരാക്കി. അത്കൂടുതൽ ചിന്തിച്ച്പ്രവർത്തിക്കാനും അനാചാരങ്ങളെ ത്യജിക്കാനും സഹായിച്ചു.

**ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്ന് വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്ത വളർത്തുകയെന്നതാണ്. ഈ ലക്ഷ്യം സഫലീകരിക്കാൻ കഴിഞ്ഞാൽ കേരളത്തിൽ അദൃശ്യമായി നിലനിൽക്കുന്ന പല അനാചാരങ്ങളും അന്ധവിശ്വാസവും ഇല്ലാതാകും.**

സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസത്തിലൊതുങ്ങാൻ തയ്യാറായിരുന്നില്ല കേരളം. 2020-21 വർഷത്തെ അഖിലേന്ത്യ ഉന്നത വിദ്യാഭ്യാസ സർവേ പ്രകാരം കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ്റേഷ്യോ 43.2 ശതമാനമാണ്. അഖിലേന്ത്യാ ശരാശരി 27.3 ശതമാനവും.

ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്ന് വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്ത വളർത്തുകയെന്നതാണ്. ഈ ലക്ഷ്യം സഫലീകരിക്കാൻ കഴിഞ്ഞാൽ കേരളത്തിൽ അദൃശ്യമായി നിലനിൽക്കുന്ന പല അനാചാരങ്ങളും അന്ധവിശ്വാസവും ഇല്ലാതാകും.

എന്നാൽ ഈ ലക്ഷ്യത്തിലേക്ക്ഉന്നതവിദ്യാഭ്യാസമെത്തുന്നുണ്ടോയെന്നത് സംശയാവഹമാണ്. ശാസ്ത്ര വിഷയങ്ങളിലെ ഗവേഷക വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ശാസ്ത്ര ജ്ഞാനമല്ലാതെ ശാസ്ത്രാവബോധമോ അന്വേഷണ ത്വരയോ കൈവരിക്കുന്നില്ല.

അനാചാരങ്ങളെ വിമർശനാത്മകമായി വിലയിരുത്താൻ തയ്യാറാകുന്നുമില്ല. രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ ജാതീയമായ പീഡനങ്ങൾ മൂലം ആത്മഹത്യ ചെയ്യുന്ന വിദ്യാർത്ഥികളുടെ കണക്ക് വ്യക്തമാക്കുന്നത്അവിടത്തെ അധ്യാപകർ പോലും ഈ ശേഷികൾ കൈവരിക്കുന്നില്ലെന്നാണ്. വിമർശനാത്മക ചിന്തയുടെ തെല്ലെങ്കിലും ബാക്കി കാണാവുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ രാഷ്ട്രഭരണകൂടമുയർത്തുന്ന ഭീഷണിയുടെ മുനയിലുമാണ്.

ഇലന്തൂരിലെ നരബലിയും ചികിത്സ കിട്ടാതെ കണ്ണൂരിൽ കുട്ടി മരിച്ച സംഭവവും പരിഗണിച്ചാൽ, ഉത്തരവാദികൾ നിരക്ഷരരല്ല, ഫലപ്രദമായ വിദ്യാഭ്യാസം കരസ്ഥമാക്കാത്തവരാണെന്ന്കാണാം. അഭ്യസ്തവിദ്യർ തന്നെ പല അനാചാരങ്ങളും കൊണ്ടുനടക്കുന്നതായി കാണാം. ഈ സ്ഥിതി മാറ്റിയെടുക്കാൻ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക്സാധിക്കേണ്ടതുണ്ട്. അതിന്ഉചിതമായ രീതിയിൽ പാഠ്യപദ്ധതിയും അധ്യാപകരും മാറേണ്ടതുണ്ട്. എങ്കിൽ മാത്രമെ അതുവഴി വിദ്യാർത്ഥികളും പൊതു സമൂഹവും മാറൂ.

അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നാടുകടത്താൻ വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്ത വളർത്തേണ്ടതുണ്ട്. ശാസ്ത്രാവബോധവും അന്വേഷണത്വരയും രൂപീകരിക്കേണ്ടതുണ്ട്. വസ്തുതകളെ വിവിധ വീക്ഷണകോണുകളിലൂടെ നിരീക്ഷിക്കാനും വിലയിരുത്താനും വിദ്യാർത്ഥികൾക്ക്സാധിക്കണം. അതിനുതകും വണ്ണം മാറ്റങ്ങളെ സ്വീകരിക്കാൻ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക്സാധിക്കട്ടെ.

**അരുൺ കെ**
പയ്യന്നൂർ കോളജ്

സംസ്ഥാന സമ്മേളന സാഹിത്യമത്സരം
വിദ്യാർത്ഥികളുടെ വിഭാഗത്തിൽ മൂന്നാം സമ്മാനാർഹമായ ഉപന്യാസം

# അന്ധവിശ്വാസമെന്ന മായാക്കറ

"ഇന്നലെ ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചാരമാകാം, നാളത്തെ ശാസ്ത്രമതാകാം, അതിൽ മൂളായ്ക സമ്മതം രാജൻ".

ഏറിയും കുറഞ്ഞുമായുള്ള ധാരാളം അന്ധവിശ്വാസങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എക്കാലത്തും നിലനിൽക്കുന്നുണ്ട്. പൗരസ്ത്യമായി ചിന്തിച്ചാൽ മതപരമായ അടിത്തറ അതിന് കൂടുതൽ ശക്തിപകരുന്നു. ഇന്ത്യയെന്ന രാഷ്ട്രത്തെ പരിഗണിച്ചാൽ വൈവിധ്യാത്മകമായ അനേകം സാംസ്കാരിക തലങ്ങളെ കാണുവാൻ സാധിക്കും. വിവിധങ്ങളായ യാഥാർത്ഥ്യങ്ങളും, വിശ്വാസങ്ങളും, ധാരണകളും, സങ്കല്പങ്ങളും ഇവയിലൂടെ രൂപപ്പെടുന്നവയാണ്. സങ്കീർണമായ സാംസ്കാരികതനിമയെ മനസ്സിലാക്കുകയത്ര എളുപ്പമല്ല.

ഈ കാലഘട്ടത്തിനനുസൃതമായി പുതുക്കപ്പെടുന്ന മാനവികമൂല്യബോധങ്ങളും ചിന്താപദ്ധതികളും

അവയിൽ ശ്രദ്ധേയമാണ്.

അതുപോലെ നവോത്ഥാനാത്മകമായ കേരളീയചരിത്രം, ഉന്നതവിദ്യാഭ്യാസരംഗത്തെ ഉയർച്ച, സാക്ഷരതയെന്നിവയൊക്കെ വിമർശനാത്മകമായൊരു കോണിൽ നിന്നും നോക്കികാണേണ്ടതായിട്ടുള്ള ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

ഇവയിലൂടെയൊക്കെ ആർജ്ജിച്ചെടുക്കുന്ന അറിവിനെ നാം ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ? ഈയൊരു ചോദ്യം പ്രസക്തമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ നവോത്ഥാനാത്മകമായസ്വഭാവം, സാക്ഷരത, ഉന്നതവിദ്യാഭ്യാസരംഗത്തെയുയർച്ച ഇവ കൊണ്ടുണ്ടാകേണ്ട അല്ലെങ്കിൽ ജീവിതത്തിൽ ശീലിക്കപ്പെടേണ്ട യുക്തിപരവും ശാസ്ത്രീയവുമായ പരിസരങ്ങളെ വിമർശനാത്മകമായും ഇവ സമ്പർക്കപ്പെടുന്ന സാമൂഹിക ചിന്ത പുലർത്തുന്ന നിലവാരത്തെപ്പറ്റിയുമുള്ള കൃത്യമായ ധാരണയില്ലാതെ ഈ ചോദ്യത്തിന് ഉത്തരം നൽകാൻ സാധിക്കുകയില്ല. ഉദാഹരണത്തിനായി ഇവയിലേക്ക് വേഗത്തിലെത്തിക്കുന്ന ഒരു സമീപകാല സംഭവമാണ് പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിലെ നരബലി. പ്രബുദ്ധരായ കേരളീയജനതയെ ഒന്നടങ്കം ഞെട്ടിപ്പിക്കുന്നതായിരുന്നു ഈ സംഭവം. നരബലി റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോഴാണ് മനുഷ്യമനസ്സിൽ കുടിയിരിക്കുന്ന അബദ്ധജടിലവും, ഹിംസാത്മകവുമായ ഇത്തരം പ്രാകൃത സംസ്കാരങ്ങൾ നാടുനീങ്ങിയിട്ടില്ലായെന്ന് നാം മനസ്സിലാക്കുന്നത്. വിശ്വാസത്തിന്റെയും ഉപഭോഗാത്മകതയുടെയും, മനുഷ്യകാമനകളുടെയും പിൻബലത്തിലൂടെയാണ് അന്ധവിശ്വാസത്തിന്റെ തിമിരം സാമൂഹിക ജീവിതത്തിലേക്ക് അന്ധകാരം വ്യാപിപ്പിക്കുന്നത്.

കൃത്യമായ വാക്കുകൾ അടുക്കിപെറുക്കി അന്ധവിശ്വാസത്തെ നിർവചിക്കുക അസാധ്യമാണ്. വിശ്വാസം യുക്തി, വിശ്വാസം ധാർമികത, വിശ്വാസം ശാസ്ത്രം, ഇങ്ങനെ തുടരുന്ന അനേകം ദ്വന്ദ്വങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് മാത്രമേ അന്ധവിശ്വാസത്തെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഒരാളുടെ വിശ്വാസം മറ്റൊരാളെ ബാധിക്കു

ന്നതിനെ അന്ധവിശ്വാസമെന്ന് സാമാന്യമായി അതിനെ നിർവചിക്കാം. പല ഘടകങ്ങൾ ഇതിനെ സ്വാധീനിക്കുന്നുണ്ട്. മതപരമായ വിശ്വാസങ്ങൾ ഇവയിൽ പ്രധാനപ്പെട്ടതാണ് (അനുഷ്ഠാനപരമായ മതവിശ്വാസമൊഴികെ) ഇത്തരം വിശ്വാസങ്ങളുടെ തീവ്രമായ അഭിനിവേശമാണ് അന്ധവിശ്വാസങ്ങളിലേക്ക് നയിക്കപ്പെടുന്നത്. കാലം മാറിപ്പോയപ്പോൾ അവയൊക്കെ കാലഹരണപ്പെട്ടുവെന്ന ധാരണക്കേറ്റ ഒരടിയാണിത്. അന്ധവിശ്വാസത്തിന്റെ ദൂരവ്യാപകമായ ഫലങ്ങൾ മായാത്തകറപോലെ സമൂഹത്തിൽ പറ്റിച്ചേർന്നിരിക്കുന്നു. ഒരു വശത്ത് ഉന്നതമായ വിദ്യാഭ്യാസവും മികച്ച ജീവിത നിലവാരവും പുലർത്തുമ്പോഴും മറ്റൊരു വശത്ത് നാം കാലഹരണപ്പെട്ടുവെന്ന് കരുതപ്പെടുന്ന ആയിരം രണ്ടായിരം വർഷം പഴക്കമുള്ള പ്രാകൃതസംസ്കാരത്തിന്റെ വീണ്ടെടുപ്പുകളുമാണ് സംഭവിക്കുന്നത്.

അന്ധവിശ്വാസമെന്ന ലഹരി സമ്പന്നർ ദരിദ്രർ, സ്ത്രീ പുരുഷൻ, സാക്ഷരർ നിരക്ഷരൻ എന്നീ വ്യത്യാസങ്ങളൊന്നുമില്ലാതെ ഒരുപോലെ ബാധിക്കുന്നു. പ്രധാനമായും സ്ത്രീകളാണ് കൂടുതൽ അന്ധവിശ്വാസത്തിൽ ചൂഷിതരാകുന്നത്. ലൈംഗികമായും സാമ്പത്തികമായുമുള്ള മുതലെടുപ്പുകളാണ് പ്രധാനലക്ഷ്യം.

അന്ധവിശ്വാസവും ഉന്നതവിദ്യാഭ്യാസവും എന്ന വിഷയത്തിലേക്ക് കടക്കുമ്പോൾ ഉന്നതവിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് നാം പ്രാഥമികമായി മനസ്സിലാക്കേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസം എന്നത് കൂടുതൽ പഠിക്കുകയെന്ന സമ്പ്രദായിക സങ്കല്പത്തിലാണ് നമ്മളിപ്പോഴും, എന്നാൽ ഉന്നതവിദ്യാഭ്യാസമെന്നത് കൂടുതൽ പഠിക്കുകയല്ല പഠിച്ചതിനെ വിമർശനാത്മകമായും, ക്രിയാത്മകമായും പരിഷ്കരിക്കുകയാണ് ചെയ്യേണ്ടത്. നിർഭാഗ്യവശാൽ നമ്മുടെ സമൂഹം വിദ്യാഭ്യാസത്തെ ഒരു certificate earning process ആയി മാത്രമാണ് കാണുന്നത്. ഈയൊരു പാഠ്യ-പഠന രീതികൊണ്ട് യാതൊരു പ്രയോജനവുമില്ലായെന്ന് നാം

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രശ്നമായി ഞാൻ കാണുന്നത് വൈവിധ്യത്തിന്റെ തിരിച്ചറിവിന് സംഭവിക്കുന്ന പരിമിതികളാണ്. ഒരുപക്ഷേ ഈയൊരു ഘട്ടത്തിൽ എത്തുന്ന വിദ്യാർത്ഥി സമൂഹം ഐച്ഛികമായി തിരഞ്ഞെടുക്കുന്ന ഒരു വിഷയത്തിൽ മാത്രം നിന്നുകൊണ്ട് സാമൂഹിക വീക്ഷണം നടത്തുന്നു എന്നതാണ്.**

മനസ്സിലാക്കേണ്ടതുണ്ട്. ഉദാഹരണത്തിനായി സ്കൂൾ ക്ലാസുകൾ മുതൽ യൂണിവേഴ്സിറ്റി തലം വരെയുള്ള പരീക്ഷകളിൽ സ്വന്തം അഭിപ്രായം രേഖപ്പെടുത്താനുള്ള ചോദ്യങ്ങൾ വന്നാൽ ചോദ്യത്തിനു മുൻപിൽ പകച്ചു നിൽക്കുന്ന വലിയൊരു വിദ്യാർഥി സമൂഹത്തെ കാണുവാൻ സാധിക്കും

അനിശ്ചിതത്വത്തിന് കാരണമാക്കിയത് ചെറിയ സാമ്പ്രദായികമായ വിദ്യാഭ്യാസ സങ്കല്പങ്ങളാണ്. ഇത്തരം സങ്കല്പങ്ങൾ വിശ്വാസങ്ങളെ അന്ധവിശ്വാസങ്ങളായും, ആചാരങ്ങളെ അനാചാരങ്ങളായും പുനരുല്പാദിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ സാമാന്യവൽക്കരണമാണിവിടെയൊക്കെ നടക്കുന്നത്. ഒരു ഉദാഹരണം പരിശോധിച്ചാൽ ഒന്നോ രണ്ടോ വർഷം മുൻപ് വിശാഖപട്ടണത്ത് സർക്കാർ വനിതാ കോളേജിൽ രസതന്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസറായ പുരുഷോത്തം നായിഡു ഗണിതശാസ്ത്രത്തിൽ സ്വർണമെഡൽ നേടിയ പത്മജ എന്ന അധ്യാപികയും പുനർജന്മം എന്ന അന്ധവിശ്വാസത്തിന്റെ പേരിൽ Institute of forest management ഇൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയായ 27കാരി അലേഖ്യയെയും, എ ആർ റഹ്മാന്റെ മുംബൈയിലെ സംഗീത സ്കൂളിലെ വിദ്യാർഥിനിയായ BBA ബിരുദധാരി സായിദിവ്യയെയും അരുംകൊല ചെയ്തത് ഞെട്ടിപ്പിക്കുന്ന വാർത്തയായിരുന്നു. ഉന്നതമായ വിദ്യാഭ്യാസം നേടിയ ഈ രക്ഷിതാക്കൾ അന്ധവിശ്വാസത്തിന്റെ വികലവും വികൃതവുമായ ചിന്താഗതിയിലേക്ക് വശംവദരായത് എങ്ങനെയാണ്? സാമാന്യയുക്തിക്ക് പോലും നിരക്കാത്ത ചില വിശ്വാസങ്ങൾ ചെറുപ്പകാലം മുതലേ മനസ്സിൽ കൊണ്ടുനടക്കുകയും പ്രാകൃതത്തെ തങ്ങളോടൊപ്പം വളർത്തുകയും ചെയ്തു. ഇവ വിദ്യാഭ്യാസം ഇവ വിദ്യാഭ്യാസം കൊണ്ടുപോലും മായിക്കാൻ സാധിക്കാത്തത് നേരത്തെ സൂചിപ്പിച്ചതുപോലെ നാം പിന്തുടർന്നുകൊണ്ടിരുന്ന സാമ്പ്രദായിക വിദ്യാഭ്യാസ രീതിയായതുകൊണ്ടാണ്. നാം ഉന്നതവിദ്യാഭ്യാസം നേടിയെടുക്കുന്നുണ്ടെങ്കിൽ പോലും അവയിലൂടെ ഉണ്ടാകുന്ന അറിവിനെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കാതെ വരുന്നു. അതുകൊണ്ടാണല്ലോ ആധുനിക വൈദ്യശാസ്ത്രത്തോട് മുഖം തിരിക്കുകയും ദുർമന്ത്രവാദ ചതിയിൽ വിശ്വസിക്കുകയും ചെയ്യുന്നത്. കരുനാഗപ്പള്ളിയിലെയും കാസർഗോഡിലെയും സംഭവങ്ങൾ ഇതിനെക്കുറിക്കുന്നു.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രശ്നമായി ഞാൻ കാണുന്നത് വൈവിധ്യത്തിന്റെ തിരിച്ചറിവിന് സംഭവിക്കുന്ന പരിമിതികളാണ്. ഒരുപക്ഷേ ഈയൊരു ഘട്ടത്തിൽ എത്തുന്ന വിദ്യാർത്ഥി സമൂഹം ഐച്ഛികമായി തിരഞ്ഞെടുക്കുന്ന ഒരു വിഷയത്തിൽ മാത്രം നിന്നുകൊണ്ട് സാമൂഹിക വീക്ഷണം നടത്തുന്നു എന്നതാണ്. ശാസ്ത്രവിദ്യാർഥി ശാസ്ത്രതലത്തിലും, ചരിത്ര വിദ്യാർത്ഥി ചരിത്രാത്മകരീതിയിലും, സാഹിത്യ വിദ്യാർഥികൾ സാഹിത്യത്തിന്റെ പ്രത്യയശാസ്ത്രത്തെയും മുൻനിർത്തി സാമൂഹിക വീക്ഷണം നടത്തുന്നു. എന്നാൽ

അന്ധവിശ്വാസം വിജ്ഞാനശാഖക ളെ നാം കാണുന്ന

ഇവ പരിമിതപ്പെട്ട രീതിയിലുള്ള ജ്ഞാനോൽപ്പാദനം മാത്രമേ നട ത്തുന്നുള്ളൂ. പോലുള്ള സാമൂഹിക വിപത്തുകളെ കണ്ടെത്താനും പ്രതിരോധിക്കാനും ഈയറിവ് വീ ക്ഷണം പര്യാപ്തമല്ല. അവിടെയാണ് Interdisciplinary അഥവാ അന്തർ വൈജ്ഞാനികത എന്ന ആശയ ത്തിന്റെ പ്രസക്തി. നരവംശശാസ്ത്രം, ഭൂമിശാസ്ത്രം, വിദ്യാഭ്യാസം, സാഹി ത്യപഠനം, ആശയവിനിമയപഠനം, രാഷ്ട്രതന്ത്രം, ചരിത്രം എന്നിങ്ങനെ വിവിധ പഠനശാഖകളുടെ സംഗമ ത്തിലൂടെയാണ് ഇന്നു കൾച്ചറൽ ഡി/ സാംസ്കാരിക പഠനമേഖല വികസികച്ചത്. കൂട്ടിയിണക്കാൻ സാധിക്കുന്നിടത്തോളം ചേർത്തു നിർത്തി സാമൂഹിക-സാംസ്കാരിക -രാഷ്ട്രീയ പരിണാമത്തിന്റെ എല്ലാ മാനങ്ങളും വിശദമായി പഠനവിധേ യമാക്കുന്ന സമീപനമാണിത്. സാം സ്കാരിക ഘടകങ്ങൾ സാമൂഹിക പ്രതിഭാസങ്ങളുമായി അതിലൂടെ പ്ര വർത്തിക്കുന്നതോ ആയ അധികാര സംവിധാനങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഇവ അന്വേഷിക്കുന്നു. പ്രത്യയശാസ്ത്രം, ദേശീയത, ഉപദേശികതകൾ, ലൈംഗിക ആഭിമുഖ്യം, വിശ്വാസം, തലമുറ, ആചാരം, അന്ധവിശ്വാസം, വർഗ്ഗഘടനകൾ അങ്ങനെ വൈ വിധ്യമാർന്ന വിഷയങ്ങളുടെ സം യോജനമാണിത്. ഇത്തരം വിഷയ ന്തരസമീപനം ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്നത് വൈജ്ഞാ നികപരമായ അടിത്തറയിക്ക് ശക്തിപകരാൻ സഹായിക്കും.

ബന്ധപ്പെട്ടതോ അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് ഉന്നതവിദ്യാ ഭ്യാസം കൊണ്ടുണ്ടാകേണ്ട critical thinking capacity. പരമ്പരാഗതമായി ഉപയോഗിക്കുന്ന ചില വിമർശനാ ത്മകചിന്ത നിർവചനങ്ങളെ ചുവടെ ചേർക്കുന്നു.

'The intellectually disciplined process of actively and skillfully conceptualising, applying, analysing, synthesising, and/or evaluating information gathered from, or generated by, observation, experience, reflection, reasoning, communication, as a guide to belief and action'.

or

• 'Disciplined thinking that is clear, rational, open-minded, and informed by evidence'.

• 'Purposeful, self-regulatory judgement which results in interpretation, analysis, evaluation, and inference, as well as explanation of the evidential, conceptual, methodological, criteriological, or contextual considerations upon which that judgement is based'.

• 'Thinking about one's thinking in a manner designed to organise and clarify, raise the efficiency of, and recognize errors and biases in one's own thinking. Critical thinking is not 'hard' thinking nor is it directed at solving problems (other than 'improving' one's own thinking). Critical thinking is inward-directed with the intent of maximising the rationality of the thinker. One does not use critical thinking to solve problems-one uses critical thinking to improve one's process of thinking'.

'An appraisal based on careful analytical evaluation'.

വിവിധങ്ങളായ നവസിദ്ധാന്തങ്ങളു ടെയും ആശയങ്ങളുടെയും കടന്നുവര വോടുകൂടി വിമർശനാത്മക ചിന്തപ ദ്ധതികളുടെ നിർവചനത്തിലും കാ ര്യമായ മാറ്റങ്ങൾസംഭവിച്ചിട്ടുണ്ട്. ലഭ്യമായ വസ്തുക്കൾ, തെളിവുകൾ, നിരീക്ഷണങ്ങൾ, വാദങ്ങൾ, എന്നി വയുടെ വിശദമായ വിശകലനമാണ് വിമർശനാത്മക ചിന്ത. ചരിത്രം പരിശോധിക്കുമ്പോൾ പ്ലാറ്റോയുടെ കാലം മുതൽ നമുക്ക് വിമർശനാ ത്മക ചിന്താപദ്ധതിയെ കാണാൻ സാധിക്കും. Logical argumentation പഠനം critical thinking പഠന ത്തിൽ പ്രസക്തമായൊന്നാണ്. യുക്തിപരമായ ശരിതെറ്റുകളെ ഇവ വിമർശനാത്മകമായ രീതിയിൽ പരിശോധിക്കുന്നു. Western context കളിൽ ഏറെ പ്രാധാന്യം കൽപ്പി ക്കുന്ന ഒരു സങ്കല്പനമാണ് critical thinking. നമ്മുടെ വിദ്യാഭ്യാസ സമ്പ്ര ദായത്തിൽ നിർബന്ധിതമായി പരിപോഷിപ്പിക്കേണ്ട ഒന്നാണിത്. ഇത്തരം context യുക്തിപരവുമാ യും ശാസ്ത്രീയമായും ചിന്തിക്കാൻ നമ്മളെ പ്രാപ്തരാക്കുന്നു. അതുവഴി അന്ധവിശ്വാസത്തെയും അനാചാ രങ്ങളെയും മനസ്സിലാക്കാനും ഒരു പരിധിവരെ പ്രതിരോധിക്കാനും സാധിക്കുന്നു. എല്ലാ അഭിപ്രായങ്ങ ളും പരിഗണിച്ചുകൊണ്ട് വസ്തുനിഷ്ഠ മായ ഒരു തീരുമാനത്തിലെത്താൻ ഇവ സഹായിക്കുന്നു. ജനാധിപത്യ ത്തേയും ഒബ്ജക്റ്റിവ് റിയാലിറ്റിയേ യും നിലനിർത്തുന്ന സ്പഷ്ടമായ ഒരു രീതിശാസ്ത്രംകൂടിയാണിത്.

18, 19 നൂറ്റാണ്ടുകളിൽ അധാർമിക വും അയുക്തികവും ശാസ്ത്രവിരുദ്ധ വുമായ അനേകം വിശ്വാസങ്ങളും ആചാരങ്ങളും കേരളത്തിൽ നിലനി ന്നിരുന്നു എന്നത് ചരിത്രമല്ല ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു എന്നത് സമീപകാലസംഭവങ്ങൾ തെളി യിക്കുന്നു. ഭാരതീയസംസ്കാരവും കേരളീയ നവോത്ഥാനമൂല്യങ്ങളും മനുഷ്യക്കുരുതിയിലേക്കും പൈ ശാചികവും ക്രൂരവുമായ സാമൂഹിക അന്തരീക്ഷത്തിലേക്ക് നയിക്കപ്പെ ടുന്നു. പര്യാപ്തമായ നിയമങ്ങളില്ലാ ത്തത് നരഹത്യകൾ ന്യായീകരി ക്കപ്പെടുന്നതിന് കാരണമാകുന്നു. ആൾദൈവങ്ങളും ആഭിചാരക്രിയ കളും വിശ്വാസങ്ങളും നിയമങ്ങളുടെ ഈ നിഷ്ക്രിയത്വത്തെ മുതലെടുക്കു ന്നതിലൂടെ ഭയാനകമായ രീതിയിൽ സമൂഹത്തെ മാറ്റുന്നു. വിദ്യാസമ്പ ന്നരുൾപ്പെടെ ഈ ചതിപ്രയോഗ ത്തിൽ അകപ്പെടുന്നതും അതിശയ മാണ്. വിമർശനാത്മകമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മയാണിത് ചൂണ്ടിക്കാട്ടുന്ന ത്. ഉന്നതവിദ്യാഭ്യാസത്തിന് സാമൂ ഹിക ഉത്തരവാദിത്വം കൂടുതലാണ്. ആയതിനാൽ തന്നെ വിദ്യാഭ്യാസം നൽകുമ്പോൾ പ്രായോഗികതലത്തി ലും പ്രശ്നവത്കരണത്തിനുതകുന്ന രീതിയിലാകാൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

# എ കെ പി സി ടി എ സംസ്ഥാന സമ്മേളനം സ്വാഗത സംഘം രൂപീകരണം




എ കെ പി സി ടി എ അറുപത്തി യഞ്ചാം സംസ്ഥാനസമ്മേളനത്തി ന്റെ സ്വാഗതസംഘം രൂപീകരണ യോഗം കണ്ണൂർ എൻ ജി ഒ യൂണി യൻ ഹാളിൽ വെച്ച് നടന്നു. സി പി ഐ എം കണ്ണൂർ ജില്ലാസെ ക്രട്ടറി എം വി ജയരാജൻ ഉദ്ഘാ ടനം നിർവ്വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അധ്യ ക്ഷത വഹിച്ചു.

മെയ് 12, 13, 14 തീയ്യതികളിൽ ദിനേശ് ഓഡിറ്റോറിയത്തിലാണ് സമ്മേളനം. സി ഐ ടി യു സം സ്ഥാന സെക്രട്ടറി കെ പി സഹ ദേവൻ, കെ വി സുമേഷ് എം എൽ എ, മുൻ എം എൽ എ മാരായ ടി വി രാജേഷ്, എം പ്രകാശൻ മാസ്റ്റർ, മഹിളാ അസോസിഷൻ ദേശീയസെക്രട്ടറി എൻ സുകന്യ, എൻ ജി ഒ യൂണിയൻ സംസ്ഥാന കമ്മറ്റി അംഗം എ രതീശൻ, കെ എസ് ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് എ കെ ബീന, എഫ്എസ്ഇ ടി ഒ ജില്ലാ സെക്ര ട്ടറി എൻ സുരേന്ദ്രൻ, കോൺഫെ ഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് വനിതാ കൺവീ നർ ടി കെ പ്രിയ, എ കെ ജി സി ടി ജില്ലാ സെക്രട്ടറി ഡോ കെ വി മഞ്ജുള, പി എസ് സി ഇ യു ജില്ലാ സെക്രട്ടറി എ വി മനോജ്, എ കെ പി സി ടി എ മുൻകാല നേതാക്കളായ പ്രൊഫ ഇ ദാമോദ രൻ, ഡോ എ പി കുട്ടികൃഷ്ണൻ, ഡോ കെ ശശിധരൻ, കെ എൻ ടി ഇ ഒ സംസ്ഥാന കമ്മിറ്റിയംഗം കെ പ്രകാശൻ, എസ് എഫ് ഐ ജില്ലാ സെക്രട്ടറി വൈഷ്ണവ് മഹേന്ദ്രൻ എന്നിവർ സംസാരിച്ചു.

എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറി എ നിശാന്ത് സ്വാഗത സംഘം പാനൽ അവതരിപ്പിച്ചു.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ സ്വാഗതവും കണ്ണൂർ -കാസർഗോ ഡ് ജില്ലാ സെക്രട്ടറി ഡോ കെ എസ് സുരേഷ് കുമാർ നന്ദിയും പറഞ്ഞു.

501 അംഗ ജനറൽ കമ്മിറ്റിയും 101 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു.

ഭാരവാഹികൾ :
ചെയർമാൻ :
കെ വി സുമേഷ് എം എൽ എ

വർക്കിങ് ചെയർമാൻ :
ഡോ സി പത്മനാഭൻ



വൈസ് ചെയർമാൻമാർ :
എം വി ശശിധരൻ
എ കെ ബീന
പി മനോഹരൻ
എൻ സത്യാനന്ദൻ
ഡോ കെ വി മഞ്ജുള
എം കെ മനോഹരൻ
എം ഷാജർ
കെ അനശ്രീ
ഡോ കെ അജയകുമാർ
ഡോ കെ സുധീർ
പി ജെ സാജു

ജനറൽ കൺവീനർ :
എ നിശാന്ത്

കൺവീനർമാർ :
എൻ സുരേന്ദ്രൻ
കെ ശശീന്ദ്രൻ
സരിൻ ശശി
വൈഷ്ണവ് മഹേന്ദ്രൻ
പി എം മനോജ്കുമാർ
അനീഷ് കുമാർ പി
കെ പി കൃഷ്ണകുമാർ

കണ്ണൂർ - കാസർഗോഡ് ജില്ലയിലെ എല്ലാ സംഘടനാംഗങ്ങളെയും, സഹോദര സംഘടനാ പ്രതിനിധികളെയും വൈസ് ചെയർമാൻ, ജോയിന്റ് കൺവീനർ, അംഗങ്ങൾ എന്നിങ്ങനെ ഉൾപ്പെടുത്തി 25 സബ് കമ്മിറ്റികൾ രൂപീകരിച്ചു.

സബ് കമ്മിറ്റികൾ - ചെയർമാൻ, കൺവീനർ ക്രമത്തിൽ :

ഫിനാൻസ് - എം പ്രകാശൻ മാസ്റ്റർ, ഡോ കെ എസ് സുരേഷ്കുമാർ

പ്രോഗ്രാം - ജയിംസ് മാത്യു, പ്രമോദ് വെള്ളച്ചാൽ

റജിസ്ട്രേഷൻ - ഷീല എം ജോസഫ്, ഡോ രാഖി രാഘവൻ

റിസപ്ഷൻ -കെ സി മഹേഷ്, ഡോ ഇസ്മായിൽ ഒലായിക്കര

അക്കമഡേഷൻ - പി വി രത്നാകരൻ, ഡോ എം പി ഷനോജ്

ഫുഡ് - കെ പി സുധാകരൻ, ഡോ ഇ ഹരികൃഷ്ണൻ

അനുബന്ധ പരിപാടികൾ - എൻ സുകന്യ, ഡോ വി കെ നിഷ

സ്റ്റേജ് & ഡക്കറേഷൻ - ഒ കെ വിനീഷ്, ഡോ മനോജ് കുമാർ എൻ

പബ്ലിസിറ്റി - പി പ്രശാന്തൻ, ഡോ പി ശ്രീജ

എക്സിബിഷൻ - ടി പി വേണുഗോപാലൻ, ഡോ പി ആർ സ്വരൺ

മെഡിക്കൽ & ഹെൽത്ത് പ്രോട്ടോക്കോൾ - പി പുരുഷോത്തമൻ, ഡോ മഹേഷ് കുമാർ മടത്തിൽ

പ്രകടനം - എ രതീശൻ, ഡോ കെ പി പ്രശാന്ത്

മീഡിയ - കെ ടി ശശി, പി സോന

നവമാധ്യമം - പ്രത്യുഷ് പുരുഷോത്തമൻ, അഖിൽ ശ്രീധർ

ഓഫീസ് & ഡോക്യുമെന്റേഷൻ - പ്രിയ ടി കെ, ശ്രീലത ഇ

ട്രാൻസ്പോർട്ട് - വി വി പുരുഷോത്തമൻ, എമ്മാനുവൽ ടോം

സെമിനാർ - കെ സി ഹരികൃഷ്ണൻ, ഡോ ടി പി അഷ്റഫ്

സാഹിത്യരചനാ മത്സരങ്ങൾ - നാരായണൻ കാവുമ്പായി, ഡോ അനില ഒ

ടെക്നിക്കൽ - ടി ഒ വിനോദ് കുമാർ, ഡോ എ മോഹനൻ

ഫെയർവെൽ - ബിജു എൻ സി, ഡോ അയന എൻ

ഗ്രീൻ പ്രൊട്ടോക്കോൾ - പി പി ബാബു, ഡോ ബേബി പുഷ്പലത അണിയേരി

സുവനീർ - കെ മനോഹരൻ, ഡോ പത്മനാഭൻ കാവുമ്പായി

വളണ്ടിയർ - പി രഘുനാഥ്, ഡോ ജിതേഷ് കെ

കലാ-സാംസ്കാരികം - ഡോ സുമിതാ നായർ എൻ, ഡോ കെ വി സുജിത്ത്

ലോക്കൽ ഹോസ്പിറ്റാലിറ്റി - ഇ രമേഷ്, ഡോ ബിജു എ ആർ

## റജിസ്ട്രേഷൻ ഉദ്ഘാടനം



സംസ്ഥാന സമ്മേളനത്തിന്റെ ഓൺലൈൻ റജിസ്ട്രേഷൻ സി ഐ ടി യു സംസ്ഥാന സെക്രട്ടറി കെ പി സഹദേവൻ ഉദ്ഘാടനം ചെയ്തു.

പ്രഥമ റജിസ്ട്രേഷൻ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് ഓൺ ലൈനായി നിർവ്വഹിച്ചു.

സി കണ്ണൻ സ്മാരക ഹാളിൽ നടന്ന ചടങ്ങിൽ റജിസ്ട്രേഷൻ കമ്മിറ്റി ചെയർപേഴ്സൺ ഷീല എം ജോസഫ് അധ്യക്ഷത വഹിച്ചു.

സംഘാടക സമിതി ചെയർമാൻ കെ വി സുമേഷ് എം എൽ എ, ജനറൽ കൺവീനർ എ നിശാന്ത്, വൈസ് ചെയർമാൻ ഡോ കെ അജയകുമാർ, സുവനീർ കമ്മിറ്റി ചെയർമാൻ കെ മനോഹരൻ, മീഡിയ കമ്മിറ്റി കൺവീനർ പി സോന, ഫുഡ് കമ്മിറ്റി കൺവീനർ ഡോ ഇ ഹരികൃഷ്ണൻ, ടെക്നി ക്കൽ കമ്മിറ്റി കൺവീനർ ഡോ എ മോഹനൻ, സി ഐ ടി യു ജില്ലാ സെക്രട്ടറി കെ അശോകൻ, ചെത്ത് തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി പി വി രവീന്ദ്രൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

റജിസ്ട്രേഷൻ കമ്മിറ്റി കൺവീനർ ഡോ രാഖി രാഘവൻ സ്വാഗതം പറഞ്ഞു.

## മുദ്രാവാക്യം പ്രകാശനം



സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാ വാക്യം കേരള ലളിത കലാ അക്കാ ദമി വൈസ് ചെയർമാനും പ്രശസ്ത ചിത്രകാരനും ആയ എബി എൻ ജോസഫ് പ്രകാശനം ചെയ്തു.

"നവകേരളസൃഷ്ടിക്കായി ജനപക്ഷവൈജ്ഞാനികത" എന്ന താണ് സമ്മേളന മുദ്രാവാക്യം.

പ്രോഗ്രാം കമ്മിറ്റി കൺവീനർ പ്രമോദ് വെള്ളച്ചാൽ അധ്യക്ഷത വഹിച്ചു.

കോൺഫെഡറേഷൻ ഓഫ് യൂനി വേഴ്സിറ്റി എംപ്ലോയീസ് സംസ്ഥാന സെക്രട്ടറി പി ജെ സാജു, കണ്ണൂർ യൂനിവേഴ്സിറ്റി എംപ്ലോയീസ് യൂണി യൻ ജനറൽ സെക്രട്ടറി പി എം മനോജ്കുമാർ, സിൻഡിക്കേറ്റംഗം ഡോ രാഖി രാഘവൻ, എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി അംഗം ഡോ ബേബി പുഷ്പലത എ എന്നിവർ സംസാരിച്ചു.

സ്വാഗതസംഘം ജനറൽ കൺ വീനർ എ നിശാന്ത് സ്വാഗതം പറഞ്ഞു.

# സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം



സ്വാഗതസംഘം ഓഫീസ് കെ വി സുമേഷ് എം എൽ എ ഉദ്ഘാടനം ചെയ്തു. എൻ ജി ഒ യൂണിയൻ ബിൽഡിങ്ങിൽ ആണ് ഓഫീസ്.

എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റും സ്വാഗത സംഘം വൈസ് ചെയർമാനുമായ ഡോ കെ അജയകുമാർ അധ്യക്ഷത വഹിച്ചു.

എൻ ജി ഒ യൂണിയൻ ജില്ലാ സെക്രട്ടറി എൻ സുരേന്ദ്രൻ, കെ എസ് ടി എ ജില്ലാ സെക്രട്ടറി കെ ശശീന്ദ്രൻ, കേന്ദ്ര സർക്കാർ കോൺഫെഡറേഷൻ ജില്ലാ സെക്രട്ടറി ഇ സുജൂകുമാർ, എസ് എഫ് ഐ ജില്ലാ പ്രസിഡന്റ് പി എസ് സഞ്ജീവ്, കെ യു ഇ യു പ്രസിഡന്റ് എം സജീവൻ, കെ എൻ ടി ഇ ഒ ജില്ല പ്രസിഡന്റ് പ്രത്യുഷ് പുരുഷോത്തമൻ, എ കെ പി സി ടി എ മുൻ ജില്ലാ സെക്രട്ടറി ഡോ പി വി രവീന്ദ്രൻ, എൻ ജി ഒ യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറി പി വി രത്നാകരൻ, എ കെ പി സി ടി എ നേതാക്കളായ പ്രമോദ് വെള്ളച്ചാൽ, ഡോ കെ എസ് സുരേഷ് കുമാർ, ഡോ രാഖി രാഘവൻ എന്നിവർ സംസാരിച്ചു.

സ്വാഗതസംഘം ജനറൽ കൺവീനർ എ നിശാന്ത് സ്വാഗതവും, ഓഫീസ് കമ്മിറ്റി കൺവീനർ ഇ ശ്രീലത നന്ദിയും പറഞ്ഞു.

# ലോഗോ പ്രകാശനം



സമ്മേളനത്തിന്റെ ലോഗോ രാമചന്ദ്രൻ കടന്നപ്പള്ളി എം എൽ എ പ്രകാശനം ചെയ്തു.  കേരള എൻ ജി ഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം വി ശശിധരൻ ഏറ്റുവാങ്ങി. പ്രചാരണ കമ്മിറ്റി ചെയർമാൻ പി പ്രശാന്തൻ അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ കെ വി സുമേഷ് എം എൽ എ, ജനറൽ കൺവീനർ എ നിശാന്ത്, ബി എസ് എൻ എൽ എംപ്ലോയീസ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി മനോഹരൻ, മീഡിയ ചെയർമാൻ കെ ടി ശശി, ലോക്കൽ ഹോസ്പിറ്റാലിറ്റി ചെയർമാൻ ഇ രമേഷ്, സംഘാടകസമിതി വൈസ് ചെയർമാൻ ഡോ കെ അജയകുമാർ, പ്രോഗ്രാം കൺവീനർ പ്രമോദ് വെള്ളച്ചാൽ, അക്കമഡേഷൻ കൺവീനർ ഡോ എം പി ഷനോജ് എന്നിവർ സംസാരിച്ചു.
രജിസ്ട്രേഷൻ കൺവീനർ ഡോ രാഖി രാഘവൻ സ്വാഗതം പറഞ്ഞു. കാഞ്ഞങ്ങാട് അജാനൂർ സ്വദേശിയും എറണാകുളത്ത് ഡാറ്റ സയൻസ് ഡിപ്ലോമ വിദ്യാർത്ഥിയുമായ നന്ദകിഷോർ ആണ് രൂപകൽപന ചെയ്തത്.  ചിത്രകാരൻ എബി എൻ ജോസഫ്, കമ്പ്യൂട്ടർ ഡിസൈനർ പി പി രാജീവൻ എന്നിവരുടെ ജൂറി ആണ് ഇരുപതോളം മികച്ച എൻട്രികളിൽ നിന്ന് ഈ ലോഗോ തെരഞ്ഞെടുത്തത്.

# അധ്യാപികമാരുടെ നേതൃത്വത്തിൽ കണ്ണൂർ നഗരത്തിൽ ചുവരെഴുത്ത്



എ കെ പി സി ടി എ 65-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് അധ്യാപികമാരുടെ നേതൃത്വത്തിൽ ചുവരെഴുത്ത് പ്രചാരണ പരിപാടി കണ്ണൂർ പഴയ ബസ് സ്റ്റാന്റ് പരിസരത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ ഉദ്ഘാടനം ചെയ്തു.

എ കെ പി സി ടി എ കണ്ണൂർ -കാസർഗോഡ് ജില്ലാ വനിതാ കമ്മറ്റിയുടെയും സമ്മേളന പ്രചാരണ കമ്മറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ എകെ പി സി ടി എ മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഷീല എം ജോസഫ്, എൻ ജി ഒ യൂണിയൻ ജില്ലാടഷറർ കെ ഷീബ, മേഖലാ വനിതാ കൺവീനർ പി സോന, ജില്ലാ വനിതാ കൺവീനർ ശ്രീലത ഇ, പ്രചാരണ കമ്മിറ്റി കൺവീനർ ഡോ പി ശ്രീജ, സാംസ്കാരിക വേദി സംസ്ഥാന കമ്മിറ്റി അംഗം ഡോ അനില ഒ, ജില്ലാ കൗൺസിൽ അംഗങ്ങളായ ഡോ ദീപ കെ, ദിവ്യ പി എം തുടങ്ങിയവർ ചുവരെഴുത്തിന് നേതൃത്വം നൽകി.

സ്വാഗതസംഘം ജനറൽ കൺവീനർ എ നിശാന്ത്, വൈസ് ചെയർമാൻ ഡോ കെ അജയകുമാർ, ഫിനാൻസ് കൺവീനർ ഡോ. കെ എസ് സുരേഷ് കുമാർ, പ്രചാരണ കമ്മിറ്റി ചെയർമാൻ പി പ്രശാന്തൻ, അക്കമഡേഷൻ കൺവീനർ ഡോ എം പി ഷനോജ് തുടങ്ങിയവർ സംബന്ധിച്ചു.

# എ കെ പി സി ടി എ സംസ്ഥാന സമ്മേളനം - സെമിനാർ



ഇന്ത്യൻദേശീയത അതിന്റെ ആരംഭത്തിൽ തന്നെ ബ്രാഹ്മണിക്കൽ ഐഡിയോളജിയിൽ പടുത്തുയർത്തിയതാണ്. ദേശീയതാ സങ്കൽപം പുറന്തള്ളിയ തുല്യതാമൂല്യങ്ങളെ തിരിച്ചറിയുകയും ആശയസമരങ്ങളിലൂടെ ദേശീയതയെ ജനകീയമായി പുനർനിർമ്മിക്കുകയുമാണ് ഇന്ന് ഏറ്റെടുക്കേണ്ട രാഷ്ട്രീയ ദൗത്യം.: ഡോ എം സി അബ്ദുൾ നാസർ. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള ആദ്യ സെമിനാറിൽ ഇന്ത്യൻ ദേശീയതയുടെ അർത്ഥാന്തരങ്ങൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം. എ കെ പി സി ടി എ സാംസ്കാരിക വേദി സംസ്ഥാന കൺവീനർ ഡോ രേണുക എൻ അധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ, സ്വാഗത സംഘം ജനറൽ കൺവീനർ എ നിശാന്ത്, വൈസ് ചെയർമാൻ ഡോ കെ അജയകുമാർ, പ്രോഗ്രാം കൺവീനർ പ്രമോദ് വെള്ളച്ചാൽ, ഫിനാൻസ് കൺവീനർ ഡോ കെ എസ് സുരേഷ് കുമാർ, എ കെ ആർ എസ് എ ജില്ലാസെക്രട്ടറി വിനോദ് എന്നിവർ സംസാരിച്ചു. സെമിനാർ കമ്മിറ്റി കൺവീനർ ഡോ ടി പി അഷ്റഫ് സ്വാഗതവും മീഡിയ കൺവീനർ പി സോന നന്ദിയും പറഞ്ഞു.

## പോസ്റ്റർ പ്രകാശനം



സംസ്ഥാന സമ്മേളനത്തിന്റെ പ്രചാരണ പോസ്റ്റർ മഹിള അസോസിയേഷൻ ദേശീയ സെക്രട്ടറിയും കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗവുമായ എൻ സുകന്യ പ്രകാശനം ചെയ്തു. എ കെ ജി സി ടി ജില്ലാ സെക്രട്ടറി ഡോ പി എച്ച് ഷാനവാസ് ഏറ്റുവാങ്ങി. പ്രചാരണ കമ്മിറ്റി ചെയർമാൻ പി പ്രശാന്തൻ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ എ നിശാന്ത്, പ്രോഗ്രാം കൺവീനർ പ്രമോദ് വെള്ളച്ചാൽ, റിസപ്ഷൻ കമ്മിറ്റി കൺവീനർ ഡോ ഇസ്മയിൽ ഒലായിക്കര, അക്കമഡേഷൻ കൺവീനർ ഡോ എം പി ഷനോജ്, മീഡിയ കൺവീനർ പി സോന, ഓഫീസ് & ഡോക്യുമെന്റേഷൻ കൺവീനർ ഇ ശ്രീലത എന്നിവർ സംസാരിച്ചു. സുവനീർ കമ്മിറ്റി കൺവീനർ ഡോ പത്മനാഭൻ കാവുമ്പായി സ്വാഗതം പറഞ്ഞു.

## പ്രചാരണ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം



സംസ്ഥാന സമ്മേളനത്തിന്റെ പ്രചരണാർത്ഥം ജനകീയ സഹകരണത്തോടെ കണ്ണൂർ നഗരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. പ്രചാരണ കമ്മിറ്റി ചെയർമാൻ പി പ്രശാന്തൻ അധ്യക്ഷത വഹിച്ചു. എഫ് എസ് ഒ ടി ഒ ജില്ലാ സെക്രട്ടറി എൻ സുരേന്ദ്രൻ, കണ്ണൂർ സർവ്വകലാശാല എംപ്ലോയീസ് യൂണിയൻ ജോയിന്റ് സെക്രട്ടറി ദിലീപ് ദിവാകരൻ, കെ എൻ ടി ഒ മുൻ സംസ്ഥാന കമ്മിറ്റിയംഗം കെ പ്രകാശൻ, സ്വാഗതസംഘം ജനറൽ കൺവീനർ എ നിശാന്ത്, വൈസ് ചെയർമാൻ ഡോ കെ അജയകുമാർ, പ്രോഗ്രാം കൺവീനർ പ്രമോദ് വെള്ളച്ചാൽ തുടങ്ങിയവർ സംസാരിച്ചു. പ്രകടനം കമ്മിറ്റിയുടെ ചെയർമാൻ എൻ ജി ഒ യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗം എ രതീശൻ സ്വാഗതവും, എ കെ പി സി ടി എ ജില്ലാ കൗൺസിൽ അംഗം ഡോ കെ ലിജി നന്ദിയും പറഞ്ഞു.

# സെമിനാർ



യുക്തിഭദ്രമായ ചിന്തകളെയും പൗരരുടെ ചോദ്യം ചോദിക്കാനുള്ള അവകാശങ്ങളെയും അടിച്ചമർത്തുന്ന ഭരണകൂട ഭീകരതയാണ് ഇന്ത്യയിൽ ഇന്ന് നടക്കുന്നത്. സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ തകർക്കപ്പെടുകയും ശാസ്ത്രനേട്ടങ്ങൾ തമസ്കരിക്കപ്പെടുകയും വർഗീയതാല്പര്യങ്ങളും വെറുപ്പിന്റെ രാഷ്ട്രീയവും പിടിമുറുക്കുകയും ചെയ്യുന്നു - എന്ന് പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകയും മാധ്യമ പ്രവർത്തകയുമായ ടീസ്ത സെതൽവാദ്. എ കെ പി സി ടി എ യുടെ അറുപത്തഞ്ചാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ടീസ്ത സെതൽവാദ്. ചടങ്ങിൽ സെമിനാർ കമ്മറ്റി കൺവീനർ Dr. ടി പി അഷ്റഫ് സ്വാഗതം പറഞ്ഞു. പ്രോഗ്രാം കമ്മറ്റി കൺവീനർ പ്രമോദ് വെള്ളച്ചാൽ അധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ സംസ്ഥാന പ്രസിഡണ്ട് ജോജി അലക്സ്, ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ, സെമിനാർ കമ്മറ്റി ചെയർമാൻ കെ സി ഹരികൃഷ്ണൻ, സംഘാടക സമിതി ജനറൽ കൺവീനർ എ നിശാന്ത് എന്നിവർ സംസാരിച്ചു. സെമിനാർ കമ്മറ്റി ജോയിന്റ് കൺവീനർ ഡോ. ദീപ കെ നന്ദി പറഞ്ഞു.

# രാത്രി നടത്തം



സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സ്വാഗതസംഘം ഓഫീസിൽ നിന്ന് ആരംഭിച്ച് ടൗൺ സ്ക്വയർ വരെ രാത്രി നടത്തം പരിപാടി സംഘടിപ്പിച്ചു. ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് സംഘടിപ്പിച്ച പരിപാടി അഖിലേന്ത്യാ ജനാധിപത്യമഹിളാഅസോസിയേഷൻ കണ്ണൂർ ജില്ലാ സെക്രട്ടറി പി കെ ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്തു.അനുബന്ധ പരിപാടി കമ്മറ്റി കൺവീനർ ഡോ വി കെ നിഷ സ്വാഗതം പറഞ്ഞു.എൻ ജി ഒ യൂണിയൻ സംസ്ഥാന കമ്മറ്റിയംഗം എ.എം. സുഷമ അധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ.സി പത്മനാഭൻ, കെ ജി ഒ എ ജില്ലാ സെക്രട്ടറി ടി.ഒ വിനോദ് കുമാർ എന്നിവർ സംസാരിച്ചു.

# വോളിബോൾ ജഴ്സി പ്രകാശനം



സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വോളിബോൾ മത്സരത്തിന്റെ ജേഴ്സി കണ്ണൂർ ജില്ലാ പഞ്ചായത്ത് അംഗം സി പി ഷിജു കണ്ണൂർ സർവകലാശാല വിദ്യാർത്ഥി ക്ഷേമവിഭാഗം ഡയറക്ടർ ഡോ.ടി.പി നഫീസ ബേബിക്ക് നൽകി പ്രകാശനം ചെയ്തു. ചടങ്ങിൽ അനുബന്ധ പരിപാടി കൺവീനർ വി കെ നിഷ, അഖിൽ കെ ശ്രീധർ, ഷിജാൻഷ എന്നിവർ സംസാരിച്ചു

## കണ്ണൂർ പ്രസ് ക്ലബ്ബുമായി പ്രദർശന വോളി



സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രദർശന വോളിയിൽ കണ്ണൂർ പ്രസ് ക്ലബ്ബിനെ പരാജയപ്പെടുത്തി വിജയികളായ
എ കെ പി സി ടി എ ടീം. കളിക്കാരെ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് പരിചയപ്പെട്ടു.

## ബുക്ക് ഷെൽഫ്



ആദിവാസി മേഖലയിലെ ഗ്രന്ഥാലയങ്ങൾക്ക് നൽകുന്നതിന് സമ്മേളന പ്രതിനിധികളിൽ നിന്ന് പുസ്തകങ്ങൾ ശേഖരിക്കുന്ന പ്രത്യേക പദ്ധതിയായ ബുക്ക് ഷെൽഫിന്റെ സംസ്ഥാന തല ഉദ്ഘാടനം കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗവും എഴുത്തുകാരനുമായ ഇ പി രാജഗോപാലൻ കവിയും എ കെ പി സി ടി എ പ്രവർത്തകനുമായ ഡോ എ സി ശ്രീഹരിക്ക് പുസ്തകം നൽകി നിർവ്വഹിച്ചു. സുവനീർ കമ്മിറ്റി കൺവീനർ ഡോ പത്മനാഭൻ കാവുമ്പായി, കലാ-സാംസ്കാരിക കമ്മിറ്റി കൺവീനർ ഡോ കെ വി സുജിത്ത്, സ്റ്റേജ് & ഡക്കറേഷൻ കമ്മിറ്റി കൺവീനർ ഡോ മനോജ് കുമാർ എൻ എന്നിവർ പങ്കെടുത്തു. അനുബന്ധ പരിപാടി കമ്മിറ്റി ഡോ വി കെ നിഷ സ്വാഗതം പറഞ്ഞു.

## ആദരം - വീഡിയോ




സർവ്വീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്ക് ആദരമർപ്പിച്ച് കൊണ്ടു തയ്യാറാക്കിയ വീഡിയോ റിലീസ് പരിപാടി സംഘടിപ്പിച്ചു.എ കെ പി സി ടി എ മുൻ സംസ്ഥാന പ്രസിഡൻറ് ഡോ എ പി കുട്ടികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഷീല എം ജോസഫ് സംസാരിച്ചു. ഐ ടി സെൽ കൺവീനർ ഡോ.കെ.എം അനിൽ കുമാർ അധ്യക്ഷത വഹിച്ചു. ഫെയർവെൽ കമ്മിറ്റി കൺവീനർ ബിജു എൻ സി സ്വാഗതവും ട്രാൻസ്പോർട്ട് കമ്മിറ്റി കൺവീനർ എമ്മാനുവൽ ടോം നന്ദിയും പറഞ്ഞു.

## സമ്മേളന സപ്ലിമെന്റ് പ്രകാശനം



മീഡിയ കമ്മിറ്റി തയ്യാറാക്കിയ സംസ്ഥാന സമ്മേളന സപ്ലിമെന്റ് ദേശാഭിമാനി  സീനിയർ ന്യൂസ് എഡിറ്റർ കെ ടി ശശി എ കെ പി സി ടി എ സംസ്ഥാന പ്രവർത്തക സമിതി അംഗം ജിഷ മേരി മാത്യുവിന് നൽകി പ്രകാശനം ചെയ്തു. കൺവീനർ പി സോന സ്വാഗതം പറഞ്ഞു.

## ബുക്ക് ഷെൽഫ് - പുസ്തകങ്ങൾ കൈമാറി



എ കെ പി സി ടി എ അറുപത്തഞ്ചാം സംസ്ഥാനസമ്മേളത്തോടനുബന്ധിച്ച് സമ്മേളനപ്രതിനിധികളിൽ നിന്ന് ബുക്ക് ഷെൽഫ് പദ്ധതി വഴി ശേഖരിച്ച പുസ്തകങ്ങൾ  ഡോ. വി ശിവദാസൻ എം പി ക്ക് സ്വാഗതസംഘം ചെയർമാൻ കെ വി സുമേഷ് എം എൽ എ കൈമാറി.കണ്ണൂരിലെ ആദിവാസി മേഖലയിൽ പുതുതായി സ്ഥാപിച്ച ലൈബ്രറികൾക്ക് നൽകാനാണ് പുസ്തകശേഖരണം നടത്തിയത്. ജനറൽ കൺവീനർ എ നിശാന്ത് സ്വാഗതം പറഞ്ഞു.

## ആദരം



എ കെ പി സി ടി എ 65-ാം സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്ക് ആവശ്യമായ ഭക്ഷണം പാചകം ചെയ്യുന്നതിന് നേതൃത്വം നൽകിയ പാചകരത്നം കെ യു ദാമോദര പൊതുവാളിന് സ്വാഗതസംഘം നൽകിയ ആദരവിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് ഉപഹാരം നൽകുന്നു. ഫുഡ് കമ്മിറ്റി കൺവീനർ ഡോ. ഇ. ഹരികൃഷ്ണൻ സ്വാഗതം പറഞ്ഞു.

# പ്രമേയങ്ങൾ

1. പഠന ഭാരം ലഘൂകരിക്കാൻ എന്നപേരിൽ ദേശീയ പാഠ്യ പദ്ധതിയിൽ നിന്നും മധ്യകാല ഇന്ത്യ ചരിത്രവും മഹാത്മാഗാന്ധിയുടെ വധവും തുടർന്നുണ്ടായ ആർഎസ്എസ് നിരോധനവും ഉൾപ്പെടെയുള്ള പാഠഭാഗങ്ങൾ ഒഴിവാക്കാൻ കേന്ദ്രസർക്കാർ നടത്തുന്ന ശ്രമങ്ങളെ ഈ സമ്മേളനം ശക്തമായി അപലപിക്കുന്നു ഈ തീരുമാനം പിൻവലിക്കണമെന്ന് ഈ പ്രമേയം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു

2. യു ജി സി യെ ഒരു ഫണ്ടിങ് – അഡ്വൈസറി ബോർഡ് എന്ന നിലയിൽ നിന്നും മാറ്റി യു ജി സി ഒരു റെഗുലേറ്ററി അതോറിറ്റി മാത്രമാക്കി മാറ്റുന്ന കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വിരുദ്ധ നടപടികൾക്കെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു

3. തപാൽ വകുപ്പിന്റെ ദേശീയ സംഘടനയായ നാഷണൽ ഫെഡറേഷൻ ഓഫ് പോസ്റ്റൽ എംപ്ലോയിസ് (NFPE) നെ നിരോധിച്ച കേന്ദ്ര സർക്കാർ നടപടിയിൽ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു

4. ലൈംഗിക ആരോപണ വിധേയനായ റസ്‌ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡൻറ് ബ്രിജ് ഭൂഷൻ ശരൺ സിങ്ങിനെതിരെ നടപടിഎടുക്കണമെന്നാവശ്യപ്പെട്ട് ഡൽഹി തെരുവിൽ ഗുസ്തി താരങ്ങൾ നടത്തുന്ന പ്രതിഷേധ സമരത്തിന് ഈ സമ്മേളനം ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു

5. ദേശീയ ഗവേഷണ സ്ഥാപനങ്ങൾ ആയ ഐ സി എസ് ആർ, ഐ സി സി ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ ഗവേഷണ പ്രോജക്ടുകളിൽ സംഘപരിവാർ അജണ്ട നടപ്പിലാക്കുന്ന കേന്ദ്രസർക്കാർ നീക്കങ്ങൾക്കെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

6. പിന്നോക്ക വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള മൗലാന അബുൽ കലാം ആസാദ് സ്കോളർഷിപ്പ് എന്നിവ നിർത്തലാക്കിയ കേന്ദ്രസർക്കാർ നടപടികൾക്കെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

7. 2018 യുജിസി റെഗുലേഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫസർ ക്ക് പി എച്ച് ഡി നിർബന്ധമാക്കിയ തീരുമാനം പുനപരിശോധിക്കണമെന്ന് ഈ സമ്മേളനം യുജിസിയോട് ആവശ്യപ്പെടുന്നു.

8. 2018 യുജിസി റെഗുലേഷൻ പ്രകാരം അധ്യാപകരുടെ പ്രമോഷൻ- പ്ലേസ്മെന്റ് കൾക്ക് ആവശ്യമായ റിഫ്രഷർ ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിനു സമയപരിധിയിൽ ഇളവ് 2018 ഡിസംബർ 31 ന് അവസാനിച്ചു. ഇത് ദീർഘിപ്പിച്ച് നൽകണമെന്ന് ഈ സമ്മേളനം യുജിസിയോട് ആവശ്യപ്പെടുന്നു.

9. ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ ഭാഗമായി രാജ്യമെമ്പാടും നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ യുജിസി യും കേന്ദ്രസർക്കാരും മുന്നോട്ട് വച്ച കരിക്കുലം ആൻഡ് ക്രെഡിറ്റ് ഫ്രെയിംവർക്ക് ഫോർ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമിലെ അപാകതകൾ പരിഹരിക്കണമെന്ന് യുജിസിയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു

10.നിയന്ത്രണവും ഗുണമേന്മയും ഉറപ്പാക്കാതെ വിദേശ സർവകലാശാലകളെ യഥേഷ്ടം രാജ്യത്ത് ക്യാമ്പസുകൾ തുറക്കാൻ അനുവദിച്ച്, വിദ്യാഭ്യാസത്തെ ആഗോള കച്ചവടച്ചരക്കാക്കി മാറ്റാനുള്ള കേന്ദ്രസർക്കാർ നീക്കങ്ങൾക്കെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

11. വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സാമൂഹിക പശ്ചാത്തല സൗകര്യങ്ങളിൽ ഏറ്റവും കൂടുതൽ നടത്താൻ ബാധ്യതയുള്ള സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട അർഹമായ ധന വിഹിതം പോലും നിഷേധിക്കുന്ന കേന്ദ്രസർക്കാറിന്റെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സാമ്പത്തിക നയങ്ങൾക്കെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു

12. സംസ്ഥാനതലത്തിൽ മേജർ മൈനർ പ്രോജക്ടുകൾ അനുവദിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആരംഭിക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോടും ഉന്നത വിദ്യാഭ്യാസ വകുപ്പിനോടും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

13. കോളേജ് അധ്യാപകരുടെ ഗവേഷണ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നൽകിവന്നിരുന്ന എഫ് ഡി പി പദ്ധതി പുനരാരംഭിക്കണം എന്ന് ഈ സമ്മേളനം യുജിസിയോട് ആവശ്യപ്പെടുന്നു.

14. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ കാഷ്വൽ കരാർ നിയമനങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്നും ഈ മേഖലയിൽ ഉടൻ സ്ഥിര നിയമനങ്ങൾ നടത്തണമെന്നും ഈ സമ്മേളനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു

15. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടെന്യുവർ ട്രാക്കിലും യോഗ്യത മാനദണ്ഡങ്ങളിൽ ഇളവു വരുത്തിയും നിയമനങ്ങൾ നടത്താനുള്ള കേന്ദ്രസർക്കാർ തീരുമാനം പിൻവലിക്കണമെന്ന് ഈ സമ്മേളനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

16. ഉന്നത വിദ്യാഭ്യാസ സ്ഥാപന

ങ്ങളിൽ ഒഴിവുള്ള അമ്പതിനായി രത്തിലധികം തസ്തികകളിലേക്ക് ഉടൻ നിയമനം നടത്തണമെന്ന് ഈ സമ്മേളനം ശക്തമായി ആവശ്യപ്പെടുന്നു

17. സംസ്ഥാന സർക്കാർ നിയോഗിച്ച വർക്ക്ലോഡ് കമ്മിറ്റിയുടെ ശുപാർശകൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു

18. കോളേജ് അധ്യാപക നിയമനത്തിനുള്ള പ്രായപരിധി അൻപത് വയസ്സ് ആക്കി ഉയർത്തിയ കേരള സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു

19. മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വിധത്തിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് വിദ്യാർഥിനികൾക്ക് ആർത്തവ അവധി അനുവദിച്ചുകൊണ്ട് പുറത്തിറക്കിയ ഉത്തരവിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

20. സർവകലാശാല ഭരണസമിതികളിൽ കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെ, ചാൻസലർ പദവി ദുരുപയോഗം ചെയ്ത് സംസ്ഥാന ഗവർണർ നടത്തുന്ന ജനാധിപത്യവിരുദ്ധ ഇടപെടലിനെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു

21. സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കേരള സർക്കാർ ഏർപ്പെടുത്തിയ മെഡിസെപ്പ് ആരോഗ്യ പരിരക്ഷാ പദ്ധതിയെ അഭിനന്ദിക്കുന്നതോടൊപ്പം കൂടുതൽ ആശുപത്രികളിലേക്ക് ഇതിന്റെ സേവനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

22. ദേശീയതലത്തിൽ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നടപ്പാക്കുന്ന ഇൻടഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) കേരളത്തിൽ നടപ്പിലാക്കാൻ അടിയന്തരമായി കൊലീജിയേറ്റ് എജ്യൂക്കേഷൻ, ഹയർ എജ്യൂക്കേഷൻ കൗൺസിൽ എന്നിവർ ട്രെയിനിങ് കോളേജുകളും മറ്റ് ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു

23. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ അടിയന്തരമായി പുന സംഘടിപ്പിക്കണമെന്ന് ഈ സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുന്നു.

24. സാങ്കേതിക സർവകലാശാല അധ്യാപകർക്ക് സി എ എസ് പ്രമോഷൻ നൽകാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സമ്മേളനം കേരള സാങ്കേതിക സർവകലാശാലയോട് ആവശ്യപ്പെടുന്നു.

25. കേരളാ സാങ്കേതിക സർവ്വകലാശാല ഭരണസമിതിയായ ബോർഡ് ഓഫ് ഗവേർണൻസിലേക്ക് ഈ മേഖലയിലെ അധ്യാപക മണ്ഡലത്തിൽനിന്ന് തിരഞ്ഞെടുപ്പ് നടത്തുവാൻ സ്റ്റാർ റൂട്ടിൽ വ്യവസ്ഥ ഉള്ളതാണ്. നാളിതുവരെ ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിക്കപ്പെട്ടില്ല. ഈ വിഷയത്തിൽ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ഈ സമ്മേളനം കേരള സാങ്കേതിക സർവകലാശാലയോട് ആവശ്യപ്പെടുന്നു.

26. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന OBE അടിസ്ഥാനമാക്കിയുള്ള കരിക്കുലം ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഗുണഭോക്താക്കളുമായി വേണ്ടത്ര ചർച്ചകൾ നടത്തിക്കൊണ്ട് മാത്രമേ നടപ്പിലാക്കാവൂ എന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

27.ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ തടഞ്ഞു വച്ചിട്ടുള്ള യുജിസി എഐസിടിഇ അധ്യാപകർക്ക് ലഭിക്കാനുള്ള ശമ്പളം അടക്കമുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

28. കോളേജ് വിദ്യാഭ്യാസ ഉപ മേധാവി യുടെ കാര്യാലയത്തിൽ പ്രവർത്തിച്ചുവരുന്ന DDFS സംവിധാനം എല്ലാ എയ്ഡഡ് കോളജുകളിലും കൂടി നടപ്പിലാക്കണം എന്ന് ഈ സമ്മേളനം കോളജ് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുന്നു.



**ലിജോ സെബാസ്റ്റ്യൻ**
ബസേലിയസ് കോളേജ്, കോട്ടയം

# യുക്തിയുടെ ഗ്രഹണകാലം:

## പരിണാമ സിദ്ധാന്തം : ആഗോളവിരുദ്ധതയും അക്കാദമിക യാഥാസ്ഥിതികതയും

എൻസിഇആർടി ചരിത്ര പുസ്തകങ്ങളിൽ നിന്ന് മുഗൾ കാലവും ഗാന്ധി വധവും ആർഎസ്എസ് നിരോധനവുമടക്കം മധ്യകാല, ആധുനിക ഇന്ത്യ ചരിത്രത്തിലെയും സമൂഹ രൂപീകരണമടക്കമുള്ള ലോക ചരിത്രത്തിലെയും ഭാഗങ്ങൾ നീക്കം ചെയ്യുകയാണെന്ന് അറിയിച്ചത് ഏപ്രിൽ മാസം ആദ്യ ആഴ്ചയാണ്. നാടിന്റെ വിദ്യാഭ്യാസ പദ്ധതിയിൽ നിന്ന് ഒരു കാലത്തെയും ചരിത്രപ്രക്രിയയെയും ഒഴിവാക്കിയ ഈ നടപടിക്കെതിരെ വലിയ വിമർശനമാണ് ചരിത്രകാരന്മാർ അടക്കമുള്ള പൊതുബുദ്ധിജീവികളിൽ നിന്ന് ഉണ്ടായത്. സംഘപരിവാർ അധികാരത്തിൽ എത്തിയ നാൾ മുതൽ ചരിത്ര പഠനത്തിലും ഗവേഷണത്തിലും, അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലും പ്രതിലോമകരമായി ഇടപെടുന്ന വാർത്തകൾ തുടർച്ചായി വരുന്നുണ്ട്.

പഠനഭാരം ലഘൂകരിക്കുക, പാഠഭാഗങ്ങളുടെ ആവർത്തനം തടയുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ ആരംഭിച്ച ഈ ഒഴിവാക്കൽ പരമ്പര സാമൂഹിക ശാസ്ത്ര പുസ്തകങ്ങളിൽ നിന്ന് ശാസ്ത്ര പുസ്തകങ്ങളിലേക്ക് കൂടി കത്രികയുമായി എത്തുന്നതാണ് പിന്നെ കാണുന്നത്. ചാൾസ് ഡാർവിന്റെ സിദ്ധാന്തം അടക്കമുള്ള പരിണാമ തത്വങ്ങൾ ഒൻപത്, പത്ത് ക്ലാസുകളിലെ സിലബസിൽ നിന്ന് ഒഴിവാക്കുകയാണ് എന്നതാണ് ഏറ്റവും പുതിയ പ്രഖ്യാപനം. സാമൂഹിക ശാസ്ത്ര പാഠ പുസ്തകങ്ങളിൽ നടത്തുന്ന കത്രിക വെക്കലും ഒട്ടിക്കലും സയൻസ് പാഠപുസ്തകങ്ങളിലേക്ക് കൂടി കടന്നിരിക്കുന്നു. നിലവിലെ യൂണിയൻ സർക്കാരിന്റെയും ഭരണപ്പാർട്ടിയുടെയും പ്രമുഖ സ്ഥാനത്തിരിക്കുന്നവരുടെ അശാസ്ത്രീയമായ പ്രസ്താവനകൾ വളരെ മുന്നേ വാർത്തകളിൽ നിരവധി തവണ നിറഞ്ഞിട്ടുണ്ട്. പശു, ഗോമൂത്രം എന്നിവയെ ഒക്കെ ബന്ധിപ്പിച്ചു സാധാരണ നേതാക്കൾ നടത്തിയിരുന്ന അപഹാസ്യ പ്രസ്താവനകൾ പിൽക്കാലത്ത് ഭരണകൂട യുക്തിയുടെ ഭാഗമായി മാറുന്നതാണ് നിലവിലെ ഇന്ത്യൻ അനുഭവം. ആർക്കിയോളജി എന്ന

ശാസ്ത്രശാഖയെ തന്നെ തങ്ങളുടെ ഇംഗിതത്തിന് അനസൃതമായി ഉപയോഗിക്കുന്നതിൽ മുന്നേ വിരുത് കാട്ടിയവരാണ് ഇപ്പോഴ ത്തെ ഭരണനേതൃത്വത്തിൽ ഉള്ള സംഘപരിവാർ. മസ്ജിദിന്റെ കീഴിൽ ക്ഷേത്രാവശിഷ്ടമുണ്ടെന്നും, വേദകാലത്തിന്റെ തന്നെ ഭാഗമാണ് ഹാരപ്പൻ നഗരികതയെന്നും പറയിക്കാനും, ഒടുവിൽ സന്യാസിയുടെ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ നിധി വേട്ടയ്ക്ക് ഭൂമി കുഴിക്കുന്നിടം വരെ ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ശാസ്ത്രബോധത്തെ കൊണ്ടെത്തിക്കാൻ വരെ സാമാന്യ ബുദ്ധിക്ക് മുന്നേ നിൽക്കുന്ന ഇവരുടെ മതയുക്തിക്ക് കഴിഞ്ഞ നാളുകളിൽ സാധിച്ചു.


നിലവിൽ കോടലിക്കൈ വന്നു വീണിരിക്കുന്ന പരിണാമ സിദ്ധാന്തത്തിന് ഈ വിധമുള്ള വെട്ടിനിരത്തലുകൾ അത്ര പുതുമയുള്ള ഒന്നല്ലെങ്കിലും ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളം അത്ര സുഖകരമായ സൂചനയല്ല അതുനല്കുന്നത്. ലോകമൊട്ടാകെ ഇത്രയധികം എതിർപ്പ് നേരിടേണ്ടി വന്ന മറ്റൊരു സായൻസിക സിദ്ധാന്തം വേറെയുണ്ടാവില്ല. സൗരകേന്ദ്ര സിദ്ധാന്തവും, ഗുരുത്വാകർഷണ നിയമവും, ആപേക്ഷികതാ സിദ്ധാന്തവുമെല്ലാം നിലവിലുള്ള സായൻസിക ബോധ്യങ്ങളെ പിടിച്ചുലക്കാനും തിരുത്താനും പാകത്തിലുള്ളവയായിരുന്നു. പിൽക്കാലത്ത് വലിയ തട്ടുകേടില്ലാതെ അവയെല്ലാം ആഗോള പാഠ്യപദ്ധതിയുടെ ഭാഗമായി മാറുകയും ചെയ്തു. ലോകബോധത്തെ തന്നെ മറ്റുന്നതും മാനവകുലത്തിന്റെ പിന്നീടുള്ള ചരിത്രത്തിന്റെ ഗതിവിഗതികളെ നിർണയിക്കുകയും ചെയ്യുന്നതിൽ ഈ സിദ്ധാന്തങ്ങൾ തങ്ങളുടേതായ വലിയ പങ്ക് വഹിക്കുകയും ചെയ്തു. സായൻസികതയുടെ സൈദ്ധാന്തിക മണ്ഡലത്തിന് വെളിയിൽ വലിച്ചിറക്കി ആപേക്ഷികതാ സിദ്ധാന്തത്തിന്റെ തോളിൽ കയ്യിട്ട് നടക്കാൻ പോലും ഒരുവേള ഉത്തരാധുനികത തയ്യാറാവുന്നുണ്ട്. സർവവും അപേക്ഷികം എന്ന സമീപനത്തിലൂടെ സയൻസും

> **ലോകമൊട്ടാകെ ഇത്രയധികം എതിർപ്പ് നേരിടേണ്ടി വന്ന മറ്റൊരു സായൻസിക സിദ്ധാന്തം വേറെയുണ്ടാവില്ല. സൗരകേന്ദ്ര സിദ്ധാന്തവും, ഗുരുത്വാകർഷണ നിയമവും, ആപേക്ഷികതാ സിദ്ധാന്തവുമെല്ലാം നിലവിലുള്ള സായൻസിക ബോധ്യങ്ങളെ പിടിച്ചുലക്കാനും തിരുത്താനും പാകത്തിലുള്ള വയായിരുന്നു.**

തങ്ങളുടെ വഴിക്ക് വന്നെന്നും ഉത്തരാധുനികർ സന്തോഷിച്ചു. അതായത്, ചിലപ്പോഴൊക്കെ തോളിൽ കയ്യിടുമ്പോൾ തന്നെ തങ്ങളുടെ ശാസ്ത്രവിരുദ്ധതയും, സങ്കുചിത ബോധങ്ങളും സയൻസിന്റെ ചിലവിൽ നടത്താനും ശാസ്ത്ര വിരുദ്ധർ ശ്രമിക്കുന്നുണ്ട്.

എന്നാൽ പരിണാമ സിദ്ധാന്തത്തിന്റെ കാര്യം അങ്ങനെയല്ലായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഡാർവിൻ സൈദ്ധാന്തിക രൂപത്തിൽ അത് അവതരിപ്പിച്ചപ്പോൾ മുതൽ സംഘടിതമായ എതിർപ്പ് പരിണാമ സിദ്ധാന്തം അഭിമുഖീകരിക്കുകയുണ്ടായി. പാശ്ചാത്യക്രിസ്തുമത പൗരോഹിത്യമാണ് എതിർപ്പിന്റെ സ്വരമായി ഇവിടെ ആദ്യം വന്നത്. യുക്തിചിന്തയും ജ്ഞാനോദയവും ഉഴുതുമറിച്ച പടിഞ്ഞാറൻ നാടുകളിൽ നിന്നാണ് എതിർപ്പ് കാര്യമായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. അതിൽത്തന്നെ ഏറ്റവും സംഘടിതമായ എതിർപ്പുണ്ടായത് ലിബറൽ സ്വർഗ്ഗമായ അമേരിക്കൻ ഐക്യനാടുകളിൽ നിന്നും. ക്രീയേഷനിസ്റ്റുകൾ എന്ന പേരിൽ ഉയർന്നുവന്ന പരിണാമ സിദ്ധാന്തത്തോട് എതിർപ്പ് ഉയർത്തുന്ന വിഭാഗത്തിന് അമേരിക്കയിൽ ശക്തമായ വലതുപക്ഷ പ്യൂരിറ്റൻ ക്രിസ്തുമത പിന്തുണ വേണ്ടുവോളം ഉണ്ടായിരുന്നു, അതിപ്പോഴും തുടരുകയും ചെയ്യുന്നുണ്ട്. ഇന്റലിജന്റ് ഡിസൈൻ എന്ന പേരിൽ പരിണാമ സിദ്ധാന്തത്തിന് ബദലായി ജീവവർഗങ്ങളുടെ രൂപപ്പെടലിനെ സംബന്ധിച്ച് തങ്ങളുടേതായ ഒരു വാദം മുന്നോട്ട് വെക്കുകയും അത് ചിലയിടങ്ങളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ഇവർ ചെയ്യുകയുണ്ടായി. ജീവവർഗങ്ങളിലെ അവയവ ഘടന നോക്കിയാൽ അത് അതീവ സങ്കീർണമാണെന്ന് മനസിലാവുമെന്നും, ഇത്തരമൊരു ഘടനയെ സൃഷ്ടിച്ചെടുക്കൽ പ്രകൃതിയുടെ മാത്രം സ്വഭാവിക പരിണാമ പ്രക്രിയയാൽ സാധിക്കില്ലെന്നും പ്രകൃത്യാതീതവും മനുഷ്യാതീതവുമായ ഒരു ബുദ്ധിവൈഭവത്തിന്റെ (intelligent design) ഇടപെടൽ കൊണ്ടുമാത്രമേ ഇത്തരം സങ്കീർണമായ സൃഷ്ടി സാധിക്കുകയുള്ളൂ എന്നാണ് ഇക്കൂട്ടരുടെ വാദം.

1990കളിൽ അമേരിക്കൻ ഐക്യനാടുകൾ കേന്ദ്രീകരിച്ച് സ്കൂൾ തലത്തിൽ പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നതിനെ എതിർത്തുകൊണ്ട് രംഗത്ത് വരുമ്പോഴാണ് ഇന്റലിജന്റ് ഡിസൈൻ എന്ന് വിളിക്കുന്ന പ്രസ്ഥാനം വാർത്തകളിൽ നിറയുന്നത്. ലോകത്ത് കാണുന്ന ജൈവരൂപങ്ങൾക്ക് പിന്നിൽ അമാനുഷികവും അതീന്ദ്രിയവുമായ ശക്തിയുണ്ടെന്ന മതബോധം വെറുതെ പറയുക മാത്രമല്ല ഇക്കൂട്ടർ ചെയ്തത്. പ്രാചീന ഗ്രീക്ക് തത്വചിന്ത മുതൽ ഭൗതിക വാദത്തെ വിമർശിക്കുന്ന ഏകദേശം 2500 വർഷത്തെ ചിന്താപദ്ധതിയുടെ ഭാഗമായിട്ടാണ് ഇവർ തങ്ങളെയും അവതരിപ്പിക്കുന്നത്. ഇന്റലിജന്റ് ഡിസൈൻ എന്ന സംജ്ഞയെ വിമർശിച്ചുകൊണ്ട് ചാൾസ് ഡാർവിൻ തന്നെ എഴുതുന്നുണ്ട്. 1861 മെയ് മാസത്തിൽ ജോൺ ഹെർഷലിന് എഴുതുന്ന




കത്തിൽ ഈ വാദത്തെ ഡാർവിൻ നിഷ്കരുണം തള്ളിക്കളയുന്നുണ്ട്. മതയാഥാസ്ഥിതികത തങ്ങളുടെ ഗ്രന്ഥങ്ങളെയും വിശ്വാസത്തിനേയും നശിപ്പിക്കാൻ ഇറങ്ങിയ ശത്രുകണക്കെയാണ് പരിണാമ സിദ്ധാന്തത്തെ കണ്ടിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ പല ഘട്ടങ്ങളിലും വിവിധ രൂപങ്ങളിൽ പരിണാമ സിദ്ധാന്തത്തെ തള്ളിക്കളയാനും, സങ്കുചിതമായി വായിക്കാനും ശ്രമിക്കുകയുണ്ടായി. പ്രത്യേകിച്ചും ഫാഷിസ്റ്റ് - നാസി, വലതുപക്ഷ ധാരകളെ പിന്തുടർന്നവർ.

1990കളിലാണ് ക്രിയേഷനിസ്റ്റ് ചിന്തകൻമാർ എന്ന പേരിൽ ഭൗതികവാദത്തെയും ഡാർവിന്റെ ചിന്തയെയും എതിർത്തുകൊണ്ട് തീവ്രമൗലികവാദ സ്വഭാവമുള്ള ക്രിസ്തുമത ധാരണകൾ ശാസ്ത്ര പഠനത്തിലേക്ക് കുത്തിവയ്ക്കുന്ന പുനരുദ്ധാനവാദ സമീപനക്കാർ വരുന്നത്. സൃഷ്ടിയിലെ ദൈവിക ഇടപെടലിന് ശാസ്ത്രീയമായ തെളിവ് കണ്ടെത്തി തങ്ങളുടെ വാദം സമർത്ഥിക്കുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. ഇക്കൂട്ടരുടെ ആദ്യ ആക്രമണത്തിന് വിധേയമായത് അമേരിക്കയിലെ പൊതുവിദ്യാഭ്യാസമാണ്. മതസങ്കുചിത താൽപ്പര്യം എല്ലാക്കാലത്തും ഭീതിയോടെ നോക്കിക്കാണുന്ന ഒന്നാണ് പൊതുഉടമസ്ഥതയിലുള്ളതും ജനകീയ പങ്കാളിത്തത്തിലുള്ളതുമായ പൊതുവിദ്യാഭ്യാസ മാതൃകകൾ. പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നതിന് ഒപ്പം ക്രിയേഷൻ സയൻസ് എന്ന പേരിൽ തങ്ങളുടെ ഇന്റലിജന്റ് ഡിസൈൻ വാദവും പൊതുവിദ്യാഭ്യാസ സയൻസ് കരിക്കുലത്തിന്റെ ഭാഗമാക്കണമെന്ന് അമേരിക്കൻ ഐക്യ നാടുകളിലെ മതയാഥാസ്ഥിതികർ വാദിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ മിക്കവാറും പാശ്ചാത്യ നാടുകളിലും പരിണാമ സിദ്ധാന്തം പാഠപുസ്തകത്തിന്റെ ഭാഗമായി മാറിയിരുന്നു. ദൈവനിർമിത വാദത്തെ ഏതാണ്ട് പൂർണമായും അവഗണിച്ച് പരിണാമ സിദ്ധാന്തത്തെ അംഗീകരിക്കുന്ന തരത്തിൽ ജീവശാസ്ത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. സ്കൂളുകളിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായ വർധനയും കൂടി ആയപ്പോൾ സമൂഹത്തിൽ കൂടുതൽ ആളുകളിലേക്ക് പരിണാമ സിദ്ധാന്തം ഇറങ്ങി ചെല്ലുകയും ചെയ്തു. ഈ സ്ഥിതി തുടർന്നാൽ തങ്ങളുടെ കാര്യം പരുങ്ങലിൽ ആവുമെന്ന് കണ്ടെത്തിയ യാഥാസ്ഥിതികർ 1920കളോടെ പരിണാമ സിദ്ധാന്ത വിരുദ്ധ പ്രസ്ഥാനവുമായി മുന്നോട്ട് വരുകയുണ്ടായി. ഒട്ടുമേ നിസാരക്കാർ ആയിരുന്നില്ല ഈ യാഥാസ്ഥിതിക ചേരിയിൽ അണിനിരന്നത്. അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്റോ വിൽസന്റെ കാലത്ത് സെക്രട്ടറി ഓഫ് സ്റ്റേറ്റും മൂന്ന് തവണ ഡെമോക്രാറ്റിക്

പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനർത്ഥിയുമായ വില്യം ജെന്നിങ്സ് ബ്രയാനായിരുന്ന ഇക്കൂട്ടരുടെ നേതാവ്. ക്രിസ്ത്യൻ യാഥാസ്ഥിതികതയെ ബ്രയാനോളം ഉദ്ദീപിപ്പിച്ച ഒരു പ്രാസംഗികൻ അക്കാലത്ത് അമേരിക്കയിൽ ഉണ്ടായിരുന്നില്ല. ആദ്യം മതവിശ്വാസികളുടെ ഭാഗത്ത് നിന്നുണ്ടായ എതിർപ്പ് എന്നതിൽ കവിഞ്ഞ് വലിയ ശ്രദ്ധ പതിയാതിരുന്ന പരിണാമ സിദ്ധാന്തം വിരുദ്ധ സംഘം വളരെപ്പെട്ടന്ന് ജനപിന്തുണ ആർജിക്കുകയും അടുത്ത ഘട്ടത്തിൽ അമേരിക്കൻ സംസ്ഥാന ഭരണക്രമങ്ങളിൽ അടക്കം വലിയ സമ്മർദ്ദം ചെലുത്താനും തുടങ്ങി. ഇതേ തുടർന്ന് 1923ൽ ഓക്കലഹോമ പരിണാമ സിദ്ധാന്തം ആ സംസ്ഥാനത്തിലുള്ള പാഠ്യക്രമത്തിൽ കൈകാര്യം ചെയ്യുന്നതിനെ നിയമം മൂലം വിലക്കി. ഫ്ലോറിഡ, ടെന്നിസി സംസ്ഥാനങ്ങളും സമാനപാത പിന്തുടരുകയുണ്ടായി. ടെന്നീസിയിൽ ജോൺ വാഷിംഗ്ടൻ ബട്ലർ അവതരിപ്പിച്ച പാസാക്കിയ നിയമപ്രകാരം ബൈബിളിൽ പറയുന്ന പ്രകാരമല്ലാത്ത വിധം സൃഷ്ടിയെക്കുറിച്ച് പാഠ്യപദ്ധതിയിൽ കൈകാര്യം ചെയ്യുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. മനുഷ്യനും ആൾക്കുരങ്ങിനും ഒരു പൊതുപൂർവികൻ ആയിരിക്കുമെന്നത് പഠിപ്പിക്കുന്നത് ദൈവ സൃഷ്ടിയുടെ ഉയർന്ന രൂപമായ മനുഷ്യനെയും സ്രഷ്ടാവിനെയും അവഹേളിക്കുകയാണെന്നും വാദമുണ്ടായി.

1925ൽ ഉണ്ടായ ഒരു നിയമവ്യവഹാരം പരിണാമ സൈദ്ധാന്തവും ക്രീയേഷനിസ്റ്റുകളും തമ്മിലുള്ള പരസ്യ വാക്ക്പോരിൽ എത്തുകയുണ്ടായി. ടെന്നീസിയിലെ ഡേറ്റൻ നഗരത്തിൽ ജോൺ സ്കോപെസ് എന്ന ഹൈസ്കൂൾ അധ്യാപകൻ പരിണാമത്തെ സംബന്ധിച്ച പാഠഭാഗം ക്ലാസിൽ പഠിപ്പിച്ചതിനെ തുടർന്ന് അറസ്റ്റിൽ ആവുകയും, അത് വലിയ കോടതി വ്യവഹാരത്തിൽ എത്തുകയും ചെയ്തതാണ് സംഭവം. വാദി ഭാഗത്തിന് വേണ്ടി വില്യം ബ്രയാൻ തന്നെ കോടതിയിൽ എത്തുകയുണ്ടായി. പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നത് വിലക്കുന്ന നിയമത്തിനെ നിയമവഴിയിൽ തന്നെ നേരിടാൻ അമേരിക്കൻ സിവിൽ ലിബർടീസ് യൂണിയനും അവരുടെ അഭിഭാഷകനായ ക്ലാരൻസ് ഡാരോയും മറുഭാഗത്തും. കോടതിക്ക് അകത്ത് മാത്രമല്ല പുറത്തും തന്റെ വാദത്തിന് അനുകൂലമായി ബ്രയാൻ ആളെക്കൂട്ടുന്നുണ്ട്. നിയമപുസ്തകങ്ങളെക്കാൾ ഏറെ ബൈബിൾ ആയിരുന്നു ബ്രയാൻ കോടതിയിൽ ഉദ്ധരിച്ചത്. മറുഭാഗത്ത് ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ ബൈബിളിലെ ചില സംഭവങ്ങൾ തെറ്റാണെന്ന് മനസിലാവുമെന്നും ശാസ്ത്രം പഠിക്കാൻ മതപുസ്തകം ആയിരിക്കരുത് ആധാരമെന്നും വാദിച്ചു. എന്നിരുന്നാലും ഒടുവിൽ പരിണാമ സിദ്ധാന്തം പഠിപ്പിച്ച സ്കോപെസ് കുറ്റക്കാരനാണെന്ന് കോടതി വിധിക്കുകയുണ്ടായി, പിന്നീട് സാങ്കേതികതയുടെ പേരിൽ കുറ്റവിമുക്തൻ ആവുന്നുണ്ടെങ്കിലും. എന്നാൽ പരിണാമ സിദ്ധാന്ത വിരുദ്ധത അവിടം കൊണ്ട് അവസാനിക്കുകയല്ല ചെയ്തത്, 1926ൽ മിസിസിപ്പിയും 1928ൽ അറക്കാൻസും പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നതിനെ നിരോധിച്ചു കൊണ്ട് നിയമം പാസാക്കി. 1967ൽ പിൻവലിക്കും വരെ ടെന്നീസിയിൽ ഈ നിയമം തുടരുന്നുണ്ട്. പിന്നീടുള്ള ഏതാനും ദശകങ്ങളിലേക്ക് അമേരിക്കൻ ക്ലാസ് മുറികളിൽ നിന്ന് പരിണാമ സിദ്ധാന്തം അപ്രത്യക്ഷമാവുകയാണ് ഉണ്ടായത്.

ശീതയുദ്ധം മൂർഛിക്കുകയും ബഹിരാകാശ രംഗത്ത് അടക്കം സോവിയറ്റ് യൂണിയൻ മുന്നേറ്റം ഉണ്ടാക്കുകയും ചെയ്ത കാലത്ത് അമേരിക്കൻ പാഠ്യപദ്ധതി പ്രത്യേകിച്ചും ശാസ്ത്ര പഠനം കുറേക്കൂടി മെച്ചപ്പെടുത്തണം എന്ന ചിന്ത ഉടലെടുത്തു. ജീവശാസ്ത്രം കൈകാര്യം ചെയ്യുന്ന പാഠപുസ്തകങ്ങളിലേക്ക് പരിണാമ സിദ്ധാന്തം വീണ്ടും തിരിച്ചു വരുന്നത് ഈ ഘട്ടത്തിലാണ്. എന്നാൽ പെട്ടെന്ന് തന്നെ പരിണാമ സിദ്ധാന്തം വിരുദ്ധ പ്രസ്ഥാനം സംഘടിതമാവുകയും മുൻകാലത്ത് നിന്നും കുറച്ചുകൂടി വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിക്കുകയും ചെയ്തു. ബൈബിൾ അധിഷ്ഠിതമായ ഉല്പത്തിയുടെയും സൃഷ്ടിയുടെയും അധ്യയനം എന്നതിൽ നിന്നും ക്രിയേഷനിസം എന്ന തങ്ങളുടെ നിലപാട് ശാസ്ത്രീയമായി പഠിപ്പിക്കണമെന്ന വാദമാണ് ഇത്തവണ ഉണ്ടായത്. അരക്കാൻസ്, ലൂസിയാന തുടങ്ങിയ അമേരിക്കൻ സംസ്ഥാനങ്ങൾ പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്ന അതേ ഗൗരവത്തോടും സമയവും എടുത്ത് ക്രിയേഷനിസവും ക്ലാസ്സിൽ കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ 1982ൽ ഫെഡറൽ കോടതി ഈ നിർദേശം ഭരണഘടനാനുസൃതമായി നിലനിൽക്കില്ല എന്ന് നിരീക്ഷിക്കുകയുണ്ടായി. 1987ൽ

**ടെന്നീസിയിൽ ജോൺ വാഷിംഗ്ടൻ ബട്ലർ അവതരിപ്പിച്ചു പാസാക്കിയ നിയമപ്രകാരം ബൈബിളിൽ പറയുന്ന പ്രകാരമല്ലാത്ത വിധം സൃഷ്ടിയെക്കുറിച്ച് പാഠ്യപദ്ധതിയിൽ കൈകാര്യം ചെയ്യുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. മനുഷ്യനും ആൾക്കുരങ്ങിനും ഒരു പൊതുപൂർവികൻ ആയിരിക്കുമെന്ന് പഠിപ്പിക്കുന്നത് ദൈവ സൃഷ്ടിയുടെ ഉയർന്ന രൂപമായ മനുഷ്യനെയും സ്രഷ്ടാവിനെയും അവഹേളിക്കുകയാണെന്നും വാദമുണ്ടായി.**

നോബൽ ജേതാക്കൾ അടക്കമുള്ള
ശാസ്ത്രജ്ഞർ മതാത്മീയതയല്ല
മറിച്ച് ഭൗതികതയാവണം സയൻ
സിന്റെ അടിസ്ഥാനം എന്നും,
പ്രകൃതി പ്രതിഭാസങ്ങളെപ്പറ്റിയുള്ള
അന്വേഷണവും അതിന്റെ വിശദീ
കരണവും നൽകേണ്ട സയൻസി
നെയും ക്രീയേഷനിസം പോലുള്ള
അബദ്ധ ധാരണകളെയും ഒരു
തരത്തിലും ബന്ധിപ്പിക്കാൻ അവി
ല്ലെന്നും വാദിച്ചു. അമേരിക്കൻ
സുപ്രീം കോടതി ശാസ്ത്രജ്ഞരുടെ
ഈ വാദം അംഗീകരിച്ചതോടെ
അമേരിക്കൻ പൊതുസ്കൂളുകളിൽ
പരിണാമ സിദ്ധാന്തം പഠിപ്പി
ക്കാനുള്ള തടസങ്ങൾ ഒഴിവായി.
തങ്ങളുടെ വാദവുമായി വീണ്ടും
ക്രീയേഷനിസ്റ്റുകൾ കോടതിയെ
സമീപിക്കുകയുണ്ടായെങ്കിലും തുടർ
ച്ചയായ തിരിച്ചടികൾ ആയിരുന്നു
ഫലം.

നിയമ സംവിധാനത്തിൽ നി
ന്നുള്ള തിരിച്ചടികൾക്കും ശാസ്ത്ര
ജ്ഞൻമാർ അടക്കമുള്ളവരുടെ
എതിർപ്പിന് ഇടയിലും സ്കൂൾ
വിദ്യാഭ്യാസത്തിനായി തങ്ങളുടെ
ഒരു ബദൽ പാഠപുസ്തകം ഇവർ
പുറത്തിറക്കുന്നുണ്ട്. 1989ൽ
ചാൾസ് താക്സ്റ്റൺ എഡിറ്റ് ചെയ്ത്
പ്രസിദ്ധീകരിച്ച ഓഫ് പാണ്ടാസ്
ആൻഡ് പീപ്പിൾ : ദി സെൻട്രൽ
ക്വസ്റ്റിൻ ഓഫ് ബയോളജിക്കൽ
ഒറിജിൻ  എന്ന പുസ്തകത്തിൽ
തങ്ങളുടെ വാദങ്ങൾ ഇവർ
സമർത്ഥിക്കാൻ ശ്രമിക്കുന്നുണ്ട്.
എങ്ങനെയാണ് പലവിധം ജീവരൂ
പങ്ങൾ ലോകത്ത് ഉണ്ടായതെന്ന്
വിശദീകരിക്കുന്നതിൽ ഇന്റലിജന്റ്
ഡിസൈൻ വാദക്കാരായ ക്രിയേ
ഷനിസ്റ്റുകൾ വാദിക്കുന്നത് ഇപ്ര
കാരമാണ്; ഉയർന്ന ബുദ്ധിവൈഭ
വമുള്ള സൃഷ്ടാവിനാൽ (intelligent
agency) നിലവിൽ ദൃശ്യമാകുന്ന
എല്ലാ ജൈവ സവിശേഷതക
ളോടെയും വിവിധ രൂപത്തിലുള്ള
ജീവജാലങ്ങൾ ഏതാണ്ട് പൊ
ടുന്നനെ സൃഷ്ടിക്കപ്പെടുകയാണ്
ഉണ്ടായത്. തുടർച്ചയായ കോടതി
വിധികളിൽ തിരിച്ചടി നേരിട്ടു
കൊണ്ടിരിക്കുന്ന തൊണ്ണൂറുകളിൽ
പരിണാമ സിദ്ധാന്ത വിരുദ്ധർക്ക്
പുതുജീവൻ നൽകിയത് നിയമ
പണ്ഡിതനായ ഫിലിപ് ഇ ജോൺ
സനാണ്. 1991ൽ ഡാർവിൻ വി
ചാരണ ചെയ്യപ്പെടുന്നു (Darwin on
Trial) എന്ന പേരിൽ ജോൺസൺ
പ്രസിദ്ധീകരിച്ച പുസ്തകം ഇൻറലി
ജൻസ് ഡിസൈൻ പ്രസ്ഥാനത്തെ
സംബന്ധിച്ച് നിർണായകമായി.
പരിണാമ സിദ്ധാന്തത്തിന്റെ
സാധ്യതയെയും ശാസ്ത്രീയ പരീക്ഷ
ണങ്ങളുടെ അടിസ്ഥാനത്തെയും
ഈ പുസ്തകം ചോദ്യം ചെയ്തു.
ഔദ്യോഗികമായി പാഠ്യപദ്ധതി
ക്ക് ഉള്ളിൽ പരിണാമ സിദ്ധാന്തം
ഒരു പഠന വിഷയം ആയിരുന്നെ
ങ്കിലും കാൻസാസ്, ഒഹായോ തു
ടങ്ങിയ തങ്ങൾക്ക് സ്വാധീനമുള്ള
സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ
പാഠ്യപദ്ധതി അട്ടിമറിക്കാൻ ഇന്റ
ലിജൻസ് ഡിസൈൻ പ്രയോക്താ
ക്കൾക്ക് കഴിഞ്ഞു. ഏറ്റവും കുപ്ര
സിദ്ധമായ ഇന്റലിജന്റ് ഡിസൈൻ
വാദക്കാരുടെ പ്രകടനം നടന്നത്
പെൻസിൽവാനിയിലെ ഡോ
വറിൽ ആയിരുന്നു. ഡോവർ
സ്കൂൾ അധികാരികൾ അവരുടെ
പഠന ക്രമത്തിൽ ഇന്റലിജൻസ്
ഡിസൈൻ ഉൾപ്പെടുത്താൻ തീരു
മാനിച്ചത് വലിയ നിയമ പോരാ
ട്ടങ്ങളിൽ ആണ് അവസാനിച്ചത്.
സിയാറ്റിൽ കേന്ദ്രീകരിച്ച് പ്രവർ
ത്തിക്കുന്ന ഡിസ്കവറി ഇൻസ്റ്റിറ്റ്യൂ
ട്ട് എന്ന സ്ഥാപനവും അവിടുത്തെ
മുതിർന്ന ഫെലോ ആയിരുന്ന മൈ
ക്കിൾ ബേയും തുർച്ചയായി ഇൻറ
ലിജന്റ് ഡിസൈനെയും സ്കൂൾ
അധികൃതരുടെ പ്രവർത്തിയെയും
ന്യായീകരിച്ചുകൊണ്ട് രംഗത്ത്
വന്നു. എന്നാൽ ഇവിടെയും ഇവരു
ടെ വാദങ്ങൾ കോടതിയിൽ നില
നിന്നില്ല. ഇൻറലിജന്റ് ഡിസൈൻ
ഒരിക്കലും വിമർശന ചിന്തയെ
പ്രോത്സാഹിപ്പിക്കുന്ന  ഒന്നല്ലെ
ന്നും ദൈവമാണ് എല്ലാത്തിന്റെയും
സൃഷ്ടിയുടെ പിന്നിലുള്ളത് എന്ന
ക്രിയേഷന് അതേ വാദം തന്നെ
യാണ് ഇതിനുള്ളതെന്നും കോടതി
വിധിന്യായത്തിൽ നിരീക്ഷിക്കു
ന്നുണ്ട്.

തുടരെയുള്ള പരാജയങ്ങളാണ്
കോടതിയിൽ നിന്നുണ്ടാകുന്ന
തെങ്കിലും അലാസ്ക, ആയോവ,
മിനിസോട്ട, മിസോറി, ഒക്കല
ഹോമ, ഒറിഗൺ, ടെക്സാസ്
എന്നിവിടങ്ങളിലെല്ലാം ഈ വാദം
ശക്തമായി സ്വാധീനമുറപ്പിക്കുന്നു
ണ്ട്. ആളുകളെ സംഘടിപ്പിക്കുക,
വാദങ്ങൾ പ്രചരിപ്പിക്കാൻ ആയി
മാസികകൾ, ഓൺലൈൻ സം
വിധാനങ്ങൾ തുടങ്ങിയവയെല്ലാം
ഇവർക്കുണ്ട്. പ്രകൃതി നിർദ്ധാര
ണം എന്നത് ഇക്കൂട്ടരെ സംബന്ധി
ച്ച് ഒരിക്കലും അംഗീകരിക്കാൻ
ആവാത്ത ഒന്നാണ്. അമേരിക്കൻ
ജനസംഖ്യയിൽ നാല്പത് ശതമാ
നത്തിലും മേൽ ആളുകൾ ഇന്റലി
ജൻസ് ഡിസൈനിൽ വിശ്വസിക്കു
ന്നുണ്ട്. ബാക്കിയുള്ള ആളുകളിൽ
വളരെ കുറച്ച് ആളുകൾ മാത്രമേ
പരിണാമ സിദ്ധാന്തത്തിൽ
ഉറപ്പുള്ള ആളുകൾ. പരിണാമ
സിദ്ധാന്തത്തിന് വിപരീതമായു
ള്ള ഭൂരിപക്ഷ ജനാഭിപ്രായത്തെ
മുതലെടുത്തുകൊണ്ട് നിലവിലുള്ള
ശാസ്ത്ര പഠനത്തെ മുഴുവനും അട്ടി
മറിക്കാൻ ഡിസ്കവറി ഇൻസ്റ്റി
റ്റ്യൂട്ട് അടക്കമുള്ള സ്ഥാപനങ്ങൾ
ഇപ്പോഴും ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ
രണ്ട് ദശകങ്ങളിലായി അമേരി
ക്കൻ ഐക്യനാടുകളിൽ ഉണ്ടായ
വലതുപക്ഷ യാഥാസ്ഥിതിക
മുന്നേറ്റങ്ങൾ ഇത്തരം സയൻസ്
വിരുദ്ധ പ്രസ്ഥാനങ്ങൾക്ക് വലിയ
ഊർജ്ജം ആവുന്നുണ്ട്. ശാസ്ത്രീയ
തയെക്കാൾ ദൈവശാസ്ത്രപരവും
അതിലേറെ രാഷ്ട്രീയപരവും ആണ്
ഇത്തരം മുന്നേറ്റങ്ങൾ.

എഴുപതുകളിൽ അമേരിക്കക്ക്
വെളിയിലേക്കും ക്രിയേഷണിസ്റ്റു
കൾ സ്വാധീനവലയം നീട്ടുന്നുണ്ട്.
ആദ്യം ഓസ്ട്രേലിയ, ന്യൂസിലാ
ന്റ് എന്നിവിടങ്ങളിലും പിന്നീട്
തെക്കൻ കൊറിയ, ഇന്ത്യ, ദക്ഷി
ണാഫ്രിക്ക, ബ്രസീൽ തുടങ്ങിയ
സ്ഥലങ്ങളിലേക്ക് ഈ വിചാര
ധാര പടർന്നു. അമേരിക്കയിൽ
ഇക്കാലത്ത് ശക്തമായ വേരുകൾ
ഉണ്ടായി വന്ന ഹരേ കൃഷ്ണ പ്രസ്ഥാ
നം അടക്കമുള്ളവരും പരിണാമ
സിദ്ധാന്തത്തെ എതിർത്തുകൊണ്ട്
ക്രിയേഷനിസ്റ്റ് പക്ഷത്തെ ശക്തി
പ്പെടുത്തുന്നുണ്ട്. ഇന്ത്യയിൽ അട
ക്കം ശക്തമാവുന്ന വലതുപക്ഷ രാ
ഷ്ട്രീയത്തിന്റെ പ്രോദ്ഘാടകർക്ക്
യുക്തിയെ അട്ടിമറിക്കുന്ന ഇത്തരം

നീക്കങ്ങളെ ഇരുകയ്യും നീട്ടി പുണ രുമെന്നതിന് സംശയമില്ല. ജീവി ക്കുന്ന ലോകത്തെപ്പറ്റി യുക്തിപ രമായി അറിവ് നിർമിക്കുന്ന മനു ഷ്യർ എല്ലാക്കാലത്തും സങ്കുചിത വാദങ്ങളെ ഉന്നയിക്കുന്നവർക്ക് മുന്നിലെ തടസ്സമാണ്. സാമൂഹിക മായി അന്യവൽക്കരിക്കപ്പെട്ട ഒരു ജനതയെ സൃഷ്ടിച്ചാൽ മാത്രമേ ഈ ഇടുങ്ങിയ ആശയങ്ങളുള്ള പ്രസ്ഥാനങ്ങൾക്ക് മുന്നോട്ട് പോ കാനാവൂ. ഇത്തരത്തിൽ പരിശോ ധിച്ചാൽ പരിണാമ സിദ്ധാന്തം, ജീവശാസ്ത്രത്തിന്റെ ഒരു ഉപവി ഷയം എന്ന നിലയിൽ മാത്രമല്ല പ്രസക്തമാകുന്നത്, മറിച്ച് ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കുന്നതിന് ഈ വിഷയത്തിലെ അറിവും ധാരണയും വളരെ നിർണ്ണായക മാണ്. സമൂഹം എന്ന നിലയിൽ ഒരു ജനത അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിൽ പരിണാമജീവശാസ്ത്രം വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കൂടാതെ ജീവലോകത്ത് മനുഷ്യൻ ആരാണ്, എന്താണ് മനുഷ്യന്റെ സ്ഥാനം തുടങ്ങിയ വലിയ തിരിച്ച റിവുകളിലേക്കും, സൈദ്ധാന്തിക ബോധ്യങ്ങളിലേക്കും നയിക്കുന്ന വിഷയം കൂടെയാണിത്. ശാസ്ത്രീയ മനോഭാവവും യുക്തിപരമായ പ്രപ ഞ്ചവീക്ഷണവും നിർമിക്കുന്നതിൽ പരിണാമപ്രക്രിയയെക്കുറിച്ചുള്ള സാമാന്യ ബോധ്യം നിർണായ കമാണ്. തന്റെ ശാസ്ത്രീയമായ നിരീക്ഷണങ്ങളും യുക്തിപരമായ ഉൾക്കാഴ്ചകളും ഡാർവിനെ പ്രകൃതി നിർദ്ധാരണസിദ്ധാന്തത്തിലേക്ക് നയിച്ചത് എങ്ങനെ എന്ന അറിവ് ശാസ്ത്രത്തിന്റെ രീതികളെക്കുറിച്ചും വിമർശനാത്മകചിന്തയുടെ പ്രാധാ ന്യത്തെക്കുറിച്ചും ഉള്ള ബോധ്യം കൂടിയാണ് നൽകുന്നത്. ഒരുവേള നൈപുണ്യമെന്ന പേരിൽ തൊഴി ലിന് വേണ്ട കഴിവുകൾ വിദ്യാർ ത്ഥികളിൽ കുത്തി നിറക്കാൻ ഒരുമ്പെടുന്ന ദേശിയ വിദ്യാഭ്യാസ നയത്തിന്റെ കാഴ്ചപ്പാടുകൾക്ക് എല്ലാം വെളിയിൽ നിൽക്കുന്ന വിമർശന ചിന്തയുടെയും യുക്തി ബോധത്തിന്റെയും പ്രായോ ഗിക പാഠമാണത്. നാളെ പരി

> **പ്രാഥമിക വിദ്യാഭ്യാസ രംഗത്തുള്ള സരസ്വതി വിദ്യാ മന്ദിർ, ആദിവാസി ജനവിഭാഗത്തിനിടക്ക് പ്രവർത്തിക്കുന്ന വനവാസി കല്യാൺ ആശ്രമം, ദളിത് പിന്നാക്ക മേഖലകളിൽ സേവാ ഭാരതി, ഏകാധ്യാപക വിദ്യാലയങ്ങളിൽ ഏകൽ വിദ്യാലയ ഫൗണ്ടേഷൻ എന്നിങ്ങനെ വിവിധങ്ങളായ പേരുകളിലൂടെ പ്രാഥമിക തലം മുതൽ വിദ്യാഭ്യാസത്തിൽ ആർഎസ്എസ് ഇടപെടൽ നടത്തുന്നുണ്ട്.**

ണാമ സിദ്ധാന്തത്തിനും പ്രകൃതി നിർധാരണത്തിനും പകരം വംശീയ പാരമ്പര്യവും വംശശു ദ്ധിയും പാഠ്യക്രമത്തിൽ വന്നാൽ അത് ഒരു തലമുറയോട് ചെയ്യുന്ന ദ്രോഹം അളക്കാൻ ആവുന്നതല്ല. അതും, പൗരത്വം നിർണയിക്കു ന്നതിൽ അടക്കം മതത്തെയും വംശീയതയെയും ഉദ്ദീപിപ്പിച്ച് വെ റുപ്പ് പരത്തുന്ന കാലത്താണ് ഇങ്ങ നെയൊരു ഒഴിവാക്കൽ നീക്കം എന്നത് ഭീഷണിയുടെ ആക്കം വർധിപ്പിക്കുന്നു.

ഇപ്പോൾതന്നെ സംഘപരിവാർ നേതൃത്വം നൽകുന്ന വിദ്യാഭാരതി സ്കൂളുകളിലെ പാഠപുസ്തകങ്ങൾ ജീവശാസ്ത്രവുമായി ബന്ധപ്പെട്ട് യുക്തിക്ക് നിരക്കാത്ത പാഠഭാ ഗങ്ങൾ വിദ്യാർത്ഥികളിലേക്ക് വിനിമയം ചെയ്യുന്നുണ്ട്. എട്ടാം ക്ലാസിലെ, സദാചർ പുസ്തകങ്ങ ളിൽ 'വൃക്ഷോം കി പൂജ'യെന്ന ഭാഗത്തിൽ ബോധി വൃക്ഷവും പേരാലും പുരുഷ ലൈംഗികതയെ വർദ്ധിപ്പിക്കുമെന്നും, ഭർത്താവിന്റെ ദീർഘായുസിനായി സ്ത്രീകൾ ഈ വൃക്ഷങ്ങളെ ആരാധിക്കണമെന്നും പറഞ്ഞു സമർത്ഥിക്കുന്നുണ്ട്. പൊ തുവിൽ സമഗ്രാധിപത്യ പ്രത്യയ ശാസ്ത്രങ്ങൾ പുരുഷന് പിന്നിലാണ് സ്ഥാനം നൽകിയിരിക്കുന്നത്. അത് വ്യവസ്ഥാപിതമാക്കാൻ ശാസ്ത്ര പഠനത്തെയും പാഠപു സ്തകങ്ങളെയും കാര്യമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ നീക്കം ചെയ്ത പരിണാമ തത്വങ്ങൾക്ക് പകരമായി തൽക്കാ ലം ഒന്നും നിർദ്ദേശിച്ചിട്ടില്ലെങ്കിലും ഇതുവരെയുള്ള അനുഭവം വെച്ച് പ്ര തിലോമകരവും പിന്തിരിപ്പനുമായ ആശയങ്ങൾ കടന്നുകൂടാനും സാ ധ്യതയുണ്ട്. നിലവിൽ തന്നെ ദശാ വതാര സങ്കൽപ്പത്തെ പരിണാമവു മായി ഇണക്കി വായിക്കുന്ന പ്രവ ണതയുണ്ട്. അധ്യാവതാരങ്ങളായ മൽസ്യത്തെയും കൂർമത്തെയും എടുത്ത് ജീവൻ ജലത്തിൽ നിന്നാ ണ് ഉത്ഭവിച്ചതെന്നും തുടർന്നുള്ള അവതാരങ്ങളെ ചൂണ്ടിക്കൊണ്ട് പിന്നീട് കരയിലേക്ക് വ്യാപിച്ച ജീവരൂപങ്ങളിലുള്ള മാറ്റങ്ങളാണ് എന്ന മട്ടിലുള്ള വാദങ്ങൾ കാലങ്ങ ളായി ഒളിച്ചും തെളിച്ചും പറയുന്ന വയാണ്. ഋഗ്വേദത്തിന്റെ പത്താം മണ്ഡലത്തിലുള്ള പുരുഷ സൂക്ത ത്തിൽ പറയും പോലെ ആദിപുരു ഷന്റെ മുഖം, കൈകൾ, തുട, കാൽ പാദം എന്നിവിടങ്ങളിൽ നിന്ന് യഥാക്രമം ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയാ ണ് മനുഷ്യന്റെ ഉത്ഭവം എന്നുമുള്ള വാദവും വലതുപക്ഷത്തിന് ഇണ ങ്ങുന്നതാണ്. പ്രപഞ്ചസൃഷ്ടിയെപ്പ റ്റിയും ജീവവർഗങ്ങളുടെ സൃഷ്ടിയെ പ്പറ്റിയും അവയുടെ വ്യത്യസ്ത തര ത്തിലുള്ള മുൻഗണനാക്രമങ്ങളെ പറ്റിയും എല്ലാം വിവിധങ്ങളായ മതപുരാണങ്ങളിൽ വ്യത്യസ്തമായ രീതികളിൽ വിവരിച്ചിട്ടുണ്ട്. നാളെ അവയെല്ലാം ശാസ്ത്രത്തിന്റെ പരിവേഷത്തോടുകൂടി അവതരിപ്പി ച്ചാൽ വൈജ്ഞാനിക മേഖലയിൽ ഉണ്ടാവാൻ പോവുന്ന സ്തംഭനവും പിന്നോട്ട് പോക്കും അനിർവചനീ യമായിരിക്കും.



യുക്തിയുടെ ഉറക്കം ഭൂതങ്ങളെ ഉണർത്തുന്നു: ഫ്രാൻസിസ്കോ ഗോയയുടെ പ്രസിദ്ധമായ എച്ചിങ്ങ്

എൻസിഇആർടിയിൽ ഇപ്പോഴാണ് ഇത്ര കാര്യമായി കൈവെക്കുന്നത് എങ്കിലും സംഘപരിവാർ വളരെ മുന്നേ തന്നെ വിദ്യാഭ്യാസത്തിൽ ഗണ്യമായി തന്നെ ഇടപെട്ടിരുന്നു. സ്കൂൾ തലത്തിൽ ഇന്ത്യയിലെതന്നെ ഏറ്റവും വലിയ സ്വകാര്യ വിദ്യാഭ്യാസ സംവിധാനങ്ങളിൽ ഒന്നാണ് ആർഎസ്എസ് നിയന്ത്രണത്തിലുള്ള വിദ്യാഭാരതി. പ്രാഥമിക വിദ്യാഭ്യാസ രംഗത്തുള്ള സരസ്വതി വിദ്യാ മന്ദിർ, ആദിവാസി ജനവിഭാഗത്തിനിടക്ക് പ്രവർത്തിക്കുന്ന വനവാസി കല്യാൺ ആശ്രമം, ദളിത് പിന്നാക്ക മേഖലകളിൽ സേവാ ഭാരതി, ഏകാധ്യാപക വിദ്യാലയങ്ങളിൽ ഏകൽ വിദ്യാലയ ഫൗണ്ടേഷൻ എന്നിങ്ങനെ വിവിധങ്ങളായ പേരുകളിലൂടെ പ്രാഥമിക തലം മുതൽ വിദ്യാഭ്യാസത്തിൽ ആർഎസ്എസ് ഇടപെടൽ നടത്തുന്നുണ്ട്. വിദ്യാഭാരതിയുടെ തന്നെ വെബ്സൈറ്റിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന കണക്കനുസരിച്ച് ആകെ വിദ്യാർത്ഥികളുടെ എണ്ണം മുപ്പത്തിയാറ് ലക്ഷത്തിലധികമാണ്. ഇതിന് പുറമെ ഏകദേശം ഒന്നരലക്ഷത്തിന് മുകളിൽ വിദ്യാർത്ഥികളുള്ള ചേരി പ്രദേശത്തും വിദൂരഗ്രാമങ്ങളിലും പ്രവർത്തിക്കുന്ന സൻസ്കാർ കേന്ദ്രകളും ഏകൽ വിദ്യാലയങ്ങളും അടങ്ങിയ 11353 അനൗപചാരിക വിദ്യാഭ്യാസ യൂണിറ്റുകളും വിദ്യാഭാരതിക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ചരിത്ര വിരുദ്ധതയും ജനവിഭാഗങ്ങൾ തമ്മിൽ വെറുപ്പും പോഷിപ്പിക്കുന്നതിനോടൊപ്പം തികച്ചും ബാലിശമായ ശാസ്ത്ര പാഠനവും ഇവരുടെ പാഠ്യപദ്ധതിയുടെ ഭാഗമാണ്. ഉദാഹരണത്തിന്, ആര്യന്മാർ ആർട്ടിക്കിൽ നിന്നാണ് വന്നതെന്ന ബാലഗംഗാധര തിലകന്റെ വാദത്തെ ന്യായീകരിക്കാനായി യഥാർത്ഥത്തിൽ ആർട്ടിക് അടങ്ങിയ ഉത്തരധ്രുവം ഇന്ത്യയിൽ ആയിരുന്നുവെന്നും അതിന്നത്തെ ബിഹാറിനും ഒറീസക്കും ഇടയ്ക്ക് സ്ഥിതിചെയ്തിരുന്ന ഈ ഉത്തരധ്രുവം മുകളിലേക്ക് തട്ടിത്തെറിച്ച് പോയതാണെന്നും അവരെഴുതി പിടിപ്പിച്ചു. അതായത് ഹിന്ദുക്കൾ അവിടെ നിന്ന് ഇങ്ങോട്ട് കുടിയേറിയത് അല്ല മറിച്ച് ആർട്ടിക് ഇവിടെ നിന്ന് അങ്ങോട്ട് പോയതാണ് എന്ന് സാരം.

സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും അധികാരപങ്കാളിത്തം ലഭ്യമാകുമ്പോൾ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും രൂപകൽപ്പനയിലും സംഘപരിവാർ കാര്യമായി തന്നെ ഇടപെടൽ നടത്താറുണ്ട്. തൊണ്ണൂറുകളുടെ ആരംഭത്തിൽ സംഘപരിവാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന പാഠപുസ്തകങ്ങളെപ്പറ്റി അശാസ്ത്രീയതയുടെയും ചരിത്ര നിരാസത്തിന്റെയും പേരിൽ വലിയതോതിൽ വിമർശങ്ങൾ ഉണ്ടായപ്പോൾ അതിനെപ്പറ്റി പരിശോധിക്കാൻ ഒരു കമ്മറ്റി രൂപീകരിക്കുകയുണ്ടായി. പാഠപുസ്തക വിശകലനത്തിനായി 1992ൽ വിഖ്യാത ചരിത്രകാരനായ പ്രൊഫ. ബിപിൻ ചന്ദ്രയുടെ നേതൃത്വത്തിൽ രൂപീകരിച്ച ദേശീയ സ്റ്റിയറിങ് കമ്മിറ്റി ആർഎസ്എ

സ് നിയന്ത്രിക്കുന്ന സ്കൂളുകളിലെ പാഠപുസ്തകങ്ങളെ സംബന്ധിച്ച് എൻസിഇആർടി നൽകിയ റിപ്പോർട്ട് പരിശോധിക്കുന്നുണ്ട്. ഈ കമ്മറ്റിയിൽ സമർപ്പിച്ച റിപ്പോർട്ടിലൂടെയാണ് വിദ്യാഭാരതി സ്കൂളുകൾ വഴി സംഘപരിവാർ വിദ്യാഭ്യാസത്തിൽ നടത്തുന്ന ഇടപെടൽ വിശദമായി പൊതുസമൂഹത്തിന്റെ മുൻപാകെ എത്തുന്നത്. സരസ്വതി ശിശു മന്ദിർ പ്രകാശൻ, വിദ്യാഭാരതി പബ്ലിക്കേഷൻസ് തുടങ്ങിയവ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിലൂടെ വിദ്യാർത്ഥികളിൽ വർഗീയ വിഷം കുത്തിവയ്ക്കുന്നതിനെ പറ്റി കേന്ദ്ര മാനവ വിഭവ മന്ത്രാലയത്തിനും അതത് സംസ്ഥാന വിദ്യാഭ്യാസ ബോർഡുകൾക്കും ഈ കമ്മിറ്റി മുന്നറിയിപ്പ് നൽകുകയുണ്ടായി. ഇപ്പോഴുണ്ടായിരിക്കുന്ന വിരോധാഭാസം എന്തെന്ന് വെച്ചാൽ അന്ന് വിദ്യാഭ്യാസത്തിലെ അശാസ്ത്രീയതക്ക് എതിരെ റിപ്പോർട്ട് നൽകിയ എൻസിഇആർടി തന്നെ ഇപ്പോൾ സംഘപരിവാർ നേതൃത്വത്തിന് അടിപ്പെട്ടതോടെ അശാസ്ത്രീയതക്കും ചരിത്ര നിരാസത്തിനും കുടപിടിക്കുന്ന ഏജൻസിയായി മാറിയെന്നതാണ്. ആർഎസ്എസ് നിയന്ത്രിത സ്ഥാപനങ്ങളിലെ പാഠപുസ്തകങ്ങളുടെ അതേ ക്രമത്തിലേക്ക് രാജ്യത്തെ മുഴുവൻ പാഠ്യപദ്ധതിയേയും മാറ്റാനുള്ള നീക്കത്തിന്റെ തുടക്കമാണിത്.

ഇത്തരത്തിൽ ഉണ്ടാവുന്ന നീക്കങ്ങൾ അക്കാദമിക മേഖലയിൽ മാത്രമല്ല പൊതുസമൂഹ ജീവിതത്തിന്റെ അടിസ്ഥാനത്തെ തന്നെ അട്ടിമറിക്കുന്നതായിരിക്കും. ഇന്നേവരെയുള്ള ചരിത്ര അനുഭവം തരുന്ന സൂചനകളും വ്യത്യസ്തമല്ല. സമഗ്രാധിപത്യ പ്രത്യയശാസ്ത്രങ്ങൾ പൊതുവിൽ ശാസ്ത്രയുക്തിയോട് അത്ര മമത ഉള്ളവരായിരിക്കില്ല. ഇപ്പോൾ ഇന്ത്യൻ ഭരണകൂടം നടന്ന അതേവഴിയിലൂടെ നൂറ്റാണ്ട് കാലം മുന്നേ നടന്ന ഹിറ്റ്ലറുടെ ജർമനി ചിലപ്പോൾ ഒരു ദിശാസൂചിക ആയിരിക്കാം. ഒരുപക്ഷേ 1930കളിലെ മാന്ദ്യത്തിന് ശേഷം അടുത്ത ദശകത്തിൽ ലോകത്ത് ഏറ്റവും അധികം വ്യാവസായിക പുരോഗതി നേടിയ രാഷ്ട്രം ഹിറ്റ്ലറുടെ ജർമനി ആയിരിക്കും. എന്നാൽ അടുത്ത ശാസ്ത്രവിരുദ്ധ നാഥ്സികൾ വച്ചുപുലർത്തിയിരുന്നു. ആധുനിക ഭൗതികശാസ്ത്രം ജർമൻ ആര്യൻ വംശർക്കെതിരെയുള്ള ജൂതന്മാരുടെ ഗൂഢ തന്ത്രമായിട്ടാണ് ഹിറ്റ്ലർ കണ്ടിരുന്നത്. ആപേക്ഷികതാ സിദ്ധാന്തം ഒരിക്കൽപോലും പാഠ്യക്രമത്തിന്റെ ഭാഗമാക്കി മാറ്റാൻ ഹിറ്റ്ലർ സമ്മതിച്ചിരുന്നില്ല. നോർഡിക് ശാസ്ത്രത്തിന്റെ ശുദ്ധത ഇല്ലാതാക്കാനുള്ള ശ്രമമായിട്ടാണ് നാഥ്സികൾ ഇവയെയെല്ലാം വിലയിരുത്തിയത്. യൂജിനിക്സ് എന്ന തങ്ങളുടെ വികലമായ ജനിതക ശാസ്ത്രബോധ്യത്തിലൂടെ മനുഷ്യ സമൂഹം ഇന്നേവരെ അനുഭവിച്ചിട്ടില്ലാത്ത ക്രൂരമായ പരീക്ഷണങ്ങൾക്ക് ജീവനുള്ള ദേഹങ്ങളെ വിധേയമാക്കാനും ഇക്കൂട്ടർക്ക് മടിയില്ലായിരുന്നു. വികലമായ വംശീയ സിദ്ധാന്തങ്ങൾ പടച്ചുവിട്ട് ആര്യൻ വംശ മേധാവിത്തത്തിന്റെ വികലമായ സ്വപ്നാടനങ്ങളിലേക്ക് ഒരു ജനതയെ മുഴുവൻ തള്ളിവിട്ട് ഒടുക്കം സർവനാശം സൃഷ്ടിക്കുകയും ഏറ്റുവാങ്ങുകയും ചെയ്തവരാണ് നാഥ്സികൾ. ദശകങ്ങളോളം ജർമൻ ജനതയുടെ തലച്ചോർ മരവിപ്പിച്ചു നിർത്താൻ നാഥ്സി ശാസ്ത്ര വിരുദ്ധതക്ക് സാധിക്കുകയുണ്ടായി.

ചരിത്രത്തിന്റെയും സയൻസിന്റെയും പഠനത്തിലും ഗവേഷണത്തിലും ഒരു ശാസ്ത്രീയതയുണ്ട്. ആധുനിക ലോകത്തെ നിർമിച്ച, ആധുനികതയുടെ തന്നെ മുഖച്ചാർത്തുകളായ യുക്തിചിന്ത, വിമർശനബോധം, അന്വേഷണാത്മകത എന്നിവയൊക്കെച്ചേർന്ന് രൂപപ്പെടുത്തിയതാണ് ഇവയുടെ രീതിശാസ്ത്ര അടിത്തറ. പുനഃരുദ്ധാനവാദ പ്രവണതകളുമായി ഭൂതകലത്തേക്ക് കപ്പൽ പായിക്കുന്ന വലതുപക്ഷ ഭരണകൂടങ്ങൾക്ക് ആധുനിക മൂല്യ സ്വഭാവമുള്ള ജ്ഞാനവ്യവഹാരങ്ങളോട് ഒട്ടുമേ ഒത്തുപോകാൻ സാധിക്കില്ല. ആധുനികതയുടെ ഏറ്റവും പ്രധാന സംഭാവനായ വിമർശനബുദ്ധിയെ വലിയ രാജ്യദ്രോഹമായിട്ടാണ് ഫാഷിസ്റ്റുകൾ കാണുന്നതെന്ന് 'ഉർ ഫാഷിസ'മെന്ന രചനയിൽ ഇറ്റാലിയൻ എഴുത്തുകാരൻ ഉമ്പർട്ടോ എക്കോ പറയുന്നുണ്ട്. ഹംഗേറിയൻ മാർക്സിസ്റ്റ് സൈദ്ധാന്തികൻ യോഹെ ലൂക്കാച്ച് ഫാഷിസത്തെ വിശേഷിപ്പിച്ചത് യുക്തിയുടെ ഗ്രഹണകാലമാണെന്ന്. ഏതാനും ചിലയാളുകളുടെ ബൗദ്ധിക പാപ്പരത്തവും സങ്കുചിത രാഷ്ട്രീയ താൽപര്യവും ചേർന്ന് ജനസംഖ്യയിൽ ലോകത്ത് തന്നെ ഒന്നാമതായ ഒരു നാടിന്റെ യുവതലമുറയുടെ മുഴുവൻ ചിന്താശേഷിയെയും നശിപ്പിക്കുകയാണ്. നീണ്ട കാലത്തെ പ്രക്രിയയുടെ ഭാഗമായി രൂപം കൊണ്ട ദേശരാഷ്ട്ര സമൂഹം അതിന്റെ നൂറ്റാണ്ടിന് മേൽ നീണ്ട കൊളോണിയൽ വിരുദ്ധ പോരാട്ടത്തിലൂടെ സാംശീകരിച്ച മാനവികതയും മൈത്രിയും ഭരണഘടനാ മൂല്യങ്ങളുമാണ് വെല്ലുവിളിക്കപ്പെടുന്നത്. ചരിത്രത്തിന്റെയും സയൻസിന്റെയും ആധുനിക ജ്ഞാന അടിത്തറ ഇളക്കിയാൽ മാത്രമേ നൂറ്റാണ്ട് കാലമായി ലക്ഷ്യം വെച്ചിരിക്കുന്ന മതരാഷ്ട്രം രൂപപ്പെടുത്താൻ കഴിയൂവെന്ന് മറ്റാരെയുംകാൾ അറിയുന്നത് സംഘപരിവാരത്തിന്നാണ്. സയൻസും ചരിത്രപഠനവും മുന്നോട്ട് വെക്കുന്ന ഉൾക്കൊള്ളൽ ശേഷിയും ശാസ്ത്രീയതയും രീതിശാസ്ത്രകൃത്യതയും മുറുകെ പിടിച്ചുകൊണ്ട് മാത്രമേ ഈ കെട്ട കാലത്തെ അതിജീവിക്കാനാവൂ.

റഫറൻസ്

John Bellamy Foster, Brett Clark, Richard York.(2008) Critique of Intelligent Design: Materialism versus Creationism, From Antiquity to the Present. New York: Monthly Review Press

Aditya Mukherjee, Mridula Mukherjee and Sucheta Mahajan. (2008) RSS School Texts and the Murder of Mahatma Gandhi: The Hindu Communal Project. New Delhi : Sage Publications

https://luca.co.in/ncert_evolution_statement-kssp/

**ഡോ. അനിൽ വർമ്മ ആർ.**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

# ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതു വിഭവസമാഹരണം

ദീർഘ കാലയളവിൽ സംഭവിക്കുന്ന സാമ്പത്തിക വളർച്ചക്ക് അനുസൃതമായി സർക്കാരിന്റെ പൊതുചിലവുകളും ക്രമമായി വർധിക്കും എന്നാണ് സാമ്പത്തിക ശാസ്ത്രത്തിലെ വാഗ്നറുടെ നിയമം (1883) അനുശാസിക്കുന്നത്. പീകോക്ക്, വൈസ്മെൻ (1961) എന്നീ സാമ്പത്തിക വിദഗ്ധരടക്കം ഈ രംഗത്ത് സ്ഥിതിവിവര കണക്കുകളുടെ പിൻബലത്തിൽ നടത്തിയ പഠനങ്ങൾ എല്ലാം തന്നെ മേൽസൂചിപ്പിച്ച കാഴ്ചപ്പാടിനെ ശരിവയ്ക്കുന്ന നിഗമനങ്ങളിൽ ആണ് എത്തിച്ചേർന്നത്. 1969 ൽ റിച്ചാർഡ് മസ്ഗ്രേവും 1971 ൽ റോസ്റ്റോയും സാമ്പത്തിക വികസനത്തിന്റെ സ്വഭാവവും ഘടനയും ആണ് ഒരു സമ്പത് വ്യവസ്ഥയിലെ പൊതു നിക്ഷേപത്തെ നിർണ്ണയിക്കുന്നത് എന്ന് വാദിച്ചു. കുറഞ്ഞ സാമ്പത്തിക വികസനം നിലനിൽക്കുന്ന സമൂഹങ്ങളിൽ പശ്ചാത്തല സൗകര്യ വികസനത്തിനും സാമൂഹിക വികസനത്തിനും ഉയർന്ന പൊതു നിക്ഷേപം അനിവാര്യമാണ്. ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്ക് നേടിയ സമൂഹങ്ങളിൽ സാമ്പത്തിക സാമൂഹിക വിസനത്തിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് പൊതു നിക്ഷേപവും പരസ്പര പൂരകമായ വിധത്തിൽ സ്വകാര്യ നിക്ഷേപവും വർധിക്കണമെന്നും അവർ വാദിച്ചു.ഉയർന്ന വികസനം നില നിർത്താനും മുന്നോട്ടു കൊണ്ടു പോകാനും മെച്ചപ്പെട്ട സാങ്കേതിക വിദ്യയും പരിശീലനം സിദ്ധിച്ച ഒരു തൊഴിൽ സേനയും അനിവാര്യമാണ്. സാങ്കേതിക പരിജ്ഞാനം ഉള്ള ഒരു തൊഴിൽ സേനയെ സൃഷ്ടിക്കാനും പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉത്പാദനം വർധിപ്പിക്കാനും ഗവേഷണ രംഗത്തെയും ഉന്നത വിദ്യാഭ്യാസ രംഗത്തെയും വളർത്തുന്ന രീതിയിൽ നിക്ഷേപം വർധിപ്പിക്കേണ്ടത് ഉയർന്ന വളർച്ചാ നിരക്ക് നേടിയ ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പുരോഗതിക്ക് അനിവാര്യമായ ഒരു സംഗതിയാണ്.

വിദ്യാഭ്യാസം ഒരു പൊതു വസ്തുവാണോ (public good) എന്ന ചർച്ചക്ക് വളരെക്കാലം പഴക്കമുണ്ട്. പ്രാഥമിക ദ്വിതീയ വിദ്യാഭ്യാസ സംവിധാനങ്ങളെ പൊതു വസ്തുവായി യു എൻ അടക്കമുള്ള ഏജൻസികൾ പരിഗണിച്ചിട്ടുണ്ട്. ഒരാൾ ഉപഭോഗം ചെയ്യുമ്പോൾത്തന്നെ മറ്റുള്ളവർക്കും ഉപയോഗിക്കാൻ സാധിക്കുക ( non rivalrous) വസ്തുക്കൾ ഉപഭോഗം ചെയ്യുന്നതിൽ നിന്നും ആരെയും ഒഴിവാക്കാതിരിക്കുക (non excludability) എന്നീ രണ്ടു ഗുണങ്ങൾ ഉള്ള വസ്തുക്കളെ ആണ് പൊതു വസ്തുക്കൾ എന്ന് വിളിക്കുക (Samuelson, 1954) .വിദ്യാഭ്യാസം അത്തരം ഒരു വസ്തു

(സേവനം) ആണ്. എന്നാൽ ഈ വാദത്തിനു മറുവാദവും ഉണ്ട്. ഉയർന്ന ഫീസ് ചുമത്തി ഒരു വലിയ വിഭാഗത്തെ ക്ലാസ് മുറിയിൽ നിന്ന് അകറ്റി നിർത്തിക്കൊണ്ട് നടത്തുന്ന വിദ്യാഭ്യാസത്തെ വേണമെങ്കിൽ സ്വകാര്യ വസ്തുവായി (private good) വിശേഷിപ്പിക്കാം. വിദ്യാഭ്യാസത്തെ ഒരു അർത്ഥ പൊതു വസ്തുവായി (quasi -public good) പരിഗണിക്കാം എന്നും വാദം ഉണ്ട്. ( തിലക്, 2005) പക്ഷെ ലോകത്തിലെ വികസിത, വികസ്വര സമ്പത് വ്യവസ്ഥകൾ എല്ലാം തന്നെ പൊതു വസ്തു എന്ന നിലയിലുള്ള വിദ്യാഭ്യാസത്തിന്റെ അസ്തിത്വം തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടാണ് ലോകത്തെ പല രാജ്യങ്ങളും അവരുടെ പൊതു വിഭവങ്ങളുടെ ഒരു വലിയ പങ്ക് വിദ്യാഭ്യാസത്തിനു വേണ്ടി നീക്കി വയ്ക്കുന്നത്.

ഒരു വസ്തു ഉപഭോഗം ചെയ്യുമ്പോൾ ഉപഭോക്താവിന് ലഭിക്കുന്ന നേരിട്ടുള്ള പ്രയോജനത്തിനു (ആന്തരികമായ, വ്യക്തിപര നേട്ടങ്ങൾ- private benefits) പുറമെ അയാൾ കൂടി അംഗമായ സമൂഹത്തിനു ലഭിക്കുന്ന നേരിട്ടല്ലാത്ത പ്രയോജനമാണ് (indirect social benefits) ബാഹ്യ പ്രയോജനം (externalities ). ബാഹ്യ പ്രയോജനം പോസിറ്റീവോ നെഗറ്റീവോ ആകാം. ഉദാഹരണമായി ഒരു വ്യക്തി ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ പൊതു സ്ഥലത്ത് വലിച്ചെറിയുന്നത് അയാൾക്ക് ആന്തരികമായ പ്രയോജനം (private benefit) നൽകും- കാരണം ആ വസ്തുക്കൾ ചിലവില്ലാതെ അയാളുടെ വീട്ടിൽ നിന്ന് ഒഴിവാക്കാനാകും. എങ്കിലും ആ പ്രവൃത്തി അയാൾ കൂടി ഉൾപ്പെടുന്ന സമൂഹത്തിനു ഗുണകരം അല്ല. അയാളുടെ പ്രവൃത്തി അയൽക്കാരുടെ അനാരോഗ്യത്തിന് കാരണമാകും. അതുകൊണ്ട് ഈ പ്രവൃത്തി സമൂഹത്തിന് നെഗറ്റീവ് ബാഹ്യ പ്രയോജനം (negative externality) നൽകുന്നു എന്ന് പറയാം. എന്നാൽ വിദ്യാഭ്യാസം പോസിറ്റീവ് ബാഹ്യ പ്രയോജനം (positive externality) ആണ് നൽകുക. ജോലി,കൂടുതൽ വരുമാനം,വിവാഹം, കുടുംബം തുടങ്ങിയവ വിദ്യാഭ്യാസം ലഭിച്ച ഒരു വ്യക്തിക്ക്, വ്യക്തിപരമായി ലഭിക്കുന്ന നേട്ടങ്ങൾ ആണ്. എന്നാൽ അതിനു പുറമെ മത നിരപേക്ഷത, ദേശീയ ബോധം, ശാസ്ത്രീയ വിശകലന രീതി, മറ്റു സംസ്കാരങ്ങളെ ബഹുമാനിക്കാനുള്ള മനസ്ഥിതി തുടങ്ങിയവയെല്ലാം വിദ്യാസമ്പന്നനായ അയാൾ ഉൾപ്പെടുന്ന സമൂഹത്തിനു ലഭിക്കുന്ന പോസിറ്റീവ് ആയ സാമൂഹിക ബാഹ്യ പ്രയോജനങ്ങൾ ( positive externalities) ആണ്. വിദ്യാഭ്യാസത്തിന്റെ ഫലമായി ഉണ്ടാകുന്നപോസിറ്റീവ് ആയ ബാഹ്യ സാമൂഹിക നേട്ടങ്ങൾ ആന്തരികമായ വ്യക്തിഗത നേട്ടങ്ങളെക്കാൾ കൂടുതൽ ആണ്. ഉപഭോഗം ചെയ്യുമ്പോൾ ഇതുപോലെ പോസിറ്റീവ് ബാഹ്യ പ്രയോജനം പ്രദാനം ചെയ്യുന്ന വസ്തുക്കളാണ് ഗുണ വസ്തുക്കൾ (merit goods). റിച്ചാർഡ് മസ്ഗ്രേവ് (1957, 1959) എന്ന സാമ്പത്തിക വിദഗ്ധനാണ് ആദ്യമായി ഗുണ വസ്തുക്കളെ പറ്റി വിശകലനം നടത്തിയത്. ഉന്നതവിദ്യാഭ്യാസത്തെ ചിലർ ഒരു ഗുണ വസ്തു (merit good) ആയിട്ടാണ് അവതരിപ്പിക്കുന്നത് ( Balodi, B. and Srivastava, A., 2021). പൊതു വസ്തുവായ പ്രാഥമിക വിദ്യാഭ്യാസത്തെ അപേക്ഷിച്ച് വ്യക്തിപരമായ ആന്തരിക നേട്ടം ഉന്നതവിദ്യാഭ്യാസത്തിന് കൂടുതൽ ആയതിനാലാണ് അതിനെ ഗുണ വസ്തുവായി കണക്കാക്കണം എന്ന് ചിലർ വാദിക്കുന്നത്.

നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020, വിദ്യാഭ്യാസത്തിന്റെ സാമൂഹികമായ ബാഹ്യ പ്രയോജനം തിരിച്ചറിയുന്നില്ല. വിദ്യാഭ്യാസ രംഗത്ത് പൊതുനിക്ഷേപം വർദ്ധിപ്പിക്കണം എന്ന് സൂചിപ്പിക്കുമ്പോളും മത നിരപേക്ഷത, ദേശീയ ബോധം, ശാസ്ത്രീയ വിശകലന രീതി, മറ്റു സംസ്കാരങ്ങളെ ബഹുമാനിക്കാനുള്ള മന:സ്ഥിതി തുടങ്ങിയവയെ സംബന്ധിച്ച് ഒന്നും തന്നെ ദേശീയ വിദ്യാഭ്യാസ നയം പറയുന്നില്ല. നമ്മുടെ ജനതയുടെ ചരിത്രം ഇതര സമൂഹങ്ങളെ അപേക്ഷിച്ച് മഹത്തരം ആയിരുന്നു എന്നും ആ മഹത്വം ഇതര സമൂഹങ്ങൾക്ക് മുകളിൽ പ്രതിഷ്ഠിക്കാൻ ഉതകുന്ന വിധമുള്ള ഒരു ദേശീയത കെട്ടിപ്പടുക്കണം എന്നുമാണ് ദേശീയ വിദ്യാഭ്യാസ നയം വിവക്ഷിക്കുന്നത്. വളരെ സങ്കുചിതമായ ഈ ദേശീയതാ ബോധവും മതബോധമാവും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ അമിത കേന്ദ്രീകരണവും ഇതിനോടകം തന്നെ ചർച്ചയായിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം ഒരേ സമയം ഒരുഭാഗത്ത് വിദ്യാഭ്യാസത്തിന്റ സാമൂഹികമായ ബാഹ്യ പ്രയോജനം അവഗണിക്കുകയും മറുഭാഗത്ത് തീവ്ര വർഗീയതയുടെ

> **നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020, വിദ്യാഭ്യാസത്തിന്റെ സാമൂഹികമായ ബാഹ്യ പ്രയോജനം തിരിച്ചറിയുന്നില്ല. വിദ്യാഭ്യാസ രംഗത്ത് പൊതുനിക്ഷേപം വർദ്ധിപ്പിക്കണം എന്ന് സൂചിപ്പിക്കുമ്പോളും മത നിരപേക്ഷത, ദേശീയ ബോധം, ശാസ്ത്രീയ വിശകലന രീതി, മറ്റു സംസ്കാരങ്ങളെ ബഹുമാനിക്കാനുള്ള മന:സ്ഥിതി തുടങ്ങിയവയെ സംബന്ധിച്ച് ഒന്നും തന്നെ പറയുന്നില്ല.**

നിലപാടുകൾ ആവർത്തിക്കുകയും ചെയ്യുന്നത് മുതലാളിത്തത്തിന്റെ ഉന്നതവിദ്യാഭ്യാസ കാഴ്ചപ്പാടിനോട് ചേർന്ന് നിന്നുകൊണ്ടാണ്.

ഗുണ വസ്തുവിന്റെ ഉപഭോഗം മൂലം വ്യക്തിപരമായ പ്രയോജനവും സാമൂഹിക പ്രയോജനവും തമ്മിലുള്ള അന്തരം വർധിപ്പിക്കുന്നു. അത്തരം വസ്തുക്കളുടെ ഉപഭോഗത്തിൽ നിന്നും ലഭിക്കുന്ന പോസിറ്റീവ് ആയ സാമൂഹിക പ്രയോജനം കൂടുതലാണെങ്കിലും വ്യക്തികൾ അത് അവഗണിക്കുന്നു. ഉന്നത വിദ്യാഭ്യാസം അടക്കമുള്ള ഗുണ വസ്തുക്കളുടെ ഉപഭോക്താക്കളുടെ വ്യക്തിപരമായ താല്പര്യം എപ്പോഴും ഹ്രസ്വ കാലയളവിലുള്ള, ആന്തരികമായ - വ്യക്തിപര നേട്ടങ്ങൾക്ക് ആയിരിക്കും. ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടാൻ ശ്രമിക്കുന്ന ഒരാൾ ഉയർന്ന ശമ്പളമുള്ള ജോലി, മെച്ചപ്പെട്ട കുടുംബം, ഉയർന്ന വരുമാനം, തുടങ്ങിയവ ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്. പ്രസ്തുത വസ്തുക്കളുടെ ഉപഭോഗത്തിൽ നിന്നുണ്ടാവുന്ന ദീർഘ കാലയളവിലുള്ള സാമൂഹിക നേട്ടങ്ങൾ - മതനിരപേക്ഷ ചിന്താഗതി, ഉയർന്ന ദേശീയബോധം, നീതിബോധം, ശാസ്ത്രീയ വിശകലന രീതി, സാമൂഹികബോധം തുടങ്ങിയവ- അവഗണിക്കപ്പെടും. ഗുണ വസ്തുക്കളുടെ ദീർഘ കാലയളവിലുള്ള സാമൂഹിക നേട്ടത്തെ അവഗണിക്കുക വഴി ഈ വസ്തുക്കളുടെ യഥാർത്ഥ മൂല്യം തിരിച്ചറിയപ്പെടുന്നില്ല. ബാഹ്യ പ്രയോജനമുള്ള വസ്തുക്കൾ കമ്പോളത്തിൽ വിനിമയം ചെയ്യുന്നത് കമ്പോള പരാജയത്തിന് (market failure) കാരണമാകും. അതുകൊണ്ടുതന്നെ ഈ വസ്തുക്കൾ പൊതുമേഖലയിൽ നിലനിർത്തണം എന്ന വാദഗതി നിലനിൽക്കുന്നുണ്ട്.( Lleras, 2004). എന്നാൽ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ അപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടത്തുന്ന പൊതു നിക്ഷേപം ഉയർന്ന സാമ്പത്തിക വളർച്ചയിലേക്ക് നയിക്കുകയില്ല എന്ന കാഴ്ചപ്പാട് ആണ് മുതലാളിത്ത സാമ്പത്തിക ശാസ്ത്രത്തിനുള്ളത് (Ojha, 2021). അതുകൊണ്ട് തന്നെ സർക്കാരിന്റെ

**സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്തിന്റെ വികസനത്തിനുള്ള പ്രാഥമികമായ ചുമതല സംസ്ഥാനങ്ങൾക്ക് ആയിരുന്നു. 1976 ലെ ഭരണഘടനാ ഭേദഗതിയോടെ വിദ്യാഭ്യാസം കൺകറണ്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി. അതോടെ വിദ്യാഭ്യാസത്തിന്റെ ചുമതല സംസ്ഥാനങ്ങളും കേന്ദ്രവും ഒരുപോലെ പങ്കിടുന്ന സ്ഥിതി വന്നു. എന്നാൽ ഇന്ന് രാജ്യത്തിന്റെ ഫെഡറൽ സംവിധാനം ഭരണ നേതൃത്വത്തിൽ നിന്ന് തന്നെ വലിയ വെല്ലുവിളി നേരിടുകയാണ്. വിദ്യാഭ്യാസ രംഗത്ത് ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.**

പരിമിതമായ വിഭവങ്ങൾ ഏറിയ പങ്കും പ്രാഥമിക ദ്വിതീയ വിദ്യാഭ്യാസത്തിനു വിനിയോഗിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് കുറഞ്ഞ പൊതു നിക്ഷേപവും കൂടുതൽ സ്വകാര്യ നിക്ഷേപവും ഉപയോഗിക്കണം എന്നതാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ വാദം. ഉയർന്ന വളർച്ചയും ഉയർന്ന ഉത്പാദനവും മാത്രമാണ് മുതലാളിത്ത സാമ്പത്തിക ശാസ്ത്രം ലക്ഷ്യം വയ്ക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിന് ബാഹ്യ സാമൂഹിക പ്രയോജനങ്ങളെ അത് പരിപൂർണ്ണമായി അവഗണിക്കുന്നു.

ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ രംഗത്തേക്കുള്ള ചിലവിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സ് ഗവണ്മെന്റ് ആണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ പണം മുടക്കുന്നുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺബിലിറ്റിയുടെ ഭാഗമായി കോർപ്പറേറ്റ് മേഖലയും ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ മുതൽ മുടക്കുന്നുണ്ട്. പ്രൈവറ്റ് സ്കൂളുകളും മറ്റുമായി സ്വകാര്യ നിക്ഷേപങ്ങളും ഈ മേഖലയിൽ ഉണ്ട്. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്തിന്റെ വികസനത്തിനുള്ള പ്രാഥമികമായ ചുമതല സംസ്ഥാനങ്ങൾക്ക് ആയിരുന്നു. 1976 ലെ ഭരണഘടനാ ഭേദഗതിയോടെ വിദ്യാഭ്യാസം കൺകറണ്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി. അതോടെ വിദ്യാഭ്യാസത്തിന്റെ ചുമതല സംസ്ഥാനങ്ങളും കേന്ദ്രവും ഒരുപോലെ പങ്കിടുന്ന സ്ഥിതി വന്നു. എന്നാൽ ഇന്ന് രാജ്യത്തിന്റെ ഫെഡറൽ സംവിധാനം ഭരണ നേതൃത്വത്തിൽ നിന്ന് തന്നെ വലിയ വെല്ലുവിളി നേരിടുകയാണ്. വിദ്യാഭ്യാസ രംഗത്ത് ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

കമ്പോള കേന്ദ്രീകൃതമായ നവലിബറൽ നയങ്ങൾ തൊണ്ണൂറുകളിൽ ഇന്ത്യയിൽ നടപ്പിലാക്കിയതിനെ തുടർന്ന് സർക്കാരുകൾ അവരുടെ സാമ്പത്തിക പ്രവർത്തന മേഖലകളിൽ പലതിൽ നിന്നും പിൻവാങ്ങി. രാജ്യത്തെ പൊതുമേഖലയുടെ ഓഹരി വിറ്റഴിച്ചും സ്വകാര്യവത്കരിച്ചും നവലിബറൽ പരിഷ്കാരങ്ങൾ മുന്നോട്ടുപോയി. 2003-ഓടുകൂടി ഇന്ത്യയിൽ വലതുപക്ഷ ധനകാര്യ മൗലികവാദത്തിനു നിയമപരമായ പരിരക്ഷ നൽകിക്കൊണ്ട് ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് (FRBM ACT) പാസാക്കി. ഇതോടുകൂടി വിദ്യാഭ്യാസം അടക്കമുള്ള സാമൂഹിക പശ്ചാത്തല



സേവന മേഖലകളിൽ സർക്കാരിന്റെ ഇടപെടൽ കുറഞ്ഞുവന്നു. ഗ്രാമീണ ജനതയുടെ ഉപഭോഗശേഷി കുത്തനെ ഇടിഞ്ഞതുകൊണ്ട് ഉടലെടുക്കുന്ന ചോദന പ്രതിസന്ധികൾ ഒന്നിനുപിറകെ ഒന്നായി സാമ്പത്തിക രംഗത്ത് കടന്നുവന്നു. അപ്പോഴും വലതുപക്ഷ ധനകാര്യ മൗലികവാദത്തിൽ അടിയുറച്ചു നിന്നുകൊണ്ട് സർക്കാരിന്റെ ചിലവുകൾ വെട്ടിക്കുറക്കുകയാണ് രണ്ടാം യു പി എ ഗവണ്മെന്റും പിന്നീട് വന്ന ഒന്നും രണ്ടും മോഡി ഗവണ്മെന്റും ചെയ്തത്. ഈ സാഹചര്യത്തിൽ നിന്നുകൊണ്ടാണ് പ്രധാനപ്പെട്ട ചില ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള സർക്കാരിന്റെ ചെലവുകൾ വിവിധ കോണുകളിൽ നിന്നും പരിശോധിക്കുമ്പോൾ കാലാ കാലമായി എന്ത് മാറ്റം ആണ് വന്നിട്ടുള്ളത്? ഉന്നത വിദ്യാഭ്യാസത്തിന്റെ ചെലവ് പൂർണ്ണമായും പൊതു മേഖലയിൽ മാത്രം നിർവഹിക്കപ്പെടേണ്ടതാണോ? ആഗോളതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ ഫണ്ടിങ് മാതൃകകളുടെ സ്വഭാവം ഏതൊക്കെയാണ്? സ്വകാര്യ നിക്ഷേപങ്ങൾ ഈ മേഖലയിൽ ആർജിക്കുന്നതിൽ എന്തൊക്കെയാണ് കാതലായ പ്രശ്നങ്ങൾ? സംസ്ഥാനങ്ങളുടെ ഉന്നതവിദ്യാഭ്യാസ ചെലവ് കാണിക്കുന്നത് എന്ത് തരം മാറ്റം ആണ്? തുടങ്ങിയ പ്രശ്നങ്ങൾ ആണ് ഉന്നയിക്കപ്പെടുന്നത്. ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണമെങ്കിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ സർക്കാരിന്റെ ചിലവുകൾ സംബന്ധിച്ച് വ്യക്തമായ ഒരു ചിത്രം ലഭിക്കേണ്ടതായുണ്ട്. അതിനുള്ള ശ്രമമാണ് ഈ ലേഖനം. ഉന്നതവിദ്യാഭ്യാസം ഒരു ഗുണ വസ്തുവാണ് എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വഹിക്കുന്ന ചെലവുകൾ പരിശോധിക്കുക എന്നതാണ് ഉദ്ദേശ്യം. 2004 – 05 മുതൽ 2019 –20 വരെയാണ് പരിഗണനാ കാലയളവ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ വിവിധ റിപ്പോർട്ടുകളിൽ നിന്നുള്ള സ്ഥിതി വിവര കണക്കുകളാണ് വിശകലനത്തിനായി ഉപയോഗിച്ചിട്ടുള്ളത്.

## ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കുള്ള സർക്കാർ ചിലവ്

ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള ചെലവ് സർക്കാരിന്റെ പൊതു ധനം, സ്വകാര്യ ചിലവ്, മറ്റു സംവിധാനങ്ങളിൽ നിന്നുള്ള ചിലവുകൾ എന്നിവയിൽ നിന്നാണ് വരുന്നത്. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള ഐ. ഐ. ടി. പോലുള്ള സ്ഥാപനങ്ങളിലെ ആദ്യ തലമുറ അധ്യാപകർക്ക് വിദേശ സർവ്വകലാശാലകളിലെ പരിശീലനം വിദേശ സഹായത്തോടെ ലഭിച്ചിട്ടുണ്ട്. 1950 കളിലും 60 കളിലും വികസ്വര രാജ്യങ്ങളിൽ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ ധനസഹായം ലഭിച്ചിരുന്നു. വിദേശത്ത് പഠിക്കാനുള്ള സാമ്പ

ത്തിക സഹായം, സ്കോളർഷിപ്പുകൾ ഫണ്ടഡ് പ്രോഗ്രാമുകൾ എന്നീ നിലകളിലും വിദേശ സഹായം നിലനിൽക്കുന്നു. എന്നാൽ ആഗോള തലത്തിൽ തന്നെ സർക്കാരുകളുടെ വിദേശ ഉന്നതവിദ്യാഭ്യാസ ചെലവുകളിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 2014 -15 കാലയളവിൽ ഇന്ത്യയുടെ മൊത്തം ഉന്നതവിദ്യാഭ്യാസ ചിലവിന്റെ 0.5 ശതമാനം മാത്രമാണ് വിദേശ ധനസഹായം (ഡെബി, 2019). ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പൊതു നിക്ഷേപത്തിന് പുറമെ വളരെ ഉയർന്ന സ്വകാര്യ നിക്ഷേപം നിലനിൽക്കുന്നുണ്ട്. സ്ഥാപനങ്ങളുടെയും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെയും എണ്ണം കണക്കിലെടുത്താൽ ഇന്ത്യയിലെ സ്വകാര്യ ഉന്നതവിദ്യാഭ്യാസ മേഖല പൊതു ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇരട്ടിയോളം വലുപ്പമുള്ളതാണ് (തിലക്, 2018). എന്നാൽ രാജ്യത്തെ സ്വകാര്യ ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപത്തെ സംബന്ധിച്ച് വളരെ ആധികാരികമായ സ്ഥിതി വിവരകണക്കുകൾ ഒന്നും തന്നെ ലഭ്യമല്ല എന്നതിനാൽ ഈ വിശകലനത്തിൽ ആ മേഖലയെ കണക്കിലെടുക്കുന്നതേ ഇല്ല..

വിദ്യാർത്ഥികളുടെ എണ്ണത്തിന്റെയും കോഴ്സുകളുടെ വ്യത്യസ്തതയുടെയും അടിസ്ഥാനത്തിൽ ചൈനയ്ക്കും അമേരിക്കക്കും ശേഷം ലോകത്തിലെ മൂന്നാമത്തെ ഉന്നതവിദ്യാഭ്യാസ സംവിധാനം ആണ് ഇന്ത്യയുടേത് (Bikashita Borah, 2020). ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ ലോകത്തിലെ ഏറ്റവും വലിയ ഉന്നതവിദ്യാഭ്യാസ സംവിധാനം ആണ് ഇന്ത്യയുടേത്. 2020 ൽ ഇന്ത്യയിൽ 42343 കോളേജുകളും 1043 സർവ്വകലാശാലകളും 11779 സ്ഥാപനങ്ങളും വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019-2020 ൽ 18 -23 പ്രായപരിധിയിലുള്ളവരുടെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 27.1 ശതമാനം ആണ്. 2018-19 ൽ ഇത് 26.3 ശതമാനം ആയിരുന്നു.


**ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള ചെലവ് സർക്കാരിന്റെ പൊതു ധനം, സ്വകാര്യ ചിലവ്, മറ്റു സംവിധാനങ്ങളിൽ നിന്നുള്ള ചിലവുകൾ എന്നിവയിൽ നിന്നാണ് വരുന്നത്. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള ഐ. ഐ. ടി. പോലുള്ള സ്ഥാപനങ്ങളിലെ ആദ്യ തലമുറ അധ്യാപകർക്ക് വിദേശ സർവ്വകലാശാലകളിലെ പരിശീലനം വിദേശ സഹായത്തോടെ ലഭിച്ചിട്ടുണ്ട്.**

(ഇക്കണോമിക് സർവ്വേ, 2019-20) 38.5 ദശലക്ഷം വിദ്യാർത്ഥികളാണ് ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രവേശനം നേടുന്നത് (വിദ്യാഭ്യാസ മന്ത്രാലയം, ഗവൺമെൻറ് ഓഫ് ഇന്ത്യ). ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ദ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വൈവിധ്യമുള്ള കോഴ്സുകളും, വിപുലമായ പശ്ചാത്തല സൌകര്യവും ഗുണമേന്മ ഉയർത്തുന്നതിന് ആവശ്യമായ വിധത്തിൽ കരിക്കുലത്തിലുള്ള ഇടപെടലുകളും അടിയന്തിരമായി നടത്തേണ്ടതുണ്ട്. അതിനായി ഈ രംഗത്തേക്കുള്ള പൊതു നിക്ഷേപവും ചിലവും വർധിപ്പിക്കണം. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെയും മൊത്തം സർക്കാർ ചിലവിന്റെയും അനുപാതം എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തേക്കുള്ള സർക്കാരിന്റെ ചെലവിന് എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

### ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതു നിക്ഷേപം

മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അനുപാതം എന്ന നിലയിൽ ആണ് വിദ്യാഭ്യാസ രംഗത്തേക്കുള്ള സർക്കാർ ചിലവിനെ പരിശോധിക്കുന്നത്.ജി ഡി പിയുടെ ആറ് ശതമാനം വിദ്യാഭ്യാസത്തിനു വേണ്ടി മാറ്റി വയ്ക്കണം എന്നാണ കോത്താരി കമ്മീഷ (1964 -66) നും ദേശീയ വിദ്യാഭ്യാസ നയവും (1968 ),1986 ലെ വിദ്യാഭ്യാസ നയവും, 2020ലെ പുതിയ വിദ്യാഭ്യാസ നയവും അനുശാസിക്കുന്നത്. എന്നാൽ ഇന്ത്യയിൽ ഈ അനുപാതം ഏറ്റവും കൂടുതൽ ആയ 2016 ൽ പോലും, മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 4.4 ശതമാനം മാത്രമായിരുന്നു വിദ്യാഭ്യാസത്തിനു മാറ്റിവച്ചത് എന്ന് മാനവ ശേഷി വികസന മന്ത്രാലയത്തിന്റെ കണക്കുകൾ കാണിക്കുന്നു. കേവലം 3.4 ശതമാനത്തിനും 4.4 ശതമാനത്തിനും ഇടയിലാണ് ഈ അനുപാതം ഈ പരിഗണനാ കാലയളവിൽ (2004 - 2020 ) ഉടനീളം നിലനിന്നത്. ചിത്രം 1 പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. 2005 - 06 മുതൽ 2019 - 20 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ രംഗത്തേക്കുള്ള മൊത്തം ചിലവും രാജ്യത്തിന്റെ ആഭ്യന്തര വരുമാനവും തമ്മിലുള്ള അനുപാതത്തിന്റെ ശരാശരി 3.9 മാത്രമാണ്. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ആറു ശതമാനമായി വിഭവ വിനിയോഗം ഉയർത്തുമെന്ന് സർക്കാരുകൾ പലതവണ വാഗ്ദാനം നൽകിയിട്ടുണ്ട് എങ്കിലും അത് ഒരിക്കലും പാലിക്കപ്പെട്ടില്ല.

ചിത്രം 1 മൊത്തം വിദ്യാഭ്യാസ പൊതു ചിലവ് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അനുപാതം എന്ന നിലയിൽ.




സ്രോതസ്സ് : വിദ്യാഭ്യാസ മന്ത്രാലയം, ഗവൺമെൻറ് ഓഫ് ഇന്ത്യ, വ്യത്യസ്ത വർഷങ്ങൾ.(2011-2012 വിലയുടെ അടിസ്ഥാനത്തിൽ)

ഈ കണക്കുകൾ ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എങ്ങിനെയാണ് എന്ന് നോക്കാം. "സർവ്വകലാശാലകൾക്കും മറ്റ സ്ഥാപനങ്ങളും", "സാങ്കേതിക വിദ്യാഭ്യാസം" എന്നീ രണ്ടു വിഭാഗങ്ങളിൽ ആണ് കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ചിലവിനെ സംബന്ധിക്കുന്ന കണക്കുകൾ ലഭ്യമായിട്ടുള്ളത്.

പട്ടിക 1 ൽ സർവ്വകലാശാലകളും മറ്റ സ്ഥാപനങ്ങളും", "സാങ്കേതിക വിദ്യാഭ്യാസം" എന്നീ വിഭാഗങ്ങളിലെ 2003-04 മുതൽ 2019-20 വരെയുള്ള ചിലവുകൾ ആണ് നൽകിയിട്ടുള്ളത്. 2011 -12 അടിസ്ഥാന വർഷമായി കണക്കാക്കിയുള്ള ചിലവുകളും തനതു വർഷത്തെ വിലയിലുള്ള ചിലവുകളും നൽകിയിട്ടുണ്ട്. ഏറ്റവും താഴത്തെ വരിയിൽ ഈ കാലയളവിലെ ചിലവിന്റെ ശരാശരി വളർച്ചാ നിരക്കും നൽകിയിട്ടുണ്ട്. വിലക്കയറ്റത്തിന്റെ ഫലമായി വിഭവവിനിയോഗത്തിൽ ദൃശ്യമാകുന്ന അധിക മൂല്യം നീക്കം ചെയ്ത്, യഥാർത്ഥ വിലയുടെ അടിസ്ഥാനത്തിൽ പരിഗണനാ കാലയളവിലെ മൊത്തം ചിലവിന്റെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 8.5 ശതമാനം മാത്രമാണ്. ഈ കാലയളവിൽ സർവ്വകലാശാല രംഗത്തേക്കുള്ള പൊതു ചിലവിന്റെ ശരാശരി വാർഷിക വളർച്ച 8 ശതമാനവും സാങ്കേതിക വിദ്യാഭ്യാസ രംഗത്തേക്കുള്ളത് 10 ശതമാനവും ആണ്.

പട്ടിക 1: ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള പൊതു ചെലവ് (കോടി രൂപ )

| | തനതു വർഷത്തെ വിലയുടെ അടിസ്ഥാനത്തിൽ | | | 2011-12 വർഷത്തെ വിലയുടെ അടിസ്ഥാനത്തിൽ | | |
|---|---|---|---|---|---|---|
| | University & Higher | Technical Education | Total | University & Higher | Technical Education | Total |
| 2004-05 | 9503.20 | 3118.10 | 12621.30 | 16345.17 | 5363.023 | 21708.2 |
| 2005-06 | 11013.30 | 3657.00 | 14670.30 | 17934.24 | 5955.121 | 23889.37 |
| 2006-07 | 12541.10 | 4041.80 | 16582.80 | 18839.45 | 6071.66 | 24910.96 |
| 2007-08 | 14311.40 | 4657.40 | 18968.80 | 20102.8 | 6542.113 | 26644.92 |
| 2008-09 | 18605.00 | 7266.50 | 25871.50 | 23933.46 | 9347.623 | 33281.09 |

| | | | | | | |
|---|---|---|---|---|---|---|
| 2009-10 | 22737.00 | 9327.70 | 32064.70 | 27325.08 | 11209.93 | 38535 |
| 2010-11 | 29169.40 | 10673.30 | 39842.70 | 31716.93 | 11605.46 | 43322.4 |
| 2011-12 | 33030.50 | 13664.90 | 46695.40 | 33030.5 | 13664.9 | 46695.4 |
| 2012-13 | 37678.10 | 15193 .80 | 52871.90 | 34908.34 | 14076.89 | 48985 .22 |
| 2013-14 | 45191.40 | 16872.90 | 62064.30 | 39429.99 | 14721.79 | 54151.78 |
| 2014-15 | 44668.28 | 18320.51 | 62988.79 | 37716.93 | 15469.44 | 53186.37 |
| 2015-16 | 49022.85 | 18807.65 | 67830.50 | 40471.25 | 15526.82 | 55998.07 |
| 2016-17 | 56149.46 | 22782.57 | 78932.03 | 44900.81 | 18218.44 | 63119.26 |
| 2017-18 | 55930.23 | 26582.26 | 82512.49 | 43018 | 20445.39 | 63463.4 |
| 2018-19 RE | 65650.13 | 26745.4 | 92395.53 | 48674.84 | 19829.78 | 68504.62 |
| 2019-20 BE | 70814.27 | 29836.35 | 100650.62 | 50695.86 | 21359.81 | 72055.67 |
| CAGR | 14.77 | 16.91 | 15.35 | 7.99 | 10.00 | 8.53 |

സ്രോതസ്സ് : വിദ്യാഭ്യാസ മന്ത്രാലയം, ഗവൺമെൻറ് ഓഫ് ഇന്ത്യ, വ്യത്യസ്ത വർഷങ്ങൾ


2005 ലെ CABE കമ്മിറ്റി (Committee of the Central Advisory Board of Education) മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.5 ശതമാനം ഉന്നതവിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കണം എന്ന്നിർദേശിച്ചു. ഒരു ശതമാനം സർവ്വകലാശാലകൾക്കും മറ്റു ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാക്കി 0.5 ശതമാനം സാങ്കേതിക വിദ്യാഭ്യാസത്തിനും എന്നാണ് കമ്മിറ്റി നിർദേശിച്ചത്. എന്നാൽ നമ്മുടെ പരിഗണനാ കാലയളവിൽ (2004 -05 മുതൽ 2019 -20 വരെ), മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ കേവലം 0.48 ശതമാനം മാത്രമാണ് ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടി മാറ്റിവച്ച ശരാശരി ചെലവ്. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ കേവലം 0.6 ശതമാനം പോലും ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടി ഈ കാലയളവിൽ ഒരിക്കൽ പോലും മാറ്റിവച്ചിട്ടില്ല. പരിഗണനാ കാലയളവിൽ ഉടനീളം ഉന്നതവിദ്യാഭ്യാസ പൊതു ചിലവ് 0.38 (2007-08) നും 0.55 (2014 -15) നും ഇടക്ക് ആയിരുന്നു. ഉന്നതവിദ്യാഭ്യാസത്തിനുള്ള പൊതു ചിലവിന്റെ വളർച്ചയുടെ അളവും കേവലം 0.3 ശതമാനം മാത്രമാണ്. വികസിത രാജ്യങ്ങളിൽ അവരുടെ ആഭ്യന്തര ഉത്പാദനത്തിന്റെ ഒരു ശതമാനം മുതൽ 2 .5 ശതമാനം വരെ തുക ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടി നീക്കിവയ്ക്കുന്ന സാഹചര്യത്തിലാണ് ഇത് എന്നോർക്കണം. ഭൂട്ടാൻ, സിംബാബ്‌വെ, സ്വീഡൻ, കോസ്റ്ററിക്കാ, ഫിൻലാൻഡ് തുടങ്ങിയ രാജ്യങ്ങൾ അവരുടെ ദേശീയ വരുമാനത്തിന്റെ 7 ശതമാനം വിദ്യാഭ്യാസത്തിനു ചെലവഴിക്കുന്നു. ബ്രിട്ടൻ, നെതർലാൻഡ്, മലേഷ്യ, കെനിയ, മംഗോളിയ, കൊറിയ എന്നീ രാജ്യങ്ങൾ ആഭ്യന്തര ഉത്പാദനത്തിന്റെ 5 ശതമാനം വിദ്യാഭ്യാസത്തിനായി ചിലവഴിക്കുന്നു (OECD & യുനെസ്കോ, 2017). ഉയർന്ന സാമ്പത്തിക വളർച്ചയുള്ള വികസിത രാജ്യങ്ങളിലെ നികുതി ശതമാനം ഇന്ത്യയിലേതിനേക്കാൾ ഏറെ കൂടുതലാണ്. അതുകൊണ്ടുതന്നെ മികച്ച സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ ഈ രാജ്യങ്ങളിലെ സർക്കാരുകൾക്ക് സാധിക്കും. ഇന്ത്യയിലെ മാറിമാറി വന്ന സർക്കാരുകളുടെ കോർപ്പറേറ്റ് പ്രീണന നയവും നികുതി പിടിച്ചെടുക്കാനുള്ള വിമുഖതയും ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതു വിഭവസമാഹാരത്തിനു തടസ്സമായിട്ടുണ്ട്.

ചൈന അടക്കമുള്ള പല ഏഷ്യൻ രാജ്യങ്ങളും ഉന്നതവിദ്യാഭ്യാസത്തിനായി ചിലവാക്കുന്ന തുക ഇന്ത്യയുടേതിനേക്കാൾ ഏറെ കൂടുതൽ ആണ്. മൊത്തം ജനസംഖ്യയുടെ 67.27 ശതമാനം തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ജനങ്ങൾ ഇന്ത്യയിൽ ഉണ്ട് എന്നാണ് 2020 ലെ കണക്കുകൾ പറയുന്നത്.2018 ൽ ഇത് 66.77% ആയിരുന്നു (world developemt indicatores, 2022). അഭ്യസ്തവിദ്യരായ ഈ ജനതയുടെ തൊഴിൽ ശേഷിയും നൈപുണ്യവും ഉയർത്തുന്നതാകണം ഉന്നത വിദ്യാഭ്യാസം എങ്കിൽ വിദ്യാഭ്യാസത്തിനു ചിലവഴിക്കുന്ന ഇപ്പോഴത്തെ തുക തികച്ചും അപര്യാപ്തമാണ്. വിദ്യാഭ്യാസത്തിന്റെ മനുഷ്യ വിഭവശേഷി സിദ്ധാന്തം അനുസരിച്ച് ഉയർന്ന വിദ്യാഭ്യാസം കൂടുതൽ ഉത്പാദനക്ഷമതയുള്ള മനുഷ്യ മൂലധനം ഉത്പാദിപ്പിക്കും. അത് സാമ്പത്തിക വികസനത്തിന് മുതൽക്കൂട്ടാകും (Schultz, 1961; Becker, 1964). എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പശ്ചാത്തല വികസനത്തിനും കൂടുതൽ ഉത്പാദനക്ഷമതയുള്ള മനുഷ്യ വിഭവശേഷിയുടെ ഉത്പാദനത്തിനും

ആവശ്യമായ വിഭവസമാഹരണം ഇന്നൊരു വലിയ പ്രതിസന്ധിയായി ഉയർന്നുവന്നിരുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള ചിലവ് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അനുപാതം എന്ന നിലയിൽ എത്രയാണെന്ന് മനസ്സിലാക്കാനും പരിഗണനാ കാലയളവിൽ ചെലവ് - ജി ഡി പി അനുപാതത്തിനു വന്ന മാറ്റം മനസ്സിലാക്കാനും ചിത്രം 2 ഉപകരിക്കും.

ചിത്രം 2 ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള ചിലവ് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അനുപാതം എന്ന നിലയിൽ (2011-12 വർഷത്തെ വിലയുടെ അടിസ്ഥാനത്തിൽ)




സ്രോതസ്സ് : മാനവ ശേഷി വികസന മന്ത്രാലയം, ഗവൺമെൻറ് ഓഫ് ഇന്ത്യ, വ്യത്യസ്ത വർഷങ്ങൾ.


ചിത്രം 2 പരിശോധിച്ചാൽ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള പൊതു വിഭവവിനിയോഗം യൂണിവേഴ്സിറ്റിയിലേക്കുള്ളതിനെക്കാൾ വളരെ കുറവാണ് എന്ന് കാണാം. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.3 ശതമാനത്തിനും 0.4 ശതമാനത്തിനും ഇടയ്ക്ക് ആണ് പരിഗണനാ കാലയളവിൽ സർവ്വകലാശാല വിദ്യാഭ്യാസത്തിനായി വിനിയോഗിച്ചത്. എന്നാൽ ഈ കാലയളവിലെല്ലാം മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അനുപാതം എന്ന നിലയിൽ കേവലം 0.2 ശതമാനത്തിൽ താഴെ മാത്രമാണ് സാങ്കേതിക വിദ്യാഭ്യാസത്തിനായി വിനിയോഗിച്ചത്. സർവ്വകലാശാലാ വിദ്യാഭ്യാസത്തിനു ശരാശരി 0.34 ശതമാനം വിനിയോഗിച്ചപ്പോൾ സാങ്കേതിക വിദ്യാഭ്യാസത്തിനു വിനിയോഗിച്ചത് കേവലം 0.13 ശതമാനം മാത്രമാണ്. ഉയർന്ന ജനസംഖ്യയുള്ള ഇന്ത്യയിൽ സാങ്കേതിക വിദ്യാഭ്യാസം നൈപുണ്യ വികസനത്തിനും തൊഴിലിനും മുതൽക്കൂട്ടാകും. അത് സാമ്പത്തിക വികസനത്തിന് അനിവാര്യമായ ഒരു ഘടകമാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പരിമിതമായ വിഭവസമാഹരണം തിരസ്കരിക്കുന്നത് ഈ വസ്തുതയാണ്.

ഉന്നതവിദ്യാഭ്യാസ രംഗത്തെ മുന്നോട്ട് നയിക്കുന്നതിന് പര്യാപ്തമായ രീതിയിലുള്ള വിഭവസമാഹരണം നടത്തുന്നതിൽ സർക്കാരുകളുടെ പരാജയമാണ് ഈ വിശകലനം തെളിയിക്കുന്നത്. ഉയർന്ന സാമ്പത്തിക വികസനവും സാമൂഹിക പുരോഗതിയും നേടുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മേഖലയിൽ അപര്യാപ്തമായ വിഭവ ശേഖരണം ഭാവി പുരോഗതിയെ പ്രതികൂലമായി ബാധിക്കും. സാമൂഹിക പശ്ചാത്തല മേഖലകളുടെ ക്രമമായ വളർച്ച സാധ്യമാകണമെങ്കിൽ ഓരോ വർഷവും ഈ മേഖലയിലേക്ക് നടത്തുന്ന നിക്ഷേപത്തിൽ ക്രമമായ വളർച്ച ഉണ്ടാകണം. ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുള്ള പൊതു നിക്ഷേപത്തിന്റെ വർഷാ-വർഷ വളർച്ചാ നിരക്ക് (year on year growth rate) പരിഗണനാ കാലയളവിൽ ഉടനീളം കുറഞ്ഞു കുറഞ്ഞു വരികയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചിത്രം 3 കാണുക.

### ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള ചിലവിന്റെ വളർച്ചാ നിരക്ക്

ഉന്നത വിദ്യാഭ്യാസ രംഗത്തേക്കുള്ള പൊതു ചിലവിന്റെ വളർച്ചാ നിരക്ക് സർവ്വകലാശാലയും ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നിങ്ങനെ തരംതിരിച്ച് ചിത്രം 3 ൽ നൽകിയിരിക്കുന്നു.

ചിത്രം 3 : ഉന്നതവിദ്യാഭ്യാസ രംഗത്തേക്കുള്ള പൊതു ചെലവിന്റെ വളർച്ചാ നിരക്ക് ഇനം തിരിച്ച് (2011-12 വർഷത്തെ വിലയുടെ അടിസ്ഥാനത്തിൽ )





സ്രോതസ്സ് : വിദ്യാഭ്യാസ മന്ത്രാലയം, ഗവൺമെൻറ് ഓഫ് ഇന്ത്യ, വ്യത്യസ്ത വർഷങ്ങൾ.

പൊതു ചിലവിന്റെ വളർച്ചാനിരക്കിൽ പരിഗണനാ കാലയളവിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കാൻ ഈ വിശകലനം ഉപകരിക്കും. "സർവ്വകലാശാല വിദ്യാഭ്യാസം" “സാങ്കേതിക വിദ്യാഭ്യാസം“ എന്നീ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ സർക്കാർ നടത്തിയ നിക്ഷേപം ക്രമമായ വളർച്ച അല്ല കാണിക്കുന്നത്. മിക്ക വർഷങ്ങളിലും – വിശിഷ്യാ 2012 ന ശേഷം– മൊത്തം ആഭ്യന്തര ഉല്പാദന വളർച്ചയെക്കാൾ കുറഞ്ഞ അളവിലാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെക്കുള്ള പൊതു ധന വിനിയോഗം വളർന്നത്. സർവ്വകലാശാല മേഖലയിലേക്ക് ആണ് ചിലവിൽ താരതമ്യേന ഉയർന്ന വളർച്ച ഉണ്ടായിട്ടുള്ളത്. സാങ്കേതിക മേഖലയിലേക്കുള്ള ചെലവ് താരതമ്യേന കുറഞ്ഞ തോതിൽ ആണ് വളർന്നത്. സാങ്കേതിക വിദ്യാഭ്യാസം നേടുന്നവരിൽ ഉണ്ടാകുന്ന വളർച്ചയാണ് ഒരു സാങ്കേതിക പരിജ്ഞാനമുള്ള തൊഴിൽ സേനയെ സൃഷ്ടിക്കുക. അത്തരം ഒരു തൊഴിൽ സേനക്ക് മാത്രമേ രാജ്യത്തെ ഉയർന്ന തൊഴിലില്ലായ്മ പരിഹരിക്കാനും സാമ്പത്തിക വളർച്ചയെ മുന്നോട്ടു നയിക്കാനും സാധിക്കുകയുള്ളൂ. രാജ്യത്തെ കരുതൽ തൊഴിൽ സേനയെ ഈ വിധം സാങ്കേതിക പരിജ്ഞാനമുള്ള ഒരു സേനയാക്കി മാറ്റുന്നതിന് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിഭവസമാഹരണത്തിൽ ഉണ്ടാകുന്ന അപര്യാപ്തമായ വളർച്ച തടസ്സമായി തീർന്നേക്കാം. പൊതു ധന വിനിയോഗത്തിന്റെ വാർഷിക വളർച്ചാ നിരക്ക് കുറയുന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തെ മനുഷ്യവിഭവശേഷി നിർമ്മിക്കുന്നതിനെ പ്രതികൂലമായി ബാധിക്കും.

മുകളിലെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചില സുപ്രധാന നിഗമനങ്ങളിൽ എത്തിച്ചേരാനാകും

1. ഉന്നത വിദ്യാഭ്യാസ രംഗത്തേക്കുള്ള മൊത്തം പൊതു ചെലവ് ക്രമമായ ഒരു വർധനകാണിക്കുന്നുണ്ട്. പട്ടിക 1 പരിശോധിച്ചാൽ ഈ കാര്യം വ്യക്തമാവും. ഉന്നതവിദ്യാഭാസ രംഗത്തേക്കുള്ള പൊതു ചിലവ് അടിസ്ഥാന വർഷ വിലയുടെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ ശരാശരി 8.6 ശതമാനം വളർച്ച ആണ് കൈവരിച്ചത്. പക്ഷേ ഉന്നത വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതു ചെലവിലുണ്ടാകുന്ന ഈ വളർച്ച അപര്യാപ്തമാണ്.
2. ദീർഘ കാലയളവിൽ (ചിത്രം 2) "സർവ്വകലാശാലകൾക്കും മറ്റു സ്ഥാപനങ്ങളും" "സാങ്കേതിക വിദ്യാഭ്യാസം " എന്നീ വിഭാഗങ്ങളിൽ ലഭ്യമായ പൊതു ധനവിനിയോഗത്തിൽ വളരെ വലിയ ഒരു വർദ്ധനവ് കാണാൻ സാധിക്കുകയില്ല. രണ്ടു വിഭാഗങ്ങളുടെയും പൊതു ധന വിനിയോഗം മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ അനുപാതം എന്ന നിലയിൽ വലിയ വളർച്ച കാണാനാകില്ല.
3. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പൊതു നിക്ഷേപം ജി ഡി പി യുടെ അനുപാതം എന്ന രീതിയിൽ കണക്കാക്കിയാൽ, സർവ്വകലാശാല വിദ്യാഭ്യാസ രംഗത്തെ പൊതു



നിക്ഷേപത്തേക്കാൾ കുറവാണ്.

4. ദീർഘകാലയളവിൽ (2004 - 2020) ചിലവിന്റെ വാർഷിക വളർച്ചാനിരക്കിൽ കുറവ് ആണ് കാണുന്നത് (ചിത്രം 4). അതായത് ഉന്നതവിദ്യാഭ്യാസത്തിനുള്ള ചിലവിൽ വരുന്ന വർധനയുടെ അളവ് തൊട്ടു മുൻപിലുള്ള വർഷത്തേക്കാൾ കുറഞ്ഞു വരുന്നതായി കാണാം.

5. എന്നാൽ "സാങ്കേതിക വിദ്യാഭ്യാസ" ത്തിനു ലഭ്യമായ പൊതുധനം സർവ്വകലാശാലകൾക്കും മറ്റു സ്ഥാപനങ്ങൾക്കും ലഭ്യമായ പൊതു ധനത്തെക്കാൾ പതുക്കെയാണ് വളരുന്നത് എന്ന് കാണാൻ സാധിക്കും. (ചിത്രം 3 കാണുക)

6. ഉന്നതവിദ്യാഭ്യാസ മേഖലകളിലേക്ക് ചിലവഴിക്കപ്പെടുന്ന എല്ലാ സർക്കാർ വകുപ്പുകളുടെയും ചിലവുകളും ചേർത്താൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.25 ശതമാനം തുക മാത്രമാണ് ഇന്ത്യ ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടി ചിലവഴിക്കുന്നത് (). ഈ തുക, ഇന്ത്യയുടെ സാമ്പത്തിക സാമൂഹിക വികസനത്തിനുള്ള ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയാൽ തീർത്തും അപര്യാപ്തമാണ്.

അവലംബം


1. Borah, B. (2020). Financing Higher Education In India: Issues and Mitigation Measures. International Journal of Management, 687-694.
2. CABE Committee (2005) Report of the CABE Committee on Financing of Higher and Technical Education. New Delhi: Central Advisory Board of Education, Ministry of Human Resource Development, Government of India (June). Lleras, M. P. (2004). Investing in Human Capital: A Capital Markets Approach to Student Funding. Cambridge University Press,.
3. Ministry of Education, Government of India, Analysis of Budgeted Expenditure on Education, (various years from 2004-05 to 2019-20) https://www.education.gov.in/en/documents_reports
4. Peacock, A. T., & Wiseman, J. (1961). The Growth of Public Expenditure in the United Kingdom.
5. Rostow, W.W. (1961) The Stages of Economic Growth. Cambridge University Press
6. Vijay P Ojha, J. G. (2021). Role of public expenditure on secondary and higher education for achieving inclusive growth in India. Metroeconomica, p 49-77.
7. Wagner, Adolph (1883) Three Extracts on Public Finance, reprinted in R.A. Musgrave and A.T. Peacock (eds.,), Classics in the Theory of Public Finance, London: Macmillan, 1958, pp. 1-15.
8. Wagner, Adolph (1890). Finanzweissenchaft, 3rd Edition, Leipzig: Winter Verlag.

### The All Kerala Private College Teachers' Association

## Members of the State Committee 2022-23

### Office Bearers

1. President
   **Prof. (Dr) K. Bijukumar**
   Professor, Department of Physical Education
   M G College, Thiruvananthapuram
   Mob: 9447014956
   bijumadhavam@gmail.com

2. Vice President
   **Shajitha S**
   Assistant Professor
   Department of Islamic History
   TKM College of Arts and Science
   Karikode, Kollam-5
   shajitha1971@gmail.com
   9746805470

3. Vice President
   **Dr. Manoj T R**
   Associate Professor of History
   MSM College, Kayamkulam
   t.manoj.tr@gmail.com
   8281176535

4. General Secretary
   **Dr. C. Padmanabhan**
   Associate Professor of English
   Pazhassi Raja NSS College, Mattannur
   9567135779
   padmanabhan.chandroth@gmail.com

5. Treasurer
   **Haridas P**
   Associate Professor, Department of Statistics
   Sreekrishnapuram VTB College
   Palakkad District
   9447875040
   padmanabhanharidas68@gmail.com

6. Secretary, State Committee (Kannur)
   **A.Nisanth**
   Associate Professor of Statistics
   Payyannur College, Payyannur
   anisanth@gmail.com
   9447690687

7. Secretary, State Committee (Calicut University)
   **Dr Pradeepkumar K**
   Assistant Professor, Department of English
   Sri Vyasa NSSCollege
   Wadankkanchery, Thrissur
   mob: 9447185537
   pradeepkorapath@gmail.com

8. Secretary, State Committee (Kerala University)
   **Dr. Soju S**
   Assistant Professor of Commerce
   Sree Narayana College, Sivagiri, Varkala
   9567763830
   sojumanu2002@yahoo.co.in

9. Secretary, State Committee
   (Mahatma Gandhi University)
   **Dr. Arun A U**
   Professor of Zoology
   St. Peter's College, Kolenchery
   Ernakulam
   Mob: 9447167535
   drarunkurup@gmail.com

### District Secretaries

10. Secretary, Thiruvananthapuram District
    **Dr. Renju R. Krishnan**
    Assistant Professor of Physics
    St. Xavier's College, Thumba\
    8089401700
    rrk.sxc@gmail.com

11. Secretary, Kollam District
    **Dr. Pramod N**
    Assistant Professor of History
    NSS College, Nilamel
    Kollam District
    pramodnarayan07@gmail.com
    9447441841

12. Secretary, Pathanamthitta District
    **Lt. Raison Sam Raju**
    Assistant Professor, Department of Commerce
    Mar Thoma College, Tiruvalla
    9567855967
    raisonsamraju@marthomacollege.org

13. Secretary, Kottayam-Idukki District
    **Paul V. Karamthanam**
    Associate Professor of Botany
    St. Thomas College, Pala, Kottayam
    9447366855
    paulkaramthanam@gmail.com

14. Secretary, Alappuzha District
    **Dr. Rajeev S R**
    Associate Professor of Economics
    TKMM College, Nangiarkulangara
    Alappuzha District
    9447796626
    rajeevsivasankar75@gmail.com

15. Secretary, Ernakulam District
**Dr. S Mohan**
Associate Professor, Dept. of Microbiology
Sree Sankara College, Kalady
Ernakulam District
9497624922
mohan.sankarshanan@gmail.com

16. Secretary, Thrissur District
**Dr. Manu K. M.**
Assistant Professor of Physics
Sree Krishna College, Guruvayur
Ariyannur ( P.O)
Thrissur ( Dt) 680102
9995294129
manphy@gmail.com

17. Secretary, Palakkad District
**Rajesh R**
Associate Professor of Computer Science
NSS College, Ottappalam
Palakkad
Mob: 9744056237
rajeshkadapra@gmail.com

18. Secretary, Malappuram District
**Dr. Santhosh Vallikkad**
Assistant Professor of Malayalam
NSS College, Manjeri
Malappuram
Mob: 9447353421

19. Secretary, Wayanad District
**Sanoop Kumar P V**
Assistant Professor
Dept of Travel & Tourism Management,
Pazhassiraja College, Pulpally
Wayanad
9605781206
sanoopknambiar@gmail.com

20. Secretary, Kozhikkod District
**Dr. Anil Varma R,**
Asst Professor, Dept. of Economics,
Zamorin's Guruvayurappan College,
GA College P.O, Kozhikode -673014.
PH. 9496954823
avrzgc1@gmail.com

21. Secretary, Kannur District
**Dr. M P Shanoj**
Assistant Professor of Malayalam
SN College, Kannur
Ph: 9447748457
mpshanoj@gmail.com

## Convenors of Sub Committees

22. Chief Editor, Kerala Private College Teacher
**Dr. N Renuka**
Assistant Professor, Department of Malayalam
NSS College, Cherthala
KR Puram P.O- 688541
9746527501
renu9renu@gmail.com

23. Convenor, Women's Committee
**Asha Prabhakaran**
Assistant Professor, Department of English
MG College, Trivandrum
9446374171
ashabalagopal2014@gmail.com

24. Convenor, Academic Committee
**Dr. A. S. Sumesh**
Associate Professor of Hindi
MES College, Nedumkandam, Idukki- 685553
drassumesh@gmail.com
9744168522

25. Convenor, Service Cell
**Dr. Sushama Raj R V**
Assistant Professor, Department of Botany
VTM NSS College, Dhanuvachapuram
Thiruvananthapuram
Phone No.: 9847232143, 9447921438
Email; drsushamarajrv@gmail.com

26. Convenor, IT Cell
**Dr. K M Anilkumar**
Assistant Professor, Department of Physics
MSM College, Kayamkulam, Alappuzha District
mob: 9895084712
anilkochi@gmail.com

27. Convenor, Cultural Forum
**Sona P**
Asst. Prof., Dept.Of Malayalam
Payyanur College, Edat Post
sonapnrc@gmail.com
9446123349

## Syndicate Members Nominated to the Working Committee

28. Member, Syndicate (Kannur University)
Pramod Vellachal
Associate Professor of English
M.G College, Iritty, Kannur
9447384054
pvellachal@gmail.com

29. Member, Syndicate (M.G. University)
**Harikrishnan P**
Associate Professor
Department of Computer Science
NSS College, Rajakumari
harinssc@gmail.com
9447440334

30. Member, Syndicate (APJAKTU)
**Sanjeev G**
Associate Professor of Economics
NSS Engineering College, Palakkad
Sanjeevgkrishnan74@gmail.com
9447791946

## Representatives of Technological and Health Universities

31. Representative, APJ Abdul Kalam Technological University
**Dr.Vinodkumar Jacob**
Professor, Electronics and Communication Engineering
MA College of Engineering, Kothamangalam
vinu966@gmail.com
9846121223

32.Representative, Kerala University of Health Sciences
**Dr. Jeena N J**
Professor, V P S V Ayurveda College, Kottakkal
Malappuram.
Mob: 9495974927
drjeenanj@gmail.com

## Nominated Members

33. Nominated Member, Working Committee
**Jisha Mary Mathew**
Assistant Prof. of Commerce
CMS College, Kottayam
9061512085
jisha@cmscollege.ac.in

34. Nominated Member, Working Committee
**Dr. Habeeb C**
Assistant Professor of English
Farook College, Kozhikode
9946265483
habeebc3@gmail.com

35. Nominated Member, Working Committee
**Sreelatha. C**
Assistant Professor
Department of Economics
S.N.College, Nattika, Thrissur
94959 64631
lathagopan15@gmail.com

36. Nominated Member, Working Committee
**Dr.B.Hari**
Professor, Department of Zoology
Sree Narayana College, Kollam
PIN 691001
9400343648
hariprashobh@gmail.com

37. Nominated Member, Working Committee
**Lijo Sebastian**
Assistant Professor of History
Baselius College, Kottayam
9496448151
Sebastianlijo7@gmail.com

## Elected /Nominated Member, State Committee District Presidents

Thiruvanthapuram
38. **Prof. (Dr.) Kumari V K Shyni**
HoD, Commerce
Iqbal College, Peringammala
kvkshyni@gmail.com
+919446468897

Kollam
39. **Dr. Santhosh Kumar KG**
Department of Architecture
TKM Engineering College, Kollam
santhoshkumar@tkmce.ac.in
+919446805403

Pathanamthitta
40. **Dr.Lathakumary P C**
Assistant Professor
Department of Sanskrit
St.Thomas College, Kozhencherrry
lakupc@gmail.com
+919495682313

Alappuzha
41. **Dr Farook S**
Asst Prof of Arabic
MSM College, Kayamkulam
drfarookms@gmail.com
+919895244420

Kottayam-Idukki
42. **Dr. Wilson C Thomas**
Assistant Professor of Commerce
Kuriakose Gregorios College
Pampady
drwilsonct@kgcollege.ac.in
+919387725026

Ernakulam
43. **Dr. Jacob Abraham**
Associate Professor of Electronics
BPC College, Piravom
tjacobabra@gmail.com
+919447105370

Thrissur
44. **Asha S Kutty**
Assistant Professor of Management Studies
M D College Pazhanji
ashaskutty08@gmail.com
+919746643173

Palakkad
45 **Dr. Liji K T,**
Assistant Professor of Economics
Mercy College, Palakkad
lijicute@gmail.com
+919745582567

Malappuram
46. **Nameer M**
Assistant Professor of Multimedia
Malabar College of Advanced Studies Vengara
Malappuram
nameemadathil@gmail.com
+919447419685

Kozhikode
47. **Jithesh C P**
Asst Prof of Political Science
SN College Chelannur, Kozhikode.
jithcpthayat@gmail.com
+919447100357

Wayanad
48. **Dr. Joby NG**
Asst Professor of Physics
St. Marys College, Sulthan Bathery
jobyng22@gmail.com
8301057428

Kannur -Kasaragod
49. **Dr. Ismail Olayikkara**
Sir Syd College Thalipparambu
ismailsirsyed@gmail.com
+919447196116

## Elected Members

Kannur University
50. **P Raghunath**
Assistant Professor and HoD of Physical Education
St. Pious X College, Rajapuram, Kasarkod
raghu4u2004@gmail.com
9846441717

51. **Dr. Baby Pushpalatha**
Associate Professor of Hindi
Keyi Sahib Training College
Thaliparamba, Kannur
9496016188
pushpalathababy@gmail.com

Calicut University
52. **Dr C A Anaz**
Asst Prof of History
Farook College
Kozhikode
caanaz@gmail.com
+919495539708

53. **Dr. Jasin Taj T**
Assistant Professor of English
PSMO College, Tirurangadi
jasintajt@psmocollege.ac.in
Ph: 9496831595

54. **Dr Ranjith P K**
Asst Prof of Physics
MPMMSN Trusts College
Palakkad
ranjithpk00@gmail.com
+919946402569

55. **Dr Thomas Monoth**
Asst Prof of computer science
Mary Matha Mananthavady
tmonoth@yahoo.com
+919400759752

56. **Dr Rajendran**
Department of Hindi
SKVC THRISSUR
rajendranpk1970@gmail.com
+919400796947

Mahatma Gandhi University
57. **Dr. Madhu K**
Assistant professor
Department of Physics
UC College, Aluva
madhu@ucollege.edu.in
9633222290

58. **Dr. Sreeja S**
Assistant Professor, Dept. of Physics
Al-Ameen College, Edathala
9497681059
Sreejas82nishanth@gmail.com

59. **Dr. Sandhya C**
Assistant Professor, Department of Biochemistry
K E College, Mannanam
9447036472
sandhya@kecollege.ac.in

60. **Dr. Praveen N**
Associate Professor and HoD
Dept. of Electronics
NSS College, Rajakumari
9447608163
praveen.naniyat@gmail.com

61. **Vivek Jacob Abraham**
Assistant Professor of Political Science
Catholicate College, Pathanamthitta
9400301448
vivekjacob99@gmail.com

Kerala University

62. **Dr Mahesh S k**
Asst Prof of Physics
NSS College Panthalam
drskmahesh@gmail.com
+919400892171

63. **ROY JOHN**
Asst.Prof of Mathematics
St.Stephens College, Pathanapuram
lijukerala0474@gmail.com
+919497756779

64. **Dr S Ajayakumar**
Associate Prof. of Malayalam
SD College, Alappuzha
ajamalayalam@gmail.com
+919446376511

65. **Dr Vijaya Kumari K**
Asst Professor of History
All Saints College
Thiruvanthapuram
vijayahistory10@gmail.com
+919495990933

66. **Manoj S**
Asst Professor of English
Fathima Matha National College, Kollam
msree50@gmail.com
+917736543257

## The Syndicate Members of all the Affiliating Universities in Kerala

Kannur University

67. **Dr.Rakhi Raghavan**
Assistant Professor
Department of English
PRNSS College, Mattannur
Kannur
9496452272
rakhirag@gmail.com

68. **Dr. Ashraf TP**
Principal
Keyi Sahib Training College, Taliparamba
Kannur
9447470755
ateepee@gmail.com

Mahatma Gandhi University

69. Dr. Biju Thomas
Associate Professor
Basalius College
Kottayam
9447214457
bijuthomas@basalius.ac.in

70. **Prof. (Dr) Sudhakaran K M**
Principal
Sree Sankara Vidhyapeedam College,
Valayanchirangara
Perumbavoor
Ernakulam District
sudhakaran1971@yahoo.com
9961007187

71. **Dr R Anitha**
Principal
Devaswom Board College, Thalayolaparambu
ranithaajith@yahoo.co.in
9447038016

APJ Abdul Kalam Technological University

72. **Dr. G Venu Gopal**
Professor
NSS College of Engineering, Palakkad
9447582355
venugopalg@gmail.com

**GOVERNMENT OF KERALA**

**Abstract**

Finance Department – Periodical Surrender of Earned leave for the Financial Year 2023-24 – Orders issued

---

**FINANCE (RULES-B) DEPARTMENT**

**G.O. (P) No. 66/2023/Fin** **Dated, Thiruvananthapuram, 30.06.2023**

---

Read (1) G O (P) No. 136/2022/Fin , dated 04/11/2022.
(2) G O (P) No 33/2023/Fin , dated 31/03/2023

**ORDER**

In continuation of economic measures adopted to tide over the financial constraints, periodical surrender of earned leave for the financial year 2023-24 was deferred till 30/06/2023 vide Government Order read as second paper above. After reviewing the fiscal position, Government are pleased to accord sanction to credit the deferred periodical surrender of earned leave for the financial year 2023-24 in the Provident Fund account of the employees concerned with effect from 01/07/2023 subject to the condition that the amount thus credited will be withdrawn after a lock in period of four years (01/07/2023 to 30/06/2027).

2. The deferred periodical surrender of earned leave for the financial year 2023-24 in respect of those employees who do not have Provident Fund account including temporary employees and those under the Employees Provident Fund Scheme shall be paid in cash with effect from 01/07/2023

3 This order will be applicable to the employees in Government departments, various Universities in Kerala, Local Self Government Institutions, Grant-in-Aid Institutions, Autonomous Bodies, Statutory Undertakings, Welfare Boards, Co-operative Institutions, Apex Societies, Public Sector Undertakings, Aided Educational Institutions, Constitutional Bodies drawing salary from the consolidated fund of the State and all other institutions constituted/controlled by the State Government as reiterated vide Government Order read as first paper above

4 Exemption already given to Last grade servants (including Office Attendants in Subordinate Services), Part-time Contingent Employees, Municipal Contingent employees, Office Attendants and Cooks in the personal staff of Hon'ble Chief Minister, Hon'ble Ministers, Hon'ble Leader of Opposition and Hon'ble Chief Whip will prevail

5 This order will not affect admissible terminal surrender of earned leave

6 The Chief Project Manager, SPARK will make modifications in the software for the purpose if found necessary

7 All Heads of Departments / Drawing and Disbursing Officers and Treasury Officers will ensure strict compliance of this order Any laxity in this regard will be viewed seriously and pecuniary loss sustained to Government / Institutions on account of sanction of earned leave in contravention to the orders issued will be recovered with penal interest from the officers responsible as stipulated in para (ii) of the Government Order read as first paper above

**(By order of the Governor)**

**K MOHAMMED Y SAFIRULLA**
**OFFICER ON SPECIAL DUTY (FINANCE RESOURCES)**

To

The Principal Accountant General (A&E), Kerala, Thiruvananthapuram
The Accountant General (Audit II), Kerala, Thiruvananthapuram
All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government
The Secretary to Hon'ble Governor, Raj Bhavan
The Private Secretary to Hon'ble Speaker/Deputy Speaker of the Legislative Assembly
The Private Secretaries to Hon'ble Chief Minister and Hon'ble Ministers
The Private Secretary to Hon'ble Leader of Opposition
The Additional Secretary to the Chief Secretary
All Heads of Departments / Offices.
All Departments and Sections of the Secretariat including Law
The Director of Treasuries, Thiruvananthapuram
The Advocate General, Kerala, Ernakulam
The Director, State Audit Department.
The Secretary, K P.S C , Thiruvananthapuram
The Registrar, High Court of Kerala, Ernakulam
The Registrars of all Universities in Kerala
The Secretaries of all Commissions
The Managing Directors/General Managers of all Government Companies/PSUs/Boards/Corporations
The Nodal Officer, www.finance.kerala.gov.in.
The Chief Project Manager, SPARK
The Web and New Media, Information & Public Relations Department
The Stock File/Office Copy (E-1491187, RULES-B1/12/2020 FIN)

**Forwarded / By Order**

Section Officer

GOVERNMENT OF KERALA

**Higher Education (F) Department**

NoHEDN-F1/75/2023 15-05-2023, Thiruvananthapuram

From

**Principal Secretary to Government**

To

**Director of Collegiate Education**

Sir,

Sub: Higher Education Department - Collegiate Education - journals - reg

Ref: Your office letter No. UGC CELL2/22139/2021(1) dated 30-03-2023.

I am to invite your attention to the reference cited and to inform you that as per the 2018 UGC Regulation 6, 4 (iv) 3 it is crystal clear that a minimum of 10 research publications in peer reviewed or UGC listed journals out of which 3 research papers published during the assessment period is required for the CAP of Associate Professor as Professor. Further, in the 2018 Regulations 4. iii, it is stipulated that a minimum of 10 research publications in peer reviewed or UGC listed journals is required for the direct recruitment as professor. Regulation 4. iii B says that even a professional having a Ph.D. and ten years experience in industry also is eligible for direct recruitment as Professor. In the case professionals the requirement of 10 Research publications is not mentioned anywhere.

Hence it is clarified that a minimum of 10 research publications in peer reviewed or UGC listed journals out of which 3 research papers published during the assessment period is required for the CAP of Associate Professor as Professor as per the 2018 UGC Regulation 6.4 (iv) 3 and all research publications by a teacher in his/her career should be counted at his credit irrespective of whether it was published before or after entering the service.

Yours faithfully,

**HARI KUMAR G**
ADDITIONAL SECRETARY
For Principal Secretary to Government

Approved for Issue

Section Officer

**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**പരിപത്രം**

**നം.58/2023/ധന** **തീയതി, തിരുവനന്തപുരം, 17.06.2023**

വിഷയം.- എയ്ഡഡ് സ്കൂൾ / കോളേജിലെ സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത് - അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- (1) 10/08/2018-ലെ സ.ഉ.(പി)നം.128/2018/ധന നമ്പർ ഉത്തരവ്.

(2) 28/10/2019-ലെ സ.ഉ.(കൈ)നം.401/2019/ധന നമ്പർ ഉത്തരവ്.

(3) 27/11/2019-ലെ സ.ഉ.(പി)നം.165/2019/ധന നമ്പർ ഉത്തരവ്.

ഡയറക്റ്റ് പേയ്മെന്റ് സിസ്റ്റം നിലവിൽ വന്നതിന ശേഷമുള്ള എയ്ഡഡ് സ്കൂളിലെ റെഗുലർ ഫുൾ ടൈം സർവ്വീസ് മാത്രം സർക്കാർ സർവ്വീസിനൊപ്പം 10.08.2018 മുതൽ പെൻഷന കണക്കാക്കുന്നതാണെന്ന് സൂചന (1) ഉത്തരവ് പ്രകാരം കെ എസ്.ആർ. ഭാഗം III ചട്ടം 14E -ൽ ഭേദഗതി ചെയ്യുകയുണ്ടായി. എയ്ഡഡ് സ്കൂളിലെ അവധി ഒഴിവിലെ (Leave vacancy) സേവനം പെൻഷന് കണക്കാക്കുന്നതിന് ശ്രീ. സാബു മാത്യു ഫയൽ ചെയ്ത WP(C)No 30167/2016 -ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹു ഹൈക്കോടതി തള്ളിയതിനെ തുടർന്ന് 10.08.2018 മുതൽ എയ്ഡഡ് സ്കൂളിലെ റെഗുലർ ഫുൾ ടൈം സർവ്വീസ് മാത്രമേ സർക്കാർ സർവ്വീസിനൊപ്പം പെൻഷന കണക്കാക്കുകയുള്ളു എന്ന് സൂചന (2) പ്രകാരം സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 10.08.2018 -ന് ശേഷം റെഗുലർ എയ്ഡഡ് സർവ്വീസ് മാത്രം പെൻഷന യോഗ്യ സർവ്വീസായി കണക്കാക്കി വരുന്ന സാഹചര്യത്തിൽ പെൻഷൻ അനുവദിക്കുന്ന എല്ലാ അധികാരികളും (Pension Sanctioning Authorities) താഴെ പറയുന്ന നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

- റഗുലർ തസ്തികയിൽ നിയമിതരായ ജീവനക്കാർ തുടർന്ന് മറ്റൊരു താൽക്കാലിക അവധി ഒഴിവിലേക്ക് നിയമിക്കപ്പെടുകയും വീണ്ടും പഴയ തസ്തികയിലേക്ക് മടങ്ങുകയും ചെയ്താൽ ആയതു തുടർച്ചയായ സേവനമായി പരിഗണിക്കാൻ കഴിയാത്തതിനാൽ താൽക്കാലിക അവധി ഒഴിവിലെ സേവനകാലം പെൻഷന യോഗ്യസേവനമായി കണക്കാക്കേണ്ടതില്ല
- കെ എസ്.ആർ ഭാഗം III ചട്ടം 14E(b) i പ്രകാരം എയ്ഡഡ് കോളേജുകളിൽ ഡയറക്റ്റ് പേയ്മെന്റ് സിസ്റ്റം നിലവിൽ വന്ന 30.07.1979 മുതലുള്ള റെഗുലർ ഫുൾ ടൈം സർവ്വീസ് മാത്രം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതിനാൽ എയ്ഡഡ് കോളേജ് / എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ റെഗുലർ തസ്തികയിലെ സേവനം മാത്രം പെൻഷന് യോഗ്യസേവനമായി കണക്കാക്കേണ്ടതാണ്
- കെ എസ്.ആർ ഭാഗം III ചട്ടം 10 പ്രകാരം റഗുലറൈസ്ഡ് സർവ്വീസ് മാത്രം പെൻഷന് പരിഗണിക്കുന്നതാണ്. റഗുലർ തസ്തികകളിൽ നിയമിതരായ ജീവനക്കാർ പിന്നീട് മറ്റൊരു അവധി ഒഴിവിലേക്ക് / താൽക്കാലിക ഒഴിവിലേയ്ക്ക് നിയമിക്കപ്പെടുകയും തിരികെ റെഗുലർ

തസ്തികയിലേക്ക് മടങ്ങുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ, അവധി / താൽക്കാലിക ഒഴിവിലെ സേവന കാലയളവ് സേവനഭംഗമായി മാത്രം കണക്കാക്കേണ്ടതാണ്.

- സൂചന (3) ഉത്തരവ് പ്രകാരം, കെ.എസ്.ആർ ഭാഗം III ചട്ടം 31 -ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകർ തസ്തികയില്ലാതെ പുറത്ത് നിൽക്കുന്ന കാലയളവ് പെൻഷനു കണക്കാക്കുന്നതല്ല. സേവനഭംഗ കാലയളവ് "non duty" ആയിട്ട് റഗുലറൈസ് ചെയ്താൽ മാത്രം പ്രസ്തുത സേവനഭംഗ കാലയളവിന് മുമ്പുള്ള റഗുലറൈസ്ഡ് സർവ്വീസ് പെൻഷന് പരിഗണിക്കേണ്ടതാണ്.
- സേവന പുസ്തകത്തിൽ രേഖപ്പെടുത്താത്ത പെൻഷന് കണക്കാക്കേണ്ട റെഗുലർ എയ്ഡഡ് സേവനം / അധിക സേവനം എന്നിവ കെ. ഇ. ആർ. സർട്ടിഫിക്കറ്റിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**ബിശ്വനാഥ് സിൻഹ**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
5. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
7. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
8. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
9. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
10. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
11. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
12. നോഡൽ ഓഫീസർ, www.finance.kerala.gov.in
13. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
14. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E-311563/PEN-B2/26/2016-FIN)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## സെനറ്റ് തെരഞ്ഞെടുപ്പ് വിജയികൾ – കേരള സർവ്വകലാശാല



പ്രൊഫ. ഡോ. ബിജുകുമാർ കെ.(എം.ജി. കോളേജ്, തിരുവനന്തപുരം), ഡോ. ടി.ആർ. മനോജ് (എം.എസ്.എം. കോളേജ്, കായംകുളം), ഡോ. സോജു എസ്. (എസ്.എൻ. കോളേജ്, വർക്കല), ഡോ. പ്രമോദ് എൻ. (എൻ.എസ്.എസ്. കോളേജ്, നിലമേൽ), ഡോ. ജ്യോത്സ്ന എസ് (എൻ.എസ്.എസ്. കോളേജ്, പന്തളം), ഡോ.നിത്യ.യു.എസ്. (ശ്രീനാരായണ കോളേജ് ഫോർ വിമൻ, കൊല്ലം)



പ്രിയ പ്രിയദർശനൻ (എസ്.എൻ. കോളേജ്, ചേർത്തല), ഡോ. സുബോജ് ബേബിക്കുട്ടി (മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം), അധീഷ് യു. (എസ്.എൻ. കോളേജ്, കൊല്ലം), ഫിറോസ് ഖാൻ (ടി.കെ.എം. ആർട്സ് & സയൻസ് കോളേജ്, കൊല്ലം), ഡോ. ശിവപ്രസാദ് എ. (ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര)

## സെനറ്റ് തെരഞ്ഞെടുപ്പ് വിജയികൾ – കാലിക്കറ്റ് സർവ്വകലാശാല



ഡോ. പ്രദീപ് കുമാർ കെ. (ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി, തൃശ്ശൂർ), ഡോ. ബ്രിജേഷ് വി.കെ. (എം.ഇ.എസ്. പൊന്നാനി കോളേജ്, മലപ്പുറം), സനൂപ് കുമാർ പി.വി. (പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി, വയനാട്), നയന കെ. (എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം, പാലക്കാട്), ഡോ. സൗമ്യ സി.എസ്. (എസ്.എൻ. കോളേജ്, നാട്ടിക, തൃശ്ശൂർ), മുവിഷ് കെ.എം. (ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്) ഇരിങ്ങാലക്കുട)




പത്തനംതിട്ട ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പഠന ക്യാമ്പ് സംസ്ഥാന സെക്രട്ടറി എ. നിശാന്ത് ഉദ്ഘാടനം ചെയ്യുന്നു

KERALA PRIVATE COLLEGE TEACHER
R.No. 36025/81 No.303
ISSN 2454-4795
Rs.11/- JUNE-JULY - 2023




Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**